# കരയോഗ സൗഹൃദം


സത്യം പരം ധീമഹി

Rs. 6

മാസിക : എറണാകുളം കരയോഗത്തിന്റെ മുഖപത്രം

Pages 68

വാല്യം - 13 ലക്കം - 3 കുംഭം - 1195 മാർച്ച് 2020













ബി.പി.സി. എല്ലിന്റെ സി. എസ്. ആർ പദ്ധതിയിൽ ഉൾപ്പെടുത്തി 'Clinic On Wheels' (COW) എന്ന പദ്ധതിയുടെ കരാർ ഒപ്പിടൽ ചടങ്ങിൽ ബി.പി.സി.എൽ. ജനറൽ മാനേജർ (എച്ച്.ആർ) കുര്യൻ പി. ആലപ്പാടും എറണാകുളം കരയോഗത്തിനുവേണ്ടി ജനറൽ സെക്രട്ടറി ശ്രീ. പി. രാമചന്ദ്രനും (വേണു) കരാർ രേഖകൾ കൈമാറുന്നു. ചടങ്ങിൽ -മുരളീമാധവൻ. പി. (എക്സിക്യൂട്ടിവ് ഡയറക്ടർ കൊച്ചി റിഫൈനറി), ജോർജ് തോമസ് ജി. എം. (അഡ്മിൻ & പി.ആർ.), പ്രസാദ് കെ. പണിക്കർ (എക്സ് ഇ.ഡി ), വിനീത്. എം. വർഗീസ് ചീഫ് മാനേജർ (പി. ആർ.) ആൻസി ജോൺസൺ, എലിസബത്ത് ഡേവിസ് എന്നിവരും കരയോഗം ഭാരവാഹികളും പങ്കെടുത്തു.



സംപൂജ്യസ്വാമി ചിദാനന്ദപുരി, ശ്രീ. അക്കീരമൺ കാളിദാസൻ ഭട്ടതിരിപ്പാട് സ്വാമി അയ്യപ്പദാസ് എന്നിവരോടൊപ്പം പന്തളം രാജകുടുംബാംഗങ്ങളായ കെ. ആർ. കേരള വർമ്മ, പി. കേരള വർമ്മ, ആർ. ആർ. വർമ്മ, രങ്കരാജ വർമ്മ, പി. ആർ. വി. രാജ, മകം നാൾ കേരള വർമ്മ എന്നിവർ എറണാകുളം ടിഡിഎം ഹാളിൽ...ß



എഡിറ്റോറിയൽ

# ഋഷിതുല്യനായ പരമേശ്വർജിക്ക് പ്രണാമം

കേരളത്തിന്റെ താത്വികാചാര്യനായിരുന്ന പരമേശ്വർജി ഇനി ജ്വലിക്കുന്ന ഓർമ്മ മാത്രം. വിവിധ പ്രത്യയ ശാസ്ത്രങ്ങളുടെയും ചിന്താധാരകളുടെയും മാത്സര്യവേദിയായ നമ്മുടെ കേരളത്തിൽ, താത്വികാചാര്യൻ എന്ന് എല്ലാവരാലും വാഴ്ത്തപ്പെട്ട, അംഗീകരിക്കപ്പെട്ട ഒരേ ഒരാൾ – അതെ അത് പരമേശ്വർജി മാത്രം. ദേശസ്നേഹത്തിന്റെയും സ്വാഭിമാനത്തിന്റെയും മൂർത്തിമത്ഭാവമായിരുന്ന ആ ജ്ഞാനതേജസ്സിന്റെ ദീപ്ത സ്മരണകൾ ഏതൊരു ഭാരതീയനെയും അഭിമാനപുളകമണിയിക്കുന്നതാണ്. ആത്മീയതയിലൂന്നിയ ദാർശനീകതയെ പരിപോഷിപ്പിക്കുന്നതിലും അത് ജനഹൃദയങ്ങളിലെത്തിക്കുന്നതിനും അദ്ദേഹം വഹിച്ച പങ്ക് അദ്വിതീയമാണ്. സന്യാസാടയാളങ്ങളൊന്നുമില്ലാതെ സന്യാസജീവിതം നയിച്ച് ആത്മീയജ്ഞാനത്തിന്റെ ഉത്തുംഗശൃംഗത്തിൽ എത്തിച്ചേർന്ന യുഗപുരുഷനായിരുന്നു പരമേശ്വർജി. അദ്ദേഹത്തിന്റെ ദേഹവിയോഗവാർത്ത അറിഞ്ഞ നമ്മുടെ ബഹു : മുഖ്യമന്ത്രി വ്യാകുലചിത്തനായി പറഞ്ഞത് ഋഷിതുല്യനായി ജീവിതം നയിച്ച ഒരു മഹാത്മാവായിരുന്നു പരമേശ്വർജി എന്നാണ്. അദ്ദേഹത്തിന്റെ മഹിമ എത്രയ്ക്കുണ്ടെന്ന് നമ്മുടെ ബഹു : മന്ത്രിയുടെ ഈ വാക്കുകളിൽ നിന്ന് തന്നെ നമുക്കു മനസ്സിലാകും. വ്യത്യസ്ഥ രാഷ്ട്രീയ ചേരികളിൽ നില്ക്കുമ്പോഴും വ്യക്തി ബന്ധങ്ങളും പരസ്പര ബഹുമാനവും കാത്തു സൂക്ഷിക്കുന്ന അനുകരണീയമായ ഈ നിലപാട് ശ്ലാഘനീയവുമാണ്.

തന്നെത്തേടി വന്നിട്ടുള്ള ഒട്ടനവധി സ്ഥാനമാനങ്ങളെ ത്യജിച്ചിട്ട് ഒരു സാധാരണക്കാരനായി സാധാരണക്കാരുടെ ഇടയിൽ ദേശീയാദർശങ്ങളെ പ്രചരിപ്പിക്കുന്നതിൽ സദാ വ്യാപൃതനായിരുന്ന അദ്ദേഹം പ്രതിഫലേച്ഛ ഇല്ലാതെ സേവനം നടത്തുന്ന, എണ്ണത്തിൽ വളരെ കുറവായി മാത്രം

# ഉള്ളടക്കം

വാല്യം 13 | ലക്കം 3 | മാർച്ച് 2020


എഡിറ്റോറിയൽ 3
ജനറൽ സെക്രട്ടറിയുടെ പംക്തി 5
എറണാകുളം കരയോഗം പ്രതിമാസ പരിപാടി 6
ബാലലോകം 7
രാഗപരിചയം 9
വാസ്തു 10
ഭാരതത്തിലെ ഋഷികവികൾ 11
ക്ഷേത്രങ്ങളിലൂടെ 14
മഹാഭാരതം 18
ഹരിസുധാലഹരി 21
വീണ്ടും ഒരു യാത്ര 22
പാതഞ്ജലയോഗദർശനം 28
അരുതുകൾ 29
ഹന്ത! ഭാഗ്യം ജനാനാം 30
ശ്രീരാമവർമ്മ ഹൈസ്ക്കൂൾ 31
നിന്നിൽ ജടത്വം ഭവിക്കുന്നു മെല്ലെ 34
ശാസ്ത്രത്തിന്റെ ചരിത്രം,
ദർശനം-4 ശാസ്ത്രം,ശാസ്ത്രജ്ഞൻ 35
മാധവി 39
വരുന്ന വർഷങ്ങളിൽ 44
അയലത്തെ ഒളിപ്പോരുകാരി 48
ഇറിറ്റബിൾ ബവൽ സിൻഡ്രോം - ഗ്രഹണി 53
രവിപുരം ശ്രീകൃഷ്ണസ്വാമിക്ഷേത്രം ഉത്സവപരിപാടികൾ 56
മാസഫലം 57
മാട്രിമോണിയൽ 58-66


## പത്രാധിപസമിതി

**കെ.പി. കൃഷ്ണമേനോൻ**
(മാനേജിംഗ് എഡിറ്റർ)

**എം. ശ്രീവല്ലഭൻ നായർ**
(എഡിറ്റർ)

**പി. രാമചന്ദ്രൻ (വേണു)**

**കെ.ടി. മോഹനൻ**

**എ. മുരളീധരൻ**

**കെ. പ്രസന്നകുമാർ**

കാണാൻ കഴിയുന്ന മഹത് വ്യക്തികളുടെ മുൻനിരയിൽ തന്നെ ശോഭിച്ചിരുന്ന വെള്ളി നക്ഷത്രമായിരുന്നു.

ഭാരതത്തിന്റെ താത്ത്വിക ദേശീയ സേവന സംഘടനയായ രാഷ്ട്രീയ സ്വയംസേവകസംഘത്തിലൂടെ പൊതു പ്രവർത്തനരംഗത്തു എത്തിച്ചേർന്ന പരമേശ്വർജി, ഡിഗ്രിക്ക് സ്വർണ്ണമെഡലോടെ ഒന്നാം സ്ഥാനം ആ കാലത്ത് കരസ്ഥമാക്കിയപ്പോൾ തനിക്ക് നേടിയെടുക്കാമായിരുന്ന വലിയ ഭൗതിക നേട്ടങ്ങളെയെല്ലാം തൃണവൽഗണിച്ചുകൊണ്ട് സംഘപ്രവർത്തനത്തിലൂടെ ദേശീയാദർശങ്ങൾക്ക് വെള്ളവും വളവും നൽകുന്നതിൽ മാത്രം ഊന്നൽ നൽകിയ ധീരനായ രാഷ്ട്ര നായകനായിരുന്നു. എല്ലാവിധ വിവാദങ്ങൾക്കുമതീതനായി എല്ലാവരുടെയും സ്നേഹ ബഹുമാനങ്ങൾക്ക് പാത്രീഭൂതനുമായിരുന്നു അദ്ദേഹം.

1927 ലെ വിജയദശമി നാളിൽ ആലപ്പുഴ ജില്ലയിലെ മുഹമ്മയിലെ താമരശ്ശേരിയിൽ പരമേശ്വരൻ ഇളയതിന്റെയും സാവിത്രി അന്തർജനത്തിന്റെയും മകനായി ജനിച്ച ബാലൻ ഓർമ്മവെച്ച നാൾ മുതലേ സംസ്കൃതവും അക്ഷരശ്ലോകവും കവിതകളും കേട്ടാണ് വളർന്നത്. ആ ഗൃഹാന്തരീക്ഷം അദ്ദേഹത്തിന് ജ്ഞാനസാഹിത്യത്തിന്റെ പടവുകൾ ഒന്നൊന്നായി ചവുട്ടി കയറുവാൻ ഏറെ സഹായകരവും പ്രചോദനകരവുമായിരുന്നു. സ്വന്തം പിതാവു തന്നെയാണ് ആദ്യാക്ഷരം കുറിപ്പിച്ചത്. ചേർത്തല ഗവൺമെന്റ് സ്കൂളിലെ വിദ്യാഭ്യാസ കാലത്താണ് വയലാർ രാമവർമ്മയുമായി സൗഹൃദം സ്ഥാപിച്ചത്. പിന്നീട് വയലാറിന്റെ അന്ത്യംവരെയും ആ സൗഹൃദം തുടർന്നിരുന്നു. തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ നിന്ന് ബി. എ. ഹിസ്റ്ററി (ഓണേഴ്സ്) ബിരുദം കരസ്ഥമാക്കുകയും ചെയ്തു. ചെറുപ്പം മുതലേ വായനാശീലമുണ്ടായിരുന്ന പരമേശ്വർജി ആ കാലഘട്ടങ്ങളിൽ തന്നെ ഉള്ളൂർ, വള്ളത്തോൾ, ചങ്ങമ്പുഴ തുടങ്ങിയവരുടെ കവിതകൾ വായിച്ച് വിലയിരുത്തിയിരുന്നു. എന്നാൽ അദ്ദേഹത്തിൽ ഏറെ സ്വാധീനം ചെലുത്തിയത് വിവേകാനന്ദ സാഹിത്യമാണ്. അതുപോലെ തന്നെ രാമകൃഷ്ണാശ്രമത്തിലെ ആഗമാനന്ദ സ്വാമികൾ ഏറെ ആകർഷിച്ച വ്യക്തിയും. ആഗമാനന്ദ സ്വാമികളുടെ പ്രഭാഷണങ്ങൾ അദ്ദേഹത്തെ ഏറെ സ്വാധീനിച്ചിരുന്നു. ബിരുദാനന്തരം മുഴുവൻ സമയം സംഘപ്രവർത്തകനാവുകയായിരുന്നു അദ്ദേഹം ചെയ്തത്. തുടർന്ന് ജനസംഘത്തിന്റെ പ്രവർത്തകനായും, സംസ്ഥാന ജനറൽ സെക്രട്ടറിയായും അഖിലേന്ത്യാ സെക്രട്ടറിയായും ഒക്കെ സേവനം അനുഷ്ഠിച്ച അദ്ദേഹത്തിൽ ദീനദയാൽജിയുടെ സാമിപ്യം ആദ്ധ്യാത്മികതയുടെ അടിത്തറയിലൂന്നിയ രാഷ്ട്രീയ ചിന്താധാര വളർത്തിയെടുക്കുവാൻ ഏറെ പ്രചോദനം നൽകി ദില്ലിയിലെ ദീനദയാൽ റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡയറക്ടർ സ്ഥാനം വരെ അലങ്കരിച്ച അദ്ദേഹം 1982 ലാണ് തിരുവനന്തപുരത്ത് ഭാരതീയ വിചാരകേന്ദ്രം ആരംഭിച്ചത്. കന്യാകുമാരിയിലെ വിവേകാനന്ദകേന്ദ്രം അദ്ധ്യക്ഷനായും പ്രവർത്തിച്ചിട്ടുണ്ട്.

ദിശാബോധത്തിന്റെ ദർശനം എന്ന കേരള സാഹിത്യ അക്കാദമി അവാർഡ് ലഭിച്ച കൃതിയുൾപ്പടെ മുപ്പതോളം ഗ്രന്ഥങ്ങളും ഒട്ടേറെ ലേഖനങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. Heart Beats of a Hindu Nation, ''മാർക്സിൽ നിന്ന് മഹർഷിയിലേക്ക്'' ''സ്വതന്ത്രഭാരതം ഗതിയും നിയതിയും'' തുടങ്ങിയവ വളരെയേറെ പ്രസിദ്ധി നേടിയിട്ടുള്ള കൃതികളാണ്. സമൂഹത്തിന് വേണ്ടി ജീവിച്ച് കർമ്മപഥത്തിൽ വെച്ചു തന്നെ ജീവിതത്തോട് വിടപറഞ്ഞ ആ മഹാമനീഷിയുടെ ഓർമ്മകൾക്കു മുമ്പിൽ ആദരവോടുകൂടി നമുക്ക് പ്രണാമം അർപ്പിക്കാം.

സമൂഹത്തിന് അറിവിന്റെ വെള്ളി വെളിച്ചം പകർന്നു നല്കിയ ആ ജ്ഞാനയോദ്ധാവ് തന്റെ 93 ാമത്തെ വയസ്സിൽ 2020 ഫെബ്രുവരി 9 ന് നിത്യനിദ്രയിലാണ്ടെങ്കിലും അദ്ദേഹം കൊളുത്തി വെച്ച ദേശീയതയിലൂന്നിയ ദാർശനിക ചിന്തകളുടെ കെടാവിളക്ക് ഒരിക്കലും അണയാതെ ഈ മണ്ണിൽ തെളിഞ്ഞു നില്ക്കും. അതിന്റെ വെളിച്ചത്തിൽ ഇന്ന് നാടിന്റെ ഉന്നമനത്തിന് വിഘാതമായി നില്ക്കുന്ന വൈദേശിക ചിന്താസരണികളെല്ലാം തിരുത്തപ്പെടട്ടെ, ദേശീയതക്കു വേണ്ടി നിലകൊള്ളുന്ന സാമൂഹ്യ രാഷ്ട്രീയാന്തരീക്ഷം വളർന്നു വരട്ടെ.

ജയ് പരമേശ്വർജി - ജയ് ഭാരതം

വന്ദേ മാതരം

| വിമൺസ് ഫോറം 2020 മാർച്ച് മാസത്തെ പരിപാടി | | | |
|---|---|---|---|
| തീയതി | പരിപാടി | സമയം | മുഖ്യപ്രഭാഷണം |
| 11.03.2020 | വനിതാദിന ആഘോഷം | 3.30pm | പ്രൊ. മോനമ്മ കോക്കാട് |







# ജനറൽ സെക്രട്ടറിയുടെ പംക്തി

പി. രാമചന്ദ്രൻ (വേണു)

പ്രീയ കരയോഗാംഗങ്ങളെ,

കരയോഗാംഗങ്ങൾ കഴിഞ്ഞ ലക്കം സൗഹൃദം സസൂക്ഷ്മം ശ്രദ്ധിക്കുകയും വായിക്കുകയും ചെയ്തിട്ടുണ്ടാകുമെന്ന് വിശ്വസിക്കുന്നു. കഴിഞ്ഞ 95 കൊല്ലത്തെ നമ്മുടെ പ്രവർത്തനങ്ങളുടെ മറ്റൊരു നാഴികക്കല്ലാണ് ഗുരുവായൂരിലെ കരയോഗത്തിന്റെ നവതി സ്മാരകമായി പടുത്തുയർത്തിയ രാധേയം ഗസ്റ്റ് ഹൗസ്. വളരെ പ്രൗഢഗംഭീരമായ സദസ്സിനെ സാക്ഷി നിർത്തി പൊതുജനങ്ങൾക്കായി അതിഥി മന്ദിരത്തിന്റെ സേവനം തുറന്നു കൊടുത്തിരിക്കുന്നു. ഇനി ആ പുതിയ സ്ഥാപനത്തിന്റെ വളർച്ചയും തളർച്ചയും നിങ്ങളുടെ കൈകളിലാണ്. ഭരണസമിതിയെ ഏല്പിച്ച ദൗത്യം പറഞ്ഞ സമയത്തും കൃത്യനിഷ്ഠതയോടും സുതാര്യതയോടും പൂർത്തിയാക്കി എന്നു പറയുന്നതിൽ അതിയായ ചാരിതാർത്ഥ്യമുണ്ട്.

ഗുരുവായൂർ ദർശനത്തിനു പോകുന്ന കരയോഗാംഗങ്ങളെ സംബന്ധിച്ച് വളരെ ശാന്തതയോടും സമാധാനത്തോടും മിതമായ നിരക്കിൽ ഭഗവത് ദർശനത്തിന് ഒരു സങ്കേതം ലഭ്യമായിരിക്കുന്നു. താമസത്തിനും മറ്റ് ആവശ്യങ്ങൾക്കുമുള്ള സേവനത്തിന് അംഗങ്ങൾ കരയോഗം ഓഫീസുമായോ, മെയിലിലോ ബന്ധപ്പെട്ട് സൗകര്യങ്ങൾ ഉറപ്പു വരുത്തേണ്ടതാണ് എന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

2019- 2020 സാമ്പത്തിക വർഷം മാർച്ച് 31 ന് അവസാനിക്കുകയാണ്. 2020-21 വർഷത്തേക്ക് കരയോഗത്തെ സംബന്ധിച്ച് നിലവിൽ നടപ്പിലാക്കിയ പദ്ധതികളും, സേവനങ്ങളും തുടർന്നു കൊണ്ടു പോകേണ്ടതും തുടങ്ങി വച്ച പദ്ധതികൾ നടപ്പിൽ വരുത്തുക എന്നുള്ളതുമാണ് ലക്ഷ്യം. ആയതിലുള്ള പരിശ്രമങ്ങളും തുടരുന്നു. 2019 ലെ വാർഷിക പൊതുയോഗത്തിൽ സൂചിപ്പിച്ചപോലെ കരയോഗത്തിന്റെ ആയുഷ്യം പോളിക്ലിനിക്കിന്റെ വികസനത്തിനോടനുബന്ധിച്ച് ആരോഗ്യമേഖലയിൽ നിർദ്ധനരും സാമ്പത്തികമായി പിന്നോക്കം നില്ക്കുന്നവരുമായ ജനങ്ങളെ ലക്ഷ്യം വെച്ച് കൂടുതൽ മേഖലകളിലേക്ക് അത്തരം സേവനങ്ങൾ എത്തിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി ഭാരതം പെട്രോളിയം ലിമിറ്റഡിന്റെ Corporate Social Responsibility (CSR) ഫണ്ട് ലഭ്യമാക്കിക്കൊണ്ട് "CLINIC ON WHEELS (COW)" പദ്ധതി എറണാകുളം കരയോഗം നടപ്പിലാക്കുന്നു. കൊച്ചി, ആലപ്പുഴ, തൃശൂർ ജില്ലകളിലെ തീരദേശങ്ങളും, വനമേഖലകളും, സാമ്പത്തികമായി പിന്നോക്കം നില്ക്കുന്നവരുടെ വാസസ്ഥലങ്ങൾ എന്നിവയും കേന്ദ്രീകരിച്ച് ഒരു മെഡിക്കൽ ടീം നിരന്തരം എത്തി രോഗികളെ പരിശോധിക്കുകയും കൂടുതൽ കൂടുതൽ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുകയുമാണ് പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ഡോക്ടർ, കമ്പോണ്ടർ, നേഴ്സ്, ലബോറട്ടറി തുടങ്ങി ആധുനിക സൗകര്യങ്ങളോടുകൂടിയ ഒരു ബസ്സും, ആംബുലൻസും ആണ് ഈ സേവനത്തിനായി സജ്ജീകരിച്ചിട്ടുള്ളത്. അടുത്ത മൂന്നു നാലു മാസങ്ങൾക്കുള്ളിൽ ഈ സേവനം പൊതുജനങ്ങൾക്കായി സമർപ്പിക്കുവാൻ കഴിയുമെന്ന് വിശ്വസിക്കുന്നു. ഇതു സംബന്ധിച്ച കൂടുതൽ വിവരങ്ങൾ അടുത്ത സൗഹൃദങ്ങളിലൂടെയും മറ്റു പത്രമാദ്ധ്യമങ്ങൾ വഴിയും കരയോഗാംഗങ്ങളെയും പൊതുജനങ്ങളെയും അറിയിക്കുന്നതായിരിക്കും.

സംഗീത പരിപാടിയായ 'അകായിലെ സംഗീതം' മാർച്ച് 15-ാം തീയതി ഞായറാഴ്ച വൈകുന്നേരം 4.30 ന് ടി.ഡി.എം കാവേരി ഹാളിൽ നടത്തുന്നതാണ്.

കരയോഗത്തിന്റെ സഹകരണത്തോടെ നടത്തുന്ന ബീമിന്റെ പ്രതിമാസ പരിപാടി മെഹബൂബ് മെമ്മോറിയൽ ഓർക്കസ്ട്ര കൊച്ചി അവതരിപ്പിക്കുന്ന ഹിന്ദി ഗാനമേള മാർച്ച് 17-ാം തീയ

തി ചൊവ്വാഴ്ച വൈകുന്നേരം 6.30 ന് ടി.ഡി.എം ഹാളിൽ നടക്കുന്നതാണ്.

എറണാകുളം കരയോഗം കഥകളി ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ പ്രതിമാസ കഥകളി മാർച്ച് 24-ാം തീയതി ചൊവ്വാഴ്ച വൈകുന്നേരം 6.30 ന് ടി.ഡി.എം ഹാൾ ഗംഗയിൽ അവതരിപ്പിക്കുന്നതാണ്.

എറണാകുളം കരയോഗം ഫിലിംക്ലബ്ബിന്റെ മാർച്ച് മാസ പരിപാടിയായി 29-ാം തീയതി ഞായറാഴ്ച വൈകുന്നേരം 5.00 മണിക്ക് 'എം.ടി യുടെ കുമരനെല്ലൂരിലെ കുളങ്ങൾ' എന്ന ഡോക്യുമെന്ററി ടി.ഡി.എം നർമ്മദ ഹാളിൽ പ്രദർശിപ്പിക്കുന്നതാണ്.

കരയോഗത്തിന്റെ തുടർന്നുള്ള എല്ലാ പ്രവർത്തനങ്ങളിലും അംഗങ്ങളുടെ സഹകരണവും സാന്നിദ്ധ്യവും പ്രതീക്ഷിച്ചു കൊള്ളുന്നു.

ജനറൽ സെക്രട്ടറി

## എറണാകുളം കരയോഗം
## 11.03.2020 മുതൽ 08.04.2020 വരെയുള്ള പരിപാടികൾ

| | | | |
|---|---|---|---|
| 11.03.2020 | ബുധൻ | 3.00 p.m. | : ദേവി ഭാഗവതം ക്ലാസ്സ് |
| 14.03.2020 | ശനി | 10.00 a.m. | : വേദാന്ത പഠന ക്ലാസ്സ് (ആചാര്യൻ കെ. ആർ നമ്പ്യാർ) |
| 15.03.2020 | ഞായർ | 10.00 a.m. | : പാർക്കിൻസൺസ് രോഗചികിത്സ ക്ലിനിക് |
| | | 4.30 p.m. | : അകായിലെ സംഗീതം. ജോൺസൺ മെലഡീസ് |
| 17.03.2020 | ചൊവ്വ | 6.15 p.m. | : ബിം പ്രതിമാസ പരിപാടി -ഹിന്ദി ഗാനമേള |
| | | | മെഹബൂബ് മെമ്മോറിയൽ ഓർക്കസ്ട്ര കൊച്ചി |
| 18.03.2020 | ബുധൻ | 3.00 p.m. | : ദേവി ഭാഗവതം ക്ലാസ്സ് |
| 21.03.2020 | ശനി | 10.00 a.m. | : വേദാന്ത പഠന ക്ലാസ്സ് (ആചാര്യൻ കെ. ആർ നമ്പ്യാർ) |
| 25.03.2020 | ബുധൻ | 3.00 p.m. | : ദേവി ഭാഗവതം ക്ലാസ്സ് |
| 28.03.2020 | ശനി | 10.00 a.m. | : വേദാന്ത പഠന ക്ലാസ്സ് (ആചാര്യൻ കെ. ആർ നമ്പ്യാർ) |
| 29.03.2020 | ഞായർ | 5.00 p.m. | : കരയോഗം ഫിലിംക്ലബ്ബ് ഃ എം. ടി. ഡോക്യൂഫിക്ഷൻ |
| 31.03.2020 | ചൊവ്വ | 6.30 p.m. | : കരയോഗം കഥകളി ക്ലബ്ബ്- |
| | | | കഥകളി : സന്താനഗോപാലം |
| 01.04.2020 | ബുധൻ | 3.00 p.m. | : ദേവി ഭാഗവതം ക്ലാസ്സ് |
| 04.04.2020 | ശനി | 10.00 a.m. | : വേദാന്ത പഠന ക്ലാസ്സ് (ആചാര്യൻ കെ. ആർ നമ്പ്യാർ) |
| 08.04.2020 | ബുധൻ | 3.00 p.m. | : ദേവി ഭാഗവതം ക്ലാസ്സ് |
| 11.04.2020 | ശനി | 10.00 a.m. | : വേദാന്ത പഠന ക്ലാസ്സ് (ആചാര്യൻ കെ. ആർ നമ്പ്യാർ) |

## എറണാകുളം കരയോഗം എൽഡർ സിറ്റിസൺസ് ഫോറം
## 2020 ജനുവരി/ഫെബ്രുവരി മാസത്തെ പരിപാടികൾ

| തീയതി | മനോരഞ്ജിനി/ അവതാരകർ | മുഖ്യപ്രഭാഷകൻ | വിഷയം | നമ്പർ |
|---|---|---|---|---|
| 19.3.2020 | എസ്. ശ്രീകുമാർ | ഡോ. സുന്ദരി. ജി. മേനോൻ | ഓം എന്ന പ്രണവമന്ത്രം | 1058 |
| 26.3.2020 | സുമതി ശ്രീകുമാർ | പി. മോഹൻ മേനോൻ | Sports & Exercises | 1059 |
| 02.4.2020 | പ്രൊ.സി.ബാലകൃഷ്ണൻ | എൻ. സുകുമാര മേനോൻ | ഓർമ്മയിലെ നാടകരാവുകൾ | 1060 |
| 09.4.2020 | ആർ. പി. നായർ | ലക്ഷ്മിദേവി. പി. നായർ | ഒ.എൻ.വി യുടെ കാവ്യ തല്ലജങ്ങൾ | 1061 |







# ബാല ലോകം

ലക്ഷ്മിദേവി നായർ (ഫോൺ: 9947770638)

പ്രിയപ്പെട്ട കൂട്ടുകാരെ,

കൂട്ടുകാരെല്ലാം പരീക്ഷത്തിരക്കിലായിരിക്കും. ശ്രദ്ധയോടെയും നിഷ്ഠയോടെയും പഠിക്കുന്നവർക്ക് പരീക്ഷ രസമായിരിക്കും. കൂട്ടുകാർക്കും അങ്ങിനെത്തന്നെ അല്ലേ ?

ഇനി വരുന്നത് നീണ്ട അവധിക്കാലം. കൂട്ടുകാരോട് ഒന്നേ പറയാനുള്ളൂ. അധികസമയം ഫോണിനുള്ളിൽ കളിക്കരുത്. ഇതിൽ മുഴുകിപ്പോവരുത് എന്നർത്ഥം അതിനും ഒരു കൃത്യത വേണം കേട്ടോ. അതെ സമയം പ്രകൃതി നിരീക്ഷണം കൂട്ടുകാർക്ക് ഏറെ രസകരമായ വിനോദോപാധി ആയിരിക്കും.

പ്രകൃതിയിലെ ഓരോ വസ്തുക്കളും കൂട്ടുകാർക്കു പഠിക്കാനുള്ള ഉപാധികളാണ് . ഓരോ ഇലയും തളിരും പൂവും ശ്രദ്ധിച്ചു നോക്കി. മനസ്സിന്റെ ഉന്മേഷം അനുഭവിച്ചറിയാം. അവരുടെ സന്തോഷം നാം അറിയുന്നില്ലെങ്കിലും അവയെ തൊട്ടു തലോടുമ്പോൾ അവർക്കും അത് സാന്ത്വനമാകും. മരങ്ങളും ചെടികളും വെട്ടിക്കളയുമ്പോൾ നമുക്ക് സന്തോഷിക്കാനാവുമോ? എവിടെയോ ഒരു വേദന കൂട്ടുകാർക്കും തോന്നാറില്ലേ ? ഭൂമിയിലെ സർവ്വ ചരാചരങ്ങളും ഈശ്വരന്റെ സൃഷ്ടിയാണ് കൂട്ടുകാരെ. അവയെ വേദനിപ്പിക്കാൻ മനുഷ്യന് അവകാശമില്ല. രാവിലെ എഴുന്നേറ്റാൽ വീട്ടുമുറ്റത്തെ ഓരോ ചെടികളെയും താലോലിക്കൂ. പൂക്കൾ വിടരുമ്പോൾ അവയെ ഒന്ന് തൊട്ടു തലോടൂ. അവ കൂടുതൽ പൂക്കൾ നൽകും കേട്ടോ. അതുപോലെ പക്ഷികളെയും, മൃഗങ്ങളെയും സ്നേഹത്തോടെ വീക്ഷിക്കൂ. അവർക്കു പതിവായി നാം കഴിക്കുന്നതിൽ നിന്ന് അല്പം ഭക്ഷണം നൽകൂ. മിണ്ടാപ്രാണികൾക്ക് ഭക്ഷണം നൽകുന്നത് ഏറെ പുണ്യമുളവാക്കുന്ന പ്രവർത്തിയാണ്. സ്കൂൾ അവധിക്കാലത്ത് കൂട്ടുകാർക്കു ഇതിനൊക്കെ സമയം ലഭിക്കുമല്ലോ?

കൂട്ടുകാർ വളരുന്നതനുസരിച്ച് ധാരാളം സ്നേഹിതർ നിങ്ങൾക്കുണ്ടാവാം. പക്ഷെ അവരെ തിരഞ്ഞെടുക്കുന്നത് വളരെ കരുതലോടെ ആവണം കേട്ടോ. നല്ല കാര്യങ്ങൾ, നല്ല ചിന്തകൾ, സദ്പ്രവൃത്തികൾ എന്നിവയൊക്കെ വളർത്തിയെടുക്കുമ്പോഴാണ് നാം നല്ലൊരു പൗരനാവുന്നത്. ഇതിനു സഹായിക്കുന്ന കൂട്ടുകാരാവണം നിങ്ങൾക്കുണ്ടാവേണ്ടത്. അത്തരം ഒരു കൂട്ടുകാരനെ ഏതു കാര്യത്തിനും നിങ്ങൾക്ക് വിശ്വസിക്കുകയും ചെയ്യാം. നല്ല സുഹൃത്തുക്കളെ അവിശ്വസിക്കുകയും അരുത്. ഇതേക്കുറിച്ചു ഒരു കഥ കേട്ടോളൂ.

ഒരു പൊയ്കയിൽ കുറെ മീനുകളും തവളകളും ഉണ്ടായിരുന്നു. ഒരു ദിവസം അവിടെ വലയുമായി എത്തിയ ഒരു മീൻപിടുത്തക്കാരൻ തന്റെ കൂട്ടുകാരനോട് പറഞ്ഞു. നാളെ നമുക്ക് ഈ കുളത്തിൽ നിന്ന് മീൻ പിടിക്കാം. ഇതിൽ ധാരാളം മീനുകളുണ്ട്. ഇത് കേട്ട പാതി അതിലുണ്ടായിരുന്ന വലിയ തവള കൂട്ടുകാരായ മീനുകളോട് പറഞ്ഞു. നമുക്ക് തല്ക്കാലം ഇവിടെ നിന്നു മാറി നിൽക്കാം. മീനുകൾക്കതു വിശ്വസിക്കാനായില്ല. ഞങ്ങൾ ഊളിയിട്ടു കുളത്തിനടിയിലേക്കു പോവും. മീനിന്റെ മറുപടി കേട്ട് ഊറിച്ചിരിച്ചുകൊണ്ടു തവളകൾ ചാടിച്ചാടി അവിടം വിട്ടു. പിറ്റേ ദിവസം അതുതന്നെ സംഭവിച്ചു. മീൻപിടുത്തക്കാരൻ വലയുമായി വന്നു. കുറെ മീനുകളെ അയാൾ വലയിലാക്കി. ദൂരെ നിന്ന് ഇതുകണ്ട തവള നല്ല കൂട്ടുകാർ പറഞ്ഞു തരുന്നത് അനുസരിക്കണം എന്ന ഗുണപാഠം.

ഇനി കൂട്ടുകാർക്കുവേണ്ടി ചില ചെറിയ ചോദ്യങ്ങൾ.

1. നമ്മുടെ ദേശീയ ഉദ്യാനം ഏതാണ് ?
   സൈലൻവാലി
2. ഭൗമദിനം എന്നാണ് ?
   ഏപ്രിൽ 22
3. കൊച്ചിയുടെ ശ്വാസകോശം ?
   മംഗളവനം
4. ഭൂമിയുടെ വൃക്ക ?
   തണ്ണീർത്തടങ്ങൾ
5. സിംഹവാലൻ കുരങ്ങുകളെ കൂടുതലായി കാണുന്നത് എവിടെയാണ് ?
   സൈലൻവാലിയിൽ
6. കേരളത്തിലെ കണ്ടൽ വനങ്ങൾ എവിടെയാണ്?
   കണ്ണൂർ
7. ആമ്രഫലം ഏതാണ് ?
   മാമ്പഴം
8. തടാകത്തിന്റെ മറ്റൊരു പേര്
   വാപി

# പിശുക്കന്റെ സമ്പാദ്യം

പറവൂർ
രാജഗോപാൽ.
ഫോൺ: 9847291483

അറുത്ത കൈയ്ക്ക് ഉപ്പു തേയ്ക്കാത്ത പിശുക്കൻ എന്നു കേട്ടിട്ടില്ലേ ? അത്തരം ഒരു പിശുക്കനായിരുന്നു മണിയൻ. കഷ്ടപ്പെട്ട് ഉണ്ടാക്കിയ സമ്പത്തൊക്കെ പൊന്നുപോലെയാണ് അയാൾ സൂക്ഷിച്ചിരുന്നത്. അതിൽ നിന്ന് ഒരു ചില്ലിക്കാശുപോലും മറ്റാർക്കെങ്കിലും നാളിതുവരെ അയാൾ കൊടുത്തു കണ്ടിട്ടില്ല. സ്വന്തമായി ഉപയോഗത്തിന് എടുത്തിട്ടുമില്ല. ഒക്കെയും കൂട്ടിവെച്ച് അത് കണ്ട് ആനന്ദിക്കലായിരുന്നു മണിയന്റെ ഒരു രീതി.

ഒരിക്കൽ മണിയനു തോന്നി. ഇക്കണ്ട സമ്പാദ്യമെല്ലാം പൊന്നാക്കി മാറ്റണം. പിന്നെ താമസിച്ചില്ല. തന്റെ നേട്ടങ്ങളെല്ലാം അയാൾ പൊന്നാക്കി മാറ്റി. പിന്നെ ആ പൊന്നു കണ്ട് സന്തോഷിക്കലായി മണിയൻ.

രാത്രി കാലങ്ങളിലൊക്കെ മണിയൻ തന്റെ സമ്പാദ്യത്തിനു കാവലായിരുന്നു. പകൽ വെട്ടത്തിൽപ്പോലും അയാൾ പൊന്നും പുരയ്ക്കകത്തു വെച്ച് പുറത്തു പോകാൻ മടിച്ചു.

പൊന്നിരിക്കുന്നിടത്ത് പൂച്ചയ്ക്കെന്തു കാര്യം ?

മണിയൻ പുരയിലുണ്ടായിരുന്ന പൂച്ചയെ എങ്ങാണ്ടോ കൊണ്ടു കളഞ്ഞു. എന്നിട്ടും പേടി മണിയനെ വിട്ടു പോയില്ല.

പുരയ്ക്കകത്ത് പൊന്നിരിക്കുന്നത് അത്ര സുരക്ഷിതമാവില്ലെന്നു കരുതി അയാൾ പൊന്നൊക്കെ ഒരു സഞ്ചിയിലാക്കി ദൂരെ ഒരിടത്തു കൊണ്ടുച്ചെന്ന് കുഴിച്ചിട്ടു.

'ഹാവൂ! ഇപ്പൊഴാ സമാധാനമായത്.'– അയാൾ ദീർഘമായി ഒന്നു നിശ്വസിച്ചു.

പിന്നെപ്പിന്നെ, ഇടയ്ക്കിടയ്ക്ക് ആരും കാണാതെ അയാൾ ആ സ്ഥലത്തെത്തി, കുഴിമാന്തി സഞ്ചിയിലെ പൊന്നും നോക്കിയിരിക്കും. സന്തോഷിക്കും. പിന്നെ തിരിച്ചു പോകും.

ഒരു ദിവസം ഒരു കള്ളൻ മണിയനെ പിൻ തുടർന്നു വന്നു.

പൊന്തക്കാട്ടിൽ ഒളിച്ചിരുന്ന് കള്ളൻ എല്ലാം മനസ്സിലാക്കി.............

പിന്നീട് മണിയനറിയാതെ വന്ന്, പൊന്നൊളിപ്പിച്ച സഞ്ചിയുമായി കള്ളൻ കടന്നു.

അടുത്ത ദിവസം മണിയൻ ചെന്ന് കുഴിമാന്തി നോക്കുമ്പോൾ പൊന്നില്ല. പൊന്നു സൂക്ഷിച്ച സഞ്ചിയും ഇല്ല. അയാൾ അവിടെ കിടന്ന് നിലവിളിയായി. മണിയന്റെ നിലവിളി കേട്ട് ഓടിക്കൂടിയവർ അയാളോട് കാര്യം തിരക്കി. അയാൾ അവരോട് കാര്യമെല്ലാം പറഞ്ഞു.

നാളിതു വരെ താൻ ഇതിൽ നിന്ന് ഒരു പൊന്നുപോലും സ്വന്തം ഉപയോഗത്തിനു വേണ്ടി എടുത്തിട്ടില്ലേ. ?

ഇല്ല, ഇല്ലേയില്ല. ഒരു തരിപൊന്നുപോലും ഞാൻ എടുത്തിട്ടില്ല. എനിക്ക് എന്റെ പൊന്ന് ചുമ്മാ നോക്കി കാണാനായിരുന്നു ഇഷ്ടം. അതിലാണെനിക്കു സന്തോഷം – മണിയൻ പറഞ്ഞു.

അതു സരി. അങ്ങനെയെങ്കിൽ താൻ ഇനിമേലും പതിവുപോലെ ഇവിടെ വന്നിരുന്ന് ഈ കുഴിമാന്തി, കുഴിയിൽ സഞ്ചിയുണ്ടെന്നും സഞ്ചിയിൽ നിറയെ പൊന്നുണ്ടെന്നും കരുതി സന്തോഷിച്ചോളൂ. – കേട്ടു നിന്നയാൾ പറഞ്ഞു.

അതു കേട്ട് അവിടെ കൂടി നിന്നവരെല്ലാം ചിരിച്ചു.

**എറണാകുളം**
**കരയോഗാംഗത്വം എടുക്കൂ**
**ജീവകാരുണ്യ പ്രവർത്തനങ്ങളിൽ പങ്കാളിയാവൂ...**

**94 വർഷത്തെ സേവനപാരമ്പര്യമുള്ള എറണാകുളം കരയോഗത്തിൽ കൊച്ചി കോർപ്പറേഷൻ പരിധിയിൽ സ്ഥിരതാമസമുള്ള എല്ലാ നായർ സമുദായാംഗങ്ങൾക്കും കരയോഗം നിയമാവലിയ്ക്ക് വിധേയമായി അംഗത്വം ലഭിക്കുന്നതാണ്.**
**ഈ അവസരം പ്രയോജനപ്പെടുത്തുക.**
***കൂടുതൽ വിവരങ്ങൾക്ക്: 0484 2361160***
Email: ekmkgm@gmail.com

## നായർ സ്ത്രീസമാജം 2020 മാർച്ച് മാസ പരിപാടികൾ

| തീയതി | പരിപാടി | സമയം |
|---|---|---|
| 17.03.2020 | Monthly Get Together | 4.00 A.M. |





രാഗപരിചയം

# ഹുസേനി

ഡോ. ജയലക്ഷ്മി നന്ദകുമാർ

22 – ാമത്തെ മേളകർത്താ രാഗമായ ഖരഹരപ്രിയയുടെ ജന്യരാഗമാണ് ഹുസേനി അഥവാ ഉസേനി. വളരെ മനോഹരമായ രാഗമാണിത്. ആലപിക്കുമ്പോൾ വളരെയേറെ ശ്രദ്ധ ചെലുത്തേണ്ട രാഗം കൂടിയാണിത്. ഭൈരവി, മുഖാരി, ആനന്ദഭൈരവി എന്നീ രാഗങ്ങളോടു സാദൃശ്യം ഉള്ളതിനാൽ രാഗസഞ്ചാരങ്ങൾ സൂക്ഷ്മതയോടു കൂടിയാവണം.

ആരോഹണം : സ രി ഗ മ പ നി ധ നി സ

അവരോഹണം : സ നി ധ പ മ ഗ രി സ

സ്വരസ്ഥാനങ്ങൾ : ഷഡ്ജം, ചതു : ശ്രുതി ഋഷഭം, സാധാരണ ഗാന്ധാരം, ശുദ്ധ മദ്ധ്യമം, പഞ്ചമം, ശുദ്ധ ധൈവതം, ചതു: ശ്രുതി ധൈവതം, കൈശികി നിഷാദം.

ആരോഹണത്തിൽ സ്വരങ്ങൾ വക്ര സമ്പൂർണ്ണമായും അവരോഹണത്തിൽ ക്രമ – സമ്പൂർണ്ണമായും വരുന്നു. സ്വന്തം മേളകർത്താ രാഗമായ ഖരഹരപ്രിയയിൽ ഇല്ലാത്ത സ്വരമായ ശുദ്ധ ധൈവതം അന്യസ്വരമായി വരുന്നതിനാൽ ഹുസേനി ഒരു ഭാഷാംഗ രാഗമാണ്. 'പധപ', 'പനിധപ' എന്നീ പ്രയോഗങ്ങളിലാണ് ശുദ്ധധൈവതം വരുന്നത്.

'സസാ പപാ' എന്ന സ്വരപ്രയോഗം ധാരാളമായി ഉപയോഗിച്ചു വരുന്നു. 'രിഗമ രിഗസ' ഒരു വിശേഷ സഞ്ചാരമാണ്. ഭക്തി, ശൃംഗാരം എന്നീ ഭാവങ്ങൾ പ്രകടിപ്പിക്കുവാൻ ഉത്തമമായ രാഗം. സംഗീതനൃത്ത നാടകങ്ങളിൽ ശ്ലോകം, വിരുത്തം എന്നിവക്കും അനുയോജ്യമാണ്.

## ഈ രാഗത്തിലുള്ള കൃതികൾ

1. രാമാ നിന്നേ നമ്മി - ആദി - ത്യാഗരാജസ്വാമി
2. ശ്രീ രഘുകുല - ആദി - രാമനാട് ശ്രീനിവാസ അയ്യങ്കാർ
3. ഇയലിശയിൽ (തിരുപ്പുഗഴ്) - ആദി - അരുണഗിരിനാഥർ
4. കനകമയമായീടും (ഉത്സവ പ്രബന്ധം) - രൂപകം - സ്വാതി തിരുനാൾ
5. പരദേവതേ - ആദി - മുത്തുസ്വാമി ദീക്ഷിതർ

## ചലച്ചിത്രഗാനങ്ങൾ

1. തണ്ണീർ പന്തലിലെ - പുണ്യം
2. തെക്കും കൂർ തമ്പുരാനേ - ശിവോഹം (ആൽബം)
3. രുദ്രാക്ഷശില - അമ്മേ നാരായണ (ആൽബം)

## കുട്ടികളുടെ നാടകക്കളരി

**2020 ഏപ്രിൽ 6 മുതൽ 12 വരെ**

നാടകത്തിനോടു താല്പര്യമുള്ള അഞ്ചാം ക്ലാസ്സു മുതൽ പ്ലസ് ടൂ വരെയുള്ള കുട്ടികൾക്ക് നാടക രംഗത്തെ പ്രശസ്തർ പരിശീലനം നൽകുന്ന, ഒരാഴ്ച നീണ്ട നാടക കളരി എറണാകുളം കരയോഗത്തിന്റെ ആഭിമുഖ്യത്തിൽ ഏപ്രിൽ 6 മുതൽ 12 വരെ ടി. ഡി. എം. ഹാളിൽ നടത്തുന്നു. ലോകനാടകത്തെക്കുറിച്ചുള്ള പരിചയപ്പെടുത്തലും അഭിനയം, മേക്കപ്പ്, നാടക രചന എന്നിവയിൽ പരിശീലനവും കളരിയുടെ അവസാന ദിവസം കുട്ടികൾ പങ്കെടുക്കുന്ന നാടകാവതരണവും നടക്കുന്നതാണ്. രാവിലെ 10 മുതൽ വൈകുന്നേരം 5.00 മണി വരെയാണ് ക്ലാസ്സ്. കുട്ടികളുടെ അഭിനയാഭിരുചി പരിശോധിച്ച് ആയിരിക്കും ക്യാമ്പിന് തെരഞ്ഞെടുക്കുക. വിശദവിവരങ്ങൾക്ക് ബന്ധപ്പെടുക.

ഫോൺ : 9895071101


വാസ്തു

# POWER OF VASTHU



ശ്രീ.പ്രഭാകരമേനോൻ പര്യാടത്ത്, റിട്ടയേർഡ് എഞ്ചിനീയർ, വാസ്തു വിദ്ഗദ്ധൻ (ഫോൺ: 9447032434)

ഗുരുവായൂർ തെക്കേ നടയിൽ നമ്മുടെ രാധേയം 31.1.2020 ഉദ്ഘാടനം കഴിഞ്ഞു. ചടങ്ങുകൾ കൃത്യം 10 മണിക്ക് തുടങ്ങി. 12 മണിക്ക് അവസാനിച്ചു. അതിനു ശേഷം വിഭവസമൃദ്ധമായ സദ്യയും ഉണ്ടായിരുന്നു. ചടങ്ങുകൾ വളരെ കൃത്യനിഷ്ടയോടും, വളരെ അച്ചടക്കത്തോടും ആയിരുന്നു . ധാരാളം ഭക്തജനങ്ങളും ജനപ്രതിനിധികളും പങ്കെടുത്തിരുന്നു.




ഈ കെട്ടിടം അവിടെ വന്നതിന്റെ ചരിത്രം പലർക്കും അറിയില്ല. ഏതാണ്ട് ഒന്നരകൊല്ലക്കാലം ഗുരുവായൂരും പരിസരത്തുമുള്ള ഒരു വിധം സ്ഥലങ്ങളും പണി തീരാത്ത കെട്ടിടങ്ങളും പോയി കണ്ടിട്ടുണ്ട്. പലപ്പോഴും അപ്രോച്ച് റോഡ്, വില എന്നിവ നോക്കി ഉപേക്ഷിച്ച് പോയിട്ടുണ്ട്. ഇപ്പോൾ കെട്ടിടം പണിത സ്ഥലവും ഒറ്റ നോട്ടത്തിൽ വളരെ മോശമാണ്. കന്നിമൂലയിലാണ് ഗേറ്റ് വരുന്നത്. കന്നിമൂല ഏതെന്ന് അറിയാത്തവർക്ക് വേണ്ട സ്കെച്ച് കാണിച്ചിട്ടുണ്ട്. കൂടാതെ അവിടേക്കുള്ള റോഡ് ഫയർ എഞ്ചിൻ വരുന്നതിനുള്ള വീതിയും ഇല്ല. റോഡിന് വീതി കുറഞ്ഞ കാരണം ബിൽഡിംഗ് പെർമിറ്റ് കിട്ടുവാനും വിഷമം.

ഗുരുവായൂരപ്പന്റെ സഹായത്താൽ തൊട്ടു മുൻവശത്ത് കെട്ടിടവും ഇതിന്റെ കൂടെ തന്നെ കച്ചവടം ഉറപ്പിക്കാനും അതിന്റെ ഒരു ഭാഗം പൊളിച്ച് റോഡിന് വീതി കൂട്ടുവാനും സാധിച്ചു. കെട്ടിടം പണി തുടങ്ങുമ്പോൾ തന്നെ കന്നി മൂലയിൽ കുട്ടിമതിൽ കെട്ടി ചിത്രത്തിൽ 'A to B' വേർ തിരിച്ചു. പണി നടന്നുകൊണ്ടിരിക്കുമ്പോൾ കുട്ടിമതിൽ പൊളിഞ്ഞ് പോകുകയും പണിയിൽ വേഗത കുറയുകയും ഉണ്ടായ സമയത്ത് വീണ്ടും അളന്ന് കെട്ടേണ്ടി വന്നിട്ടുണ്ട്. കെട്ടിടം പണിയുന്ന സമയത്ത് കഴിയാവുന്ന അത്ര സ്ഥലം വടക്കും, വടക്കു കിഴക്കും ഒഴിച്ചിട്ടാണ് പണിതിരിക്കുന്നത്.

ധാരാളം ആളുകൾ ഈ പണിക്ക് കോൺട്രാക്ട് കിട്ടുന്നതിനായി പല ശ്രമങ്ങളും നടത്തിയെങ്കിലും പൂർവ്വ ചരിത്രവും, പ്രവൃത്തിപരിചയവും നോക്കി കോഴിക്കോട്ടുള്ള ശ്രീ. കേളുക്കുട്ടി മേസ്തിരിയേയാണ് പണി ഏല്പിച്ചിരുന്നത്. കൃത്യസമയത്ത് നല്ല ക്വാളിറ്റി വർക്ക് നടക്കുകയുണ്ടായി. ധാരാളം കെട്ടിടപണികൾ നടത്തി പരിചയമുള്ള 'Architect and Structural Engineer' നെ ഇതിന്റെ ആർക്കിടെക്റ്റ് ആയി കിട്ടിയതും ഭാഗ്യം തന്നെയാണ്.

സാധാരണ സ്ട്രക്ച്ചറൽ ഡ്രോയിംങ് കിട്ടുന്നതിനായി വലിയ കാലതാമസമാണ്. അതു മുഴുവനായി തരാറില്ല. ഇവിടെ 'Architect and Structural Engineer' ഒരാളായതുകൊണ്ട് പണി തുടങ്ങുമ്പോൾ തന്നെ എല്ലാ Details ഉം കിട്ടിയിരുന്നു. അതിനുവേണ്ടി കാത്തു നിൽക്കേണ്ടി വന്നില്ല. കരയോഗം മെംബർ പോലെയാണ് ആർക്കിടെക്റ്റ് ശ്രീ ദാമോദരൻ പ്രവർത്തിച്ചിരുന്നത്.

ഇതുമായി ബന്ധപ്പെട്ട എല്ലാവരും തീരുമാനങ്ങൾ നീട്ടിക്കൊണ്ടു പോകാതെ ശ്രദ്ധിച്ചിരുന്നു. ഗുരുവായൂരപ്പന്റെ അനുഗ്രഹം എല്ലാ കാര്യത്തിലും ഉണ്ടായിട്ടുണ്ട്. ഇതിനൊപ്പം തുടങ്ങിയ ഒരു പണിക്ക് മണ്ണ് മാറ്റുന്നതിന് ഇതുവരെയും അനുവാദം കിട്ടിയിട്ടില്ല എന്നോർക്കുമ്പോൾ ശരിക്കും ഗുരുവായൂരപ്പൻ ഇതിൽ എപ്പോഴും ഇടപെട്ടിട്ടുണ്ട് എന്ന് മനസ്സിലാക്കാം.

**വാസ്തു സംബന്ധമായ എല്ലാ സംശയങ്ങളും എല്ലാ മാസവും 10-ാം തിയതിക്കു മുൻപ് കരയോഗം ഓഫീസിൽ ലഭിക്കേണ്ടതാണ്. കരയോഗം മെമ്പർമാർക്ക് രാവിലെ 10 മണി മുതൽ 5 മണി വരെ 9447032434 എന്ന നമ്പറിൽ വിളിക്കാവുന്നതാണ്. ഈ സേവനം തികച്ചും സൗജന്യമായിരിക്കും. എല്ലാ മാസവും രണ്ടാം ഞായറാഴ്ച എഞ്ചിനീയർ പ്രഭാകരമേനോൻ എറണാകുളം കരയോഗം ഓഫീസിൽ രാവിലെ 9.30 മുതൽ 1 മണി വരെ ഉണ്ടായിരിക്കും. അദ്ദേഹത്തെ കാണുന്നതിന് മുൻ കൂർ പേര് രജിസ്റ്റർ ചെയ്തിരിക്കണം.**





തുടർച്ച



# ഭാരതത്തിലെ ഋഷികവികൾ

## അധിനിവേശം-പൈതൃകം-നവോത്ഥാനം

ശ്രീകുമാരി രാമചന്ദ്രൻ (ഫോൺ: 9947054009)

### ഷിർദ്ദി സായിബാബാ

ഭക്തജനങ്ങൾ അവതാരമായും ആത്മാന്വേഷികൾ ഫകീർ (സന്യാസി)ആയും തത്വചിന്തകർ സദ്ഗുരുവായും ആരാധിക്കുന്ന ഒരു മഹാഋഷിയാണ് ഷിർദ്ദി സായിബാബാ. അദ്ദേഹത്തിന്റെ ജന്മസ്ഥാനം, ജനനതീയതി. കുലം, മാതാപിതാക്കൾ തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് വിശ്വസനീയമായ വിവരങ്ങൾ ലഭ്യമല്ല. മഹാരാഷ്ട്രയിലെ ഷിർദ്ദി എന്ന പട്ടണത്തിൽ എവിടെ നിന്നോ വന്നു ചേർന്ന യുവസന്യാസിയിൽ മഹൽസപതി എന്ന പൂജാരിക്ക് ചില പ്രത്യേകതകൾ തോന്നി. കാഴ്ചക്കു മുസൽമാൻ എന്നു തോന്നിച്ച യോഗിയെ 'യാസായി' (സ്വാഗതം സായി) എന്ന സ്വാഗതവചനമോതിക്കൊണ്ട് പൂജാരി വരവേറ്റു(പേഴ്സ്യൻ ഭാഷയിൽ സുഫി സന്യാസിമാരെ 'സായി' എന്നാണ് സംബോധന ചെയ്തിരുന്നത്. ഉത്തരേന്ത്യയിലും പരിസരപ്രദേശങ്ങളിലും സംസാരഭാഷയിൽ പേഴ്സ്യൻ പദങ്ങൾ സുലഭമായി ഉപയോഗിച്ചിരുന്നു). തങ്ങാനിടവും വിശപ്പടക്കാൻ ആഹാരവും നൽകി. ജനങ്ങൾ അദ്ദേഹത്തെ സ്നേഹപൂർവം സായിബാബാ എന്നു സംബോധന ചെയ്യാൻ തുടങ്ങി(മഹാരാഷ്ട്രയിൽ ബംജാരൻ/നാടോടി ഭാഷയിൽപ്പെട്ട പദങ്ങൾ പ്രചലിതമായിരുന്നു. ബംജാരൻ ഭാഷയിൽ പിതാവ്, പിതാമഹൻ, പ്രായംചെന്നയാൾ എന്നിവരെയെല്ലാം 'ബാബാ' എന്നു സംബോധന ചെയ്യുന്ന പതിവുണ്ടായിരുന്നു).ഷിർദ്ദിയിലെ സായിബാബയെക്കുറിച്ച് ശിഷ്യനായ ദാസ്ഗനു ചില ഗവേഷണങ്ങൾ നടത്തുകയും ശ്രീസായിഗുരുചരിത്രം എന്ന പേരിൽ ഒരു ഗ്രന്ഥം രചിക്കുകയും ചെയ്തു. ഈ ഗ്രന്ഥത്തിൽ പറയുംപ്രകാരം 'പത്രി' യിലെ ഒരു ഫക്കീറിന്റെയും പത്നിയുടെയും സംരക്ഷണയിലാണ് ബാബാ ശൈശവം ചിലവഴിച്ചത്. അഞ്ചുവയസ്സുമുതൽ ദേശ്മുഖ് വെങ്കുശ എന്ന ദിവ്യന്റെ സംരക്ഷണയിലായി. വർഷങ്ങളോളം ദേശ്മുഖിനൊപ്പം താമസിച്ചതിനിടെ ഹൈന്ദവതത്ത്വങ്ങൾ വശമാക്കി. ദാസ്ഗനുവിന്റെ ഗ്രന്ഥം ഷിർദ്ദി ബാബയെ സന്ത്കബീറിന്റെ അവതാരം എന്ന് വിശേഷിപ്പിക്കുന്നു.

ബാബയുടെ ജീവചരിത്രം രചിച്ച നരസിംഹസ്വാമിജിയുടെ ഗ്രന്ഥത്തിൽ ബാബാ ബ്രാഹ്മണകുലത്തിൽ ജനിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നു. ഒരിക്കൽ ബാബാ മഹൽസപതിയോട് തന്നെക്കുറിച്ച് ഇപ്രകാരം വെളിപ്പെടുത്തി. നൈസാമിന്റെ രാജ്യത്ത് മൻവത്തിനുസമീപം പർവനി എന്നൊരു താലൂക്കുണ്ട്. താലൂക്കിന്റെ ഭാഗമായ 'പത്രി' എന്ന പ്രദേശത്താണ് ഞാൻ ജനിച്ചത്. ബ്രാഹ്മണരായ അച്ഛനമ്മമാർ ദാരിദ്ര്യംമൂലം എന്നെ ഒരു മുസ്ലീംദേവാലയത്തിൽ കൊണ്ടാക്കി. അവിടത്തെ ഒരു ഫക്കീർ ഭക്ഷണവും വസ്ത്രവും തന്ന് എന്നെ വളർത്തി. 'വിദ്യ' യെന്ന മഹാധനവും അദ്ദേഹം എനിക്കു തന്നു.

ബ്രിട്ടീഷ് വാഴ്ചക്കാലത്ത് മഹാരാഷ്ട്രയിലെ അഹമ്മദ് നഗർ ജില്ലയിൽപ്പെട്ട ഷിർദ്ദി എന്ന ഗ്രാമത്തിൽ എത്തിച്ചേരുമ്പോൾ ബാബായ്ക്ക് കേവലം പതിനാറു വയസ്സേ ഉണ്ടായിരുന്നുള്ളൂ എന്ന് 'സായീ സത്ചരിത്രം' എന്ന ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഒരു വേപ്പുമരത്തിന്റെ ചുവട്ടിൽ പത്മാസനത്തിലമർന്നു ധ്യാനം ചെയ്യുന്ന കുമാരനെക്കണ്ട്

ഗ്രാമീണർ അതിശയിച്ചു. വെയിലിലും മഞ്ഞിലും മഴയിലും അനങ്ങാതിരുന്നു തപസ്സു ചെയ്യുന്ന യുവ സന്യാസിയോട് മതിപ്പു തോന്നിയ അവർ നിത്യവും വേപ്പുമരത്തണലിലെത്താൻ തുടങ്ങി. ഇവരിലൊരാൾ മഹൽസപതിയായിരുന്നു. അപ്പാ ജോഗ്‌ലെ, കാശീനാഥ് തുടങ്ങിയവരും ബാബായുടെ നിത്യസന്ദർശകരായി. ചിലർ ഭ്രാന്തനെന്നു കരുതി ബാബായെ കല്ലെറിയുകയും ചെയ്തു. പെട്ടെന്നൊരുനാൾ ബാബാ അപ്രത്യക്ഷനായി. പിന്നീട് അദ്ദേഹത്തിന്റെ ജീവിതം എപ്രകാരമായിരുന്നു എന്നതിനെക്കുറിച്ച് ഗ്രന്ഥം വ്യക്തമാക്കുന്നില്ല.എങ്കിലും ആ കാലഘട്ടത്തിൽ ജീവിച്ചിരുന്ന ഒട്ടേറെ ഋഷിമാരുമായി ബാബാ സമ്പർക്കം പുലർത്തിയിരുന്നു എന്നതിനു സൂചനകളുണ്ട്. എ.ഡി. 1857-ൽ ത്സാൻസിയിലെ റാണി ലക്ഷ്മിബായിയുടെ സേനയിലെ അംഗം എന്ന നിലക്ക് ബാബാ ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്തിട്ടുള്ളതായി ചില ഗവേഷകർ കരുതുന്നു. മൂന്നു കൊല്ലക്കാലം തുടർച്ചയായി ഷിർദ്ദിയിൽ വസിച്ചശേഷം പെട്ടെന്നൊരുനാൾ അപ്രത്യക്ഷനായ ബാബാ ഒരു വർഷത്തിനുശേഷം 1858-ൽ മടങ്ങിയെത്തിയെന്നും പിന്നീട് സമാധിയാവോളം ഷിർദ്ദിയിൽ തന്നെയായിരുന്നു വാസമെന്നും വിശ്വസിക്കുന്നതാണു യുക്തം. ഈ കണക്കുവെച്ചു നോക്കിയാൽ എ.ഡി. 1838 -ലാണു ബാബാ ജനിച്ചത് എന്നും കരുതാം.

സൂഫിസന്യാസിമാരെപ്പോലെ മുട്ടോളമെത്തുന്ന കാഫ്നി എന്ന ഒറ്റക്കുപ്പായവും വെളുത്ത ഒരു തുണിത്തൊപ്പിയുമണിഞ്ഞ് നഗ്നപാദനായി 1858ൽ വീണ്ടും ബാബാ പ്രത്യക്ഷപ്പെട്ടു. ഗ്രാമീണരിൽ ഏറിയപങ്കും ഹിന്ദുക്കളായിരുന്നു. ബാബായെ മുസ്ലീം ഫക്കീർ എന്നു തെറ്റിദ്ധരിച്ച അവർ ആദ്യമാദ്യം അദ്ദേഹത്തെ അവഗണിച്ചു. നാലഞ്ചുകൊല്ലം ബാബാ പഴയ വേപ്പുമരത്തണലിനെത്തന്നെ ആശ്രയിച്ചു കഴിഞ്ഞുകൂടി. സ്വതേ അന്തർമുഖനായി കാണപ്പെട്ട അദ്ദേഹം മൗനിയുമായിരുന്നു. കൂടെക്കൂടെ ഗ്രാമത്തോടുചേർന്നു കിടന്നിരുന്ന കാട്ടിലൂടെ അലഞ്ഞു തിരിഞ്ഞു. വേപ്പിൻചുവട്ടിൽ ദിവസങ്ങളോളം ഏകാന്തധ്യാനത്തിലിരുന്നു. ക്രമേണ ഗ്രാമീണർ അദ്ദേഹത്തെ അംഗീകരിക്കാൻ തുടങ്ങി. അവരുടെ സ്നേഹപൂർവ്വമായ പ്രേരണയെ തുടർന്ന് ബാബാ ഒരു പഴയ മുസ്ലീം ദേവാലയത്തിലേക്കു താമസം മാറി. ഇടിഞ്ഞു പൊളിഞ്ഞുകിടന്ന ആ കെട്ടിടത്തിൽ ബാബാ ഏകാന്ത ജീവിതം നയിച്ചു. വീടുകൾ തോറും ഭിക്ഷതേടി കിട്ടിയ അന്നംകൊണ്ടു വിശപ്പടക്കി. തന്നെത്തേടിയെത്തിയവരെ ഹിന്ദുക്കളെന്നോ മുസൽമാൻമാരെന്നോ വ്യത്യാസം കൂടാതെ സ്വീകരിച്ചു.

തന്റെ ഇരിപ്പിടത്തിനരികിൽ ബാബ ഒരഗ്നിഹോത്രം സൂക്ഷിച്ചുപോന്നു. ഒരിക്കലും കെടാത്ത ഈ അഗ്നി, 'ധുനി' എന്നറിയപ്പെട്ടു. സന്ദർശകരെ ധുനിയിൽ നിന്നെടുത്ത 'ഉധി' എന്ന ഭസ്മം നൽകി യാത്രയാക്കുക എന്നതായിരുന്നു ബാബായുടെ ആതിഥ്യമര്യാദ. ഉധിക്ക് അൽഭുതകരമായ ശക്തിയുണ്ടായിരുന്നു. പല രോഗങ്ങൾക്കും അതൊരു ശമനൗഷധമായി. ഒരു ഭിഷഗ്വരനെപ്പോലെ, ഈ ഭസ്മമുപയോഗിച്ച് ബാബാ ഗ്രാമീണരുടെ രോഗങ്ങൾ സുഖപ്പെടുത്തി.

ബാബയുടെ സുഭാഷിതങ്ങൾ കേൾക്കാൻ ഗ്രാമീണർ അദ്ദേഹത്തിന്റെ വാസസ്ഥലത്തേക്കു പ്രവഹിച്ചു. അദ്ദേഹത്തിൽനിന്നു പ്രചോദനമുൾക്കൊണ്ട ഗ്രാമീണർ ഭഗവദ്ഗീതയും ഖുർആനും ബൈബിളും വായിച്ചുൾക്കൊണ്ടു. ഏകദൈവ സിദ്ധാന്തത്തിൽ വിശ്വസിച്ചിരുന്ന ബാബാ ഇടക്കിടെ അള്ളാഹ് മാലിക് (ദൈവം രാജാവാകുന്നു) എന്നുരുവിടുമായിരുന്നു.

'എന്നെ വിശ്വസിക്കുക! നിങ്ങളുടെ പ്രാർത്ഥനകൾ ഫലം ചെയ്യും!' എന്ന് അദ്ദേഹം അവർക്കുറപ്പു നൽകി.

മതപരമായ ഉത്സവാഘോഷങ്ങളിൽ ബാബാ ശ്രദ്ധ പുലർത്തി. ഈദ്പെരുന്നാളിലും ദീപാവലിയിലും ഒരേ ഉത്സാഹത്തോടെ അദ്ദേഹം പങ്കെടുത്തു. സ്വന്തം കൈകൊണ്ട് ആഹാരം പാകം ചെയ്ത് പ്രസാദമായി ഭക്തജനങ്ങൾക്കു നൽകി. ഭക്തിഗീതങ്ങളും നൃത്തങ്ങളും അദ്ദേഹത്തിന് ഏറെ സന്തോഷം പകർന്നു. ഗ്രാമത്തിലെ കുട്ടികൾ ബാബായെ കാണാൻ ഓടിയെത്തുമായിരുന്നു. കുട്ടികൾക്കൊപ്പം ആടാനും പാടാനും ബാബാ ഏറെ ഇഷ്ടപ്പെട്ടു.ജാലവിദ്യക്കു പുറമേ ,ഒരേ സമയത്ത് രണ്ടിടങ്ങളിൽ പ്രത്യക്ഷപ്പെടുക, ഭൂസ്പർശം കൂടാതെ അന്തരീക്ഷത്തിലൂടെ ചരിയ്ക്കുക, മറ്റുള്ളവരുടെ മനസ്സു വായിക്കുക, മുതലായ ഒട്ടേറെ ദിവ്യശക്തികളുണ്ടായിരുന്നു ബാബക്ക്. ഗ്രാമത്തിൽ എണ്ണക്കു ക്ഷാമം നേരിട്ട ഒരു ദീപാവലിക്കാലം! ദീപാലങ്കാരത്തിനു വഴി കാണാതെ ഗ്രാമീണർ വിഷണ്ണരായി. കുട്ടികൾ കരഞ്ഞു. ബാബാ കുട്ടികളെ അടുത്തു വിളിച്ചു. ഒരു പാത്രം നിറയെ പച്ചവെള്ളമെടുത്തു നൽകി. 'ഇതാ ഇതൊഴിച്ചു വിളക്കുകൾ കത്തിച്ചുകൊള്ളൂ' എന്നു പറഞ്ഞു. ബാബാ സ്വന്തം കണ്ണീർ കൊണ്ടു ദിവ്യശക്തി പ്രദാനം ചെയ്ത വെള്ളമായിരുന്നു അത്. ഈ വാസ്തവമറിയാതെ കുട്ടികൾ മൺചെരാതുകളിൽ തിരിയിട്ടു. എണ്ണക്കു പകരം ബാബാ നൽകിയ വെള്ളമൊഴിച്ചു വിളക്കുകൾ കൊളുത്തി. മൺചെരാതുകൾ നക്ഷത്രശോഭയോടെ രാത്രി മുഴുവൻ തെളിഞ്ഞു കത്തി.മറ്റൊരിക്കൽ ബാബായുടെ ഒരു ഭക്തന് രാജാവ് ശിക്ഷ വിധിച്ചു. ഭടന്മാർ അയാളെ അമ്പത്തൊന്നു തവണ ചാട്ടകൊണ്ടു പ്രഹരിച്ചു. ഭക്തൻ ബാബായെ ധ്യാനിച്ചുകൊണ്ട് ശിക്ഷയേറ്റു വാങ്ങി. തനിക്കു ലവലേശം വേദന തോന്നിയില്ല. എന്ന കാര്യം അയാളെ അൽഭുതപ്പെടുത്തി. അയാൾ ബാബായുടെ അരികിലേക്കു കുതിച്ചു. ക്ഷീണിച്ചവശനായി കിടക്കുകയായിരുന്നു ബാബാ. ഭക്തൻ ബാബായുടെ മുമ്പിൽ മുട്ടുകുത്തി ഇരുന്നു. 'ബാബാ . . . . . ബാബാ . . . . ..,' അയാൾ ഗദ്ഗദകണ്ഠനായി. ബാബാ ഒന്നു ഞരങ്ങുക മാത്രം ചെയ്തു. പരിശോധനയിൽ ബാബായുടെ മുതുകത്ത് ചാട്ടവാറടിയേറ്റ് ചോരച്ചുകിടക്കുന്ന അമ്പത്തൊന്നു പാടുകൾ കണ്ട ഭക്തൻ വാവിട്ടു നിലവിളിച്ചുപോയി. രാജഭടന്മാർ പ്രഹരിച്ചിട്ടും തനിക്കു തരിമ്പുപോലും നോവാത്തതിന്റെ രഹസ്യമെന്തെന്ന് അയാൾക്കു മനസ്സിലായി. ബാബായുടെ ശരീരത്തിലെ മുറിവുകളുണങ്ങുവോളം അയാൾ ബാബായുടെ അരികിൽ തങ്ങി.

രാമൻ, കൃഷ്ണൻ, വിഠോബാ മുതലായ ദേവന്മാരുടെ രൂപത്തിൽ അദ്ദേഹം ഭക്തജനങ്ങൾക്കു സ്വപ്നദർശനം നൽകുമായിരുന്നുവത്രേ. സമാധിക്കു ശേഷവും ബാബാ ഭക്തർക്ക് ദർശനം നൽകിയിരുന്നതായി ഐതിഹ്യങ്ങളുണ്ട്.

മനുഷ്യമനസ്സുകളിൽ സത്യം, ദയ, സ്നേഹം, ക്ഷമാശീലം, ഭക്തി മുതലായ ഗുണങ്ങളുണർത്തി സമൂഹത്തിൽ ശാന്തിയും സ്നേഹവും സ്ഥാപിക്കുക എന്നതായിരുന്നു ബാബായുടെ ലക്ഷ്യം. ഉന്നതമായ ആദർശങ്ങളിലൂന്നിയ സംസാരജീവിതം നയിക്കാൻ അദ്ദേഹം ജനങ്ങളെ ഉദ്ബോധിപ്പിച്ചു. സാസ്തികൃവാദത്തെ അദ്ദേഹം വിമർശിച്ചു. ഹിന്ദുമതാനുഷ്ഠാനങ്ങളും ഇസ്ലാംമതാനുഷ്ഠാനങ്ങളും ഒരേ ആത്മാർത്ഥതയോടെ അദ്ദേഹം പിന്തുടർന്നു പോന്നു. ഹിന്ദുമതഗ്രന്ഥങ്ങളും ഖുർആനും വായിച്ചു വ്യാഖ്യാനിക്കുന്നതിലും അദ്ദേഹം വിദഗ്ദ്ധനായിരുന്നു. ശ്രീശങ്കരന്റെ അദ്വൈതവേദാന്തത്തിന്റെ പൊരുളും ആന്തരാർത്ഥവും ഉൾക്കൊണ്ടു ജീവിച്ച അദ്ദേഹം ഈ തത്വങ്ങൾ പ്രചരിപ്പിക്കാനും താൽപര്യം കാട്ടി. ഭക്തിയുടെ വിവിധഭാവങ്ങളെക്കുറിച്ച് അദ്ദേഹം അനുയായികൾക്ക് ഉപദേശം നൽകി. ഹിന്ദുമതം അനുശാസിക്കുന്ന മൂന്നു ആത്മീയ മാർഗങ്ങൾ (ഭക്തിയോഗം, ജ്ഞാനയോഗം, കർമ്മയോഗം) അദ്ദേഹത്തിന്റെ ചിന്തകളെ സ്വാധീനിച്ചു.

'ഞാനുള്ളപ്പോൾ നിങ്ങളെന്തിനു ഭയപ്പെടണം!' എന്ന് അദ്ദേഹം ആവർത്തിച്ചു പറഞ്ഞുകൊണ്ടിരുന്നു. 1918 ൽ ഷിർദിസായിബാബ സമാധിയായി.

ബാബ ഒരു പിൻഗാമിയെക്കുറിച്ച് ഉരിയാടിയിട്ടേയില്ല. ദീക്ഷ നൽകി ആരെയും ശിഷ്യനായി സ്വീകരിച്ചിട്ടുമില്ല. എങ്കിലും സകോരിയിലെ ഉപാസ്നി മഹാരാജ് ബാബായുടെ ഏറ്റവും പ്രമുഖനായ ശിഷ്യൻ എന്ന് പരക്കെ അംഗീകരിക്കപ്പെട്ടിരുന്നു.

ലക്ഷക്കണക്കിന് ആരാധകർ ഇന്നും ബാബായെ ആരാധിക്കുന്നു. 1940 ൽ ആന്ധ്രയിലെ പുട്ടപർത്തിയിൽ ജനിച്ച സത്യസായിബാബ താൻ ഷിർദ്ദി ബാബായുടെ അവതാരമാണെന്ന് പ്രഖ്യാപിച്ചിരുന്നു.

***ശ്രീമതി. ശ്രീകുമാരി രാമചന്ദ്രന്റെ 'ഭാരതത്തിലെ ഋഷികവികൾ' എന്ന ലേഖന പരമ്പര പുസ്തക രൂപത്തിൽ മാതൃഭൂമി ബുക്ക് സ്റ്റാളിൽ ലഭ്യമാണ്.***

# വിശേഷ ദിവസങ്ങൾ

## 2020 മാർച്ച് 17 മുതൽ ഏപ്രിൽ 14 വരെ

| | | |
|---|---|---|
| മാർച്ച് | 17 | കൊല്ലൂർ മൂകാംബിക രഥോത്സവം |
| | 23 | കടവന്ത്രദേവീക്ഷേത്രത്തിൽ ഉത്സവാരംഭം |
| | 28 | മീനഭരണി, കൊടങ്ങല്ലൂർ ഭരണി, രവിപുരം ശ്രീകൃഷ്ണക്ഷേത്രത്തിൽ കൊടിയേറ്റ് |
| | 29 | കടവന്ത്രദേവീക്ഷേത്രത്തിൽ താലപ്പൊലി, ശബരിമല കൊടിയേറ്റ് |
| ഏപ്രിൽ | 2 | നെന്മാറ വല്ലങ്ങിവേല, രാമനവമി, രവിപുരം ആറാട്ട് |
| | 4 | കടവന്ത്ര ദേവീക്ഷേത്രത്തിൽ ഗുരുതി |

ക്ഷേത്രങ്ങളിലൂടെ - തുടർച്ച

# കാട്ടിൽ മേക്കതിൽ ഭഗവതിക്ഷേത്രം



**ഇന്ദിരാഭായി (ഫോൺ: 80785 52892)**

ഭക്തന്റെ പ്രാർത്ഥനകൾ മണിയും മണികിലുക്കവുമായി പരിണമിക്കുന്ന അതിപുരാതനമായ ഒരു ഭഗവതിക്ഷേത്രം. കടൽ തിരമാലകളുടെ സംഗീതവും കടൽ കാറ്റിന്റെ ഈണവും ആസ്വദിച്ചുകൊണ്ട് ആദിപരാശക്തിയായ ജഗദംബ കുടികൊള്ളുന്ന ഒരു പുണ്യ ക്ഷേത്രം.കടലും കായലും അതിരുകൾ കാക്കുന്ന ദേവിസവിധം, മണികൾ ആഗ്രഹങ്ങളും മണികിലുക്കം പ്രാർത്ഥനാഗീതങ്ങളുമാകുന്ന ഒരു പവിത്രസ്ഥാനം, ചേര രാജാവു മുതൽ ശ്രീ പത്മനാഭദാസന്മാരായ തിരുവിതാംകൂർ രാജാക്കന്മാർ വരെ ദർശനം നടത്തിയിട്ടുള്ള ഒരു ക്ഷേത്രം. അറബിക്കടലിന്റെ കടൽ ഭിത്തിയിൽ നിന്നും വെറും അഞ്ചുമീറ്റർ മാത്രം അകലത്തിലുള്ള ശ്രീകോവിലിൽ കുടികൊള്ളുന്ന ദേവിയെ ആർത്തിരമ്പി വന്ന സുനാമി തിരമാലകൾ നമസ്കരിച്ച് മടങ്ങിയ ക്ഷേത്രം. കടൽ ഭിത്തിക്കുമുകളിലൂടെ ഇടയ്ക്കിടെ തിരമാലകൾ എത്തിനോക്കുന്ന ക്ഷേത്രം. സങ്കടങ്ങളുടെ ഭാണ്ഡക്കെട്ടുകളുമായി തന്റെ മുന്നിലെത്തുന്ന ഭക്തരെ സാന്ത്വനിപ്പിച്ച് അനുഗ്രഹങ്ങൾ നൽകി ചങ്ങാടത്തിലേറ്റി യാത്രയയക്കുന്ന ഒരമ്മ കുടികൊള്ളുന്ന പുണ്യക്ഷേത്രം. ഇങ്ങനെ അനേകം പ്രത്യേകതകളുള്ള ആ പുണ്യപുരാതന ക്ഷേത്രത്തിൽ നമുക്കൊന്ന് ദർശനം നടത്തി വരാം.

നാടിനും നാട്ടാർക്കും പൊന്ന് അമ്മയായി, പൊൻമനയ്ക്കൊരു പൊൻകിരീടമായി പൊൻപ്രഭ ചൊരിഞ്ഞു കൊണ്ട് ആദിപരാശക്തിയായ മഹാമായ ഭക്തരുടെ ആഗ്രഹസഫലീകരണത്തിനായി അനുഗ്രഹങ്ങൾ നൽകിക്കൊണ്ട് കുടികൊള്ളുന്ന കാട്ടിൽ മേക്കതിൽ ഭഗവതിക്ഷേത്രം. കൊല്ലം ജില്ലയിലെ പന്മന എന്നും പൊന്മനയെന്നും അറിയപ്പെടുന്ന ഒരു ചെറിയ ഗ്രാമത്തിലാണ് കാട്ടിൽ മേക്കതിൽ ക്ഷേത്രം സ്ഥിതിചെയ്യുന്നത്. കാട്ടിൽ എന്ന പേരു മാത്രമേയുള്ളു. ഇവിടെ കാടല്ല കടൽതീരവും കായൽതീരവും കേരനിരകൾ നിറഞ്ഞുനിൽക്കുന്ന കരപ്രദേശങ്ങളുമാണ് ക്ഷേത്രപരിസരങ്ങളിൽ കാണപ്പെടുന്നത്. കൊല്ലം ജില്ലയിൽ കരുനാഗപ്പള്ളിക്കടുത്ത് പൊൻമനയിൽ സ്ഥിതിചെയ്യുന്ന കാട്ടിൽ മേക്കതിലമ്മയുടെ പ്രശസ്തി ഇന്ന് ദൂരദേശങ്ങളിലേക്കും കാറ്റിന്റെ വേഗത്തിൽ വ്യാപിച്ചുകൊണ്ടിരിക്കുന്നു. കാട്ടിമേക്കതിലമ്മയെ കണ്ടു തൊഴുതു വരണം എന്നു നാം ആഗ്രഹിച്ചാൽ മാത്രം അതു നടക്കണമെന്നില്ല. അമ്മയുടെ അനുഗ്രഹമുണ്ടെങ്കിൽ മാത്രമേ ഈ തിരുനടയിലെത്തുവാൻ സാധിക്കുകയുള്ളു. കനിവിന്റെ കടലായ കാട്ടിൽമേക്കതിലമ്മ കനിഞ്ഞാൽ കിട്ടാക്കനിയെന്നു കരുതുന്നതുപോലും കട്ടായമായും കിട്ടിയിരിക്കും എന്ന് അമ്മയുടെ ഭക്തർ സാക്ഷ്യപ്പെടുത്തുന്നു. സാധാരണയായി നമുക്കുള്ള ക്ഷേത്രസങ്കല്പങ്ങൾക്കപ്പുറമാണ് കാട്ടിൽമേക്കതിൽ ക്ഷേത്രക്കാഴ്ചകൾ. ഇവിടെ കടൽക്കരയിൽ നിന്നും സൂര്യാസ്തമയം കാണുമ്പോൾ അസ്തമയ സൂര്യകിരണങ്ങൾ ഈ പ്രദേശത്തെയാകെ പൊൻനിറമണിയിക്കുമ്പോൾ, അക്ഷരാർത്ഥത്തിൽ തന്നെ ഇവിടം പൊൻ മനയാകും. പൊൻമനഗ്രാമത്തിന്റെ ഗ്രാമദേവതയാണ് കാട്ടിൽമേക്കതിലമ്മ. അറബിക്കടലിന്റെ പടിഞ്ഞാറെ അറ്റത്തായുള്ള ഒരു തുരുത്തിലാണ് ദാരികവധശേഷമുള്ള ഉഗ്രമൂർത്തി ഭാവമാർന്ന ഭദ്രകാളിയമ്മ കുടികൊള്ളുന്ന കാട്ടിൽ മേക്കതിൽ ക്ഷേത്രം സ്ഥിതിചെയ്യുന്നത്.

കൊല്ലം ശങ്കരമംഗലം എന്ന സ്ഥലത്തുനിന്നും 2 കിലോമീറ്റർ ദൂരത്തായാണ് കാട്ടിൽ മേക്കതിൽ ക്ഷേത്രം സ്ഥിതിചെയ്യുന്നത്. ഏ. ഡി. 1800 വരെ ഇവിടം ഒരു തുറമുഖമായിരുന്നു. ക്ഷേത്രത്തിന്റെ ഒരു വശം ഷൊർണ്ണൂരിനേയും തിരുവനന്തപുരത്തേയും തമ്മിൽ ബന്ധിപ്പിക്കുന്ന ജലപാതയാണ്. T S കനാൽ എന്നറിയപ്പെടുന്ന ഈ ജലപാതയുടെ പണിപൂർത്തിയായത് 1880 ലാണ്. കരിമണൽ നിക്ഷേപമുള്ള പ്രദേശമാണിത്. പഴയ ചേരരാജ്യത്തിന്റെ രാജാവായിരുന്ന ചേരൻ ചെങ്കുട്ടുവൻ മുതൽ ശ്രീ പത്മനാഭദാസന്മാരായിരുന്ന തിരുവിതാംകൂർ രാജാക്കന്മാർ വരെയുള്ളവരുടെ പാദസ്പർശമേറ്റ സ്ഥലമാണിത്. 1871 ൽ പൗർണ്ണമിയും പുഷ്യനക്ഷത്രവും ചേർന്നുവരുന്ന പൗഷ്യമാസത്തിലെ പൂയം നാളിൽ തിരുവിതാംകൂർ രാജാവ് മാർത്താണ്ഡവർമ്മ ഓടനാടുനാട്ടുരാജാവിനെ കണ്ടുമടങ്ങുമ്പോൾ, കായലിലൂടെ പള്ളിയോടത്തിൽ സഞ്ചരിക്കവേ അദ്ദേഹം അല്പമൊന്നു മയങ്ങി. മയക്കത്തിനിടയിൽ അദ്ദേഹത്തിന് പടിഞ്ഞാറൻ ചക്രവാളത്തിൽ ഒരു ദിവ്യദർശനമുണ്ടാവുകയും ഒരു ദിവ്യ പ്രകാശം കടലിൽ താഴുന്നതായി കാണുകയും ചെയ്തു. അദ്ദേഹം പ്രകാശം കണ്ട പടിഞ്ഞാറു ഭാഗത്തേയ്ക്കു യാത്ര ചെയ്തു അവിടെയെത്തി കുറെ സമയം ധ്യാനനിരതനായിരിക്കുകയും ചെയ്തു. ധ്യാനത്തിൽ നിന്നുണർന്ന രാജാവ് ഇവിടെ ഒരു ദേവീ ചൈതന്യം കുടികൊള്ളുന്നുണ്ടെന്നും ഒരു മഹാക്ഷേത്രം ഉയർന്നുവരുമെന്നും അത് ഭാരതവർഷം മുഴുവൻ പ്രകീർത്തിക്കപ്പെടുമെന്നും അരുളി ചെയ്തു എന്നുമാണ് കാട്ടിൽ മേക്കതിൽ ക്ഷേത്രത്തെപ്പറ്റിയുള്ള ഐതീഹ്യം. പിന്നീട് രാജാവ് തന്റെ കുടുംബാംഗങ്ങൾക്കും പിൻഗാമികൾക്കുമൊപ്പം ഇവിടെയെത്തി ദേവിദർശ്ശനം നടത്തിയശേഷം വിശ്രമിക്കുവാനായി ഈ സ്ഥലത്തിനടുത്തായി ഒരു കൊട്ടാരം പണികഴിപ്പിക്കുകയും ചെയ്തു. കൊട്ടാരം സ്ഥിതി ചെയ്തിരുന്ന സ്ഥലം ഇന്ന് കൊട്ടാരക്കടവ് എന്നറിയപ്പെടുന്നു. അവിടെ പഴയകാല പ്രതാപങ്ങളൊന്നും ഇല്ല എങ്കിലും കൊട്ടാരഭാഗമായിരുന്ന ചില കെട്ടിടങ്ങൾ ഇന്നും കാണുന്നുണ്ട്.

പണ്ടുകാലത്ത് കരുനാഗപ്പള്ളി, പന്മന ഭാഗത്തുള്ളവർ സാധനങ്ങൾ വാങ്ങുന്നതിനും വില്ക്കുന്നതിനും ചമ്പക്കുളത്തെ ആണ് ആശ്രയിച്ചിരുന്നത്. ചമ്പക്കുളത്തു നിന്നും തോണി മാർഗ്ഗമായിരുന്നു സാധനങ്ങൾ കൊണ്ടു പോയിരുന്നത്. വർഷങ്ങൾക്കപ്പുറം ഒരിക്കൽ പന്മനയിലെ എട്ടുകെട്ടുവീട്ടിലെ കാരണവർ എന്നറിയപ്പെട്ടിരുന്ന ഒരു കർഷകപ്രമുഖൻ കാർഷികാവശ്യത്തിനുള്ള സാധനങ്ങൾ വാങ്ങുന്നതിനായി വഞ്ചിമാർഗ്ഗം ചമ്പക്കുളത്തേക്കു പോയി. ചമ്പക്കുളത്തെത്തിയ അദ്ദേഹം തോണിയിൽ നിന്നിറങ്ങുമ്പോൾ അവിടെ ഒരു പെൺകുട്ടി കരഞ്ഞുകൊണ്ടു നിൽക്കുന്നതു കണ്ടു. എന്തുകൊണ്ടോ കരഞ്ഞുകൊണ്ട് നിൽക്കുന്ന ആ പെൺകുട്ടിയുടെ രൂപം അദ്ദേഹത്തിന്റെ മനസ്സിനെ വല്ലാതെ സ്പർശിച്ചു. സാധനങ്ങളെല്ലാം വാങ്ങി വഞ്ചിയിൽ കയറ്റി തിരികെപ്പോരാൻ തുടങ്ങുമ്പോഴും ആ കുട്ടി അവിടെ തന്നെ നിൽക്കുന്നതു അദ്ദേഹം കണ്ടു പോരുമ്പോൾ ആ കുട്ടിയേയും തന്റെ കൂടെ കൂട്ടി അദ്ദേഹം പന്മനയിലെത്തി.

പന്മനയിലെത്തിയ കാരണവർ ആ കുട്ടിയെ തന്റെ കുടുംബത്തിൽ തന്നെയുള്ളതും കാട്ടിൽ എന്ന നാമധേയമുള്ളതുമായ വീട്ടിൽ പാർപ്പിച്ചു. കുട്ടി വളരെ സന്തോഷത്തോടെ ആ വീട്ടിൽ കഴിയുകയും ചെയ്തു. വർഷങ്ങൾ കടന്നു പോകവേ യൗവനയുക്തയായ ആ പെൺകുട്ടിയെ ആ വീട്ടുകാർ കാട്ടിൽ പടീറ്റത്തു എന്ന വീട്ടിലേയ്ക്ക് വിവാഹം ചെയ്തയച്ചു. ആ പെൺകുട്ടിക്ക് സന്തതികളുണ്ടാവുകയും സർവ്വസൗഭാഗ്യങ്ങളോടും കൂടി ജീവിച്ചു പോരുകയും ചെയ്തു. കുറെ കാലങ്ങൾക്കു ശേഷം ആ പെൺകുട്ടിയുടെ സന്തതിപരമ്പരയിൽ പെട്ട കുട്ടികൾക്ക് പല തീരാവ്യാധികളുണ്ടാവുകയും വ്യാധിപീഡയുണ്ടാകുന്നതിന്റെ കാരണമെന്തെന്നറിയുവാൻ വേണ്ടി അവർ പ്രശ്നചിന്ത നടത്തിക്കുകയും ചെയ്യ്തു.പ്രശ്നചിന്തയിൽ പരിഹാരമാർഗ്ഗങ്ങൾ തെളിയുകയും ചെയ്തു. പണ്ട് ചമ്പക്കുളത്ത് നിന്നും കാരണവർക്കൊപ്പം ഇവിടേയ്ക്ക് വന്ന കുട്ടിയുടെ കുടുംബ പരദേവതയെ ഇന്ന് ആരാധിക്കുവാൻ അവിടെ ആരുമില്ല. അതിനാൽ ആ കുട്ടിയുടെ സന്തതിപരമ്പരകൾ എവിടെ വാഴുന്നുവോ അവിടെത്തന്നെ ദേവിയും കുടികൊള്ളുവാനാഗ്രഹിക്കുന്നു എന്നും കണ്ടു. എന്നാൽ ആ കുട്ടിയുടെ കുടുംബത്തിലുള്ളവർക്ക് ചമ്പക്കുളത്തുനിന്നും ദേവിയെ ഇവിടെ കൊണ്ടുവന്നു കുടിയിരുത്തുവാനുള്ള ശേഷിയില്ലാത്തതിനാൽ സമയമാകുമ്പോൾ ഇവിടേയ്ക്കു വന്നു കൊള്ളും എന്നും ആരുഢത്തിൽ തെളിഞ്ഞു. ദേവി ഇവിടെയെത്തിയശേഷം ചില അടയാളങ്ങൾ കാണുമെന്നും ആ അടയാളങ്ങൾ കാണുന്ന സ്ഥലത്ത് ദേവിക്കിരിപ്പിടം ഒരുക്കണമെന്നും അവിടെ ക്ഷേത്രം പണിയണമെന്നുമാണ് ആരൂഢത്തിൽ തെളിഞ്ഞത്. പിന്നീട് ദേവി മുതലപ്പുറത്തേറി ഇവിടെയെത്തിയെന്നും വ്യാധിപീഢയിൽ നിന്നും എല്ലാവരും മുക്തരായി എന്നുമാണ് ഐതീഹ്യം. ദേവി ഈ സ്ഥലത്തെത്തിയ സമയത്ത് അവിടെ ഒരു വിളക്കു തെളിയുന്നുണ്ടായിരുന്നു. ആ വിളക്കിന് ദേവി പ്രദക്ഷിണം വെച്ചു. ഈ വിളക്ക് യക്ഷിയമ്മയ്ക്കും മാടനും ചാമുണ്ഡിയ്ക്കും ബ്രഹ്മരക്ഷസിനും മൂഹൂർത്തിയ്ക്കും വേണ്ടി തെളിയിച്ചുവച്ചതായിരുന്നു. ദേവി ആദ്യമായി ഇവിടെയെത്തി വിളക്കിനുവലം വച്ച സ്ഥലം മാലയിൽ വീട് എന്നാണറിയപ്പെടുന്നത്. ഇന്ന് മാലയിൽ വീടെന്നറിയപ്പെടുന്ന ഈ സ്ഥാനം

ദേവിയുടെ മൂല സ്ഥാനമായി കരുതപ്പെടുന്നു. ഇവിടെ ഇന്നും കെടാവിളക്ക് കത്തി നില്ക്കുന്നു. ദേവി വന്നിറങ്ങിയ കടവു ആറാട്ടുകടവെന്നറിയപ്പെടുന്നു. ഈ കടവിലാണ് ഇന്നും കാട്ടിമേക്കതിലമ്മയുടെ ഉത്സവആറാട്ട് നടക്കുന്നത്.

കാട്ടിൽമേക്കതിൽ ക്ഷേത്രം മണികെട്ടമ്പലം എന്നപേരിൽ അറിയപ്പെടുന്നതിനു പിന്നിലും ഒരു ഐതീഹ്യമുണ്ട്. പണ്ട് ഈ ക്ഷേത്രത്തിൽ വൃശ്ചിക മഹോത്സവക്കാലത്ത് ക്ഷേത്രപുജാരി പൂജാദികളെല്ലാം കഴിഞ്ഞ ക്ഷേത്രനടയടച്ച് പുറത്തേയ്ക്ക് വരുമ്പോൾ ക്ഷേത്രനടയിൽ ഒരു മണി കൊടിമരത്തിനു മുകളിൽ നിന്നും താഴെ വീണുകിടക്കുന്നതുകണ്ടു. അദ്ദേഹം ആ മണിയെടുത്ത് ക്ഷേത്രാങ്കണത്തിലെ പേരാലിന്റെ കൊമ്പിൽ കെട്ടിയിട്ടു. പിന്നീടൊരിക്കൽ ക്ഷേത്രത്തിൽ ദേവപ്രശ്നം നടത്തുമ്പോൾ പൂജാരി ആൽമരക്കൊമ്പിൽ മണികെട്ടിയെന്നും അത് ദേവിയ്ക്ക് വളരെ ഇഷ്ടമായിയെന്നും കണ്ടു. പൂജാരി ആലിൽ മണികെട്ടിയതിനു ശേഷം അദ്ദേഹത്തിന്റെ ജീവിതത്തിൽ വളരെയധികം അഭിവൃദ്ധിയുണ്ടാവുകയും ചെയ്തിരുന്നു. ഈ സംഭവത്തിനു ശേഷം ആൽമരക്കൊമ്പിൽ മണികെട്ടി പ്രാർത്ഥിക്കുന്നത് കാട്ടിൽമേക്കതിൽ അമ്മയുടെ ഇഷ്ടവഴിപാടായി ഭവിച്ചു എന്നാണ് വിശ്വാസം. ഇന്ന് ഈ തിരുനടയിൽ ലക്ഷകണക്കിനു ഭക്തർ ദേവിയുടെ ഇഷ്ടവഴിപാടായി മണികെട്ടി പ്രാർത്ഥിക്കുന്നു. ക്ഷേത്രത്തിൽ എത്തുന്ന ഭക്തർ മണി വാങ്ങി ദേവിയുടെ നടയിൽ സമർപ്പിച്ച്, പൂജിച്ച് വാങ്ങി പുറത്തേയ്ക്കിറങ്ങി ക്ഷേത്രാങ്കണത്തിലെ പേരാലിനെ അഷ്ടലക്ഷ്മീ സങ്കൽപ്പത്തിൽ ഏഴു തവണ പ്രദക്ഷിണം വെച്ച് എട്ടാം തവണ ആൽമരക്കൊമ്പിൽ മണികെട്ടുന്നു. ഇതാണ് മണികെട്ടു വഴിപാട്. ഇന്ന് ഈ ക്ഷേത്രം മണികെട്ടമ്പലം എന്നപേരിൽ പ്രസിദ്ധമാണ്. ഇങ്ങനെ മണികെട്ടുന്നത് ഉദ്ദിഷ്ടകാര്യഫലപ്രാപ്തിക്കു ഉത്തമം എന്നു വിശ്വസിക്കുന്നു. ഭക്തർക്കു അവരവരുടെ ഇഷ്ടാനുസരണം എത്ര മണികൾ വേണമെങ്കിലും കെട്ടാം. ഉദ്ദിഷ്ടകാര്യസിദ്ധിക്കായി പ്രാർത്ഥിക്കുന്നവർ ഏഴു തവണ മണികെട്ടി പ്രാർത്ഥിക്കണം എന്നും വിശ്വസിക്കുന്നു. അത് ഏഴ് ദിവസം കൊണ്ടോ ഏഴാഴ്ച കൊണ്ടോ ഏഴുമാസംകൊണ്ടോ ഏഴു വർഷം കൊണ്ടോ ആകാം. അത് മണികെട്ടി പ്രാർത്ഥിക്കുന്ന ഭക്തന്റെ ഇഷ്ടാനുസരണം നിശ്ചയിക്കാം. കാര്യസിദ്ധിക്ക് ശേഷം ഭക്തർ ദേവിക്ക് പൊങ്കാല സമർപ്പിക്കുന്നതും പ്രധാനമാണ്. വൃശ്ചികമാസം ഒന്നാം തീയതി മുതൽ 12 ദിവസമാണ് ഉത്സവം.

വൃശ്ചികോത്സവകാലത്ത് ഭക്തജനങ്ങൾ ദേവിക്കു വഴിപാടായും ഇഷ്ടകാര്യ ഫലസിദ്ധിക്കായും ഈ ക്ഷേത്രാങ്കണത്തിൽ കുടിൽ കെട്ടി 12 ദിവസം ഭജനമിരിക്കുന്നു. ഉത്സവ സമാപന ദിവസം (12-ാം ദിവസം) രാത്രി ദേവി ഈ കുടിലുകളിലേക്കെഴുന്നള്ളി ഭക്തരെ അനുഗ്രഹിക്കുന്നു. ധാരാളം ഭക്തർ ഇങ്ങനെ ഭജനമിരിക്കാറുണ്ട് ക്ഷേത്രം വകയായി കുടിലുകൾ നിർമ്മിച്ച് നൽകുന്നു. സ്ഥലപരിമിതി മൂലം 1200 കുടിലുകളാണ് ഇപ്പോൾ നൽകാറുള്ളത്. ആദ്യം ബുക്ക് ചെയ്യുന്നവർക്കു മാത്രമേ ഇതു ലഭിക്കുകയുള്ളൂ. ഈ ക്ഷേത്രത്തിൽ നിത്യവും ഭക്തജനങ്ങൾ പൊങ്കാല സമർപ്പിക്കാറുണ്ട്. ഇവിടെ ദർശനത്തിനും ഭജനമിരിക്കുന്നതിനും പൊങ്കാല സമർപ്പണത്തിനും എല്ലാം എത്തുന്ന ഭക്തജനങ്ങൾക്ക് ക്ഷേത്രഭാരവാഹികളിൽ നിന്നും വേണ്ട നിർദ്ദേശങ്ങളും നല്ല രീതിയിലുള്ള സഹായ സഹകരണങ്ങളും ലഭിക്കുന്നുവെന്നത് അഭിനന്ദനാർഹമാണ്. ഉത്സവ സമാപനദിവസം ഇവിടെ ഭഗവതിയ്ക്കു മുടിയേറ്റു നടത്തുന്നുണ്ട്. കാട്ടിമേക്കതിലമ്മയ്ക്ക് തിരുമുടി വേണമെന്ന് ഭക്തർ ആഗ്രഹിക്കുകയും അവർ തിരുമുടി നിർമ്മിക്കുകയും ചെയ്തു. തിരുമുടി ആദ്യമായി ക്ഷേത്രനടയിൽ എത്തിച്ച ദിവസം ക്ഷേത്രനടയിൽ നിന്നും തിരുമുടി അപ്രത്യക്ഷമാവുകയും ദേവി ആദ്യമായി ഈ സ്ഥലത്ത് വന്നിറങ്ങിയ സ്ഥാനത്ത്, ദേവിയുടെ മൂലസ്ഥാനമായി കരുതുന്ന മാലയിൽ വീട് എന്ന സ്ഥാനത്ത് തിരുമുടി പ്രത്യക്ഷമാവുകയും ചെയ്യുന്നു. അന്ന് മുതൽ ഉത്സവത്തിന് ദേവിയുടെ തിരുമുടി എഴുന്നള്ളിക്കുമ്പോൾ മൂലസ്ഥാനമായ മാലയിൽ വീട്ടിലേക്കാണ് ആദ്യം എഴുന്നള്ളിക്കുന്നത്. പണ്ട് കാട്ടിൽ മേക്കതിൽ ക്ഷേത്രം ചില പുരാതന കുടുംബങ്ങളുടെ കുടുംബക്ഷേത്രമായാണ് ആരാധിച്ചു പോന്നത്. പിന്നീടപ്പോഴോ ഈ ക്ഷേത്രമേൽനോട്ടം നാട്ടുകാർ ഏറ്റെടുക്കുകയും ക്ഷേത്രത്തിന്റെ സമീപപ്രദേശങ്ങളിലുള്ള എട്ടു കരകളിൽ നിന്നുള്ള ആളുകൾ സഹകരിച്ച് ക്ഷേത്രകാര്യങ്ങൾ നടത്തിപ്പോരുകയും ചെയ്യുന്നു. ക്ഷേത്രകാര്യങ്ങൾ നിർവ്വഹിക്കുന്നതിനുള്ള ഭാരവാഹികളെ തെരഞ്ഞെടുക്കുന്നതിനുമുണ്ട് ഒരു പ്രത്യേകത. ദേവിയുടെ കാര്യങ്ങൾ നോക്കി നടത്തുന്നതിന് ദേവിതന്നെ ആളുകളെ തെരഞ്ഞെടുക്കുന്നു എന്നു തന്നെ പറയാം 8 കരകളിൽ നിന്നായി കരക്കാർ തെരഞ്ഞെടുക്കുന്ന 500 ഓളം പേരിൽ നിന്നും ദേവിയുടെ സാന്നിധ്യത്തിൽ വച്ച് നറുക്കെടുപ്പിലൂടെ ഓരോ കരകളിൽ നിന്നുമുള്ള രണ്ടു പേരെ വീതം തിരഞ്ഞെടുക്കുന്നു. ഇങ്ങനെ 8 കരകളിൽ നിന്നുമുള്ള 16 പേരാണ് ക്ഷേത്രഭാരവാഹികളായി നിയമിതരാവുന്നത്.

കാട്ടിൽമേക്കതിൽ അമ്മയുടെ പൂജാദികർമ്മങ്ങൾ നിർവ്വഹിക്കുന്നതിനുള്ള നിയോഗം ലഭിച്ച പൂജാരി നിറഞ്ഞ സംതൃപ്തിയോടെ കഴിഞ്ഞ ഇരുപത്തഞ്ചു വർഷമായി അമ്മയുടെ പൂജാകർമ്മങ്ങൾ നിർവ്വഹിച്ചു പോരുന്നു. ഒരേ ആളുതന്നെ 25 വർഷമായി നിത്യപൂജകൾ നടത്തുന്നു എന്നതും അമ്മയുടെ ഒരനുഗ്രഹം തന്നെയല്ലേ. ക്ഷേത്ര ദർശനത്തിനെത്തുന്ന ഭക്തരെ വഞ്ചികളിലും ചങ്ങാടങ്ങളിലും കായലിന്റെ അക്കരെയെത്തിക്കുന്നു. വിശാലമായ മണൽ പരപ്പിലൂടെ നടന്ന് ദേവിയുടെ തിരുനടയിലെത്തി ഇവിടുത്തെ ദൃശ്യവിസ്മയങ്ങൾ ആവോളം ആസ്വദിക്കാം, ദേവിയെ ദർശിക്കാം, മണികെട്ടി പ്രാർത്ഥിക്കാം. ആർത്തലച്ചു വരുന്ന സുനാമി തിരമാലകൾ കടൽ ഭിത്തിയിൽ നിന്നും വെറും അഞ്ചു മീറ്റർ മാത്രം ദൂരത്തായുള്ള ക്ഷേത്ര ശ്രീകോവിലിനെ പ്രദക്ഷിണം വെച്ച് ക്ഷേത്രാങ്കണത്തിലൂടെ മടങ്ങി പോയതല്ലാതെ ഒരു വിധത്തിലുള്ള നാശനഷ്ടങ്ങളും വരുത്തിയില്ല എന്നത് ഒരു അത്ഭുതം തന്നെയാണ്. ക്ഷേത്രാങ്കണത്തിൽ 5 മീറ്റർ, 10 മീറ്റർ വീതം അകലത്തിലായി 5 കിണറുകളുണ്ട്. ഈ 5 കിണറുകളിലും ശുദ്ധജലമാണ് എന്നതു മറ്റൊരത്ഭുതമാണ്. കടലോളം ആഗ്രഹിച്ചാൽ കടുകോളം കിട്ടുമെന്ന നാടൻ ചൊല്ലിനെ കടുകോളം പ്രാർത്ഥിച്ചാൽ കടലോളം കിട്ടുമെന്ന കാട്ടിമേക്കതിലമ്മയുടെ ഭക്തർ തിരുത്തിപ്പറയുന്നു. അവരുടെ ഈ വിശ്വാസത്തോടൊപ്പം നമുക്കും പങ്കുചേരാം. ശർക്കരപായസം, നെയ്പായസം, കുങ്കുമാഭിഷേകം, പുഷ്പാഞ്ജലി തുടങ്ങിയ എല്ലാ വഴിപാടുകളും ഇവിടെ നടത്താറുണ്ട്. എങ്കിലും പൊങ്കാല സമർപ്പണവും മണികെട്ടലുമാണ് ദേവിയുടെ ഏറ്റവും പ്രധാനവഴിപാടുകൾ.

കാട്ടിൽമേക്കതിൽ ക്ഷേത്രശ്രീകോവിലിന് പിൻഭാഗത്തു കുറച്ചു ഭാഗത്തുമാത്രമാണ് കരിങ്കല്ലു കൊണ്ടുള്ള കടൽഭിത്തിയുള്ളത്. ക്ഷേത്രാങ്കണത്തിൽ സാമാന്യം നല്ല ഉയരമുള്ള കൊടിമരവും ബലിക്കല്ലും സ്ഥാപിച്ചിട്ടുണ്ട്. ക്ഷേത്രത്തിന് മുന്നിൽ ഒരു വലിയ ഗജമണ്ഡപത്തിന്റെ പണി നടന്നുകൊണ്ടിരിക്കുന്നു. ഭദ്രകാളി പ്രതിഷ്ഠയുള്ള പ്രധാന ശ്രീകോവിലിനു പുറത്തായി ദുർഗ്ഗദേവിയുടെ ശ്രീകോവിലാണ്. ഇവിടെ ദുർഗ്ഗാദേവിക്ക് കണ്ണാടി പ്രതിഷ്ഠയാണ്. ദേവിയുടെ മൂലസ്ഥാനമായി കരുതുന്ന മാലയിൽ വീട് എന്ന സ്ഥാനത്ത് യക്ഷിയമ്മയ്ക്കും മാടനും മുഹൂർത്തിക്കും ചാമുണ്ഡിക്കും ബ്രഹ്മരക്ഷസ്സിനും സ്ഥാനം നൽകിയിട്ടുണ്ട്. ഇവിടെ ഒരു കെടാവിളക്കും തെളിയുന്നുണ്ട്.

കടലമ്മയും കാട്ടിലമ്മയും പരസ്പരം കുശലം പറഞ്ഞു വസിക്കുന്ന ഈ പവിത്രഭൂമിയിൽ ആൽമരക്കൊമ്പിലെ മനസ്സാകുന്ന മണികളും തിരുനടയിലെ മണൽത്തരികളും കാട്ടിൽ മേക്കതിലമ്മയുടെ അത്ഭുതചൈതന്യ കഥകളെ വരും തലമുറകൾക്ക് പറഞ്ഞുകൊടുക്കുവാനായി ഇവിടെ പത്മനയിൽ പവിത്രതയോടെ നിലകൊള്ളുന്നു. ആ കരുണാനിധിയായ ജഗദംബയുടെ അനുഗ്രഹങ്ങൾക്കായി കാട്ടിൽ മേക്കതിലമ്മയെ ഭക്തിപൂർവ്വം പ്രാർത്ഥിച്ചു കൊണ്ട് തിരുനടയിലെ പേരാലിന്റെ കൊമ്പിൽ അക്ഷരങ്ങളാകുന്ന ഈ മണികളെ ഒന്നു കെട്ടികൊള്ളട്ടെ. ഈ അക്ഷരമണിയൊച്ചകൾ ഭക്തിഗീതങ്ങളായി കാട്ടിൽ മേക്കതിൽ ദേവിക്ഷേത്രാന്തരീക്ഷത്തിൽ നിറഞ്ഞു നില്ക്കട്ടെ.

കലികാലകലഹങ്ങൾ കുരുതിക്കളങ്ങളാകുമ്പോൾ പഞ്ചഭൂതാത്മികേ അമ്മ മാത്രമാണാശ്രയം.

മിനിക്കഥ

# പെടപെടയ്ക്കാതെ

**ഉണ്ണി വാരിയത്ത്. ഫോൺ : 09867179480**

നോക്കുകൂലി നിർത്തലാക്കിയതു നല്ല കാര്യം തന്നെ. പക്ഷെ, പെണ്ണുങ്ങളെ തുറിച്ചു നോക്കുന്നതിന് കൂലി വേണമെങ്കിൽ അങ്ങോട്ടു തരാം എന്നു പറയുന്ന വായ്നോക്കികളുടെ കാര്യത്തിൽ ഒരു തീരുമാനം വേണ്ടേ ?

എങ്കിലും, പീഡനക്കേസുകൾ പൊടിപൊടിക്കുമ്പോൾ, പീഡനങ്ങൾ ഇപ്പോഴും പൊടിപൊടിക്കുമ്പോൾ, വെറും വായ്നോക്കികളെ പിടിച്ചു പെടച്ചിട്ടെന്തു കാര്യം ?

മനസ്സേ നീ പെടപെടയ്ക്കാതെ. ഉടനടി ശിക്ഷ ഉറപ്പാക്കുന്ന നിയമം വരും, വരാതിരിക്കില്ല.

**(തുടർച്ച)**



# മഹാഭാരതം ഖാണ്ഡവ ദഹനം

**ഡോഃ രാജേശ്വരികുഞ്ഞമ്മ. ഫോൺ : 9388382009**

യുധിഷ്ഠിരന്റെ ദ്വിഗ്വിജയവും തുടർന്നുള്ള യാഗവുമാരംഭിച്ചു. മുറപോലെ കാര്യങ്ങൾ നടന്നു കൊണ്ടിരുന്നു.. അർഘ്യം സ്വീകരിക്കേണ്ട വ്യക്തി ആരാണെന്ന ചോദ്യമുയർന്നു. അപ്പോൾ ഭീഷ്മർ പറഞ്ഞു, എല്ലാ പ്രകാശമാനമായ വസ്തുക്കളിലും പ്രകാശം കൂടുതൽ കൃഷ്ണനാണ്. അതുപോലെ തന്നെ ആവിടെയുള്ള രാജാക്കന്മാരിൽ അഗ്രഗണ്യനും ശ്രീകൃഷ്ണനാണ്. ഇതുകേട്ട സഹദേവൻ അർഘ്യം കൃഷ്ണനു നൽകി. കൃഷ്ണൻ അർഘ്യം സ്വീകരിച്ചു. ഇതു കണ്ട ചേദിരാജാവായ ശിശുപാലൻ ക്രുദ്ധനായി. ഇവിടെ കൂടിയിരിക്കുന്ന മഹാത്മാക്കളുടെ ഇടയിൽ നിന്ന് കൃഷ്ണൻ ഈ സ്ഥാനത്തിനർഹനല്ല. പാണ്ഡുപുത്രന്മാർക്ക് ധർമ്മമറിയില്ലാ എന്നും ഭീഷ്മരേപ്പോലെയുള്ള ഒരാൾ ഇങ്ങനെ ചെയ്തത് ഭൂഷണമല്ല എന്നും മറ്റും പറഞ്ഞ് അധിക്ഷേപിക്കാൻ തുടങ്ങി. വസുദേവർ, ദ്രോണർ തുടങ്ങിയ വയോജനങ്ങൾ ഇവിടെയില്ലേ, അശ്വത്ഥാമാവില്ലേ, ഇങ്ങനെ പ്രമുഖരായ പലരുടേയും പേരുകൾ എടുത്തുപറഞ്ഞു. കേവലം ഒരു രാജാവുപോലുമല്ലാത്ത കൃഷ്ണനെ ആരാധിക്കുന്നതെന്തിനെന്നു വീണ്ടും വീണ്ടും ചോദിച്ചു. ഇപ്രകാരം ചെയ്തത് അതിഥികളെ അവഹേളിക്കുകയല്ലേ എന്നും ചോദിച്ചു. കൃഷ്ണന് അർഘ്യം നൽകിയതോടുകൂടി യുധിഷ്ഠിരന്റെ ധാർമ്മികതക്ക് ക്ഷതം സംഭവിച്ചുവെന്നും കുറേക്കൂടി കടുത്ത ഭാഷയിൽ കൃഷ്ണനോടു ചോദിച്ചു.

*അയുക്താമാത്മനഃ പൂജാം ത്വം മുനർബഹു മന്യസേ*
*ഹവിഷഃ പ്രാപ്യ നിഷ്യന്ദം പ്രാശിതാ ശ്വേവ നിർജനേ.*

നിങ്ങൾക്കർഹതയില്ലാത്ത ആദരവ് നിങ്ങൾക്കു ലഭിച്ചു. അതെങ്ങനെയെന്നോ, ഒരു നായക്കു ലഭിച്ച നെയ്യ് ഒറ്റക്ക് നക്കി കുടിക്കുന്നതിനു തുല്ല്യമായിട്ടാണ്. പിന്നീട് ഇതിലും കഠിനമായ പല വാക്കുകളും പറഞ്ഞു കൃഷ്ണനെ അധിക്ഷേപിച്ചതിനു ശേഷം ശിശുപാലൻ അദ്ദേഹത്തെ അനുഗമിച്ച രാജാക്കന്മാരുമായി പുറത്തേക്കിറങ്ങി. യുധിഷ്ഠിരൻ പുറകേചെന്ന് മൃദുവായും മാധുര്യമേറുന്നതുമായ വാക്കുകൾ ശിശുപാലനോടു പറഞ്ഞ് തിരികെ വരാനഭ്യർത്ഥിച്ചു. ഇതു കേട്ട ഭീഷ്മർ പ്രപഞ്ചസത്യമായ കൃഷ്ണനെ അംഗീകരിക്കാത്ത ഒരാളും ഇത്തരം സൗമ്യമായ വാക്കുകൾക്കർഹനല്ലായെന്നും പറഞ്ഞു. താൻ ഇതുവരെ കണ്ടിട്ടുള്ളതിൽ വെച്ച് ഏറ്റവും ഉന്നതനായ ധാർമ്മികനും ജ്ഞാനിയും വീരനുമാണ് കൃഷ്ണൻ. വേദജ്ഞാനിയായ കൃഷ്ണനേക്കാൾ മഹത്വമുള്ള മറ്റൊരാളും ഇവിടെയില്ല. അതുകൊണ്ട് നിങ്ങളതംഗീകരിച്ചേ മതിയാകൂ. അദ്ദേഹമാണ് ഞങ്ങളുടെ അഭ്യുദയകാംക്ഷിയും ഗുരുവും മറ്റും. അതുകൊണ്ട് ഞങ്ങൾ അർഘ്യം നൽകി അദ്ദേഹത്തെ ആദരിക്കും. വേദങ്ങളുടെ അഗ്രഗണ്യവിജ്ഞാനിയായ അഗ്നിഹോത്രിയേപോലെയും, സമുദ്രം മറ്റെല്ലാ നദികളിലും മഹത്വ മേറിയതുപോലെയും, പ്രകാശത്തിൽ സൂര്യൻ, മഹാമേരു പർവ്വതങ്ങളിൽ ഒന്നാമൻ,ഗരുഡൻ പക്ഷികളിൽ സമർത്ഥൻ എന്നതുപോലെയുമാണ് സകല ലോകങ്ങളിലും അധിപതിയായ ശ്രീകൃഷ്ണൻ. എന്നാൽ ശിശുപാലൻ ഒരു കുട്ടിയാണ്, അയാൾക്ക് കൃഷ്ണനാരെന്ന് അറിയില്ല എന്നെക്കെയുള്ള കഠിന വാക്കുകൾ ഭീഷ്മരും ഉപയോഗിച്ചു. ഭീഷ്മരുടെ വാക്കുകൾ തീർന്നപ്പോൾ സഹദേവൻ പറഞ്ഞു, ആരാണിവിടെ ഇതംഗീകരിക്കാതിരിക്കുന്നത് അവരുടെ തലയിൽ എന്റെ കാലുകൾ പതിക്കും എന്നു പറഞ്ഞ് കാലുയർത്തി. ആരും ഒന്നും മിണ്ടിയില്ല. നന്നായി നന്നായി എന്നുള്ള അശരീരി മാത്രം അവിടെ കേട്ടു. ഇതെല്ലാം മനസിലാക്കിയ ശിശുപാലൻ പാണ്ഡവരെ ആക്രമിക്കുന്നതിനുള്ള തയ്യാറെടുപ്പുമായി ചില രാജാക്കന്മാരെ കണ്ടു, ഈ യാഗം പൂർത്തിയാക്കാതിരിക്കാനുള്ള വിദ്യയേക്കുറിച്ചാലോചിച്ചു. കൃഷ്ണനിതെല്ലാം മനസിലായി. ദ്വേഷ്യം കൊണ്ട രാജാക്കന്മാർ ക്ഷുഭിതരായി കടൽ കാറ്റിലുലയുന്നതു





പോലെ ശിശുപാലൻ വരുന്നതു കണ്ട യുധിഷ്ഠിരൻ ബൃഹസ്പതിയോടും മറ്റും എന്താണിപ്പോൾ ചെയ്യേണ്ടതെന്നും മറ്റും ആരാഞ്ഞു. ഇതു മനസിലാക്കിയ ഭീഷ്മർ ഭയക്കേണ്ടയെന്നും ഒരു പട്ടിക്ക് സിംഹത്തെ കൊല്ലാൻ കഴിയുമോ എന്നും ചോദിച്ചു.

*പ്രസുപ്തേ ഹി യഥാ സിംഹേ ശ്വാനസ്തസ്മിൻ സമാഗതാഃ*
*ഭഷേയുഃ സഹിതാഃ സർവ്വ തഥേമേ വസുധാധിപാഃ*

ഒരു കൂട്ടം നായ്ക്കൾ ഒരുമിച്ച് ഉറങ്ങുന്ന സിഹത്തിന്റെ മുൻപിൽ നിന്നു കുരക്കുന്നതുപോലെയാണിവർ ചെയ്യുന്നത്. കൃഷ്ണൻ ഉറങ്ങുന്ന സിഹത്തേപ്പോലെയാണ്. അദ്ദേഹം ഉണർന്നാൽ മാത്രമേ ഇവരുടെ രോദനം നിർത്താൻ കഴിയുകയുള്ളൂ എന്നും മറ്റും പറഞ്ഞ് എല്ലാവരേയും സമാധാനിപ്പിക്കാൻ ശ്രമിച്ചു. കൃഷ്ണനാണ് നാലു ലേകത്തിന്റേയും സൃഷ്ടാവും ഹിംസിക്കുന്നവനും എന്നുകൂടി പറഞ്ഞു. ശിശുപാലൻ ഭീഷ്മരെ അപഹസിക്കാൻ തുടങ്ങി. അയാൾ പറഞ്ഞു,

*അവലിപ്സസ്യ മൂർഖസ്യ കേശവം സ്തോതുമിഛതഃ*
*കഥംഭീഷ്മ ന തേ ജിഹ്വാ ശതധേയം വിദീര്യതേ*

അല്ലയോ ഭീഷ്മാ നിങ്ങൾ ശല്ല്യക്കാരനും ബുദ്ധിയില്ലാത്തവനുമാണ്. അതുകൊണ്ട് നിങ്ങൾ കൃഷ്ണനെ പുകഴ്ത്തുന്നു.നിങ്ങളുടെ നാവ് ആയിരം കഷണങ്ങളായി പോകാത്തതെന്താണ്?

ഒന്നുകൂടി കടന്ന് കൃഷ്ണൻ ചെറുപ്പത്തിൽ കംസനിൽ നിന്നനുഭവിക്കേണ്ടി വന്ന ക്രൂരതകളെല്ലാം തന്നെ കൃഷ്ണന്റെ ബലഹീനതയായും ക്രൂരതയായും കളിയാക്കി അതിനുശേഷം ഭീഷ്മരുടെ പ്രവർത്തികളേയും കളിയാക്കി. കുട്ടികളില്ലാത്തതുമൂലം എന്തു സദ്പ്രവർത്തി ചെയ്താലും അതു ഫലിക്കില്ലായെന്നും നിങ്ങളുടെ സ്വന്തക്കാർ മൂലം നിങ്ങളുടെ വധം നടക്കുമെന്നും പറഞ്ഞു. ഇതിനുദാഹരണമായി പണ്ടുകാലത്ത് ഒരു ഹംസമുണ്ടായിരുന്നുവെന്നും ആ ഹംസം എല്ലാവർക്കും ധാർമ്മികത ഉപദേശിച്ചിരുന്നുവെന്നും എന്നാൽ ഈ അരയന്നത്തിന് ലവലേശം ധാർമ്മികത ഇല്ലായിരുന്നുവെന്നുമുള്ള കഥ പറഞ്ഞു.

*ധർമ്മ ചരത മാധർമ്മമിതി തസ്യ വചഃ കില*
*പക്ഷിണഃ ശുശ്രുവുർഭീഷ്മ സതതം സത്യവാദിനഃ*

'അല്ലയോ ഭീഷ്മാ, ധാർമ്മികത ശീലിക്കൂ, പാപത്തെ ഉപേക്ഷിക്കൂ എന്നു പറഞ്ഞു'. ഇതുപോലെ അരയന്നത്തിനുണ്ടായ കാര്യങ്ങൾ വിശദീകരിച്ചതിനു ശേഷം ശിശുപാലൻ പറഞ്ഞു ഭീഷ്മാരുടെ സ്വഭാവം അരയന്നത്തിന്റേതുപോലെയാണ്. പക്ഷികളവസാനം അരയന്നത്തെ വധിച്ചതുപോലെ ഇവർ നിങ്ങളേയും വധിക്കുമെന്നൊക്കെ പറഞ്ഞ് അധിക്ഷേപം തുടർന്നു. ജരാസന്ധൻ തന്റെ പദവിക്കൊത്തവനല്ല കൃഷ്ണനെന്നതുകൊണ്ടാണ് യുദ്ധം ചെയ്യാതിരുന്നത്. ബ്രാഹ്മണരുടെ വേഷം കെട്ടി പുറകുഭാഗത്തുകൂടെ അകത്തു പ്രവേശിച്ച കഥയും പറഞ്ഞു കൃഷ്ണനെ വീണ്ടും പുച്ഛിച്ചു. വൈശമ്പായൻ പറയുന്ന് ഇതെല്ലാംകേട്ട ഭീമൻ കോപാകുലനായി ശിശുപാലന്റെ നേർക്കടുക്കാൻ തുനിഞ്ഞപ്പോൾ ഭീഷ്മർ തടുത്തുവെന്നാണ്. ഇതു കണ്ട ചേദിരാജാക്കന്മാർ ഭീഷ്മരോടു ഭീമനേ വിടാൻ പറഞ്ഞു. അഗ്നയിൽ വീണു മരിക്കുന്ന ഈയാംപാറ്റകളേപ്പോലെയാണ് അവർ ഭീമനെ കാണുന്നതെന്നു പറഞ്ഞു. ഇതു കേട്ട ഭീഷ്മർ ശിശുപാലന്റെ കഥ പറഞ്ഞു.

ശിശുപാലൻ: ശിശുപാലൻ ജനിച്ചപ്പോൾ 3 കണ്ണുകളും നാലു കരങ്ങളുമുള്ള ഒരു രൂപമായിരുന്നു. ഇതു കണ്ട ദമഘോഷൻ എന്ന പിതാവ് അശുഭലക്ഷണമാണെന്നു വിചാരിച്ച് ഉപേക്ഷിക്കുവാൻ തുനിഞ്ഞു. ആ സമയം ഇങ്ങനെയൊശരീരി കേട്ടു. ഇവൻ ശക്തിമാനും ഭാഗ്യവാനുമായി തീരും. അതുകൊണ്ട് നിങ്ങൾ ഭയക്കേണ്ട, ആകാംക്ഷയും വേണ്ട. ഇദ്ദേഹത്തെ കൊല്ലാനുള്ള ആളു ജനിച്ചുകഴിഞ്ഞു. ആരാണ് ഇവനെ വധിക്കുന്നതെന്നറിയാനുള്ള ആകാംക്ഷയോടെ അമ്മ ചോദിച്ചു, ആരാണിവനെ വധിക്കുന്നതെന്ന്. ഇതിനു മറുപടിയായി അശരീരി വീണ്ടും കേട്ടു, ഇവൻ ആരുടെ കയ്യിലിരിക്കുമ്പോഴാണോ മൂന്നാമത്തെ കണ്ണും അധികമുള്ള കൈകളും താഴെ പോകുന്നത് ആ വ്യക്തി ഇവനെ വധിക്കും. എല്ലാ ആളുകളും ഈ വിചിത്ര ജന്മത്തെ കാണാനെത്തി. എല്ലാവരും അവനെ മടിയിലിരുത്തി. രാജാവ് എല്ലാവരുടേയും സ്ഥിതിയനുസരിച്ച് ബഹുമാനിച്ചു. പക്ഷെ അന്നു കേട്ടതുപോലൊന്നും സംഭവിച്ചില്ല. ഇക്കൂട്ടത്തിൽ ബലരാമനും കൃഷ്ണനുമെത്തി. രാജ്ഞി സന്തോഷപൂർവ്വം കുട്ടിയെ കൃഷ്ണന്റെ മടിയിലിരുത്തി. ഉടൻതന്നെ കുട്ടിയുടെ കൈകളും കണ്ണും താഴെ വീണു. ഇതുകണ്ട രാജ്ഞി അലറിക്കരഞ്ഞുകൊണ്ട് കൃഷ്ണനോടു വരം ചോദിച്ചു. കൃഷ്ണൻ എന്തു വരമാണു വേണ്ടതെന്നു ചോദിച്ചു. അവർക്കു വേണ്ടതായ വരം തന്റെ മകന്റെ ജീവനെന്ന വരം ചോദിച്ചു. കൃഷ്ണൻ പറഞ്ഞു, നൂറു പ്രാവശ്യം ഞാൻ തെറ്റുകൾ ക്ഷമിക്കും. അതുകഴിഞ്ഞാലില്ല. അതിൽ സങ്കടപ്പെടേണ്ട. ഇത്രയും പറഞ്ഞിട്ടു ഭീഷ്മർ പറഞ്ഞു, ഇതുകൊണ്ടാണിത്രയും നേരം കൃഷ്ണൻ ക്ഷമിച്ചത്. ഭീമൻ പറഞ്ഞു, ഇവിടെ ചേദി രാജാവ് മരണം ചോദിച്ചു വാങ്ങിയിരിക്കുകയാണ്. ചേദിരാജാവ് കൃഷ്ണന്റെ ശക്തിയുടെ ഒരു ഭാഗമാണെന്നും തിരിച്ചുപോകാൻ സമയമായിക്കാണുമെന്നും ഭീഷ്മർ പറഞ്ഞു. ഇതുകേട്ട ശിശുപാലൻ ഭീഷ്മർക്ക് ആരെയെങ്കിലും പുകഴ്ത്തണമെങ്കിൽ തന്റെ കൂടെ വന്നവരെ പുകഴ്ത്തൂ, അല്ലാതെ കൃഷ്ണനെ അല്ലായെന്നു പറഞ്ഞ് വീണ്ടും ഭീഷ്മരെ പരിഹസിക്കാനൊരുങ്ങി. രാജാക്കന്മാർ ഇതിനു സഹായിച്ചു. അവർ പറഞ്ഞു, ഇത്രയും പാപിയായ ഭീഷ്മരെ ഒരു മൃഗത്തേപ്പോലെയോ അല്ലെങ്കിൽ വൈയ്ക്കോൽ കൂട്ടിയിട്ട് അഗ്നിയിൽ

കൂടിയോ വധിക്കണം. വീണ്ടും വീണ്ടും അധിക്ഷേപങ്ങൾ തുടർന്നു. ഭീഷ്മർ മറുപടിയും പറഞ്ഞുകൊണ്ടേയിരുന്നു. അവസാനം ശിശുപാലൻ കൃഷ്ണനെ യുദ്ധത്തിനു വിളിച്ചു. ശിശുപാലൻ എഴുന്നേറ്റുനിന്നലറി യുദ്ധത്തിനു തയ്യാറായി. കൃഷ്ണൻ സാവധാനം ശിശുപാലന്റെ ചില ക്രൂരതകൾ വിവരിച്ചു. പലതും കൃഷ്ണൻ ക്ഷമിച്ചത് അഛന്റെ സഹോദരിയായ അമ്മയേ ഓർത്തിട്ടാണ്. ഇവിടെ എല്ലാ രാജാക്കന്മാരുടേയും മുൻപിൽ വെച്ചു പറഞ്ഞ വാക്കുകളും മറ്റും കൃഷ്ണൻ എടുത്തുപറഞ്ഞു. കൃഷ്ണന്റെ ഭാര്യയായ രുഗ്മിണിയെ വരെ ആഗ്രഹിച്ചുവെന്നും മറ്റും കൃഷ്ണൻ പറഞ്ഞു. വീണ്ടും ശിശുപാലൻ കൃഷ്ണനെ അധിക്ഷേധിച്ചു. ഈ സമയം കൃഷ്ണൻ തന്റെ സുദർശനചക്രത്തേ ക്കുറിച്ചാലോചിച്ചു. സുദർശനചക്രം കയ്യിൽ വന്ന കൃഷ്ണൻ ഉറക്കെ അവിടെക്കൂടിയിരുന്നവരോടു പറഞ്ഞു, ഇവന്റെ അമ്മക്കു വാക്കുകൊടുത്തതുപോലെ നൂറു തെറ്റുകൾ ഞാൻ ക്ഷമിച്ചു. തെറ്റുകളുടെ എണ്ണം കൂടുന്നു. സമയമായി എന്നുപറഞ്ഞ് കൃഷ്ണൻ ശിശുപാലന്റെ ഗളഛേദം നടത്തി. വൈശമ്പായൻ പറയുന്നത്, ധീരനായ ആ യോദ്ധാവ് ഇടിമിന്നൽ വലിയ പാറയിൽ വീണതുപോലെ വീണുവെന്നാണ്. ആ മൃതശരീരത്തിൽ നിന്നുള്ള ഒരു പ്രകാശം സാക്ഷാൽ ശ്രീകൃഷ്ണനിൽ വിലയം പ്രാപിക്കുകയും ചെയ്തു. ഇതു കണ്ട് മറ്റുള്ളവർ അത്ഭുതപ്പെട്ടു.

ഈ സമയം ഇടിമുഴക്കം കേട്ടു. ഭൂമിതന്നെ വിറക്കുന്നതുപോലെ തോന്നിയെന്നും മഴ തിമിർത്തു പെയ്തുവെന്നുമാണ് പറയപ്പെടുന്നത്. നിശബ്ദരായി രാജാക്കന്മാർ കൃഷ്ണനെ തന്നെ അതിശയത്തോടു കൂടി നോക്കി. ശിശുപാലന്റെ സുഹൃത്തുക്കൾ കോപാകുലരായി കൈകൾ കൂട്ടിത്തിരുമ്മിയെന്നും മുനിവര്യന്മാർ കൃഷ്ണനെ പ്രകീർത്തിച്ചുവെന്നും ബ്രാഹ്മണരും പ്രമുഖരും രാജാക്കന്മാരും ഹൃദയത്തിൽ സന്തോഷംകൊണ്ടു നിറച്ചുവെന്നും മറ്റും ഇവിടെ വിവരിക്കുന്നുണ്ട്. യുധിഷ്ഠിര രാജാവ് ശിശുപാലന്റെ മരണാനന്തര ക്രിയകൾ നടത്തുന്നതിനേക്കുറിച്ച് സഹോദരങ്ങളോടു പറഞ്ഞു. ദമഘോഷന്റെ മകനായ ശിശുപാലനു വേണ്ട ബഹുമാനാദികൾ നൽകാനും ശിശുപാലന്റെ പുത്രനെ അടുത്ത അവകാശിയാക്കാനുമുള്ള കാര്യങ്ങൾ ചെയ്യാനും അധികാരപ്പെടുത്തി.

അങ്ങനെ ശിശുപാലന്റെ മൃതശരീരം രാജബഹുമതിയോടുകൂടി ചേദിരാജ്യത്തിലെത്തിച്ച് പുത്രന്മാരെക്കൊണ്ട് ശേഷാദികർമ്മങ്ങൾ ചെയ്യിക്കുകയും ചെയ്തു. അവിടെ എത്തിച്ചേർന്ന രാജാക്കന്മാരെയെല്ലാം യഥാവിധി തിരിച്ചയക്കാൻ യുധിഷ്ഠിരൻ സഹോദരന്മാരേയും മറ്റും ചുമതലപ്പെടുത്തി. എല്ലാം ഭംഗിയായി നടന്നുവെന്ന സംതൃപ്തിയിൽ കൃഷ്ണൻ യുധിഷ്ഠിരനോടു പറഞ്ഞു, അങ്ങ് രാജസൂയയാഗം ഭംഗിയായി പൂർത്തിയാക്കി. ഇനി താൻ ദ്വാരകയിലേക്കു യാത്രയാവുകയാണ്. യുധിഷ്ഠിരൻ ഇതെല്ലാം കൃഷ്ണന്റെ അനുഗ്രഹമാണെന്നു പറഞ്ഞു. കൃഷ്ണനെ ആദരപൂർവ്വം യാത്രയാക്കാൻ തുടങ്ങി. കൃഷ്ണൻ കുന്തിയോടു മക്കളുടെ വളർച്ചയേപ്പറ്റി പറഞ്ഞു. സുഭദ്രയോടും ദ്രൗപതിയോടും യാത്ര പറഞ്ഞ് ഗരുഢരഥത്തിൽ കയറി യാത്രയായി. രഥം ഒന്നു നിർത്തിയശേഷം യുധിഷ്ഠിരനോടു പ്രജാസംരക്ഷണത്തേക്കുറിച്ചോർമ്മിപ്പിച്ചു. പക്ഷികൾക്ക് വൃക്ഷം എങ്ങനെയാണോ, ഇന്ദ്രൻ അമരത്വമുള്ള ദേവന്മാരെ എങ്ങനെ സംരക്ഷിക്കുന്നുവോ അങ്ങനെയൊക്കെ പ്രജാധർമ്മം നടത്തി സംരക്ഷിക്കണമെന്നു പറഞ്ഞു. കൃഷ്ണൻ വീണ്ടും രഥാരൂഢനായി ദ്വാരകയിലേക്കു പുറപ്പെട്ടു.

ഇവിടെ ദുര്യോധനനും ശകുനിയും ആ അവസരത്തിൽ തിരികെ പോയില്ല. ഇവിടെ വൈശമ്പായൻ നൽകുന്ന ഒരു വിവരണം ഉണ്ട്. ആർക്കും പെട്ടെന്നു പൂർത്തിയാക്കാൻ കഴിയാത്ത രാജസൂയ യാഗം പൂർത്തിയായി. വ്യാസൻ തന്റെ പരിവാരങ്ങളോടുകൂടി യുധിഷ്ഠിരന്റെ മുൻപിലെത്തി. യുധിഷ്ഠിരനും സഹോദരങ്ങളും വ്യാസമഹർഷിയുടെ കാൽ കഴുകി യഥാവിധി പൂജാദികർമ്മങ്ങൾ നടത്തി ആസനസ്ഥനാക്കി. വ്യാസൻ യുധിഷ്ഠിരന്റെ സ്ഥാനലബ്ധിയെ പ്രശംസിച്ചു. യുധിഷ്ഠിരൻ വ്യാസന്റെ കാൽക്കൽ വീണ് തന്റെ മനസ്സിലുദിച്ച ഒരു സംശയത്തിന് ഉത്തരം നൽകണമെന്നപേക്ഷിച്ചു. രാജസൂയം നടത്തുമ്പോൾ 3 തരത്തിലുള്ള മുന്നറിയിപ്പുകളുണ്ട്. ഭൂമിയും വായുവും സ്വർഗ്ഗീയവുമായ ചില സംഗതികൾ. ചേദിരാജാവിന്റെ അന്ത്യം കൊണ്ട് ദുഃസൂചനകൾ മാറിയോ എന്നതാണെന്റെ സംശയം.

വ്യാസനിങ്ങനെ പറഞ്ഞു, 13 വർഷത്തേക്ക് ഇതു നല്ല ഫലം തരും. വേണമെങ്കിൽ അതിനുശേഷം ഈ ക്ഷത്രിയരുടെ നാശം വേണമെങ്കിലും സംഭവിക്കാം. ഭാവിയിൽ ദുര്യോധനാദികളുടെ കുബുദ്ധിമൂലം ശക്തനായ അർജ്ജുനനും ഭീമനും ഇതിനു സഹായകരവുമായി മാറാനുമുള്ള സാദ്ധ്യതയുണ്ട്. ഇതുകൂടാതെ ഭീകരമായ ഒരു സ്വപ്നം ഇന്നു കാണും. അതിൽ ദുഃഖിക്കേണ്ട. യുധിഷ്ഠിരൻ സന്തോഷമായി രാജ്യം ഭരിക്കുക എന്നുകൂടി പറഞ്ഞു. വ്യാസൻ കൈലാസപർവ്വതത്തിലേക്ക് പോയി. വ്യാസൻ പോയശേഷം ഇക്കാര്യങ്ങളെല്ലാം ആലോചിച്ച് വിഷണ്ണനായിരുന്നു യുധിഷ്ഠിരൻ. ഇതു കണ്ട സഹോദരങ്ങൾ സാന്ത്വനപ്പെടുത്തി. യുധിഷ്ഠരന്റെ വാക്കുകളെ അനുസരിക്കുകയും അതുപോലെ പ്രവർത്തിക്കുകയും ചെയ്യുമെന്നവർ വാക്കുകൊടുത്തു. സന്തോഷകരമായ കാര്യങ്ങളെല്ലാം ചെയ്ത് യുധിഷ്ഠിരൻ സഹോദരങ്ങളുമായി മനോഹരമായ രാജസഭാതലത്തിലേക്കു കയറിയെന്നും വൈശമ്പായൻ വിവരിക്കുന്നു. (തുടരും)





# ഹരിസുധാലഹരി

നന്ദകുമാർ മേനോൻ ഫോൺ : 9895981809

**ശ്ലോകം -47**

നീലാംഭോദകളേബരൻ നിബിഡമാം വിദ്യുല്ലതാദീപ്തിമാൻ

ചേലഞ്ചും മഴവില്ലുയർത്തിവിലസും ഭൂഷാഗണം ചാർത്തിയോൻ

വേലപ്പെൺമണവാളനങ്ങുമണിചൂരേ വാണീടുന്നു ജല -

ത്താലപ്പാവകദഗ്ദ്ധമാം ത്രിഭുവനം പൂരിച്ചുകൊണ്ടീശ്വര

**ശ്ലോകാർത്ഥം :**

ഈശ്വര, അവിടെ ആ മണിപൂരചക്രത്തിൽ, ശരീരം നീലമേഘനിറമുള്ളവനും , തിങ്ങിയ ഇടിമിന്നൽ പോലെ ശോഭിക്കുന്നവനും, ഭംഗികൊണ്ട് കണ്ണു മഞ്ഞളിക്കും വണ്ണമുള്ള മഴവില്ലു പോലെയുള്ള ആഭരണങ്ങൾ അണിഞ്ഞവനുമായ , മഹാലക്ഷ്മിയുടെ ഭർത്താവ്, തീകൊണ്ട് കത്തിത്തീർന്ന മൂന്നു ലോകങ്ങളെയും വെള്ളംകൊണ്ട് നിറച്ച് നിലകൊള്ളുന്നു.

**വ്യാഖ്യാ:**

മണിപൂരം ജലമയമാണ്. അവിടെ ഭരിക്കുന്ന ഈശ്വരനെ മഴമേഘത്തിനോടുപമിച്ചത് കവിത്വം. മഴമേഘങ്ങളുടെ ഗുണങ്ങളാണല്ലോ, ഇരുണ്ട നീല നിറവും, ഇടിമിന്നലും, മഴവില്ലും മണിപൂരത്തിലെ വിഷ്ണുവിന്റെ ശരീരത്തെ ആ മേഘത്തിനോടും, ശോഭയെ ഇടിമിന്നലിന്റെ കൂട്ടത്തിനോടും, ഭംഗികൊണ്ട് കണ്ണുമഞ്ഞളിപ്പിക്കുന്ന ആഭരണങ്ങളെ മഴവില്ലിനോടും ഉപമിച്ചിരിക്കുന്നു. മുൻശ്ലോകത്തിൽ കാലാഗ്നി സ്വാധിഷ്ഠാനത്തിൽ ത്രിഭുവനങ്ങളെയും കത്തിക്കുന്നു എന്നു പറഞ്ഞതിന്റെ തുടർച്ച പറയുന്നു. സ്വാധിഷ്ഠാനത്തിനു മുകളിലുള്ള ചക്രമായ, ഈ മണിപൂരത്തിലെ ജലം, അപ്രകാരം കത്തി നശിച്ച ത്രിഭുവനം നിറച്ചുകൊണ്ട് നിൽക്കുന്നതിനെ വിവരിക്കുന്നു.

# രാധാമാധവം

പ്രൊഫ. ജയലക്ഷ്മി ചാക്യാട്ട്



അളിവേണിമാർക്കൊപ്പമാടുവാനെന്നും കൂടും
പ്രണയേശ്വരി വൃന്ദാവനറാണിയെൻ രാധ
രസഭാവാർദ്രം നീർമിഴിക്കോണിൽ ശോകം
വരിക കണ്ണാ നിന്റെ ഗോപിക ഞാൻ മാത്രം.
സോപാനസംഗീതത്തിൽ കൃഷ്ണനാട്ടത്തിൽ ഭക്ത
മാനസം തൊഴാം നിന്നെ രാധികേ, കൃഷ്ണപ്രിയേ!
സോദരീ, പുത്രീ മാതൃഭാവവാത്സല്യം നിന-
ക്കായിരം ഹൃദയങ്ങളർച്ചനാ പുഷ്പങ്ങളാം
ജീവനകലോത്സവ പ്രേമനർത്തനമാടി -
പാവനയമുനയിൽ നീരാടി തുടിച്ചു നാം.
യാമിനീ തടത്തിലെ പൂഴിയിൽ കാർത്ത്യായനീ
ദേവിയെ പ്രതിഷ്ഠിച്ചു പൂജിച്ചു ഭജിച്ചുനാം
ഭക്തിയും, വിഭക്തിയുമൊന്നു താൻ മനസ്സിന്നു
ശക്തിലാവണ്യം മുക്തിദായകം മറ്റെന്തുള്ളു
അർത്ഥകാങ്ങൾക്കുള്ള സാധനയല്ലോ ജന്മം
വ്യർത്ഥമാക്കൊല്ലാ ധർമ്മ പാതയിൽ കർമ്മോത്സവം
നീ പൊറുക്കില്ലാന്ന രോദനം കേൾപ്പൂ, നമ്മൾ
ജീവിത ശോകാത്മകശാശ്വത പ്രതീകങ്ങൾ
ദ്വാപരം വീണ്ടും വരും കാർമുകിൽ വർണ്ണൻ നിന്റെ
കാമുകൻ വൃന്ദാവനകേളികൾ ആടും നമ്മൾ

# വീണ്ടും ഒരു യാത്ര

പി ജയരാമൻ ഫോൺ : 9847102015

എല്ലാ വർഷവും വേനൽ കാലമായ ജൂലൈ-ആഗസ്റ്റ് മാസങ്ങളിൽ ഞങ്ങളുടെ കുട്ടികളുടെ അടുത്തേക്ക് – സ്വിറ്റ്സർലന്റിലെ ജനീവയിലേക്കും, ഇംഗ്ലണ്ടിലെ നോട്ടിംഗ് ഹാമിലേക്കും യാത്ര ചെയ്യുന്നത് ഒരു പതിവായി മാറിയിട്ടുണ്ട്. കാലാവസ്ഥ അനുകൂലമാകുന്നതുകൊണ്ടും, പേരക്കുട്ടികൾക്ക് സ്കൂൾ അവധിയായതിനാലും ഈ സമയമാണ് ഞങ്ങൾ യാത്രക്കായി സാധാരണ മാറ്റിവെക്കാറുള്ളത്. ഈ വർഷവും അതുപോലെയായിരുന്നു ഞങ്ങളുടെ പ്രയാണം. ആ രണ്ട് മാസങ്ങളിലെ ചില യാത്രാനുഭവങ്ങളാണ് ഇവിടെ പങ്കുവെക്കാൻ ഉദ്ദേശിക്കുന്നത്.

## 1. ബ്രിട്ടൻ (Britain)

ബ്രിട്ടനെക്കുറിച്ച് ഞാൻ ഇതിനുമുമ്പ് ഈ മാസികയിൽ എഴുതിയിട്ടുണ്ട്. കൂടാതെ, ഈയിടെ കരയോഗത്തിൽ നിന്ന് കുറെ അംഗങ്ങൾ അവിടേക്ക് പോയിരുന്നു. അതുകൊണ്ട് ബ്രിട്ടനെപ്പറ്റി അധികം എഴുതാൻ ഉദ്ദേശിക്കുന്നില്ല. ഞങ്ങൾ നോട്ടിംഗ്ഹാമിൽ ഉള്ളപ്പോൾ പത്രങ്ങളിലും ടി.വിയിലും നിറഞ്ഞ് നിന്നിരുന്നത് ബ്രക്സിറ്റ് (Brexit) ബ്രിട്ടന്റെ യൂറോപ്പിയൻ യൂണിയനിൽ നിന്നുള്ള നിർഗമനം) ആയിരുന്നു. ഇപ്പോഴും അത് തന്നെ വിഷയം. ഇവിടുത്തെ പത്രങ്ങളിലും പതിവായി ബ്രക്സിറ്റ് സംബന്ധമായ വാർത്തകൾ ധാരാളം വരുന്നുണ്ടല്ലോ. അതിനാൽ നമ്മളും ഇതിനെക്കുറിച്ച് കുറെയൊക്കെ ബോധവാൻമാരാണ്. ബ്രക്സിറ്റ് വിശദമായി പരിശോധിക്കാൻ ഒരുമ്പെട്ടാൽ അത് ഒരു വളരെ സങ്കീർണ്ണമായ വിഷയമാണ്. ആഗസ്റ്റ് 18, 2019 ലെ മാതൃഭൂമി ആഴ്ചപ്പതിപ്പിൽ ഈ വിഷയത്തെക്കുറിച്ച് വിശദമായ ഒരു ലേഖനം പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൂടുതലറിയാൻ താൽപ്പര്യമുള്ളവർക്ക് അത് വായിക്കാം. ഇവിടുത്തെ പത്രങ്ങളിൽ വന്ന ഏറ്റവും പുതിയ വാർത്തയനുസരിച്ച് യാതൊരു കരാറുമില്ലാതെ യൂറോപ്പിയൻ യൂണിയനിൽ (EU) നിന്ന് പുറത്തു വരാനുള്ള (ഒക്ടോബർ 31, 2019 ന് മുൻപ്) ഇപ്പോഴത്തെ ബ്രിട്ടീഷ് പ്രധാനമന്ത്രിയായ ബോറിസ് ജോൺസന്റെ നീക്കത്തിന് വിലങ്ങിട്ടുകൊണ്ട് ബ്രിട്ടിഷ് പാർലമെന്റ് ഒരു പ്രമേയം പാസാക്കിയിട്ടുണ്ട്. അവസാനം എന്ത് സംഭവിക്കാൻ പോകുന്നു എന്നത് പ്രവചനാതീതമാണ്.

ആ സമയത്ത് ഇംഗ്ലണ്ടിൽ നടന്ന വേറൊരു സംഭവമാണ് ക്രിക്കറ്റ് ലോകകപ്പ് മത്സരങ്ങൾ. കുറെ കളികൾ ടി. വി. യിൽ കണ്ടു. നമ്മൾ സെമിഫൈനലിൽ ന്യൂസിലാന്റിനോട് തോറ്റല്ലോ. ന്യൂസിലാന്റും ഇംഗ്ലണ്ടും തമ്മിലുള്ള ഫൈനൽ മത്സരം വളരെ ആവേശഭരിതമായിരുന്നു. ഇവിടെ പലരും അത് കണ്ടു കാണും. തീരുമാനം കുറച്ചു വിവാദപരമായിരുന്നെങ്കിലും ആതിഥേയരായ ഇംഗ്ലണ്ട് ലോകചാമ്പ്യന്മാരായി.

## II. വെയിൽസ് (Wales)

വെയിൽസിലേക്കുള്ള യാത്രയിൽ നിന്ന് തുടങ്ങാം. ജൂലൈ 28 മുതൽ 31 വരെ മൂന്ന് ദിവസം നീണ്ടയാത്ര. ഏതാണ്ട് ഉച്ചയ്ക്ക് 1 മണിക്ക് നോട്ടിംഗ് ഹാമിൽ നിന്ന് കാറിൽ യാത്ര തിരിച്ച് വെയിൽസിന്റെ തലസ്ഥാനമായ കാർഡിഫ് (Cardiff)) വഴി ഞങ്ങൾ താമസത്തിന് ഏർപ്പാട് ചെയ്തിരുന്ന സ്വാൻ സി (Swan Sea) യിലെ ഹോട്ടലിൽ എത്തിയപ്പോഴേക്കും ഏതാണ്ട് രാത്രി 8 മണി കഴിഞ്ഞിരുന്നു. വേനൽക്കാലത്ത് രാത്രി പത്ത് മണി വരെ ഇരുട്ടായിട്ടുണ്ടാകില്ല.

ബ്രിട്ടന്റെ ഭാഗമായ വെയിൽസിന് അതിന്റേതായ അസംബ്ലിയും, കുറെയൊക്കെ സ്വയംഭരണാവകാശവും ഉണ്ട്. ഇംഗ്ലണ്ട്, ബ്രിട്ടൻ, യുണൈറ്റഡ് കിങ്ഡം എന്നിവ പര്യായപദങ്ങളല്ല. ഇംഗ്ലീഷ് ഭാഷ സംസാരിക്കുന്നവർ വസിക്കുന്ന സ്ഥലം ഇംഗ്ലണ്ട്. ഇംഗ്ലണ്ടും വെൽഷ് ഭാഷ സംസാരിക്കുന്ന വെയിൽസും സ്കോട്ടിഷ് ഭാഷ സംസാരിക്കുന്ന സ്കോട്ട്ലണ്ടും, കൂടിയ സ്ഥലം ബ്രിട്ടൻ, അവയോടുകൂടി നോർത്തേൺ ഐലന്റും വേറെ ചില ചെറിയ ദ്വീപുകളും ചേർന്ന സ്ഥലത്തിനെ യുണൈറ്റഡ് കിങ്ഡം (UK) എന്ന് വിളിക്കുന്നു. Brexit വിഷയത്തിൽ രണ്ട് കൊല്ലം മുൻപ് നടത്തിയ ജനഹിത പരിശോധനയിൽ ഭൂരിഭാഗം Welsh കാർ ഇംഗ്ലണ്ടുകാരോടൊപ്പം Brexit നെ അനുകൂലിച്ച് വോട്ട് രേഖപ്പെടുത്തിയപ്പോൾ സ്കോട്ട്ലന്റിലേയും നോർത്തേൺ ഐലന്റിലേയും ഭൂരിപക്ഷം Brexit ന് എതിരായി അതായത് യൂറോപ്യൻ യൂണിയനിൽ തുടരാനാണ് വോട്ട് ചെയ്തത്. വെയിൽസിലെ ചില പ്രത്യേകതകൾ താഴെ വിവരിക്കുന്നു. ധാരാളം മലകളും ബീച്ചുകളുമുള്ള ബ്രിട്ടന്റെ പടിഞ്ഞാറ് ഭാഗത്ത് സ്ഥിതി ചെയ്യുന്ന വെയിൽസ് വളരെ മനോഹരമായ സ്ഥലമാണ്.

വെയിൽസിലെ ഇപ്പോഴത്തെ ജനസംഖ്യ ഏതാണ്ട് 3.2 ദശലക്ഷം (2019) യു കെ യിലെ മൊത്തം ജനസംഖ്യ 6.7 കോടിയാണ്. വെയിൽ സിൽ ഭൂമി കൂടുതലും കൃഷിക്ക് പറ്റിയതല്ല. അതിനാൽ അവിടെ കന്നുകാലികളെ പോറ്റാനായി ഉപയോഗിക്കുന്നു. വെയിൽസ് കുറെക്കാലം റോമൻ സാമ്രാജ്യത്തിന്റെ കീഴിലായിരുന്നു. പിന്നീടാണ് ഇംഗ്ലീഷുകാരുടെ ആധിപത്യത്തിൻ കീഴിലായത്. 1535 ലാണ് വെയിൽസ്ബ്രിട്ടന്റെ ഭാഗമായത്. പിന്നീട് ഏതാണ്ട് 500 വർഷങ്ങൾക്കുശേഷമാണ് വെൽഷ് ജനതയ്ക്ക് രാഷ്ട്രീയ സ്വയം ഭരണാധികാരം ലഭിച്ചത്.

Saint David വെയിൽസിൽ ആറാം നൂറ്റാണ്ടിൽ ക്രിസ്തുമതം സ്ഥാപിച്ചു. വെൽഷുകാർ നല്ല വാഗ്മികളും, രാഷ്ട്രീയ പ്രവർത്തകരും, സംഗീതപ്രിയരും നടന്മാരുമാണ്.

ഒരു കാലത്ത് വെയിൽസിൽ ധാരാളം കൽക്കരി ഖനികൾ ഉണ്ടായിരുന്നു. വെൽഷ് തൊഴിലാളി നേതാക്കൾ ബ്രിട്ടനിലെ ട്രെയിഡ് യൂണിയൻ പ്രസ്ഥാനത്തിന് വിലപ്പെട്ട സംഭാവനകൾ നൽകിയിട്ടുണ്ട്.

വെൽഷ് പാരമ്പര്യം അവരുടെ പാട്ടുകളിലും , സംഗീതത്തിലും , കവിതകളിലും പ്രകടമാണ്. ഡയാലൻ തോമസ് (Dylan Thomas) (1914 – 1953) 20–ാം നൂറ്റാണ്ടിലെ പ്രസിദ്ധ ഇംഗ്ലീഷ് കവി, വെയിൽസിലെ സ്വാൻസിയിൽ ജന്മമെടുത്തു.

ഇംഗ്ലീഷ്കാർ കിണഞ്ഞു പരിശ്രമിച്ചിട്ടും വെൽഷ് ഭാഷ നശിക്കാതിരുന്നതിന്റെ ഉത്തരവാദികൾ പള്ളികളും 1588 ൽ ഡോ. വില്യം മോർഗൻ വെൽഷ് ഭാഷയിലേക്ക് തർജ്ജമ ചെയ്ത ബൈബിളുമാണ്. പള്ളികളിലെ കുർബാന നടത്തുന്നത് വെൽഷ് ഭാഷയിലാണ്. സ്കൂളുകളിലെ പ്രത്യേകിച്ച് ചെറിയ ക്ലാസുകളിലെ അദ്ധ്യയനവും ഈ ഭാഷയിൽ തന്നെ. ഭരണസംവിധാനങ്ങളും , കോടതികളും മറ്റും ഇംഗ്ലീഷ് ഉപയോഗിക്കുന്നു. വെൽഷ് കാർക്ക് രണ്ട് ഭാഷകളും ഹൃദിസ്തമാണ്. ബ്രിട്ടീഷ് രാഷ്ട്രീയത്തിൽ 20–ാം നൂറ്റാണ്ടിൽ വെൽഷ്കാർ നിർണ്ണായകമായ പങ്ക് വഹിച്ചിട്ടുണ്ട്. David Lyoyd George എന്ന വെൽഷ് കാരൻ ഒരിക്കൽ ബ്രിട്ടീഷ് പ്രധാനമന്ത്രിയായിരുന്നു.

വെയിൽസിലെ ഒരു കൽക്കരിഖനി തൊഴിലാളിയുടെ മകനായിരുന്ന Aneurin Baven ലേബർ പാർട്ടി ഗവൺമെന്റിൽ മന്ത്രിയായിരുന്നു. 1948 ൽ ബ്രിട്ടനിലെപേരെടുത്ത National Health Services (NHS) ന് ജന്മം കൊടുത്തത് അദ്ദേഹമാണ്.

### വെയിൽസിലെ ചില മുഖ്യ ആകർഷണങ്ങൾ

1. സഹസ്ര വാർഷിക ഓട്ടക്കളം (Millennium Stadium)

1999 ൽ കാർഡിഫിൽ തുറന്ന ഈ സ്റ്റേഡിയത്തിലാണ് റഗ്ബി (Rugby) ലോകകപ്പ് മത്സരങ്ങൾ നടത്തിയത്. പല കലാസാംസ്കാരിക പരിപാടികളും ഇവിടെ നടത്താറുണ്ട്. വെൽഷ് നാഷണൽ ഓപ്പറയുടെ ആസ്ഥാനവും ഇവിടെത്തന്നെ.

2. Cardiff ലെ മുഖ്യ ആകർഷണം അവിടുത്തെ കോട്ട ആണ്. ഏതാണ്ട് 12–ാം നൂറ്റാണ്ടിൽ പണി കഴിച്ചതാണ് ഈ വലിയ കോട്ട. കോട്ടക്കുള്ളിൽ 4 ഗോപുരങ്ങളും, വിരുന്ന് നടത്താനുള്ള വലിയ ഹാൾ, ലൈബ്രറി, നിരവധി സ്വകാര്യമുറികൾ, മട്ടുപ്പാവിലെ ഒരു മനോഹര പൂന്തോട്ടം, അറബ് മുറി എന്നിവയും കാണാം.

3. വളരെ ആകർഷകമാണ് (Cardiff Bay) ഉൾക്കടൽ. ഇതിന്റെ തീരങ്ങളിൽ ധാരാളം മനോഹരമായ കെട്ടിടങ്ങളും, വിനോദ ശാലകളും ഭക്ഷണ ശാലകളും കാണാം.

4. കാർഡിഫ് നഗരകേന്ദ്രത്തിൽ നിരവധി ആകർഷണീയമായ കെട്ടിടങ്ങൾ നിലകൊള്ളുന്നു. ഇവയിൽ പ്രമുഖമാണ് 1905 ൽ പണിത സിറ്റി ഹാൾ. കാർഡിഫ് യൂണിവേഴ്സിറ്റി ഈ കെട്ടിടത്തിൽ സ്ഥിതി ചെയ്യുന്നു. ഇതിന്റെ മുകളിലുള്ള 60 മീറ്റർ ഉയരമുള്ള താഴികക്കുടവും ക്ലോക് ടവ്വറും പ്രത്യേക ശ്രദ്ധ ആകർഷിക്കുന്നവയാണ്.

5. ദേശീയ കാഴ്ചബംഗ്ലാവ് (National Museum) : 1927ൽ തുറന്ന ഈ മ്യൂസിയത്തിൽ യൂറോപ്പിലെ ഏറ്റവും നല്ല കലാരൂപങ്ങളുടെ ഒരു വലിയ ശേഖരം തന്നെയുണ്ട്. Renoir, Vangogh, Monet എന്നീ പ്രസിദ്ധ ചിത്രകാരന്മാരുടെ ചിത്രങ്ങൾ അവിടെ പ്രദർശിപ്പിച്ചിട്ടുണ്ട്. വെയിൽസിൽ നിന്നുള്ള ബ്രിട്ടീഷ് പ്രധാനമന്ത്രിയായിരുന്ന David Lyoyd George ന്റെ ഒരു ദീർഘകായ പ്രതിമ മ്യൂസിയത്തിന്റെ മുൻപിൽ സ്ഥാപിച്ചിട്ടുണ്ട്.

6. കാർഡിഫ് മാർക്കറ്റ്, ദേശീയ ചരിത്ര മ്യൂസിയം എന്നിവയും കാർഡിഫ് ലെ അറിയപ്പെടുന്ന കാഴ്ചകളാണ്.

7. ഞങ്ങൾ താമസിച്ച കാർഡിഫിൽ നിന്ന് ഒരു മണിക്കൂർ അകലെയുള്ള സ്വാൻ സിയിൽ വളരെ മനോഹരമായ ഒരു ഉൾക്കടൽ (Bay) കാണാം. വെയിൽസിലെ രണ്ടാമത്തെ വലിയ നഗരമാണ് സ്വാൻസി. ഉൾക്കടലിന്റെ തീരങ്ങളിൽ രണ്ടാം ലോകമഹായുദ്ധത്തിൽ നശിച്ചവയ്ക്ക് പകരം പടുത്തുയർത്തിയ ധാരാളം മനോഹര കെട്ടിടങ്ങൾ സ്ഥിതി ചെയ്യുന്നു. പുതിയവയാണെങ്കിലും ആ പഴയ പാരമ്പര്യം ഇവിടെ നിലനിർത്തിയിട്ടുണ്ട്.

8. വെയിൽസിലെ പേരുകേട്ട സ്ഥലമാണ് Hay - on -Wye ലോകത്തിന്റെ പല ഭാഗത്തു നിന്നുള്ള പുസ്തക പ്രേമികൾ ഇവിടുത്തെ പേരെടുത്ത കലാസാഹിത്യ ഉത്സവത്തിൽ എല്ലാ വർഷവും ഒത്തു ചേരാറുണ്ട്. അവിടെയുള്ള 30 ഓളം പുസ്തക ഷോപ്പുകളിൽ ലക്ഷകണക്കിന് Second Hand പുസ്തകങ്ങൾ വിൽപ്പനയ്ക്ക് വെച്ചിട്ടുണ്ട്. ഈ പട്ടണത്തിന്റെ പുസ്തകപ്രേമം 1960 കളിൽ Richard Booth എന്ന വെൽഷ് സ്വദേശി സ്ഥാപിച്ച ആദ്യത്തെ പുസ്തക ശാലയിൽ നിന്ന് തുടങ്ങിയതാണ്. അദ്ദേഹം ഈയിടെ നിര്യാതനായി.

## III. ചാറ്റ്സ്വർത്ത്

ആഗസ്റ്റ് 4–ാം തീയതി Nottingham ൽ നിന്ന് 50 കിലോമീറ്റർ ദൂരെയുള്ള ചാറ്റ്സ് വർത്ത് എന്ന സ്ഥലത്തേക്ക് പോയിരുന്നു. Cavendish House എന്ന പേരിലറിയപ്പെടുന്ന കൊട്ടാരസദൃശമായ ഭവനമാണ് ഇവിടുത്തെ പ്രധാന ആകർഷണം. തന്റെ താമസത്തിനായി ഡ്യൂക് വില്യം 1540 ൽ പണികഴിച്ചതാണ് ഈ വലിയ ഭവനം. മൂന്ന് നിലകളും, നിരവധി മുറികളും ആകർഷകമായ ഫർണിച്ചറും ഭിത്തികളിൽ മനോഹരമായ ചിത്രങ്ങളും മറ്റും ഉള്ള ഈ

കെട്ടിടം പൊതുജനങ്ങൾക്ക് സന്ദർശനത്തിന് തുറന്നു കൊടു ത്തിട്ടുണ്ട്. കെട്ടിടത്തിന്റെ ഒരു നിലയിൽ ഡ്യൂക്കിന്റെ ഇപ്പോഴത്തെ അവകാശികൾ താമസിക്കുന്നുണ്ട്. ഈ ആകർഷകമായ ഭവനം ഒരു വലിയ പൂന്തോട്ടത്തിന്റെയും പാർക്കി ന്റെയും നടുവിൽ സ്ഥിതി ചെയ്യുന്നു. പാർക്കിലൂടെയുള്ള നടത്തം ഉൻമേഷദായകമാണ്.

## IV. GOTHENBERG (SWEDEN)

ആഗസ്റ്റ് 17 മുതൽ 20 വരെ 3 ദിവസം ഞങ്ങൾ സ്വീഡനിലെ GOTHENBERG (സ്വീഡിഷ് ഭാഷയിൽ Gotsburg) എന്ന നഗരത്തിലേക്ക് പോയിരുന്നു. ലണ്ടനിലെ Stanstead അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്നും രാത്രി 8.15 നു പുറപ്പെട്ട Rynair ന്റെ ബഡ്ജറ്റ് എയർലൈൻ വിമാനം ഒന്നര മണിക്കൂർ പറന്ന് രാത്രി 10.45 ന് (സ്വീഡിഷ് സമയം ബ്രിട്ടനേക്കാൾ ഒരു മണിക്കൂർ മുൻപിൽ) Gotsburg Land-vette അന്താരാഷ്ട്ര വിമാനത്താവളത്തിൽ എത്തിച്ചേർന്നു. ബസ്സ് പിടിച്ച് താമസിക്കുന്ന ഹോട്ടലിൽ എത്തിയപ്പോഴേക്കും പാതിരാ കഴിഞ്ഞിരുന്നു. ആദ്യം സ്വീഡനെക്കുറിച്ച് ചില വിവരങ്ങൾ പറയാം. സ്വീഡന്റെ ചരിത്രത്തിലെ ചില നാഴികക്കല്ലുകളിൽ നിന്ന് തുടങ്ങാം. സ്വീഡൻ ചരിത്രത്തിൽ ഒരു പിൻസീറ്റാണ് പലപ്പോഴും എടുത്തിട്ടുള്ളത്. 1986 ൽ അവരുടെ പ്രധാനമന്ത്രി Olaf Palme വെടിയേറ്റ് കൊല്ലപ്പെട്ടതിന് ശേഷം രാജ്യം കുറച്ചുകാലം ലോകദൃഷ്ടിയിൽ വന്നിരുന്നു.

9ാം നൂറ്റാണ്ടിൽ സ്വീഡനിൽ വൈക്കിംഗ് വർഗ്ഗക്കാർ ആധിപത്യം പുലർത്തിയിരുന്നു. അവർ വലിയ സാഹസികരും, കപ്പലോട്ടക്കാരും, ലോകത്തിലെ പല സ്ഥലങ്ങളിലും തങ്ങളുടെ ആധിപത്യം സ്ഥാപിച്ചവരുമായിരുന്നു.

1008 ൽ സ്വീഡനിലെ രാജാവ് ക്രിസ്തുമതംസ്വീകരിച്ചു. 1350 ൽ പ്ലേഗ് രാജ്യത്തെ ഏതാണ്ട് മൂന്നിലൊന്ന് ജനതയെ കൊന്നൊടുക്കി.

1397 ൽ ഡെൻമാർക്ക് നോർവെയും സ്വീഡനും ചേർന്ന് Kalmar യൂണിയൻ സ്ഥാപിച്ചു.

1520 ൽ ഡാനിഷ് ആക്രമണവും. Stockholm കൂട്ടക്കൊലയും

1611 ൽ Gustav II Adolf എന്ന രാജാവിന്റെ സമയത്ത് സ്വീഡൻ യൂറോപ്പിലെ ഒരു വൻശക്തിയായി മാറി.

1809 ൽ സ്വീഡന്റെ ഭാഗമായിരുന്ന Finland നെ റഷ്യ കീഴടക്കി.

1814 ൽ നോർവേയും സ്വീഡനും ചേർന്ന് ഒരു യൂണിയൻ ഉണ്ടാക്കി. ഏതാണ്ട് 90 വർഷത്തിലധികം നോർവേ സ്വീഡന്റെ അധീനതയിലായിരുന്നു.

1896 ൽ ആൽഫ്രഡ് നോബേൽ (നോബൽ സമ്മാനങ്ങളാൽ അറിയപ്പെടുന്ന വ്യക്തി) ന്റെ മരണം.

1905 ൽ നോർവെ സ്വീഡനിൽ നിന്ന് സ്വാതന്ത്ര്യം നേടി.

1930 കളിൽ സ്വീഡനിൽ വെൽഫയർ സ്റ്റേറ്റ് സ്ഥാപിതമായി.

1940 ൽ സ്വീഡൻ നാസി ജർമ്മനിയാൽ ആക്രമിക്കപ്പെട്ടു.

1943 ൽ ഇപ്പോൾ ലോകപ്രസിദ്ധമായ IKEA എന്ന ഫർണിച്ചർ കമ്പനി 17 വയസ്സുകാരനായ Ingur Kamprad സ്ഥാപിച്ചു. അദ്ദേഹം 4-5 വർഷങ്ങൾക്കുമുമ്പ് അന്തരിച്ചു.

1953 ൽ സ്വീഡനിലെ Dag Hammersktold UN സെക്രട്ടറി ജനറൽ ആയി നിയമിതനായി.

1995 ൽ സ്വീഡൻ, യൂറോപ്പിയൻ യൂണിയനിൽ ചേർന്നു.

2003 ൽ ജനഹിത പരിശോധനയനുസരിച്ച് EU വിൽ നിന്ന് പുറത്തു പോന്നു.

2016 ൽസിറിയയിൽ നിന്നുള്ള അഭയാർത്ഥി പ്രവാഹം നിയന്ത്രിക്കാൻ സ്വീഡൻ അവരുടെ ഉദാര കുടിയേറ്റ നയങ്ങൾ കർശനമാക്കി.

## സ്വീഡനെക്കുറിച്ചുള്ള മറ്റ് ചില വിവരങ്ങൾ

സ്വീഡന്റെ വടക്കെ അറ്റത്തുള്ള ആർട്ടിക് മേഖലയിൽ പോയാൽ നോർത്തേൺ ലൈറ്റ്സ് എന്ന അത്ഭുത പ്രതിഭാസം തണുപ്പുകാലത്തെ രാത്രികളിൽ ദർശിക്കാം. സൂര്യകിരണങ്ങളാൽ ചാർജ് ചെയ്യപ്പെട്ട കണികകൾ അന്തരീക്ഷത്തിൽ തട്ടുമ്പോൾ ഉടലെടുക്കുന്നതാണ് ഈ വെളിച്ചം. ഇതിന്റെ ശാസ്ത്രവശം പൂർണ്ണമായും ഇനിയും മനസ്സിലാക്കിയിട്ടില്ല.

സ്വീഡൻ സന്ദർശിക്കാൻ ഏറ്റവും ഉചിതമായ സമയം മെയ് മുതൽ സെപ്റ്റംബർ വരെയാണ് ഗോത്തൻ ബർഗിൽ വേനൽ ക്കാലത്തെ (July- august) കൂടിയ താപനില 16 ഡിഗ്രി സെൽഷ്യസ്, തണുപ്പുകാലത്ത് (ജനുവരി) ഏറ്റവും കുറഞ്ഞ താപനില മൈനസ് 2 ഡിഗ്രി സെൽഷ്യസ്. ആർട്ടിക് മേഖലയിൽ തണുപ്പു കാലത്ത മൈനസ് 30 ഡിഗ്രി സെൽഷ്യസിന് താഴെയായിരിക്കും താപനില.

സ്വീഡന്റെ വടക്കു ഭാഗങ്ങളിൽ കലമാനെ മേച്ച് നടക്കുന്ന SAMI വർഗ്ഗക്കാരെ കാണാം. അവർ അലഞ്ഞ് തിരിഞ്ഞ് നടക്കുന്നവരാണ്.

സ്വീഡനിലെ ലോകോത്തര ബ്രാന്റുകൾ IKEA (ഫർണിച്ചർ) Woles (മോട്ടോർ വാഹനങ്ങൾ) ABBA (Beatles പോലെയുള്ള മ്യൂസിക് ബ്രാൻഡ്) മുതലായവയാണ്.

സ്വീഡൻ ഏറ്റവും വലിയ സ്കാൻഡിനേവിയൻ രാജ്യവും (മറ്റ് സ്കാൻഡിനേവിയൻ രാജ്യങ്ങൾ: നോർവെ, ഫിൻലാന്റ്, ഡൻമാർക്ക്) യൂറോപ്പിലെ മൂന്നാമത്തെ വലിയ രാജ്യവുമാണ്. (ഫ്രാൻസും, സ്പെയിനും കഴിഞ്ഞാൽ ലോകത്തിലെ തന്നെ ഏറ്റവും വലിയ രാജ്യമായ റഷ്യ ഏഷ്യയിലും യൂറോപ്പിലുമായി പരന്നു കിടക്കുന്നു.) സ്വീഡന് ബ്രിട്ടനേക്കാളും ഇരട്ടി വലുപ്പമുണ്ട്. പക്ഷെ ജനസംഖ്യ കഷ്ടിച്ച് ഒരു കോടി മാത്രം. (കേരളത്തിന്റെ മൂന്നിലൊന്ന് പോലും വരില്ല.)

ജനങ്ങൾക്ക് വളരെയധികം അഭിപ്രായ സ്വാതന്ത്ര്യമുണ്ട്. അവകാശങ്ങൾക്കൊപ്പം നല്ല ഉത്തരവാദിത്വ ബോധവും അവരിൽ കാണാം. വലിയ സാമൂഹ്യബോധമുള്ള ജനത. ഉദാഹരണത്തിന് പൊതുസ്ഥലങ്ങളും, നിരത്തുകളുമെല്ലാം വളരെ വൃത്തിയായി സൂക്ഷിച്ചിരിക്കുന്നു. നമ്മെപ്പോലെ ചപ്പുചവറുകളും, മറ്റ് മാലിന്യങ്ങളുമൊന്നും പൊതു സ്ഥലങ്ങളിലേക്ക് വലിച്ചെറിയാറില്ല. സത്യസന്ധത, കാപട്യമില്ലാത്ത പെരുമാറ്റം ഇവയെല്ലാം സ്വീഡിഷുകാർ വളരെ വിലമതിക്കുന്ന സ്വഭാവങ്ങളാണ് . ഒരു വാഗ്ദാനം അവർക്ക് വാഗ്ദാനം തന്നെയാണ്. അവർ ഒരിക്കലും പറഞ്ഞ വാക്ക് മാറ്റാറില്ല.

സമൂഹത്തിൽ സ്ത്രീകളുടെ സ്ഥാനം വളരെ ഉയർന്ന തലത്തിലാണ്. എല്ലാ കാര്യങ്ങളും നേരത്തെ ആസൂത്രണം ചെയ്ത് നടത്തുന്നു. കൃത്യനിഷ്ടയും അവരുടെ കൂടെപ്പിറപ്പാണ്. കടൽത്തീരത്തും ഡ്രസ്സിങ് റൂമുകളിലും സ്ത്രീപുരുഷഭേദമെന്യയുള്ള നഗ്നത ഒരു പ്രദർശനമായിട്ടല്ല, വിലക്കുകളില്ലാത്ത ഒരു സാധാരണ ശീലമായി അവർ കരുതുന്നു. സോഷ്യൽ ഡെമോക്രാറ്റിക് പാർട്ടി 40 വർഷത്തിലധികം സ്വീഡിഷിലെ ഭരണം കയ്യാളി ഉയർന്ന സാമൂഹ്യ സുരക്ഷിതത്വവും അതിനാവശ്യമായ പണം കണ്ടെത്താനായി നടപ്പാക്കിയ ഉയർന്ന നികുതി പിരിക്കലും അവിടെയുണ്ട്.

സ്വീഡനിലെ ഭൂമിയുടെ പകുതിയിലധികം കാടുകളാണ്. രാജ്യത്ത് ഏതാണ്ട് ഒരു ലക്ഷം തടാകങ്ങളുണ്ട്. നിരവധി ദ്വീപുകളും. സ്വീഡനെ തടാകങ്ങളുടെ നാട് എന്ന് വിളിക്കാവുന്നതാണ്. തലസ്ഥാന നഗരിയായ Stock Hour പാലങ്ങളാൽ പരസ്പരം ബന്ധിപ്പിച്ച 14 ദ്വീപുകളുടെ മുകളിലാണ് സ്ഥിതി ചെയ്യുന്നത്. ലോകത്തിലെ ആദ്യത്തേതും ഏറ്റവും വലുതുമായ മഞ്ഞ് കട്ടികൊണ്ട് പണിത ഹോട്ടൽ സ്വീഡന്റെ വടക്കെയറ്റത്ത് തണുപ്പു കാലത്ത് പോയാൽ കാണാം. എല്ലാ വർഷവും ഡിസംബറിൽ പണിയുന്ന ഈ ഹോട്ടൽ മെയ് മാസത്തോടെ ഉരുകി നദിയിൽ ചേരും.

തണുപ്പു കാലത്ത് മഞ്ഞ് കട്ടിയാൽ ഉറയ്ക്കുന്ന നദികളും തടാകങ്ങളും മോട്ടോർ വാഹനങ്ങളിലും സൈക്കിളിലും യാത്ര ചെയ്യാനുള്ള കുറുക്കുവഴികളായി മാറുന്നു. ദേശീയ റോഡ് ഏജൻസി പരിശോധിച്ച് അംഗീകാരം നൽകിയ ശേഷം മാത്രം ഇവ ഗതാഗതത്തിനായി തുറന്നു കൊടുക്കുന്നു.

ഡെൻമാർക്കിന്റെ തലസ്ഥാനമായ കോപ്പൻ ഹേഗനിൽ നിന്ന് സ്വീഡന്റെ തെക്കുപടിഞ്ഞാറെ തീരത്തുള്ള Malmot (സ്വീഡന്റെ മൂന്നാമത്തെ വലിയ നഗരം) യുമായി ബന്ധിക്കുന്ന റോഡും റയിലും ചേർന്ന 16 കിലോമീറ്റർ നീളമുള്ള 1991 ൽ പണിതീർത്ത പാലം (Oresun Bridge) സ്വീഡനെ യൂറോപ്പുമായി ബന്ധിക്കുന്നു.

യൂറോപ്പിലെ ഏറ്റവും കാര്യശേഷിയുള്ള പൊതു ഗതാഗത സംവിധാനമാണ് സ്വീഡനിലേത്. വിമാന സർവ്വീസ്, ട്രെയിൻ, ട്രാം, ബസ്സ്, ബോട്ട്, കപ്പൽ എന്നിവയെല്ലാം ആവശ്യാർത്ഥം ലഭ്യമാണ്. മിക്ക സ്ഥലത്തും സൈക്കിളിൽ സവാരി ചെയ്യാൻ വേണ്ട പാതകൾ ഒരുക്കിയിട്ടുണ്ട്. ഓൺ ലൈനായി എവിടെനിന്ന് വേണമെങ്കിലും സൈക്കിൾ വാടകക്കെടുക്കാനും ആവശ്യം കഴിഞ്ഞ് നമുക്ക് ഇഷ്ടമുള്ള ഇടത്ത് സൈക്കിൾ ഉപേക്ഷിച്ച് പോകാനും വേണ്ട സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

സ്വീഡനിലെ വലിയ ജനപ്രീതിയാർ ജിച്ചതും, സ്വാദിഷ്ടവുമായ ഭക്ഷണ വിഭവം മീറ്റ് ബോൾസ് (ഗോമാംസമോ, ആട്ടിറച്ചിയോ ഉപയോഗിച്ച് തയ്യാറാക്കുന്ന മാംസ ഉരുളകൾ) കറുവാപ്പട്ട റൊട്ടികൾ, വരട്ടിയ ഹെറിങ്ങ്, സാൽമൺ എന്നീ പേരുകളുള്ള മത്സ്യങ്ങൾ മുതലായവയാണ്. റെസ്റ്റോറന്റുകളിലെ ഭക്ഷണം ചിലവേറിയതാണ്. പ്രത്യേകിച്ച് മദ്യം കലർന്ന പാനീയങ്ങൾ. സസ്യഭുക്കുകൾക്ക് പിസയും സാലഡുകളും കൂടാതെ ധാരാളം വിഭവങ്ങൾ ലഭ്യമാണ്. കാപ്പിയാണ് ചായയേക്കാൾ സ്വീഡിഷ്കാർക്ക് പ്രിയങ്കരം.

സ്വീഡൻ പൊതുവെ വിലകൂടിയ സ്ഥലമാണ്. ജീവിത വിലവാരവും ജീവിത സൂചികയും ഉയർന്ന് നിൽക്കുന്നവയാണ്. ലോകത്തിലെ ഏറ്റവും കൂടിയ ജി.ഡി.പി (Goss Domestic Product) യുള്ള അഞ്ച് രാജ്യങ്ങളിൽ ഒന്ന് സ്വീഡനായിരിക്കും.

പൊതുഗതാഗത സംവിധാനത്തെ ആശ്രയിക്കുകയും, ഭക്ഷണം കഴിക്കാനുള്ള സ്ഥലങ്ങൾ ശ്രദ്ധയോടെ തിരഞ്ഞെടുക്കുകയും ചെയ്താൽ ഒരു പരിധിവരെ ചിലവ് നിയന്ത്രിക്കാം.

സ്വീഡിഷ് കറൻസി KRONA (kr) 1 Krona ഏതാണ്ട് ഏഴ് ഇൻഡ്യൻ രൂപയ്ക്ക് തുല്യമാണ്. EU വിന്റെ ഭാഗമല്ലെങ്കിലും EU രാജ്യങ്ങളെപ്പോലെ Shenghen വിസ ഇവിടെ സ്വീകാര്യമാണ്.

## GOTHENBERG ലെ ചില വിശേഷങ്ങൾ

തലസ്ഥാന നഗരിയായ Stock Holm കഴിഞ്ഞാൽ സ്വീഡനിലെ രണ്ടാമത്തെ വലിയ നഗരമാണ് Gothenberg. സ്വീഡന്റെ പടിഞ്ഞാറെ തീരത്തുള്ള നഗരത്തിൽ സ്കാൻഡിനേവിയനിലെ ഏറ്റവും വലിയ തുറമുഖം സ്ഥിതി ചെയ്യുന്നു.

Gothenberg-ലെ ജനങ്ങൾ സ്വീഡനിലെ ഏറ്റവും സൗഹാർദ്ദം നിറഞ്ഞവരായി അറിയപ്പെടുന്നു. ഇവിടുത്തെ ജനസംഖ്യ 5.64 ലക്ഷം. 1621 ൽ ഡച്ചുകാർ രൂപകൽപ്പന ചെയ്ത നഗരത്തിന്റെ വിവിധ ഭാഗങ്ങളെ ആംസ്റ്റർഡാമിലെ പോലെ കനാലുകളാൽ ബന്ധിച്ചിരിക്കുന്നു. നഗരത്തിൽ യാത്രക്കായി ട്രാമുകളും, ബസ്സുകളും ട്രെയിനുകളും, ബോട്ടുകളും കൂടാതെ സൈക്കിളുകളും ലഭ്യമാണ്. പല സ്ഥലങ്ങളും നടക്കാവുന്ന ദൂരത്തിലായതിനാൽ നടക്കുന്നതാണ് കൂടുതൽ അഭിലഷണീയമായിട്ടുള്ളത്.

17-ാം നൂറ്റാണ്ടിൽ Gustav II Adolf എന്ന സ്വീഡനിലെ രാജാവ് സ്ഥാപിച്ചതാണ് ഈ നഗരം Middle Ages മുതൽ സ്വീഡന്റെ പടിഞ്ഞാറെ തീരപ്രദേശങ്ങൾ ഡൻമാർക്കിന്റെ നിയന്ത്രണത്തിലായിരുന്നു. അതിനൊരറുതി വരുത്താൻ ഉദ്ദേശിച്ച് കൂടിയാണത്രെ ഈ നഗരത്തിന്റെ നിർമ്മാണം.

തുറമുഖ സൗകര്യമുള്ളതുകൊണ്ട് കച്ചവട താല്പര്യമുള്ള ബ്രിട്ടീഷുകാരും, ഡച്ചുകാരും ജർമ്മൻകാരുമെല്ലാം ഇവിടെ തമ്പടിച്ച് കമ്പിനികൾ സ്ഥാപിച്ച് കച്ചവടം നടത്തിയിരുന്നു. തേയില, തുണിത്തരങ്ങൾ, പലവ്യഞ്ജനങ്ങൾ എന്നിവയായിരുന്നു മുഖ്യ കച്ചവട സാമഗ്രികൾ.

**Gothenberg ലെ പ്രമുഖ വിനോദസഞ്ചാര സ്ഥലങ്ങൾ**

നഗരത്തിന്റെ മദ്ധ്യത്തിൽ തന്നെയാണ് ചരിത്രപ്രധാനമായ Old Town ഈ പട്ടണത്തിന്റെ വടക്ക് ഭാഗത്ത് തുറമുഖവും, കപ്പൽ നിർമ്മാണ കേന്ദ്രവും സ്ഥിതി ചെയ്യുന്നു. ഇതിനടുത്താണ് പ്രസിദ്ധമായ Gustav Adolf Torg എന്ന പ്രധാന കവല. അവിടെ Gustav Adolf ന്റെ ഒരു വലിയ പ്രതിമ സ്ഥാപിച്ചിട്ടുണ്ട്. ഭംഗിയുള്ള നിരവധി കെട്ടിടങ്ങൾ Ostra Kamngatta എന്നറിയപ്പെടുന്ന സ്കാൻഡിനേവിയയിലെ തന്നെ ഏറ്റവും വലിയ ഷോപ്പിംഗ് മാൾ 1856 ൽ സ്ഥാപിച്ച സെൻട്രൽ റെയിൽവേ സ്റ്റേഷൻ. (ആ കെട്ടിടത്തിന്റെ ഉൾഭാഗത്തെ അലങ്കാരങ്ങൾ - ഇന്റീരിയൽ ഡക്കറേഷൻ- സമാനമില്ലാത്തതും, അത്യന്തം ആകർഷകവുമാണ്) Nya Algsvorg എന്ന അടുത്തുള്ള ദ്വീപുകളിലേക്ക് പോകുന്ന വലിയ ബോട്ടുകളുടെ കടവ് Utkikenഎന്ന ഉയർന്ന ഓഫീസ് കെട്ടിടം (അതിന്റെ മുകളിൽ നിന്ന് നഗരത്തിന്റെ മുഴുവൻ ഒരു വിഹഗവീക്ഷണം നടത്താം) Maritimawഎന്ന ലോകത്തിലെ ഏറ്റവും വലിയ ഫ്ളോട്ടിംഗ് ഷിപ്പ് മ്യൂസിയം എന്നിവ മെയിൻ സ്ക്വയറിൽ നിന്ന് നടക്കാവുന്ന ദൂരത്തിൽ സ്ഥിതി ചെയ്യുന്നു.

**Konst Museum**: സ്വീഡനിലെ 12 പ്രമുഖ കാഴ്ചകളിലൊന്നായി ഈ മ്യൂസിയം വിലയിരുത്തപ്പെട്ടിട്ടുണ്ട്. സ്വീഡനിലേയും മറ്റ് സ്കനേഡിയൻ രാജ്യങ്ങളിലെയും യൂറോപ്പിയൻ രാജ്യങ്ങളിലെയും പ്രസിദ്ധ ചിത്രകാരൻമാരുടെ നിരവധി ചിത്രങ്ങൾ അവിടെ പ്രദർശിപ്പിച്ചിട്ടുണ്ട്. മ്യൂസിയത്തിന് ചുറ്റും ഒരു നല്ല പാർക്കും സ്ഥാപിച്ചിട്ടുണ്ട്.

**STADS MUSEUM**: നഗരത്തിലെ ഏറ്റവും വലിയ മ്യൂസിയം. സ്വീഡനിലെ പ്രമുഖ ട്രെയിഡിംഗ് കമ്പനി ആയിരുന്ന സ്വീഡിഷ് ഈസ്റ്റ് ഇൻഡ്യ കമ്പിനിയുടെയും പണ്ടത്തെ വൈക്കിംഗ് വംശത്തിന്റെയും മറ്റും വിശദമായ ചരിത്രരേഖകൾ ഈ മ്യൂസിയത്തിൽ സൂക്ഷിച്ചിട്ടുണ്ട്.

UNIVERSIUM : LISBERG AMUSEMENT PARK (കുട്ടികൾക്കായുള്ള നിരവധി വിനോദ മത്സരങ്ങളും കളികളും ഈ പാർക്കിൽ ഒരുക്കിയിട്ടുണ്ട്) ന്റെ തൊട്ടടുത്താണ് നഗരത്തിലെ ഈ മനോഹര മ്യൂസിയം സ്ഥിതി ചെയ്യുന്നത്. ഇവിടെയും കുട്ടികളെയാണ് കൂടുതൽ ആകർഷിക്കുന്നത്. ഡൈനോസർപോലുള്ള വലിയ മൃഗങ്ങളുടെ അതേ വലിപ്പമുള്ള മോഡലുകൾ അവിടെ പ്രദർശത്തിന് വെച്ചിട്ടുണ്ട്.

Gothenberg ൽ നിന്ന് 1-2 മണിക്കൂർ കടലിലൂടെ ബോട്ടിൽ യാത്ര ചെയ്താൽ എത്താവുന്ന കുറെ ദ്വീപുകൾ വിനോദ സഞ്ചാരികളെ ആകർഷിക്കുന്നു. അവയിലെല്ലാം നീന്താനും കുളിക്കാനും പോകാവുന്ന നിരവധി ബീച്ചുകളുണ്ട്. ഇതുപോലുള്ള ചില ബീച്ചുകൾ Gothenberg നഗരതീരത്തുമുണ്ട്.

വാനേൺ (VANERN) തടാകം : 5600 ചതുരശ്ര കിലോമീറ്റർ ചുറ്റളവുള്ള ഈ തടാകം സ്വീഡനിലെ ഏറ്റവും വലിയ തടാകമാണ്. Gothenberg ന്റെവടക്കുള്ള Trollatan മുതൽ Karlstad വരെ 140 കിലോമീറ്റർ നീണ്ട് കിടക്കുകയാണ് ഈ തടാകം.

**ജനീവ :**

സ്വിറ്റ്സർലന്റിന്റെ പടിഞ്ഞാറേ ഭാഗത്ത് സ്ഥിതി ചെയ്യുന്ന ജനീവയിലാണ് മകനും കുടുംബവും താമസിക്കുന്നത്. ഇംഗ്ലണ്ടിലെ Nottingham ൽ വസിക്കുന്ന മകളുടെ അടുത്തു നിന്ന് ഈസി ജെറ്റിന്റെ ബഡ്ജറ്റ് എയർലൈനിൽ (ലണ്ടനിലെ ലൂട്ടൺ അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്ന്) ഒന്നര മണിക്കൂർ വിമാനത്തിൽ യാത്ര ചെയ്ത് 24 ജൂൺ വൈകുന്നേരം നാലു മണിയോടെ ജനീവ അന്താരാഷ്ട്ര വിമാനത്താവളത്തിൽ എത്തിച്ചേർന്നു. സ്വിറ്റ്സർലന്റിലെ സമയം മറ്റ് വെസ്റ്റ് യൂറോപ്യൻ രാജ്യങ്ങളിലെപ്പോലെ ബ്രിട്ടീഷ് സമയത്തിന് ഒരു മണിക്കൂർ മുമ്പാണ്.

ജനീവയെപ്പറ്റി മുമ്പ് എഴുതിയിട്ടുണ്ട്. കൂടാതെ ജനീവയെക്കുറിച്ച് മനസ്സിലാക്കാൻ എളുപ്പമല്ല. ഭാഷ തന്നെ പ്രധാന പ്രശ്നം. പത്രങ്ങളും ടി.വിയുമെല്ലാം ഫ്രഞ്ചുമയം. കൂടാതെ വളരെയധികം വികേന്ദ്രീകരണം നടപ്പിലാക്കി യിട്ടുള്ള രാജ്യമാണ്. മൂന്നു മാസത്തിലൊരിക്കൽ നടത്തുന്ന ജനഹിത പരിശോധന അനുസരിച്ചാണ് രാജ്യത്തെ പ്രധാന തീരുമാനങ്ങൾ നടപ്പിലാക്കുന്നത്. കേന്ദ്രസർക്കാരിന് അധികാരം വളരെ കുറവാണ്. വിദേശ നയം, പ്രതിരോധം, നോട്ടു നിയന്ത്രണം, എന്നീ മൂന്നു കാര്യങ്ങൾ മാത്രമെ അവരുടെ അധികാര പരിധിയിൽ വരുന്നുള്ളു. തങ്ങളുടെ പഞ്ചായത്തു മെമ്പറുടെയോ പ്രസിഡന്റിയോ പേര് സ്വിസ് ജനത ഓർത്തേക്കും. പക്ഷേ രാജ്യത്തെ പ്രസിഡന്റിന്റെ പേര് (പ്രസിഡന്റ് രണ്ടു വർഷത്തിൽ ഒരിക്കൽ മാറുന്നു.) പലർക്കും അജ്ഞാതമായിരിക്കും. ജനീവയിൽ നിന്ന് പല ഐക്യരാഷ്ട്രസഭയുടെ ഏജൻസികളും പ്രവർത്തിക്കുന്നുണ്ട്. ILO, WITO, UN ന്റെ മേഖല ഓഫീസ്, മുതലായവ. അതിനാൽ ജനീവയിലെ ജീവിത ചിലവ് വളരെ കൂടുതലാണ്. സ്വിറ്റ്സർലന്റിൽ വിനോദസഞ്ചാരികൾക്കായുള്ള ധാരാളം സ്ഥലങ്ങളുണ്ട്. ജനീവയിലെ വലിയ തടാകവും അതിന്റെ ചുറ്റുവട്ടവും വളരെ ആകർഷകമാണ്. വേനൽക്കാലത്ത് (ഞങ്ങളവിടെയുള്ള സമയത്ത് ചില ദിവസങ്ങളിൽ കൂടിയ ചൂട് 30 ഡിഗ്രി സെന്റിഗ്രേഡ് മുകളിലായിരുന്നു.) ഇംഗ്ലണ്ടിലെ Nottingham ൽ ഇടയ്ക്ക് മഴ ലഭിച്ചിരുന്നതിനാൽ ചൂട് 20 - 22 ഡിഗ്രി സെന്റിഗ്രേഡ് മാത്രമായിരുന്നു.

**അജാക്സിയോ**

ജനീവയിൽ നിന്ന് ജൂൺ 29 മുതൽ ജൂലൈ 1 വരെ മൂന്ന് ദിവസങ്ങൾ നീണ്ട ഒരു യാത്ര നെപ്പോളിയന്റെ ജന്മസ്ഥലമായ അജാക്സിയോവിലേക്ക് നടത്തി. ഫ്രാൻസിന്റെ തെക്കു കിഴക്കായി മെഡിറ്ററേനിയൻ കടലിൽ സ്ഥിതി ചെയ്യുന്ന Corsica Island ന്റെ തലസ്ഥാന നഗരിയാണ് അജാക്സിയോ. 1769 മുതൽ Corsica ഫ്രാൻസിന്റെ അധീനതയിലാണ്. എന്നിരുന്നാലും കോഴ്സിക്കൻ നിവാസികൾ അവരുടെ ഭാഷയെ പറ്റിയും ഭക്ഷണത്തെക്കുറിച്ചും (പ്രത്യേകിച്ച് അവരുടെ Wine) സംഗീതത്തെക്കുറിച്ചുമൊക്കെ വളരെ അഭിമാനം കൊള്ളുന്നു. ആശ്ചര്യകരമെന്ന് പറയട്ടെ, 2003 ൽ നടത്തിയ റഫറണ്ടത്തിൽ നേരിയ ഭൂരിപക്ഷത്തോടെ സ്വയംഭരണാവകാശം നിഷേധിക്കപ്പെട്ടു.

നെപ്പോളിയൻ 1769 ൽ അജാക്സിയോവിൽ ജനിച്ചു. അദ്ദേഹത്തിന്റെ പിതാവ് ഇറ്റലിക്കാരനും, മാതാവ് Corsica ക്കാരിയുമായിരുന്നു. അജാക്സിയോവിൽ നെപ്പോളിയൻ ആദ്യത്തെ 9 വർഷങ്ങൾ മാത്രമെ ജീവിച്ചുള്ളു. പിന്നീടുള്ള വിദ്യാഭ്യാസവും തുടർ ജീവിതവുമെല്ലാം പാരീസിൽ ആയിരുന്നു. 1804 ൽ അദ്ദേഹത്തെ ഫ്രാൻസിലെ ചക്രവർത്തിയായി വാഴിച്ചു.

നെപ്പോളിയൻ ബാല്യകാലത്ത് താമസിച്ച വീട് ഒരു മ്യൂസിയമാക്കി പൊതുജനങ്ങൾക്കായി തുറന്നു കൊടുത്തിട്ടുണ്ട്. കൂടാതെ, നെപ്പോളിയന്റെ പിന്നീടുള്ള ജീവിതം വിവരിക്കുന്ന മറ്റൊരു മ്യൂസിയവും അജാക്സിയോ നഗരത്തിലുണ്ട്.

അജാക്സിയോവിലെ പ്രധാന ആഘോഷം നെപ്പോളിയന്റെ ജന്മദിനമായ ആഗസ്റ്റ് 15 നോടനുബന്ധിച്ചുള്ളതാണ്. അദ്ദേഹത്തിന്റെ നിരവധി പ്രതിമകൾ കോഴ്സിക്കയിലുടനീളം കാണാം.

അജാക്സിയോവിലെ ആർട്ട് മ്യൂസിയവും പ്രസിദ്ധമാണ്. Botticeli ,Verunese, Bellim മുതലായ പ്രസിദ്ധ ചിത്രകാരന്മാരുടെ ചിത്രങ്ങൾ അവിടെ കാണാം. Botticeli യുടെ മാസ്റ്റർപീസായി കണക്കാക്കുന്ന “Mother and child supported by an angel” അവിടെ പ്രദർശനത്തിനൊരുക്കിയിട്ടുണ്ട്. Ajaccio ലെ ചരിത്രമ്യൂസിയത്തിൽ രണ്ടാം ലോകമഹായുദ്ധം വരെയുള്ള Corsican ചരിത്രം അടയാളപ്പെടുത്തിയിട്ടുണ്ട്. ജനീവയിൽ നിന്ന് വീണ്ടും ഇംഗ്ലണ്ടിൽ പോയി കുറെ ദിവസം താമസിച്ചു. അവിടെ നിന്നാണ് സ്വീഡൻ Guthenberg ലേക്ക് പോയത്.

Nottingham നടുത്തുള്ള Birmingham എയർപോർട്ടിൽ നിന്ന് ആഗസ്റ്റ് 22 ന് പുറപ്പെട്ട് ഡൽഹി വഴി പിറ്റേ ദിവസം രാവിലെ 10 മണിയോടെ നെടുമ്പാശേരി എയർപോർട്ടിലും 11.30 വീട്ടിലും എത്തി. ജൂൺ 20 ന് തുടങ്ങിയ രണ്ടു മാസത്തി ലേറെയുള്ള യാത്രയ്ക്ക് പര്യവസാനം കുറിച്ചു.

പതിവുള്ള ദിനചര്യയിലേക്ക് മടങ്ങി. എവിടെപ്പോയാലും സ്വന്തം നാടും വീടും തന്നെയാണ് സ്വർഗ്ഗം!

(2019 സെപ്റ്റംബറിൽ തയ്യാറാക്കിയത്)

## എറണാകുളം കരയോഗം - **ചാരിറ്റി പ്രവർത്തനങ്ങൾക്ക് 2020 ഫെബ്രുവരി മാസത്തിൽ സംഭാവന നൽകിയവർ**

| | |
|---|---|
| 1. ശ്രീ. ചെറുപറമ്പത്ത് ബാലകൃഷ്ണൻ, സജ്മ, 28/2449, എസ്. എ. റോഡ്, കടവന്ത്ര-20 | 20,000/- |
| 2. ശ്രീമതി. രേണുക മേനോൻ, പയ്യപ്പിള്ളിൽ ഹൗസ്, കാരൂളിൽ ലെയ്ൻ മാർക്കറ്റ് റോഡ്, തൃപ്പൂണിത്തുറ | 8,985/- |
| 3. ശ്രീ. എം, രാമചന്ദ്രൻ, എ. വൺ, പ്ലാറ്റിനം വിസ്റ്റ, ശാസ്തടെമ്പിൽ റോഡ്, കലൂർ എറണാകുളം- 682017 | 7,000/- |
| 4. ശ്രീ. മഹേന്ദ്രകുമാർ. സി, മഹിമ,61/253, കരിമ്പറ്റ ക്രോസ്സ് റോഡ് ,പള്ളിമുക്ക് | 6,929/- |
| 5. ശ്രീ. ശ്രീ. പ്രതാപചന്ദ്രൻ നായർ.എസ്. ജെ. 702, പൂർവ്വ വെനിസിയ, എലഹങ്ക ന്യൂ ടൗൺ, ബാംഗ്ലൂർ- 560064 | 6,000/- |
| 6. ശ്രീ. ആർ.സുകുമാർ, എളങ്കുളം പാലസ്, കടവന്ത്ര, കൊച്ചി - 682020 | 5,000/- |
| 7. ഡോ. സുരേഷ് ബാബു.ആർ, ഗൗരി, 4/502, മരട്. പി.ഒ, എറണാകുളം-682304 | 5,000/- |
| 8. ശ്രീ. ഡി. മന്മഥൻ നായർ, എ-0101, ചന്ദ്രകുഞ്ച് ആർമി ടൗവ്വർ, AWHO കോംപ്ലക്സ് സിൽവർസാന്റ് ഐലന്റ്, വൈറ്റില-682019 | 5,000/- |
| 9. ശ്രീ. ഓമനക്കുട്ടൻ. പി.ആർ, അപ്പു നിവാസ്, കുഴുപ്പിള്ളി ലെയ്ൻ, കടവന്ത്ര-20 | 5,000/- |
| 10. ശ്രീമതി. പ്രീത ആർ.മേനോൻ, സൗപർണ്ണിക, കെ. പി. വള്ളോൻ റോഡ്, കടവന്ത്ര-20 | 5,000/- |
| 11. ശ്രീ. ജയകൃഷ്ണൻ. പി, ഷിൻജു, വീക്ഷണം റോഡ്, കൊച്ചി | 5,000/- |

# പാതഞ്ജലയോഗദർശനം

കൈതപ്രം വാസുദേവൻ നമ്പൂതിരി ഫോൺ : 9447077203

***പരമാണു പരമമഹത്വാന്തോസ്യ***

**സൂത്രം : - 41**

ക്ഷീണവൃത്തേ : അഭിജാതസ്യേവ മണേ : ഗ്രഹീതൃ ഗ്രഹണ ഗ്രാഹ്യേഷു തത്സ്ഥ തദഞ്ജനതാ സമാപത്തി :

വൃത്തികൾ ക്ഷയിച്ച ചിത്തത്തിൽ ഉത്തമ ജാതി സ്ഫടിക മണി പോലെ ഗ്രഹീതാവ്, ഗ്രഹണം ഗ്രാഹ്യം എന്നിവ ചേർന്ന് ലയിക്കുന്നതാണ് സമാപത്തി.

ക്ഷീണവൃത്തി എന്നേ പറഞ്ഞുള്ളൂ. ശൂന്യ വൃത്തി എന്നു പറഞ്ഞിട്ടില്ല. വൃത്തികൾ കുറഞ്ഞ്, അതായത് ഒരു വൃത്തി മാത്രം ശേഷിച്ച്, മറ്റുള്ള വൃത്തികളല്ലാം അഭ്യാസ വൈരാഗ്യങ്ങളാൽ നിരോധിക്കപ്പെട്ട അവസ്ഥ. പ്രമാണ- വിപര്യയ- വികല്പ - നിദ്രാ- സ്മൃതികളാണ് വൃത്തികൾ. അവ തന്നെ രാജസ താമസ, സാത്വിക ഭേദങ്ങളിലുണ്ട്. അതിനാൽ ചിത്തം, മൂഢം, വിക്ഷിപ്തം, ഏകാഗ്രം, നിരുദ്ധം എന്നീ അഞ്ച് ഭൂമികകളിലിരിക്കും. ഇവയിൽ ആദ്യത്തെ മൂന്നും രാജസങ്ങളാണ്. അത് കടക്കുമ്പോഴാണ് ചിത്തത്തിൽ കർമ്മ പ്രേരകങ്ങളായ പ്രത്യയങ്ങൾ അസ്തമിക്കുന്നത്. ചിത്തം ഏകാഗ്രഭൂമികയിൽ പ്രവേശിക്കുമ്പോൾ അത് ഏക വൃത്തിയിൽ ഏകാഗ്രമാവുന്നു. നിർമലമാവുന്നു, സ്വച്ഛമാവുന്നു.

ചിത്തത്തിലെ വൃത്തി ധ്യേയ വസ്തുക്കളെക്കൊണ്ടാണുണ്ടാകുന്നത്. അവ മൂന്നു വിഭാഗത്തിൽ പെടും. ഗ്രഹിതാവ്, ഗ്രഹണം, ഗ്രാഹ്യം.

ഗ്രഹിതാവ് പുരുഷൻ അഥവാ ഞാൻ തന്നെ. ഈശ്വര തത്ത്വവും മുക്താവസ്ഥയുമൊക്കെ ഇതിൽ പെടും.

ഗ്രഹണമെന്നാൽ ഇന്ദ്രിയങ്ങൾ, ഗൃഹ്യതേ അനേന (ഇതുകൊണ്ട് ഗ്രഹിക്കുന്നു) എന്നതിനാൽ ഗ്രഹണം. ഇന്ദ്രിയങ്ങളെ (കരണങ്ങളെ) കൊണ്ടാണ് നാം ഗ്രഹിക്കുന്നത്. അഞ്ചു ജ്ഞാനേന്ദ്രിയങ്ങളും അഞ്ചു കർമ്മേന്ദ്രിയങ്ങളും ബാഹ്യ കരണങ്ങളാണ്.

മനസ്സ്, ബുദ്ധി, അഹങ്കാരം, ചിത്തം എന്നിവ അന്ത:കരണങ്ങളുമാണ്.

ഗ്രാഹ്യങ്ങൾ ഇന്ദ്രിയങ്ങളാൽ ഗ്രഹിക്കപ്പെടേണ്ടവയാണ്. അവ മൂന്നു തരമുണ്ട്. ആകാശാദി 5 സ്ഥൂല ഭൂതങ്ങളും ശബ്ദാദി 5 സൂക്ഷ്മ ഭൂതങ്ങളും സൂക്ഷ്മതരമായ (കാരണമായ) പ്രകൃതിയും.

ഈ ധ്യേയ വസ്തുക്കൾ ശുദ്ധമായ ചിത്തത്തിൽ സ്ഥിതമാവുകയും (തത്സ്ഥ) ചിത്തം അതിന്റെ രൂപം പ്രാപിക്കുകയും (തദ് അഞ്ജനതാ) ചെയ്യും. ഇതിനെയാണ് സമാപത്തി എന്നു പറയുന്നത്.

ആപദിക്കുക (ആങ് പദ ഗതൗ) എന്നാൽ പ്രാപിക്കുക, പ്രവേശിക്കുക, അകപ്പെടുക എന്നൊക്കെയാണർത്ഥം. ഗർഭിണിക്ക് 'ആ പന്ന സത്വാ' എന്നു പേരുണ്ട്. ഉള്ളിൽ സത്വം പ്രവേശിച്ചവൾ എന്നർത്ഥം. സത്വത്താൽ പ്രാപിക്കപ്പെട്ടവൾ എന്നും പറയാം. സമ്യക്കായി (വേണ്ടവണ്ണം) ആപദിക്കുന്നതാണ് സമാപത്തി.

സമാപത്തി സമാധി തന്നെയാണെന്നു വാദിക്കുന്നവരും ഉണ്ട്. ഈ സമാപത്തിയെ മനസ്സിലാക്കിത്തരാൻ പതഞ്ജലി സ്ഫടിക (പളുങ്ക്) മണിയുടെ ഉദാഹരണം പറയുന്നു.

ഒരു നിറമുള്ള കടലാസിന്റെ മേലെ ഒരു കല്ലിന്റെ കഷണം വെച്ചു എന്നു കരുതുക. ഇവിടെ കടലാസിന്റെ നിറം കല്ലിനെ ഒട്ടും ബാധിക്കില്ല. എന്നാൽ അതേ കടലാസ്സിന്റെ മേലെ ഒരു സുതാര്യമായ സ്ഫടികകട്ട വച്ചാലോ. ഇവിടെ അത്ഭുതം കാണാം. ആ കട്ട ആ കടലാസ്സിന്റെ നിറം കടം കൊള്ളും. ആ സ്ഫടികക്കട്ടയുടെ സുതാര്യത കൂടുന്നതനുസരിച്ച് നിറം ഒപ്പിയെടുക്കുന്നതിന്റെ അളവു കൂടും. അത് പൂർണ്ണമായും നിഷ്കളങ്കമായാൽ തീർത്തും തെളിഞ്ഞാൽ സ്ഫടികം കാണില്ല. അതു വെച്ച പ്രതലം മാത്രമേ കാണൂ. കട്ട അവിടെ ഉണ്ട്. പക്ഷെ കാണില്ല.

ഇതുപോലെ മനസ്സ് (ചിത്തം) അതിലെ എല്ലാ വാസനകളെയും വൃത്തികളെയും കളഞ്ഞ് ധ്യേയ വസ്തുവിൽ മാത്രം ആശ്രയിച്ചാൽ ആ നിറം മാത്രമേ കാണൂ. മനസ്സില്ലാതാകും, ആ വസ്തു മാത്രമാകും. മനസ്സ് പൂർവ്വജന്മങ്ങളിലേയും മറ്റും സംസ്കാരങ്ങളാലും ആഗ്രഹങ്ങളാലും പ്രേരണകളാലും നിറഞ്ഞതാണ്. സമ്പാദിക്കണം. സന്തോഷിക്കണം, ദു:ഖം കളയണം, ആകർഷിക്കണം, ആകർഷിക്കപ്പെടണം എന്നൊക്കെയുള്ള വൃത്തികൾ മനസ്സിൽ നിറഞ്ഞിട്ടുണ്ട്. യമ നിയമങ്ങളുടെ അഭ്യാസത്തിലൂടെയും വൈരാഗ്യത്തിലൂടെയും ഈ സംസ്കാരങ്ങളെ ദുരീകരിക്കണം. നമ്മൾ നാൾക്കുനാൾ ഇന്ദ്രിയങ്ങളിലൂടെ ബാഹ്യലോകത്തിൽ നിന്ന് സമ്പാദിക്കുന്ന നിറങ്ങൾ ഉണ്ട്. ആസനം, പ്രാണായാമം, പ്രത്യാഹാരം ഇവയുടെ അഭ്യാസവും വൈരാഗ്യം കൊണ്ട് ഇവയെ കളയാം. ഇനിയുള്ളത് ആന്തരികമായ പ്രേരണകളാണ്. ശേഖരിച്ചു വെച്ച ചിത്രങ്ങളാണ്. ധാരണയുടെയും ധ്യാനത്തിന്റെയും ആവശ്യകത ഇവിടെയാണ്. അതിലൂടെ ഇവയെ ദൂരികരിക്കും. എങ്കിലും ഒരു ധ്യേയ വസ്തു ശേഷിക്കും. അതുകൊണ്ട് ഇതിനെ (സബീജ) സമാധി എന്നു പറയും. ആ ബീജവും നാശമടഞ്ഞാൽ നിർബീജ സമാധിയാകും.





**കവിത**

# അരുതുകൾ

കല്പകം സോമരാജൻ, ഫോൺ : 9895453072

അരുതുകളോരായിരം നില്ക്കവേ കൂസാതെ
വിരുതുകൾ ചമക്കുന്നു വിജ്ഞരും നിർഭയം
അരുതെന്നു ചൊല്ലുന്നതെന്തിനെന്നീക്കൂട്ടർ
പരമസത്യങ്ങളെ പാടേ ഹനിക്കുന്നു.
ഒരു തെറ്റുമേശാതെ ചോദ്യങ്ങളില്ലാതെ
പൊരുളിൻ രഹസ്യങ്ങളേതും തിരിയാതെ
വിരവിൽ തിരിയുമീ ലോകചക്രത്തിന്റെ
വിരുതിൽ ഭ്രമിച്ചു നാം നിത്യം നമിക്കണം.
സൂര്യദേവൻ വരും തൻ തേരിൽ നിത്യവും
പാടും പറവകൾ, പൂക്കൾ ചിരിച്ചിടും
സന്തോഷ സന്താപ സമ്മിശ്ര സാന്ത്വന-
ചിന്താധരണിയിലാണ്ടു പോം ലോകവും.
ഇന്ന കാര്യങ്ങൾ നാം ആചരിച്ചീടണം.
ഒല്ലാത്ത കാര്യങ്ങളൊക്കെ ത്യജിക്കണം
കാലം മറഞ്ഞൊരാ പൂർവ പിതാക്കള-
ന്നോതിയ കാര്യങ്ങൾ നിത്യം സ്മരിക്കണം.
നല്ല കാര്യങ്ങളെ ചർവ്വണം ചെയ്തിടും
മുത്തശ്ശിക്കാലങ്ങളസ്തമിച്ചീടവേ
ഇന്നിനെ ചൊല്ലിയിന്നാധിയേറെങ്കിലും
വല്ലായ്മയേറും പഴമയെക്കൊള്ളുവാൻ.
പാണന്റെ പാട്ടിന്റെ അന്തർഗ്ഗതങ്ങളെ
പാടെ ത്യജിക്കാതെ ചൂഴ്ന്നൊന്നു നോക്കണം
പാറി നില്ക്കും നല്ല ജീവതത്വങ്ങളാ -
പാട്ടിൻ പൊരുളായി വന്നിടും നിശ്ചയം.
ഭദ്രദീപം കൊളുത്തീടണം സന്ധ്യകൾ -
നില്കെ ജപിക്കണം ദൈവ നാമങ്ങളെ
പ്രകൃതിയും സന്ധ്യയ്ക്കു ദീപം തെളിച്ചിട്ടു -
കൂചനം ചെയ്വൂ തിരുവചനങ്ങളെ.
സ്നേഹദീപം തന്നെ വേണം ജ്വലിക്കുവാ -
നെന്നു നാം ശാഠ്യം പിടിക്കുന്നതെന്തിന്
വിദ്യുത് പ്രവാഹം വരില്ലെ ചുമരിലെ
സ്വിച്ചൊന്നമർത്തിയാൽ തീർന്നു പ്രയത്നവും.
പുത്തൻ തലമുറക്കുത്തരമായിട്ടു
ചൊല്ലുന്നു മുത്തശ്ശിമെല്ലവേ സസ്മിതം
എണ്ണത്തിരിയിൽ നിന്നുൽഭൂതമാകുന്ന
സിദ്ധികൾ ഔഷധ ശക്തികളൊക്കവെ
ആരറിയുന്നൂ പ്രകൃതി നൽകീടുമീ
രോഗപ്രതിരോധ ശക്തികളൊക്കവേ.
കാവുകൾ വേണം കുളങ്ങളും കാക്കണം
നാഗദൈവങ്ങളെ പൂജിച്ചു വാഴ്ത്തണം
ഇച്ചൊന്നതെല്ലാം വെറും പുച്ഛമാണിന്ന്
പുത്തൻ തലമുറക്കൊക്കെയും സംശയം.
മുറ്റത്തൊരു തറ വേണം തുളസിക്ക്
ചെത്തി മന്ദാരവും പിച്ചക വള്ളിയും
മുക്കുറ്റി മുല്ലയും ബ്രഹ്മിയും തുമ്പയും
മൊട്ടിട്ടു നില്ക്കും പ്രഭാതം വിരിയണം.
മുറ്റത്തു നില്ക്കുമിപ്പാഴ്ച്ചെടിക്കൂട്ടത്തി -
ന്നൗഷധമൂല്യങ്ങളറിയാത്ത ജന്മങ്ങൾ
ഞങ്ങളാണെല്ലാമറിഞ്ഞവരെന്നോർത്ത്
പൊങ്ങച്ച നാട്യം തുടരുന്നു കഷ്ടമേ !
ഗണിതരേ കൂപ്പണം ശ്രേഷ്ട ഗുരുക്കളെ
കണ്ടാലെഴുന്നേറ്റു വന്ദനം ചൊല്ലണം
ഇച്ചൊല്ലു കേൾക്കാനൊരിത്തിരി നേരം
മെനക്കെട്ടു നിന്നിടാ സമയമില്ലൊന്നിനും.
ദാനധർമ്മാദികളെന്നും പുലരണം
ദോഷൈകദൃക്കായ് വദിക്കണം കാര്യങ്ങൾ
ദീനരെ കാക്കണം തങ്ങൾക്കുചിതമാം-
തോതിലെന്നോതുന്നു വേദങ്ങളും സദാ..
കേട്ടു പഠിക്കാൻ തികയാ സമയമി -
ന്നേറെ പുതുകാര്യമുണ്ടു ചെയ്തീടുവാൻ
ആചരിച്ചീടുമനുഷ്ടാനമൊക്കെവേ
അന്ധമെന്നോതുന്നു ചിന്തിച്ചിടാതിവർ.
കാലന്റെ കർമ്മങ്ങൾ കാലത്തിനല്ലാതെ
ലോകത്തിലാർക്കും തിരുത്താൻ കഴിവീല
വേല കാട്ടുന്നൊരൈന്ദ്രജാലക്കാരി-
ലോലമാടി കളിക്കുന്നു കൺകളിൽ.

**ആക്ഷേപങ്ങളും അഭിപ്രായങ്ങളും**

# ഹന്ത! ഭാഗ്യം ജനാനാം

**ഡോ. ചന്ദ്രിക ശങ്കരനാരായണൻ ഫോൺ : 9497006881**

എറണാകുളം കരയോഗത്തിന്റെ ശിരസ്സിലണിഞ്ഞിരിക്കുന്ന പൊൻ കിരീടത്തിൽ കോഹിനൂർ രത്നം കൂടി പതിച്ചതുപോലുള്ള പ്രതീതിയാണ് 'രാധേയത്തിന്റെ' കഥ ഉള്ളിലുണർത്തുന്നത്.

ഈ മനോഹര സൗധത്തിന്റെ ആവിർഭാവത്തിന് അനുഗ്രഹം വാരിക്കോരി വർഷിച്ച സാക്ഷാൽ ഗുരുവായൂരപ്പന്റെ തൃപ്പാദമലരുകളിൽ ശതകോടി പ്രണാമങ്ങൾ അർപ്പിക്കട്ടെ. കേവലം 778 ദിവസംകൊണ്ട് ഇങ്ങനെയൊരു ബഹുനില മന്ദിരം പണിതുയർത്തി എന്നു പറയുമ്പോൾ അതിന്റെ രഹസ്യം മറ്റൊന്നുമല്ല തന്നെ !

യത്രയോഗേശ്വരകൃഷ്ണോ
യത്രപാർത്ഥോ ധനുർ ധര :
തത്രശ്രീർ വിജയോഭൂതിർ
ധ്രുവാ നിതിർ മതിർ മമ .

എന്ന സഞ്ജയ വാക്യത്തോടെയാണല്ലോ ശ്രീമദ് ഭഗവദ്ഗീത അവസാനിക്കുന്നത്. ആ വരികളുടെ അർത്ഥം സാർത്ഥകമാക്കുന്നതാണ് രാധേയത്തിന്റെ കഥ. ധനുസ്സേന്തിയ അയ്യായിരത്തോളം അർജ്ജുനന്മാർ കർമ്മ വീര്യത്തോടെ – സമർപ്പണബുദ്ധിയോടെ – പ്രതിജ്ഞാബദ്ധരായി നില്ക്കുമ്പോൾ യോഗേശ്വരനായ കൃഷ്ണന് കണ്ടില്ലെന്നു നടിക്കാനാവുമോ ? ഇല്ലേയില്ലെന്ന് ഇതാ ഒരിക്കൽ കൂടി ഭഗവാൻ തെളിയിച്ചിരിക്കുന്നു !

ഗുരുവായൂരിൽ ചെറുതും വലുതുമായ നിരവധി അതിഥിമന്ദിരങ്ങൾ ഉണ്ടെങ്കിലും ഭഗവത്ഗീതയെ നമസ്കരിച്ച ശേഷം അകത്തു പ്രവേശിക്കാനുള്ള ഭാഗ്യം മറ്റൊരിടത്തും ഉള്ളതായി അറിവില്ല. മഹത്തായ ഈ വിവേകം ആരുടെ ബുദ്ധിയിലുദിച്ചതായാലും പ്രത്യേകം അഭിനന്ദനം അർഹിക്കുന്നു.

സർവ്വോപനിഷദോ ഗാവോ
ദോഗ്ധാ ഗോപാല നന്ദന :
പാർത്ഥോ വത്സ : സുധീർ ഭോക്താ

**ദുഗ്ധം ഗീതാമൃതം മഹത്.** എന്ന ശ്ലോകം ഇവിടെ ഓർമ്മിക്കുക. ഭഗവദ്ഗീതയുടെ വൈശിഷ്ട്യം മുഴുവൻ വിളംബരം ചെയ്യുവാൻ മറ്റൊരു വ്യാഖ്യാനം ആവശ്യമില്ല. ക്രിസ്ത്യാനിക്ക് ബൈബിൾപോലെ, ഇസ്ലാമിനു ഖുറാൻപോലെ ഹിന്ദുവിന്റെ വിശുദ്ധഗ്രന്ഥം ഏതെന്നു ചോദിച്ചാൽ ഒറ്റ വാക്കിൽ ഉത്തരം പറയാം. 'ശ്രീമദ് ഭഗവദ്ഗീത.'

'രാധേയം' എന്ന പേരും ഏറ്റവും അനുയോജ്യമെന്നു പറയാതെ വയ്യാ. കൃഷ്ണന് രാധ കഴിഞ്ഞേ ഈ പ്രപഞ്ചത്തിൽ മറ്റെന്തും ഉണ്ടായിരുന്നുള്ളൂ. വൃന്ദാവനത്തോട് എന്നെന്നേക്കുമായി വിട പറഞ്ഞ്, അക്രൂരനോടൊപ്പം തേരിൽ കയറി യാത്രയാകുമ്പോൾ അടുത്തു വിളിച്ച് ആശ്ലേഷിച്ചത് രാധയെ മാത്രമാണ്. ജീവാത്മപരമാത്മ ബന്ധമാണ് അവിടെ ജ്ഞാനികൾ കാണുന്നത്. ആ നിലയ്ക്ക്, ഗുരുവായൂരപ്പന്റെ (ശ്രീകൃഷ്ണ ഭഗവാന്റെ) തിരുസന്നിധിയിൽ ശിരസ്സുയർത്തി നില്ക്കുന്ന മണിമന്ദിരത്തിന് ഇത്രയും അനുയോജ്യമായ മറ്റൊരു പേരില്ല തന്നെ.

ഒരേയൊരു ജില്ലയിലെ നായർ സമുദായാംഗങ്ങൾ മാത്രം ഉൾപ്പെടുന്ന എറണാകുളം കരയോഗത്തിന്റെ പ്രവർത്തനശൈലി ആരെയും വിസ്മയിപ്പിക്കുന്നതാണ്. ഈ സഹകരണവും, ഉത്സാഹവും, കർമ്മകുശലതയും എന്നെന്നും നിലനില്ക്കട്ടെയെന്ന ഹൃദയപൂർവ്വം ആശംസിക്കുന്നു.

നന്മ നേർന്നുകൊണ്ട്

## എറണാകുളം കരയോഗം
# വിഷു വിപണനമേള

2020 ലെ എറണാകുളം കരയോഗം വിഷു വിപണനമേള ഏപ്രിൽ മാസം 7–ാം തീയതി മുതൽ 14–ാം തീയതി വരെ ടി.ഡി. എം. ഹാളിൽ നടത്തപ്പെടുന്നതാണ്. വിഷുദിനത്തിൽ (ഏപ്രിൽ 14) പാലട, പരിപ്പുപ്രഥമൻ എന്നിവ ലഭിക്കുന്നതിന് കരയോഗം ഓഫീസിൽ മുൻകൂർ പണമടച്ച് ബുക്കു ചെയ്യേണ്ടതാണ്. ഏപ്രിൽ 6 മുതൽ 13 വരെ ബുക്കു ചെയ്യുന്നവർക്കു മാത്രമേ വിഷുദിനത്തിൽ പാലട, പരിപ്പുപ്രഥമൻ എന്നിവ ലഭിക്കുകയുള്ളു. 14–ാം തീയതി രാവിലെ 9.00 മണി മുതൽ 10.00 മണിവരെ മാത്രമേ വിതരണം ഉണ്ടായിരിക്കുകയുള്ളൂ. വിപണനമേളക്കുവേണ്ടി ടി.ഡി. എം ഹാളിൽ പ്രത്യേകം സജ്ജീകരിക്കുന്ന കൗണ്ടറിൽ നിന്നും പാലട, പ്രഥമൻ, കാളൻ, പുളിയിഞ്ചി മറ്റ് അച്ചാറുകൾ എന്നിവ ലഭിക്കുന്നതായിരിക്കും.

ജനറൽ സെക്രട്ടറി





# ശ്രീരാമവർമ്മ ഹൈസ്ക്കൂൾ

**എസ്. ശ്രീകുമാർ**

ശ്രീരാമവർമ്മ ഹൈസ്ക്കുൾ– അതെ അത് തന്നെയാണ് എന്റെ പ്രിയ വിദ്യാലയം തന്നെ താനാക്കിയ കാലാലയത്തിന്റെ ഇടനാഴിയിൽ നിൽക്കുമ്പോൾ ഞാൻ എന്നെ തന്നെ ഒരു പക്ഷെ മറന്നു പോകുന്നു ഉയരക്കുടുതലുള്ള മച്ചിൽ പ്രാവുകൾ കുറുകുമ്പോൾ ഇടനാഴിയുടെ അങ്ങേതലക്കൽ ആരുടെയെങ്കിലും പതിഞ്ഞ പാദസ്പർശം കേൾക്കുന്നുവോ? അതെ ആയിരങ്ങളെ ,പതിനായിരങ്ങളെ അക്ഷരത്തിന്റെ വെള്ളി വെളിച്ചത്തിലേക്ക് കൈ പിടിച്ചാനയിച്ച ഗുരുഭൂതന്മാരുടെ പാദസ്പർശം ആണ് ഞാൻ കേട്ടത് അവരുടെ ദിപ്തമായ സ്മരണക്കു മുന്നിൽ ബാഷ്പാഞ്ജലി അർപ്പിക്കട്ടെ!

1818– ൽ കൊച്ചിയിൽ ആദ്യമായി മട്ടാഞ്ചേരിയിൽ റവ: സൂസൻ പാതിരി ഒരു ഇംഗ്ലിഷ് വിദ്യാലയം തുടങ്ങി . വിദ്യാർത്ഥികളെ കിട്ടാതെ മുന്നു വർഷത്തിന്നു ശേഷം അതു പുട്ടി പോയെങ്കിലും സർക്കാർ മേഖലയിൽ ഇംഗ്ലിഷ് സ്ക്കുളുകൾ സ്ഥാപിക്കുന്നതിന് അത് കാരണമായി

1835 ൽ തൃശവപേരുരും തൃപ്പുണിത്തുറയിലും ഓരോ ഇംഗ്ലിഷ് എലിമെന്ററി സ്ക്കുൾ സ്ഥാപിച്ചുകൊണ്ട് സർക്കാർ തുടക്കമിട്ടു . 1845 ൽ എറണാകുളത്ത് സ്ഥാപിതമായ ഇംഗ്ലിഷ് എലമെന്ററി സ്ക്കുൾ ആണ് എ സ് ആർ വി സ്ക്കുൾ.

1845 ൽ മി.കെല്ലി എന്ന സായിപ്പിനെ അദ്ധ്യാപകനായി നിയമിച്ചു. കൊച്ചിൻ രാജാ സ്കുൾ എന്ന പേരിൽ ഒരു ഏകാദ്ധ്യാപക എലിമെന്ററി ഇംഗ്ലിഷ് സ്ക്കുൾ സ്ഥാപിച്ചുകൊണ്ട് ദിവാൻ ശങ്കരവാര്യർ ഉത്തരവായി

1865 ൽ സ്ക്കുളിന്റെ പേര് എച്ച് എച്ച് ദി രാജസ് സ്കൂൾ എന്നുമാറ്റി മിസ്റ്റർ മി. എ. എഫ്. സിലി ഹെഡ് മാസ്റ്ററായിനിയമിക്കപ്പെട്ടു.

സ്കൂളിന്റെ പുരോഗതിക്ക് നിസ്തുലമായ സേവനമാണ് ഈ മഹാൻ നൽകിയിട്ടുള്ളത്.

1868 ൽ ആദ്യ ബാച്ച് വിദ്യാർത്ഥികൾ മദ്രാസ് യുണിവേഴ്സിറ്റിയുടെ മെട്രിക്കുലേഷൻ പരിക്ഷ എഴുതി. പ്രശസ്ത വിജയം നേടിയ സ്കൂളിന് പുതിയ കെട്ടിടം നിർമ്മിച്ചു നൽകാൻ തമ്പുരാൻ തയ്യാറായി. 1870 ജുലൈ 26ന് പുതിയ സ്കൂൾ കെട്ടിടം ഉത്ഘാടനം ചെയ്യപ്പെട്ടു. 1875 ൽ സ്ക്കുൾ സെക്കൻഡ് ഗ്രേഡ് കോളേജായി ഉയർത്തി മദ്രാസ് യുണിവേഴ്സിറ്റിയിൽ ബന്ധിപ്പിച്ചു.

മി.സിലിയെത്തന്നെ പ്രിൻസിപ്പലായി നിയമിച്ചു. സ്ഥാപനത്തിന്റെ കനകജൂബിലി മഹാരാജാവിന്റെയും ദിവാന്റെയും സാന്നിദ്ധ്യത്തിൽ 1925 ൽ ആഘോഷപൂർവ്വം കൊണ്ടാടി. ആ കൊല്ലം തന്നെ മഹാരാജാസ് കോളേജ് എന്നു പേര് മാറ്റി ഒന്നാം ഗ്രേഡ് കോളേജാക്കി ഉയർത്തി. വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും എണ്ണം ഏറി. സ്കുൾ വിഭാഗം കോളേജ് വളപ്പിൽനിന്നു മാറ്റേണ്ടത് ആവശ്യമായി.കാരക്കാട്ട് കുടുംബക്കാർ നൽകിയ സ്ഥലത്ത് 1934 ൽ ഇന്നത്തെ സ്കൂൾ പ്രവർത്തനം ആരംഭിച്ചു. ശ്രീ കെ.രാമൻ മേനോൻ. എം. എ. എൽ. റ്റി. ആയിരുന്നു ആദ്യ ഹെഡ്മാസ്റ്റർ ദേശിയ അന്തർദേശിയ തലത്തിൽ പ്രസിദ്ധരായ നിരവധി പ്രതിഭകളെ സംഭാവന ചെയ്ത സ്കൂളിന്റെ 150–ാമത് വാർഷികം 1995 ൽ കെങ്കേമമായി കൊണ്ടാടി.

1991 ൽ വൊക്കെഷണൽ ഹൈയർ സെക്കന്റെറി വിഭാഗവും 2000 ൽ ഹയർസെക്കന്റെറി വിഭാഗവും ആരംഭിച്ചു പഴയകാലത്ത് ഉദ്ദേശം 3000 ത്തോളം വിദ്യാർത്ഥികൾ (1 മുതൽ 10 വരെ) ഉണ്ടായിരുന്ന സ്ഥാനത്ത് ഇന്ന് 600 വിദ്യാർത്ഥികൾ മാത്രമാണുള്ളത്. ഇന്ന് എസ് ആർവി സ്കൂളിൽ കേന്ദ്രഗവൺമെന്റിന്റെ കസ്റ്റ്മ്സ് ഡിപ്പാർട്ട്മെന്റിന്റെ നേതൃത്തിൽ കസ്റ്റ്മ്സ് കേഡറ്റ് കോർപ്സ് എന്ന വിഭാഗം പ്രവർത്തിച്ചു വരുന്നു. പൊതുവായുള്ള അച്ചടക്കത്തിനു പുറമെ സാമ്പത്തിക അച്ചടക്കം നേതൃത്വപരിശീലനം എന്നിവയും ഇതിന്റെ ഭാഗമാണ് കൂടാതെ ഒരു പൈതൃക ക്ലബ്ബും പ്രവർത്തിച്ചു വരുന്നു എസ് ആർ വി സ്കൂൾ തന്നെ ഒരു പൈതൃക മന്ദിരമായി വിശേഷിപ്പിക്കുന്നതാണ്. ഡൽഹി ആസ്ഥാനമായിട്ടുള്ള INDACH എന്ന സംഘടനയുമായി യോജിച്ച് പൈതൃക അവബോധം കുട്ടികളിൽ സൃഷ്ടിക്കാനും മറ്റുമായി ഒരു ഡോക്യൂമെന്ററി നിർമ്മിക്കാൻ ഉദ്ദേശിക്കുന്നു. എസ് ആർ വി സ്കൂളിന്റെ മുഖ്യകെട്ടിടം സുക്ഷ്മതയോടെ നോക്കിയാൽ നിങ്ങൾക്ക് ഒരു കാര്യം മനസ്സിലാകും,അത് ഇംഗ്ലിഷ് അക്ഷരമാല ക്രമത്തിലെ എച്ച് മോഡലിലാണ് പണിതിരിക്കുന്നത് എന്ന്. മുഖ്യ കെട്ടിടത്തിനോടുകൂടി നാളി

തുവരെ ഒന്നും ചേർത്തു പണിതിട്ടില്ല, ബാക്കിയുള്ള കെട്ടിടങ്ങളെല്ലാം തന്നെ പല കാലങ്ങളിൽ അതാത് സമയത്തെ ആവശ്യപ്രകാരം ചേർക്കപെട്ടിട്ടുളതാണ്. ഉദാഹരണത്തിന് തെക്കും വടക്കും ഭാഗത്ത് കിഴക്ക് പടിഞ്ഞാറായി പണിതിരിക്കുന്ന കെട്ടിടങ്ങൾ. അതുപോലെ തന്നെ പടിഞ്ഞാറുഭാഗത്തെ രണ്ടു നില കെട്ടിടം. പണ്ട് കുട്ടികളുടെ ആധിക്യം മൂലം വടക്ക് പടിഞ്ഞാറായി ഒരു ഓല മേഞ്ഞ ഷെഡ് പണിതിരുന്നു .പിന്നിട് അത് പൊളിച്ചു മാറ്റി. അഞ്ച് ഏക്കറോളം വരുന്ന സ്കൂൾ കോമ്പൗണ്ടിന്റെ ഒത്ത നടുക്കായി തന്നെ സ്കൂളിന്റെ ആരംഭകാലത്ത് തന്നെ ഒന്നാന്തരം ഒരു സ്ഥിരം ഹാൾ പണിതത് ഇന്നും കേടുകൂടാതെ നിലനിൽക്കുന്നു. പഴയക്കാലത്ത് എൽ.പി.മുതൽ ഹൈസ്കൂൾ വരെ (ഒന്ന് മുതൽ പത്ത് വരെ) ഈ ഒറ്റ കോമ്പൗണ്ടിൽ തന്നെ ഒറ്റ ഹെഡ് മാസ്റ്ററുടെ കീഴിലായിരുന്നു പ്രവർത്തിച്ചിരുന്നത്. കാലാന്തരത്തിൽ എൽ.പി.സ്കൂളിന് പ്രത്യകം കെട്ടിടം നിർമ്മിക്കുകയാണ് ഉണ്ടായത്, ഇന്ന് യു.പി.എച്ച്.എസ്, ഹയർ സെക്കന്ററി എന്നിവ ഒരു കോമ്പൗണ്ടിൽ പ്രത്യേകം ഹെഡ്മാസ്റ്റർമാരുടെ കീഴിൽ പ്രവർത്തിച്ചു വരുന്നു. പണ്ട് സ്കൂളിന്റെ പ്രവർത്തനസമയത്ത് പ്യൂണായും രാത്രികാലത്ത് സ്കൂൾ കാവൽക്കാരനായും മാറുന്ന പ്യൂൺ കുടുബസമേതം ഈ കോമ്പൗണ്ടിൽ തന്നെയാണ് താമസിച്ചിരുന്നത്. പ്യൂൺ ലക്ഷ്മണനെ ഓർമ്മയില്ലാത്ത പഴമക്കാർ ചുരുക്കം. ഇന്ന് ആ കെട്ടിടം നിലവിലില്ല, സ്ക്കുളിന്റെ പ്രധാന കെട്ടിടം രണ്ടു നിലകളിലായിട്ടാണ് നിർമ്മിച്ചിരിക്കുന്നത്.

173 വയസ്സു പിന്നിട്ട ഈ കലാലയത്തിന്റെ മുന്നിൽ നിൽക്കുമ്പോൾ ഓർമ്മകളുടെ ഒരു വേലിയേറ്റമാണ് എന്റെ മനസ്സിൽ നടക്കുന്നത്. പണ്ട് നാലാം ക്ലാസ്സ് കഴിഞ്ഞാൽ ഒരു അര ക്ലാസ്സ് ഉണ്ടായിരുന്നു അതായത് നാലര ക്ലാസ്സ് എന്ന ഒന്ന്. ആ അര ക്ലാസ്സിനു വേണം ഒരു കൊല്ലം. ഭാഗ്യവശാൽ ആ അര ക്ലാസ്സ് താണ്ടിയാണ് ഞാൻ എത്തിയത്. പണ്ട് എഴാം ക്ലാസ്സ് പബ്ലിക്ക് എക്സാമായിരുന്നു. 65 എസ്. എസ്. എൽ .സി.ബാച്ചുക്കാരനാണ് ഞാൻ. പണ്ട് പത്താം ക്ലാസ്സിൽ മലയാളം സെക്കന്റ് പേപ്പറിന് പകരം ഡൈവേഴ്സിഫൈഡ് എന്ന ഒരു തൊഴിലധിഷ്ഠിത കോഴ്സ് ഉണ്ടായിരുന്നു, മലയാളം രണ്ടാം പേപ്പറിന്റെ സമയത്ത് ടൈപ്പ് റൈറ്റിഗ്, പ്രിന്റിങ് ഏതെങ്കിലും ഒന്ന് ആ സമയത്ത് പഠിക്കാവുന്നതാണ് ടൈപ്പ് റൈറ്റിഗ് ക്ലാസ്സ് പടിഞ്ഞാറു ഭാഗത്തുള്ള രണ്ടു നില കെട്ടിടത്തിന്റെ മുകൾ ഭാഗത്തും പ്രിന്റിംങ് ക്ലാസ്സ് ആ കെട്ടിടത്തിന്റെ താഴത്തെ നിലയിലുമാണ് പ്രവർത്തിച്ചിരുന്നത്.അവിടെ ആ കാലത്ത് കൂറ്റൻ പ്രിന്റിങ് പ്രസ്സുകൾ സ്ഥാപിച്ചിരുന്നു. ടൈപ്പ് റൈറ്റിങ്ങിന് മുരളിസാറായിരുന്നു അദ്ധ്യാപകൻ. കെ.ജി.ടി.ലോവറിന് തുല്യമായിരുന്നു ആ പഠിത്തം. ഗാന്ധിജി വിഭാവനം ചെയ്ത തൊഴിലധിഷ്ടിത വിദ്യഭ്യാസം എന്നാൽ കാലത്തിന്റെ കുത്തൊഴുക്കിൽ അവയെല്ലാം കാലഹരണപ്പെട്ടു.

ഈ വിദ്യാലയത്തിന്റെ തിരുമുറ്റത്ത് നിൽക്കുമ്പോൾ പ്രഗത്ഭനായ ഹെഡ്മാസ്റ്റർ ഐസക്ക് സാറിന്റെ ഘനഗാംഭീര്യമുള്ള സ്വരം ഈ ഇടനാഴികളിൽ പ്രതിധ്വനിക്കുന്നതായി തോന്നും, അത്രക്ക് ഈ സ്ക്കുളിനെയും കുട്ടികളെയും ഒരു പോലെ സേ്നഹിച്ച സാറാണ് ഐസക്ക് സാർ, വാത്സല്യത്തിൽ പൊതിഞ്ഞ അച്ചടക്കമായിരുന്നു സാറിന്റേത്. അച്ചടക്കത്തിന്റെ കാര്യത്തിൽ ഒരു വിട്ടുവീഴ്ച്ചയ്ക്കും തയ്യാറായിരുന്നില്ല സാർ അതുപോലെ തന്നെ പ്രഗത്ഭരായ ഹെഡ്മാസ്റ്റർമാരായിരുന്നു ശങ്കരമേനോൻ സാറും പത്മനാഭമേനോൻ സാറും. ഭാസ്കരക്കുറുപ്പ് സാറിന്റെ അച്ചടക്കം വളരെ പ്രസിദ്ധമാണ്. സെക്കന്റ് ബെൽ അടിച്ചു കഴിഞ്ഞാൽ സാറ് ഒരു ചൂരലുമെടുത്ത് റൗണ്ടിനിറങ്ങും. വൈകിവരുന്നവരെ തപ്പി. പഴയകാലത്തെ അധ്യാപക ശ്രേഷ്ഠരെ ആദരവോടെയല്ലാതെ സ്മരിക്കുക വയ്യ. അവർക്ക് അധ്യാപനം എന്നത് വെറും ഒരു ഉപജിവന മാർഗ്ഗം മാത്രമായിരുന്നില്ല, മറിച്ച് അവരുടെ തൊഴിലിനോടുള്ള അർപ്പണബോധം ഇങ്ങിനി വരാതെ പോയ് മറഞ്ഞു. അന്നത്തെ ഗുരുശിഷ്യബന്ധത്തെക്കുറിച്ച് എത്രവിവരിച്ചാലും അധികമാവില്ല. തന്റെ വിദ്യാർത്ഥികളുടെ ഉന്നമനത്തിനുവേണ്ടി, എന്ത് ത്യാഗത്തിനും പഴയകാലത്തെ അധ്യാപകർ ഒരുക്കമായിരുന്നു. എറണാകുളത്തെ പ്രമുഖനായർ തറവാടുകളിൽ നിന്നും അധ്യാപനവൃത്തിയിൽ ഏർപ്പെട്ടിരുന്നവർ നിരവധി യത്രെ. അവരിൽ എറണാകുളം റേഡിയോ ശങ്കരമേനോന്റെ സഹധർമ്മിണി മാലതി ടിച്ചർ, കാക്കത്ത്പറമ്പിൽ രത്നടിച്ചർ എന്നിവരെ ഓർക്കുന്നു.അതുപോലെ തന്നെ കവി വൈലോപ്പിള്ളി ശങ്കര മേനോൻ സയൻസ് അധ്യാപകനായിരുന്നു. കൃഷ്ണ അയ്യർ പ്രഗത്ഭനായ ഗണിതാദ്ധ്യപകനായിരുന്നു. 8-ാം ക്ലാസ്സിലെ പ്രകാശൻ സാറിനെ ഓർക്കാതെ കടന്നു പോകുക വയ്യ. ക്ലാസ്സ് എത്ര ഇളകിമറിഞ്ഞാലും ആ മുഖത്ത് ഒരു ചെറുപുഞ്ചിരി ഒളിപ്പിച്ച് വച്ചിട്ടുണ്ടാവും.ആരെയും അനാവശ്യമായി വഴക്ക് പറയില്ല വികൃതികളായ മുതിർന്ന കുട്ടികളോടും പോലും സാർ വളരെ തന്മയത്വത്തോടെ ഇടപെടും. അതുപോലെ തന്നെ കുട്ടികൾക്ക് ഏറെ സ്നേഹം ചൊരിഞ്ഞിരുന്ന ഒരു അധ്യാപകനായിരുന്ന ഗോപാലൻ മാസ്റ്റർ. ചുണ്ടിൽ എപ്പോഴും ഒരു ചെറുപുഞ്ചിരിയുമായി വിദ്യാർത്ഥികളുടെ ഏതാവശ്യങ്ങൾക്കും സന്നദ്ധനായിരുന്ന ഗോപാലൻ മാസ്റ്ററെ ഓർമ്മിക്കാതെ വയ്യ.





സ്ക്കുളിൽ എന്ത് എന്റർടെയ്മെന്റ് പ്രോഗ്രാമായാലും മാസ്റ്റർ തന്റെ പ്രിയപ്പെട്ട ഹാർമോണിയവുമായി അരങ്ങത്തും അണിയറയിലും സജിവമായിരുന്നു. കുട്ടികളുടെ വലുപ്പം ചെറുപ്പം നോക്കാതെ അദ്ദേഹം അവരെ ഒരു പോലെ കണ്ടു.കുട്ടികളുടെ ഹൃദയം കവർന്ന ഗോപാലൻ മാസ്റ്റർ കാലയവനികക്കുള്ളിൽ മറഞ്ഞു.

ഇന്നത്തെപ്പോലെ മുട്ടിന് മുട്ടിന് സ്കൂളില്ലാതിരുന്ന പഴയ കാലത്ത് ഇംഗ്ലീഷ് മീഡിയം ഉണ്ടായിരുന്ന അപൂർവ്വങ്ങളിൽ അപൂർവ്വ സ്കൂളായിരുന്നു എസ് ആർ വി യും കൂടെ ഗേൾസ് ഹൈസ്കൂളും.

മാനസ മൈന വരൂ
മധുരം കിള്ളിത്തരൂ
അരുമ പൂവാടിയിൽ
നി തേടുവതാരെ................ആരെ?

ഈ ഗാനം ഒരു പ്രാവശ്യമെങ്കിലും മൂളാത്തവർ മലയാളക്കരയിൽ ചുരുക്കം. പി.ഭാസ്ക്കരൻ മാസ്റ്ററുടെ വരികൾക്ക് പ്രസിദ്ധ ബംഗാളി സംഗീത സംവിധായകൻ സലിൽ ചൗധരി സംഗീതം നൽകി പ്രസിദ്ധ പിന്നണി ഗായകൻ മന്നാഡെ പാടി അനശ്വരമാക്കിയ ഈ ഗാനം ചെമ്മീൻ എന്ന സിനിമയിലേതാണ്. മലയാളമണ്ണിലേക്ക് ആദ്യമായി ഇന്ത്യൻ പ്രസിഡണ്ടിന്റെ മെഡൽകൊണ്ടുവന്ന സിനിമ -അതത്രെ ചെമ്മീൻ, അതുവരെ മലയാള സെല്ലുലോയ്ഡിൽ കണ്ട മുക്കോണ പ്രേമത്തിന്റെ തടവറയിൽ നിന്നും മോചിപ്പിച്ച -പ്രേമ രംഗങ്ങൾക്ക് പുതിയ മാനം നൽകിയ സിനിമയത്രെ രാമു കാര്യാട്ടിന്റെ ചെമ്മീൻ ഈ സിനിമ കാണാത്ത മലയാളികൾ ഉണ്ടാവാനിടയില്ല, കാലം ഏറെ കഴിഞ്ഞിട്ടും മലയാളികൾ ഇന്നും ചെമ്മീൻ നെഞ്ചിലേറ്റുന്നു സത്യനും ഷീലയും മധുവും തകർത്തഭിനയിച്ച, മലയാളക്കരയെ ഒന്നാകെ വശീകരിച്ച ആ ചെമ്മിൻ എന്ന സിനിമയുടെ നിർമ്മാതാവ് സാക്ഷാൽ ബാബുസേട്ട് എസ് ആർ വി യുടെ സന്താനമായിരുന്നു. ആ കാലയളവിൽ സ്കൂളിനെ പുളകം കൊള്ളിച്ച ഒരു സംഭവമുണ്ടായി. ഒരു സ്കൂൾ യുവജനോത്സവക്കാലത്ത് വെൽവറ്റിന്റെ ഒരു ഫുൾ സൈസ് കർട്ടൺ ശ്രീ. ബാബുസേട്ട് സ്കൂളിന് സംഭാവന നൽകി. സ്ഥിരമായി ഒരു ഹാൾ ഉണ്ടെങ്കിലും ആനിവേഴ്സറി ആ ഹാളിനോട് ചേർന്ന കിഴക്കോട്ട് ദർശനമായി നിർമ്മിച്ച സ്റ്റേജിൽ വച്ചായിരുന്നു ആ കാലയളവിൽ ആഘോഷിച്ചിരുന്നത് ആ സ്റ്റേജിനാണ് ശ്രീ ബാബുസേട്ട് ഒരു പുതിയ വെൽവെറ്റ് കർട്ടൺ സംഭാവന നൽകിയത്. അത് ഒരു ഉത്സവം പോലെയാണ് കുട്ടികളും അധ്യാപകരും ആഘോഷിച്ചത്. കാരണം അങ്ങിനെ ഒന്ന് മേടിക്കുന്നത് പോയിട്ട് ആലോചിക്കാൻ തന്നെ പറ്റാത്ത കാലം. പക്ഷെ വിധി വൈപരിത്വം എന്ന് പറയട്ടെ ബാബുസേട്ട് എന്ന അന്നത്തെ ലക്ഷപ്രഭു, കലാസ്നേഹി, സർവ്വോപരി മനുഷ്യസേ്നഹി വളരെ നരകയാതന അനുഭവിച്ചാണ് തന്റെ അവസാന കാലം കഴിച്ചു കുട്ടിയത് വിധിയുടെ വിളയാട്ടം എന്നു മാത്രമെ അതിനെ വിശേഷിപ്പിക്കാനുള്ളു.

പഴയകാല സ്മരണകളെ തടുത്ത് നിർത്തുക അസാധ്യം തന്നെ. പണ്ട് ചിറ്റുർ റോഡിൽ വടക്കും തെക്കുമായി വലിയ രണ്ടു ഗെയ്റ്റ് ഉണ്ടായിരുന്നു.ആ ഗെയ്റ്റിന്റെ അരികിൽ ഒരു വലിയ ചൂളമരം നിൽപ്പുണ്ടായിരുന്നു ,തെക്കു വശത്തെ ഗെയ്റ്റ് കടന്നാൽ ഗെയ്റ്റിന് ഇരു വശത്തും കുട്ടികളെ മാടിവിളിച്ച് കൊണ്ട് നിലത്ത് വിരിച്ചിരിക്കുന്ന ഷീറ്റിൽ പല വർണ്ണത്തിലുള്ള കോലുമിഠായികൾ നിരത്തിയിരിക്കും ഒരു പക്ഷെ അതിന്റെ കുടെ കാരക്കയും കാണാം. അതിന് തൊട്ടടുത്ത് തൂക്കിപിടിക്കാവുന്ന ഫ്ളാസ്ക്കിനുള്ളിൽ ഐസ് ഫ്രൂട്ട് റെഡി,പല വർണ്ണങ്ങളിലുള്ള ഐസ് ഫ്രൂട്ട്, പക്ഷെ എന്ത് ചെയ്യാം,അന്നത്തെ കുട്ടികൾക്ക് പോക്കറ്റ് മണി എന്ന ഒരു ഏർപ്പാടില്ല അച്ഛനും അമ്മയും ഒന്നും തരില്ലെങ്കിലും സ്നേഹമയിയായ അമ്മൂമ്മയെ മണിയടിച്ചു ഒരണയോ രണ്ടണയോ വശത്താക്കി മേൽപറഞ്ഞവ വശത്താക്കുകയായിരുന്നു പതിവ്. അതുപോലെ തന്നെ അന്ന് സ്ക്കുളിൽ നല്ല ഒരു ഫുട്ബോൾ ടീം ഉണ്ടായിരുന്നതായി ഓർക്കുന്നു, സെന്റ് ആൽബർട്ട്സ് സ്കൂളുമായി വാശിയേറിയ മത്സരത്തിൽ ജയിച്ചപ്പോഴുണ്ടായ ആരവം ഇപ്പോഴും ചെവിയിൽ മുഴങ്ങുന്നു. കോച്ച് രാധാകൃഷ്ണൻ, മുരളി എന്നിവർ സ്കൂളിലെ പേരുകേട്ട ഫുട്ബോൾ കളിക്കാരനായിരുന്നു. അതുപോലെ തന്നെ പണ്ട് ഏറെക്കാലം സ്കൂളിലെ പൂർവ്വവിദ്യാർത്ഥികൾ തന്നെ സ്ഥിരമായി ബോൾബാറ്റ്മിന്റൻ സ്കൂളിനകത്ത് നിത്യം വൈകിട്ട്, സ്കൂൾ വിട്ടതിനുശേഷം കളിച്ചിരുന്നു.

ഇവരിൽ അഡ്വ.പോറ്റിസാറിനെ പ്രത്യേകം ഓർക്കുന്നു,അതുപോലെ പോർട്ട് ട്രസറ്റിൽ ജോലിചെയ്തിരുന്നവരും അതിൽ ഉണ്ടായിരുന്നു. കാലം അതെല്ലാം മായ്ച്ചുകളഞ്ഞു.

പണ്ട് നവരാത്രിക്കാലത്ത് ഈ സ്കൂളിന്റെ ഹാളിൽ നവരാത്രി കച്ചേരികൾ അരങ്ങേറിയിരുന്നു ,ഹാളുകൾ തിരെ ഇല്ലാതിരുന്ന ആ കാലയളവിൽ. പ്രസിദ്ധനായ സംഗീത വിദുഷി അരയക്കുടി രാമാനുജന് പ്രസിഡണ്ടിന്റെ അവാർഡ് ലഭിച്ചതിനോടനുബന്ധിച്ച് ഈ ഹാളിൽ വച്ച് ഒരു കച്ചേരി അരങ്ങേറുകയുണ്ടായി

173 വയസ്സ് പിന്നിട്ട ഈ വിദ്യാലയം ഏറെ പ്രമുഖ വ്യക്തികളെ രാഷ്ട്രത്തിന് സംഭാവന ചെയ്തിട്ടുണ്ട്. അവരിൽ ചിലരത്രെ-പ്രമുഖ ഭൗമ ശാസ്ത്രജ്ഞൻ, ശ്രീ കസ്തൂരിരംഗൻ, പ്രസിദ്ധ കവി ചങ്ങമ്പുഴ കൃഷ്ണ

പിള്ള, പ്രസിദ്ധ എഴുത്തുകാരൻ. എൻ.എസ്.മാധവൻ, ആത്മീയ ആചാര്യൻ സ്വാമി ചിന്മയാനന്ദജി, എം.പി. ആയ ശ്രീ.കെ.വി.തോമസ്, സിനിമരംഗത്തെ പ്രസിദ്ധരായ ആഷിക്ക് അബു, അമൽ നീരജ്, ഡോ:ഗോകുലനാഥൻ എന്നിവരും മറ്റും.

ഈ വിദ്യാലയ തിരുമുറ്റത്ത് നിൽക്കുമ്പോൾ ഒരിക്കൽക്കൂടി ഇവിടെയുള്ള ഇടനാഴികളിൽ കൂടി അലസമായി നടക്കാൻ ഒരു മോഹം. ഞാൻ ചെവി വട്ടം പിടിച്ചു-സ്കൂളിൽ ബെൽ അടിക്കുന്ന പോലെ ഒരു തോന്നൽ. ഈ ഇടനാഴികകളിൽ വച്ച് കളിയും ചിരിയും വഴക്കും വക്കാണവും പരിഭവവും എല്ലാം കൂടി ചേർന്ന് കാലം നെയ്തെടുത്ത യാതൊരു അല്ലലും അലട്ടലുമില്ലാത്ത ആ കുട്ടിക്കാലത്തേക്ക് ഒരു മടക്കയാത്രയ്ക്ക് മനസ്സു തേങ്ങുന്നു, ആ പഴയ ബഞ്ചിൽ ചെന്നിരിക്കാൻ, പഴയ ചങ്ങാതികളെ കാണാൻ ,സൊറ പറയാൻ - എന്തെന്നില്ലാത്ത ഒരഭിനിവേശം. മറവിയുടെ മാറാല മൂടിയിട്ടുണ്ടെങ്കിലും എത്രയോകാലം മുമ്പ് ഗുരുഭൂതന്മാർ പകർന്നു നൽകിയ അറിവിന്റെ അനുഭവത്തിന്റെ കരുത്തും സമ്പത്തും കലുഷിതമായ ഈ ജീവിതപന്ഥാവിൽ കാലിടറാതെ നിൽക്കാൻ നമ്മളെ പ്രാപ്തരാക്കിയെങ്കിൽ ഇപ്പോൾ അനുഭവപ്പെടുന്ന ഈ കാലൊച്ച ഇനിയും നേർവഴി കാണിക്കാൻ നമ്മളെ പ്രാപ്തരാക്കും അറിവിന്റെ ആയിരം വാതായനങ്ങൾ പൈതങ്ങളുടെ മുന്നിൽ തുറന്നിട്ട ഗുരുകാരണവന്മാരെ അഞ്ജലീ ബദ്ധനായി ഈയുള്ളവൻ നമിക്കട്ടെ! ഈ ഓർമ്മകൾ പൂർണ്ണമല്ല, അതിന് ക്ഷമിക്കുക.

**കവിത**

# നിന്നിൽ ജടത്വം ഭവിക്കുന്നു മെല്ലെ

**മൃണാളിനി, ഫോൺ : 9567763643**

(സ്പാനിഷ് സാഹിത്യകാരിയും പത്രപ്രവർത്തകയുമായ മാർത്തമാഡീരയോസ് എഴുതിയ 'A Slow Death' എന്ന കവിതയുടെ വിവർത്തനമാണിത്. (ഈ കവിത പാബ്ലോനെരുദ്രയുടേതാണെന്ന് തെറ്റിദ്ധാരണയുമുണ്ട്.)

നിന്നിൽ ജടത്വം ഭവിക്കുന്നു മെല്ലെ
നീ നീണ്ട യാത്രകൾ പോകാതിരുന്നാൽ
നിന്നിൽ വായന ശീലമില്ലായ്കിൽ
നീ ജീവൻ തൻ തുടുപ്പിൻ സ്വരങ്ങൾ
കേൾക്കായ്കിൽ
നീ നിന്റെ സ്വത്വത്തെ മാനിക്കാതിരിക്കിൽ
നിന്നിൽ ജഡത്വം ഭവിക്കുന്നു മെല്ലെ
നീ നിന്നാത്മാഭിമാനം ഹനിക്കുകിൽ
നീയൊരന്യന്റെ സഹായം നിരസിക്കിൽ
നിന്നിൽ ജഡത്വം ഭവിക്കുന്നു മെല്ലെ.
നീ നിന്റെ ശീലങ്ങൾക്കടിമയായെങ്കിൽ
എന്നും ഒരേ പാത പിൻതുടരുമ്പോൾ
നിന്റെ ജീവിതയാനം മാറ്റായ്കിൽ
മാറും നിറങ്ങൾ നീയണിഞ്ഞീലെങ്കിൽ
നീ അന്യമർത്ത്യരോടു സംവദിയ്ക്കായ്കിൽ
നിന്നിൽ ജഡത്വം ഭവിക്കുന്നു മെല്ലെ
നീയഭിനിവേശത്തെ പാടെയൊഴിയ്ക്കാകിൽ
പിന്നെയവയുടെ സന്തപ്ത ഭാവങ്ങൾ
നിൻ മിഴികളെ ഈറനണിയിക്കും
ഹൃദയ താളങ്ങൾ കൂടെ മിടിയ്ക്കായ്കിൽ
നിന്നിൽ ജഡത്വം ഭവിക്കുന്നു മെല്ലെ
സുരക്ഷിതത്വത്തെ പുൽകിക്കൊണ്ടു നീ-
യരക്ഷിതത്വത്തെ സന്ദേഹമാക്കുകിൽ
നീയൊരു സ്വപ്നത്തിൻ പിന്നാലെ പോകായ്കിൽ
നീയീ ജന്മത്തിലൊരു വട്ടമെങ്കിലും
ഒന്നോടിപ്പോവാൻ ശ്രമിയ്ക്കായ്കയെങ്കിലോ
നിന്നിൽ ജഡത്വം ഭവിക്കുന്നു മെല്ലെ.
മർത്ത്യാ! നിന്റെ ജീവിതം സ്നേഹിക്ക,
നിന്നെത്തന്നെയും





# ശാസ്ത്രത്തിന്റെ ചരിത്രം, ദർശനം-4
# ശാസ്ത്രം,ശാസ്ത്രജ്ഞൻ

**സി. രാമചന്ദ്രൻ**

ശാസ്ത്രയുഗം ആരംഭിക്കുന്നത് പതിനാറു പതിനേഴ് നൂറ്റാണ്ടുകളിലാണ് എന്നാണ് അനുമാനിക്കേണ്ടത് കാരണം അത് കോപ്പർനിക്കസ്, ഗലിലിയോ കെപ്ലർ, ന്യൂട്ടൻ തുടങ്ങിയ ശാസ്ത്രജ്ഞപ്രഭൃതികളിൽനിന്നാരംഭിക്കുന്നു. പരീക്ഷണ നീരിക്ഷണ നിഗമനങ്ങളെ അവലംബിച്ച് പ്രകൃതിയെ, പ്രകൃതി നിയമങ്ങളെ ചിട്ടയായി വിശകലനം ചെയ്ത് അപഗ്രഥിച്ച് പഠിച്ചു പരിശോധിക്കുന്ന പ്രശസ്തപദ്ധതി ഗലിലിയ്ക്കൊപ്പമാണ് ഉണ്ടാകുന്നത്. അതായത് ശാസ്ത്രം ശാസ്ത്രത്തിന്റെതായ രീതി കൈവരിക്കുന്നത് ആകാലഘട്ടത്തിലാണെന്നാണ് കരുതേണ്ടത്.

എന്നാൽ ചുറ്റുപാടുകളിൽനിന്നു പഠിച്ച് അത് ബുദ്ധിയും യുക്തിയും ഉപയോഗിച്ച് ജീവിതത്തെ പരിഷ്കരിക്കാനുതകുന്ന രീതിയിൽ ആ അറിവുകളെ മാറ്റുവാൻ പൗരാണികകാലം മുതൽ തന്നെ ശ്രമങ്ങളുണ്ടായിരുന്നു.ഗ്രീസിൽ ആർക്കിമിഡിസും ഹിപ്പോക്രാറ്റിസും പൈത്തഗോറസ്സും അരിസ്റ്റോട്ടിലും മറ്റ് ശാസ്ത്രജ്ഞമാരുമായിരുന്നു ഇതിന് നേതൃത്വം കൊടുത്തത്. ബാബിലോണിൽ ഹമുറാബി പ്രഭൃതികളും ഇന്ത്യയിൽ കാണാദനും ശ്രുതനും ചാണ്യക്യൻ തുടങ്ങിയവരും ചൈനയിൽ ഷീടെൻ, ഹുഹ്സി തുടങ്ങിയവരും ആ ശാസ്ത്രജ്ഞഗണത്തിലുണ്ട് .ഇന്ത്യയിലും ചൈനയിലും മറ്റും പേരറിയാത്ത അനേകം ചിന്തകരുണ്ടായിരുന്നു. തങ്ങളുടെ പേരിനും പ്രസിദ്ധി കിട്ടണം എന്നവർക്കില്ലായിരുന്നതിനാൽ അവരെ നമുക്ക് അറിഞ്ഞുകൂടാ എന്നാൽ ആക്കാലത്തേയും ചിന്തകളെയും ചരിത്രത്തിലുൾപ്പെടുത്തിയേ മതിയാകു

സയൻസ്, സയന്റിസ്റ്റ്, ശാസ്ത്രജ്ഞൻ തുടങ്ങിയ പദങ്ങൾ ഉപയോഗിക്കാൻ തുടങ്ങിയത് അടുത്ത കാലത്താണ് ന്യൂട്ടൻ പോലും സയൻസിനെ ഫിലോസഫി എന്നാണ് വിശേഷിപ്പിച്ചത് നാച്ചുറൽ ഫിലോസഫി, പ്രകൃതിയുടെ ദർശനം ഇന്നത്തെ അർത്ഥത്തിലുള്ള ശാസ്ത്രത്തിന്റെ ബിഗ്ബാങ്ങ് ആരംഭിച്ചത് 16ാം നൂറ്റാണ്ടിലും അതിനുശേഷം അതിന്റെ ഉച്ചകോടി ഇരുപതാംനൂറ്റാണ്ടിലും അതിനുശേഷവുമാണ് ഇന്നത്തെ പ്രായമായ തലമുറയുടെ മുന്നിലുടെയാണ് പരിവർത്തനാത്മകമായ ഒരു കാലഘട്ടം വിപ്ലവം പോലെ കടന്നുപോയത്. കാളവണ്ടിയിൽനിന്ന് ജറ്റ് പ്ലെയിനിലേയ്ക്ക് ഗതാഗതവും അഞ്ചലോട്ടത്തിൽ നിന്ന് ഇന്റെർനെറ്റിലേയ്ക്ക് വാർത്തവിനിമയവും മുകചിത്രങ്ങളിൽ നിന്ന് 3 ഡി ഓഡിയോ, വിഡിയോ ഹോം തിയേറ്ററുകളും വരെ വികസിച്ച് അത് ജീവിതത്തെ മാറ്റിമറിച്ചു. വൈദ്യുതി ഇല്ലായിരുന്ന ഒരു കാലത്ത് നിന്ന് ജീവിതമാരംഭിച്ച നമുക്ക് വൈദ്യുതി ഇല്ലാതെ ഒരു മിനിറ്റുപോലും കഴിയാനാകുന്നില്ല . സാറ്റ്ലൈറ്റുകൾ വിദൂരഭാവനയിൽപോലും ഇല്ലായിരുന്ന ഒരുകാലത്ത് ജിവിച്ചിരുന്ന നമുക്ക് ഇന്റർനെറ്റ് ബന്ധങ്ങൾ അറ്റുപോകുന്ന ഒരു സ്ഥിതിയെക്കുറിച്ച് ഇന്ന് ആലോചിക്കാൻപോലും ആകുകയില്ല . ചന്ദ്രനിൽ കോളനികൾ സ്ഥാപിക്കുന്നതിനെക്കുറിച്ചും ചൊവ്വയിൽ മനുഷ്യനെ എത്തിക്കുന്നതിനെക്കുറിച്ചുമാണ് ഇന്ന് ചർച്ചകൾ നടക്കുന്നത് . അതുകൊണ്ട് ചൊവ്വാ ദോഷംപോലുള്ള വിശ്വസങ്ങൾക്ക് ഇന്ന് തിരെ പ്രസക്തിയില്ല.

അറിവ് ഏതെങ്കിലും ഭൂഖണ്ഡത്തിന്റെയോ രാജ്യത്തിന്റെയോ കുത്തകയല്ല.അത് മനുഷ്യരാശിക്കുപൊതുവായതാണ് .ആരാദ്യം കണ്ടുപിടിച്ചു എന്നതിനു ഒരു പ്രസക്തി ഇല്ലാതില്ല.എന്നിരുന്നാലും ന്യൂട്ടന്റെ നിയമങ്ങൾ ന്യൂട്ടനു മാത്രമോ ഇംഗ്ലണ്ടിനു മാത്രമോ ബാധകമായതല്ല. അത് ഭൂമിക്കാകമാനവും സൗരയുഥത്തിനു മാത്രമോ ബാധകമായതല്ല . അത് ഭൂമിക്കാകമാനവും സൗരയുഥത്തിനും ബാധകമാണ് .സിവി രാമന്റെ രാമൻഇഫക്റ്റ് രാമന്റെ സ്വകാര്യമായ ഒന്നല്ല.രാമൻ ഇന്ത്യക്ക് അഭിമാനിക്കാം എന്നാൽ പ്രസ്തു തത്വം ലോകത്തിനാകെ ബാധകമാണ് .

പ്രകൃതിയുടെ ദർശനം എന്ന് ന്യൂട്ടൻ വിശേഷിപ്പിച്ച ശാസ്ത്രം എന്ന വിഷയം പിന്നിട് സ്ഥൂലമായതോടെ പലതായി പിരിക്കേണ്ടിവന്നു. ഗണിതം, വാനശാസ്ത്രം, ജീവിതശാസ്ത്രം, ഉർജ്ജതന്ത്രം,രസതന്ത്രം,എന്നിങ്ങനെ അത് പല വകുപ്പുകളായി ഇവയെ കോർത്തിണക്കിക്കൊണ്ടുള്ള ഒരു പദത്തിന്റെ ആവശ്യകത ബോധ്യമായപ്പോഴാണ് ശാസ്ത്രലോകം അതിന് സയൻസ് എന്ന പദം ചാർത്തിയത് സയൻഷിയ എന്ന പദം ലാറ്റിനിൽനിന്ന് ഫ്രഞ്ചിലേ

ക്കും അവിടെ നിന്ന് ഇംഗ്ലീഷിലേക്കും കടന്നുവന്നു രൂപാന്തരപ്പെട്ടതാണ്. സയൻസ് പ്രകൃതിയുടെ പ്രതിഭാസങ്ങളെക്കുറിച്ചുള്ള വസ്തു നിഷ്ടവും യുക്തിഭദ്രവുമായ ഒരു പഠന രീതിയാണ്.

ചരിത്രത്തിൽ ചരിത്രപുരുഷൻമാരുടെ സ്ഥാനത്തെക്കുറിച്ചുള്ള ചർച്ച ശാസ്ത്രത്തിൽ ശാസ്ത്രജ്ഞന്മാരെക്കുറിച്ചുമുണ്ട്. വിവരങ്ങളുടെയും അറിവുകളുടെയും ഒരു പെരുമഴയ്ക്കൊടുവിലാണ് ഒരാൾ ഒരു സിദ്ധാന്തവുമായി മുന്നോട്ട് വരുന്നത്. വിവരങ്ങളുടെ സൃഷ്ടിയിൽ സാധാരണ കൈത്തൊഴിലുകാരുടെയും അവരുടെ സഹായികളുടെയും ആശയങ്ങളും സംഭാവനകളുമുണ്ട്. നിപുണനായ രാജ്യതന്ത്രജ്ഞനു മാത്രമേ സാഹചര്യങ്ങളെ ചരിത്രസംഭവങ്ങളാക്കി മാറ്റാൻ കഴിയു എന്നതുപോലെയാണ് ശാസ്ത്രജ്ഞന്മാർ സിദ്ധാന്തങ്ങൾ കടഞ്ഞെടുക്കുന്നത്. അന്നുവരെയുള്ള ശാസ്ത്രിയമായ അറിവുകൾ വിശകലനം ചെയ്തു കൊണ്ടാണ് ഐൻസ്റ്റെൻ ആപേക്ഷികസിദ്ധാന്തം മുന്നോട്ട് വച്ചത്. അദ്ദേഹത്തിന് പരിക്ഷണശാലയോ ഉപകരണങ്ങളോ ഒന്നും ഇല്ലായിരുന്നു.പേറ്റന്റ് ഓഫിസിലെ ഗുമസ്തനായിരിക്കുമ്പോഴാണ് അദ്ദേഹം മഹത്തായ പ്രബന്ധങ്ങൾ രചിച്ചത് പിന്നിട് ആണ് സർവ്വകലാശാലകളിലെ ശാസ്ത്രവകുപ്പുകളിലേക്ക് നിയമിതനാകുന്നത്.

ചരിത്രം സാധാരണ മനുഷ്യരുടെതുകൂടിയാണ് അതു കൊണ്ടാണ് ആരുടെയും പേരില്ലാതെ കാലഘട്ടത്തവേർത്തിരിക്കുവാൻ ചരിത്രകാരമ്മാർക്കു കഴിയുന്നത്.ചരിത്രത്തെ കാലഗണനക്കനുസരിച്ച് ശിലായുഗം,ലോഹയുഗം,വ്യവസായയുഗം ശാസ്ത്രസാങ്കേതികയുഗം എന്നല്ലാം വിശേഷിക്കപ്പെടുന്നത് അത്ക്കൊണ്ടാണ്.

പ്രസിദ്ധശാസ്ത്രജ്ഞന്മാരെന്നറിയപ്പെടുന്നവർ ജനിച്ചില്ലായിരുന്നെങ്കില്ലും വിശ്വോത്തര കണ്ടുപിടുത്തങ്ങൾ ഉണ്ടാകുമായിരുന്നു ഒരാളുടെ പേരിലല്ല എങ്കിൽ മറ്റൊരാളുടെ പേരിൽ അത് വരുമായിരുന്നു. ന്യൂട്ടന്റെ സുപ്രസിദ്ധമായ ഒരു പ്രസ്താവന ഇവിടെക്കുറിക്കാം. ഇന്നുവരെ ആരും കണ്ടിട്ടില്ലാത്തതിനെക്കാൾ കുടുതൽ ഞാൻ കാണുന്നുണ്ടെങ്കിൽ അതിനുകാരണം ഞാൻ അവരുടെയെല്ലാം ചുമലിൽനിന്നുക്കൊണ്ടാണ് നോക്കുന്നത് എന്നതുകൊണ്ടാണ്.

ശാസ്ത്രം അതിവേഗം വളരുകയാണ് അടുത്ത തലമുറയിലെ ശാസ്ത്രജ്ഞമാർ ആരാണെന്നു നമുക്കറിയില്ല. എങ്കില്ലും ശാസ്ത്രജ്ഞന്മാരും സാമൂഹ്യ ശാസ്ത്രജ്ഞന്മാരും ഇല്ലാതിരിക്കില്ല. ഇന്നുവരെയുള്ള പുരോഗതിയുടെ ഗ്രാഫിനെ എക്സ്ട്രാപോളേറ്റ് (വിലയിരുത്തി വിശകലവിശകലനം ചെയ്ത് വിഭാവനം) ചെയ്യുമ്പോൾ. ഭാവി എന്തായിരിക്കുമെന്ന് നമ്മുക്ക് അനുമാനിക്കാനാകും അത് ഇൻഫർമേഷൻ ടെക്നോളജിയുടെയും നാനോടെക്ക്നോളജിയുടെയും ജനറ്റിക്ക് എഞ്ചിനിയറുടെയും അസ്ടോഫിസിക്സിന്റെയും ഗാഥകൾ രചിക്കും. ദോഷൈകദൃക്കുകളുടെ ദുഖൈക ദർശനങ്ങൾക്ക് അവിടെ സ്ഥാനമില്ല.


ചൈത്രം

- മാനസിക സംഘർഷമനുഭവിക്കുന്നവർ
- ഏകാന്തതയനുഭവിക്കുന്നവർ
- ജീവിതം അവസാനിപ്പിക്കണമെന്ന് തോന്നുന്നവർ
- നിങ്ങളുടെ വിഷമം പങ്കുവയ്ക്കാൻ നേരിട്ടും ഫോണിലും ബന്ധപ്പെടാം;

0484 2361161. ചൈത്രത്തിലെ സേവനം തികച്ചും സൗജന്യവും സ്വകാര്യവുമാണ്

ഉച്ചയ്ക്ക് 2 മണി മുതൽ 5 മണി വരെ


## തെക്കേ അമ്മൻ കോവിലിലെ

# മീനഭരണി ഗുരുതി ഉത്സവം

എറണാകുളം ദിവാൻസ് റോഡിലുള്ള തെക്കേ അമ്മൻ കോവിലിലെ മീനഭരണി ഗുരുതി ഉത്സവം 2020 മാർച്ച് 26,27,28 (1195 മീനം 13,14,15) തീയതികളിൽ വിവിധ കലാപരിപാടികളോടുകൂടി ആഘോഷിക്കപ്പെടുന്നതാണ്. മാർച്ച് 28 ന് ബ്രഹ്മശ്രീ പുലിയന്നൂർ ശശിനമ്പൂതിരിപ്പാടിന്റെ കാർമ്മികത്വത്തിൽ വിശേഷാൽ വലിയ ഗുരുതി നടത്തപ്പെടുന്നതാണ്. എല്ലാ ഭക്തജനങ്ങളുടെയും സാന്നിദ്ധ്യസഹായ സഹകരണങ്ങൾ പ്രതീക്ഷിച്ചു കൊള്ളുന്നു.






Radheyam
Guest House

Thekke Nada, Karakkad Road, Guruvayur - 680101

| *RADHEYAM GUEST HOUSE | | | |
| --- | --- | --- | --- |
| Double Room a/c | Rs. 1,600/- +GST | Suit Room a/c | Rs. 1,850/- +GST |

*Terms & Conditions Apply



Tel: +91 487 2504700, +91 8547871161, Email: radheyamguesthouse@gmail.com


## അംഗങ്ങളുടെ ശ്രദ്ധക്ക്

**എറണാകുളം കരയോഗം രാധേയം ഗസ്റ്റ് ഹൗസ് പ്രവർത്തനമാരംഭിച്ചിരിക്കുന്നു. ഗുരുവായൂർ ദർശനത്തിന് പോകുന്ന കരയോഗാംഗങ്ങൾക്ക് പ്രത്യേക പരിഗണന നല്കി കൊണ്ട് കുറഞ്ഞ നിരക്കിൽ താമസ സൗകര്യം നൽകുവാൻ കരയോഗ ഭരണസമിതി തീരുമാനിച്ചിരിക്കുന്ന വിവരം സന്തോഷപൂർവ്വം അറിയിച്ചു കൊള്ളുന്നു.**

**താല്പര്യമുള്ള കരയോഗാംഗങ്ങൾ ടി.ഡി. എം ഹാൾ കോംപ്ലക്സ്സിലെ കരയോഗം ഓഫീസ്സുമായി ബന്ധപ്പെടേണ്ടതാണ് ഇവിടെ നിന്നും ലഭിക്കുന്ന രേഖ സഹിതം മാത്രമെ രാധേയം ഗസ്റ്റ് ഹൗസിൽ സൗജന്യ നിരക്കിൽ താമസിക്കുന്നതിനുള്ള സൗകര്യം ലഭിക്കുകയുള്ളു. നേരിട്ട് ചെല്ലുന്നവർക്ക് ഈ ആനുകൂല്യം ലഭിക്കില്ല എന്ന് വിനയപൂർവ്വം അറിയിക്കുന്നു.**

***എറണാകുളം കരയോഗം ഭരണസമിതിക്കുവേണ്ടി - ജനറൽ സെക്രട്ടറി***

# അറിയിപ്പ്

**കരയോഗ നിയമാവലി 7(iii) പ്രകാരം എല്ലാ കരയോഗാംഗങ്ങളും ചാരിറ്റി ഫണ്ടിലേക്ക് പ്രതിവർഷം 120 രൂപ നൽകേണ്ടതാണ്. മുൻവർഷങ്ങളിൽ തുക അടക്കാത്തവർ കുടിശ്ശിക സഹിതം അടയ്ക്കേണ്ടതാണ് എന്ന് ഓർമ്മപ്പെടുത്തുന്നു. 2000 രൂപ ഒറ്റത്തവണയായി അടച്ചാൽ പ്രസ്തുത അംഗത്തിന് ആജീവനാന്തം തുക അടയ്ക്കേണ്ടതില്ല എന്ന് അറിയിക്കുന്നു. അതുപോലെ തന്നെ ഏതെങ്കിലും ഇനത്തിൽ കരയോഗത്തിലേക്ക് അടയ്ക്കേണ്ടതായ തുക കുടിശ്ശിക വരുത്തിയിട്ടുണ്ടെങ്കിൽ ആയതുകൂടി നല്കുവാൻ വിനീതമായി അഭ്യർത്ഥിക്കുന്നു.**

***ജനറൽ സെക്രട്ടറി***



# അഭിനന്ദനങ്ങൾ

എം.ജി. യൂണിവേഴ്സിറ്റിയിൽ നിന്ന് ഇംഗ്ലീഷ് സാഹിത്യത്തിൽ പി. എച്ച്. ഡി. കരസ്ഥമാക്കിയ നമ്മുടെ കരയോഗാംഗം ശ്രീമതി. വി. സൗമ്യ നായർക്ക് എറണാകുളം കരയോഗത്തിന്റെ ആത്മാർത്ഥമായ അഭിനന്ദനങ്ങൾ. സൗമ്യ നായർ നമ്മുടെ കരയോഗാംഗമായ ജെ.എസ്. വിദ്വൽപ്രഭയുടെ മകളും ശ്രീ എം അനൂപ് കുമാറിന്റെ (ആസ്ട്രേലിയ) ഭാര്യയുമാണ്.

# രുഗ്മിണീ സ്വയംവരം

**പന്നഗാധിനാഥശായി തന്നുടെ സഹോദരീ !**
**പരമഭക്തചിത്തനത്തൽ തീർക്കണം മഹേശ്വരീ !**
**വന്നെതിർത്ത ദുരിതദുർഗ്ഗതിക്കു ജനനീ ! നീയൊരു**
**വഹ്നിയായ് ഭവിച്ചെനിക്കു സർവ്വഭൂതി നല്കണം**

***-കുഞ്ചൻനമ്പ്യാർ***

## STATEMENT ABOUT OWNERSHIP AND OTHER PARTICULARS OF THE MAGAZINE
### KARAYOGA SOUHRIDAM

English/Malayalam, Form IV (See Rule 8)

| | | |
|---|---|---|
| 1. Place of Publication | : | Ernakulam |
| 2. Periodicity of Publication | : | Monthly |
| 3. Printer's Name | : | M.Sreevallabhan Nair |
| Nationality | : | Indian |
| Address | : | C/o Ernakulam Karayogam<br>D.H.Road, Kochi-682016 |
| 4. Publisher's Name | : | M.Sreevallabhan Nair |
| Nationality | : | Indian |
| Address | : | C/o Ernakulam Karayogam<br>D.H.Road, Kochi-682016 |
| 5. Editor's Name | : | M. Sreevallabhan Nair |
| Name&Address | : | C/o Ernakulam Karayogam<br>D.H.Road, Kochi-682016 |
| 6. Name&Address of individuals who own the News Paper and Partners or shareholders holding more than one percent of the total capital | : | Ernakulam Karayogam<br>D.H.Road, Kochi-16 |

I, M. Sreevallabhan Nair hereby declare that the particulars given above are true to the best of my knowledge and belief.

Date: 1.3.2020 M. Sreevallabhan Nair
(s/d-)





# മാധവി



പ്രൊഫസർ അംബുജാക്ഷി ഫോൺ : 9447577652

എല്ലാം ഉപേക്ഷിച്ച മൃഗതുല്യയായി കാട്ടിലേക്ക് ഇറങ്ങുമ്പോൾ എന്തായിരുന്നു മനസ്സിൽ വാശിയോ? നിരാശയോ? വിരക്തിയോ? പിതൃഭക്തിയുടെ പൂർണതയോ? അതോ ഗാലവമുനിയുടെ ഗുരുദക്ഷിണ നിർവഹിച്ച ധന്യതയോ? എന്താണ് ഞാൻ നേടിയത്? അല്ലെങ്കിൽ, ത്യാഗായ സംഭൃതാർഥാനാം എന്നല്ലേ പറയുന്നത്. അത് രാജാക്കന്മാർക്കു മാത്രമല്ല, രാജകുമാരിമാർക്കും ബാധകമാണല്ലോ.

സമൃദ്ധിയുടെ നടുവിലാണ് ജനനം. ഭൂമിയിലെ ഏറ്റവും ധനവാനും ദാനവാനുമായ യയാതി രാജാവിന്റെ മകളായിട്ട്, ജനനമറിയിക്കാൻ ദാസിമാർ രാജാവിനെ സമീപിച്ചു.

ചക്രവർത്തി തിരുമേനി വിജയിച്ചാലും. റാണിയുടെ തിരുവയറൊഴിഞ്ഞു. ഒരു കുമാരിയാണ്. മഹാലക്ഷ്മിയെപ്പോലെ തേജസ്സുള്ള ഒരു പൊന്നോമന.

'എങ്കിൽ നാം ആ കുഞ്ഞിന് മാധവി എന്നു പേരിടും.'

കുട്ടിക്കാലം മുതൽക്കേ ദാസിമാർ പറയുന്നതാണിതൊക്കെ. അവരുടെ വർത്തമാനങ്ങളിൽ ഞാനെന്തൊക്കെയോ മനസ്സിലാക്കി. എനിക്കൊരു വരം ഉണ്ടത്രേ. നിത്യകന്യാകത്വം എന്ന വരം. മാത്രമല്ല, ഗാലവമുനിയിൽ നിന്ന് ഒരു സന്തതി ജനിക്കുമ്പോൾ മാത്രമെ അതിന് ഭംഗം വരികയുള്ളൂ.

'ആരാണ് ഗാലവമുനി' എന്റെ കുഞ്ഞു മനസ്സിൽ ആകാംക്ഷ നിറഞ്ഞു. പക്ഷെ കൂടുതലൊന്നും അന്വേഷിച്ചില്ല. തോഴിമാരോടൊപ്പം കളിച്ചും ചിരിച്ചും കളിയാക്കിയും കഥകൾ പറഞ്ഞും കേട്ടും ഞാൻ വളർന്നു. ഒരു കാര്യം ഞാൻ ശ്രദ്ധിച്ചു. എന്നെ കാണുമ്പോൾ എല്ലാവരുടെ മുഖത്തും ഒരു ഭാവുകത്വം. തിര്യക്കുകളിൽ പോലും ഒരു സുഖമുള്ള മാറ്റം കാണാം. അത് ഭക്തിയാണോ? ബഹുമാനമാണോ? വാത്സല്യമാണോ? ഏതായാലും ആ മാറ്റം എന്റെ മനസ്സിനെ പ്രസന്നമാക്കുന്നു. എല്ലാവരുടെ കണ്ണിനും ഞാനൊരു ഉത്സവമൊരുക്കിയിരുന്നുവോ? .

എന്നിൽ എന്തോ അസാധാരണത്വം ഉണ്ടെന്ന് എനിക്കും തോന്നിത്തുടങ്ങി. അച്ഛൻ എന്നെ ലാളിച്ചുകൊണ്ട് പറയാറുണ്ട്.

'മാധവീ, നീയാണെന്റെ നിധി.'

എന്നിട്ടിപ്പോൾ എല്ലാം ഉപേക്ഷിച്ച ഈ കാട്ടിലേക്ക് !എന്റെ കൂടെയുണ്ട്. എന്റെ ദിവ്യസൗന്ദര്യം. എന്റെ നിത്യ കന്യകാത്വം. എന്റെ പരിശുദ്ധി.

എന്താണ് എനിക്കു നഷ്ടപ്പെട്ടത് ? എന്നാണ് എന്റെ വിധി മാറിയൊഴുകാൻ തുടങ്ങിയത്.

ഇന്നും എന്റെ ഓർമ്മയിൽ ആ ദിവസം മങ്ങാതെ നില്ക്കുന്നു. ഏതോ ഒരു മുനികുമാരൻ അച്ഛനെ കാണാൻ വന്നിരിക്കുന്നു. അച്ഛൻ ആദരവോടെ അദ്ദേഹത്തെ സ്വീകരിക്കുന്നു.

'ഗാലവമുനികുമാരൻ വന്നിട്ടുണ്ട്. മഹാരാജാവുമായി സംസാരിക്കുകയാണ്.'

ആരൊക്കെയോ മുക്കിലും മൂലയിലും നിന്ന് മന്ത്രിക്കുന്നു.

'വിശ്വാമിത്രമഹർഷിയുടെ ബ്രഹ്മവാദിയായ പുത്രനാണ് അദ്ദേഹം. പ്രിയപ്പെട്ട ശിഷ്യനും.'

അച്ഛനും മുനികുമാരനും തമ്മിൽ ഏറെ നേരം സംസാരിച്ചു. ഒടുവിൽ അച്ഛൻ എന്നെ വിളിപ്പിച്ചു.

'വത്സേ, മാധവി! ഇദ്ദേഹത്തെ നമസ്ക്കരിക്കൂ. വിശ്വാമിത്രമഹർഷിയുടെ പുത്രനും പ്രിയപ്പെട്ട ശിഷ്യനുമാണ് ഇദ്ദേഹം - ഗാലവമുനി'

'ഗാലവമുനി'

ആ പേര് എന്റെ മനസ്സിൽ തേൻ നിറച്ചുവോ. ഓർമ്മകളിലെവിടെയോ ഞാൻ സൂക്ഷിച്ചു വച്ച പേരാണല്ലോ.

ഞാൻ മഹർഷിയെ വണങ്ങി. അച്ഛൻ മഹർഷിയോട് പറഞ്ഞു.

'മുനികുമാര, ഇതെന്റെ മകൾ മാധവി. എന്റെ രാജ്യത്തിന്റെ ഐശ്വര്യമാണിവൾ. എന്റെ നിധി. ഇവളെ ഞാൻ അങ്ങേയ്ക്ക് ദാനം ചെയ്യുന്നു. എനിക്കിപ്പോൾ ഇതിനു മാത്രമേ കഴിയൂ'

ഞാൻ അമ്പരന്നു. അച്ഛനെ ഞാനെന്നും അനുസരിച്ചിട്ടേ ഉള്ളൂ. അതിനും പുറമെ ഗാലവൻ എന്ന പേര് എന്റെയുള്ളിൽ എന്നോ വീണ ഒരു തേൻതുള്ളിയാണല്ലോ.

'വത്സേ, അച്ഛൻ തുടർന്നു. ഇദ്ദേഹം ഒരു മഹാനാണ്. അച്ഛൻ തപസ്സിനു പോയപ്പോൾ അമ്മയേയും

സഹോദരങ്ങളേയും പോറ്റാൻ സ്വയം വില്ക്കാൻ തയ്യാറായി.'

അതു കേട്ടപ്പോൾ എന്റെ ആദരവ് വർദ്ധിച്ചു. ആ ഗുരുഭക്തിയുടെ- പിതൃസ്നേഹത്തിന്റെ – കുടുംബ സ്നേഹത്തിന്റെ മുൻപിൽ എന്റെ മനസ്സ് കീഴടങ്ങിയിരുന്നു.

എല്ലാവരോടും യാത്ര പറഞ്ഞ് ഞാൻ മുനിയെ അനുഗമിച്ചു. വഴിയിലുടനീളം വളരെ കരുതലോടും ബഹുമാനത്തോടുമാണ് പെരുമാറിയത്. ദിവ്യമായ ഒരടുപ്പം സൂക്ഷിച്ചുകൊണ്ട്.

അദ്ദേഹം തന്റെ കഥ പറയാൻ തുടങ്ങി. അച്ഛൻ തപസ്സിനു പോയതും അമ്മ ദാരിദ്ര്യം മൂലം തന്നെ വില്ക്കാൻ തുനിഞ്ഞതുമൊക്കെ.

വിശപ്പ് സഹിക്കാനാവാതെ, ഒരു ദിവസം കഴുത്തിൽ കയറിട്ട് മുനിയുടെ അമ്മ വില്ക്കാൻ കൊണ്ടു പോയത്രേ. അന്ന് മുനികുമാരനെ രക്ഷിച്ചത് സത്യവ്രത രാജകുമാരനാണ്. അദ്ദേഹം പറഞ്ഞു.

'മഹർഷി തിരിച്ചു വരുന്നതു വരെ കുടുംബത്തിന്റെ സംരക്ഷണം ഞാൻ ഏറ്റെടുക്കാം. കുഞ്ഞിന്റെ ഗളത്തിൽ നിന്ന് കയറഴിക്കൂ.'

രാജകുമാരന്റെ വാക്കു കേട്ടപ്പോൾ അമ്മ കഴുത്തിലെ കയറഴിച്ചു. ഗളത്തിൽ നിന്ന് കയറഴിച്ച അന്നു മുതൽ ഞാൻ ഗാലവനായി.

ഒരു നെടുവീർപ്പോടെ മുനികുമാരൻ തുടർന്നു. 'കുമാരി, ഞാനെന്റെ പേരുപോലും മറന്നു പോയി. എന്നാലും ഗാലവനെന്ന പേര് എനിക്കുള്ള ഒരു അംഗീകാരമായി ഇന്നും ഞാൻ കൊണ്ടു നടക്കുന്നു.'

ഇല്ലായ്മയും വല്ലായ്മയും അറിയാത്ത ഞാൻ നിശ്ശബ്ദയായി അദ്ദേഹത്തെ പിൻതുടർന്നു. അദ്ദേഹം തുടർന്നു.

'പിതാവാണ് എന്റെ ഗുരു. ഇപ്പോൾ എന്റെ വിദ്യാഭാസം കഴിഞ്ഞു. യഥാശക്തി ഗുരുദക്ഷിണ നല്കണം. എല്ലാ ശിഷ്യന്മാരെയും പോലെ ഞാനും ആഗ്രഹിച്ചു.'

'ഉണ്ണീ, നിന്റെ പരിചരണത്തേക്കാൾ വലിയ ഗുരുദക്ഷിണയില്ല. ഞാനില്ലാതിരുന്നപ്പോൾ ഈ കുടുംബത്തിന്റെ മുഴുവൻ ഭാരവും നിന്റെ ചുമലിലായിരുന്നില്ലേ? ആ കടം ഞാനെങ്ങനെ വീട്ടും. അതു ഗുരുദക്ഷിണയായി കണക്കാക്കിയാൽ മതി.' അച്ഛന്റെ വാക്കുകൾ എന്നെ തൃപ്തിപ്പെടുത്തിയില്ല. വീണ്ടും വീണ്ടും നിർബന്ധിച്ചപ്പോൾ സ്വരം കടുപ്പിച്ച് അച്ഛൻ പറഞ്ഞു.

'അത്ര നിർബന്ധമാണെങ്കിൽ .......ഞാൻ പറയാം. എനിക്കു വേണ്ടത് എണ്ണൂറു കുതിരകളെയാണ്.'

ഞാനൊന്നു ഞെട്ടി. എന്നാലും നിരാശനായില്ല.

അച്ഛൻ തുടർന്നു. 'എണ്ണൂറു വെള്ളക്കുതിരകൾ'

എന്റെ മനസ്സൊന്നു കാഞ്ഞു. ഇനിയെന്താണ് അച്ഛൻ പറയാൻ പോകുന്നത്?

ഒരു ചെവി കറുത്ത എണ്ണൂറു വെള്ളക്കുതിരകൾ.

ഞാൻ ശരിക്കും തളർന്നു. അത്തരം കുതിരകൾ ഭൂമിയിൽ ഉണ്ടോ? ഉണ്ടെങ്കിൽത്തന്നെ അത്രയും എണ്ണം എങ്ങനെ കിട്ടാനാണ്.

മൗനം ഭഞ്ജിച്ചുകൊണ്ട് അച്ഛൻ തുടർന്നു.

പോകൂ, വേഗം കൊണ്ടുവന്ന് ഗുരു ദക്ഷിണ നല്കൂ.

തലയിൽ ഇടിത്തീ വീണപോലെ. ഞാൻ സ്തബ്ധനായി. ഒന്നും മിണ്ടാതെ ഞാൻ അവിടെ നിന്നിറങ്ങി.

എനിക്ക് മുനികുമാരനോട് സഹതാപം തോന്നി. അദ്ദേഹത്തിന്റെ യാത്രയിൽ ഞാനും പങ്കാളിയല്ലേ. ഏതു വിധേനയും മുനികുമാരനെ സഹായിക്കണം എന്ന് ഞാൻ നിശ്ചയിച്ചു.

ഗാലവമുനി നിസ്സഹായനായി പറഞ്ഞു. അവിടെ നിന്നിറങ്ങിയ ഞാൻ നേരെ പോയത് ഭവതിയുടെ പിതാവായ യയാതി മഹാരാജാവിന്റെ അടുത്തേക്കാണ്. എന്റെ സുഹൃത്തായ ഗരുഡന്റെ വാക്കുകൾ ഇപ്രകാരമായിരുന്നു.

'ഗാലവ, ഭൂമിയിൽ ഇന്ന് ജീവിച്ചിരിപ്പുള്ളവരിൽ ധനികനും ദാനവാനുമായ ഒരേ ഒരു രാജാവേ ഉള്ളൂ. അതാണ് യയാതി മഹാരാജാവ്. ചെല്ലൂ. അദ്ദേഹം നിങ്ങളെ സഹായിക്കും.'

അങ്ങനെയാണ് ഞാൻ ദേവിയുടെ അച്ഛനെ സമീപിച്ചത്. പക്ഷെ, അദ്ദേഹം തന്നത് ഒരു വലിയ നിധിയാണ്. മകൾ മാധവിയെ.

എന്തു ചെയ്യണമെന്നറിയാതെ മുനി കുമാരനും ഞാനും പരസ്പരം നോക്കി. വീണ്ടും നടത്തം തുടർന്നു, ദാഹവും വിശപ്പും തളർച്ചയും അറിയാതെ. എന്റെ മനസ്സ് ഒരു കടലായി മാറിയിരുന്നു. ചിന്തകളുടെ തിരമാലകൾ. ഇടക്കിടക്ക് വൻതിരമാലകൾ. മീൻചാട്ടങ്ങൾ. എന്തിനായിരിക്കും എന്നെ മുനികുമാരന് നല്കിയത്.? ഒരു പക്ഷെ എന്റെ അസാധാരണത്വം അച്ഛന് അറിയാമായിരുന്നുവോ? ആർക്കെങ്കിലും എന്നെ കൊടുത്ത് കന്യാധനമായി വെള്ളക്കുതിരകളെ നേടാൻ വേണ്ടിയാണോ? അത്തരം കുതിരകൾ ഭൂമിയിലുണ്ടോ? മനസ്സിൽ വേലിയേറ്റം തന്നെ.

എത്ര ദൂരം നടന്നു. എത്ര നാളുകൾ കഴിഞ്ഞു?





എതൊക്കെ ദേശങ്ങൾ കണ്ടു? ഏതായാലും ഞാൻ ഒന്നു തീരുമാനിച്ചു. എന്റെ മനസ്സിൽ തേൻ തുള്ളികൾ പൊഴിച്ച ഈ മുനികുമാരന്റെ ജീവിതയാത്രയിൽ ഞാൻ കൂടെ ഉണ്ടായിരിക്കും. ഒരു താങ്ങായി തണലായി.

ജനപദത്തിലെത്തിയപ്പോൾ ആളുകൾ തമ്മിൽ പറയുന്നതു കേട്ടു, ഇക്ഷ്വാകു വംശ രാജാവായ ഹര്യശ്വനെപ്പറ്റി ചിലർ അദ്ദേഹത്തിന്റെ വെള്ളക്കുതിരകളെപ്പറ്റി. ചിലർ സമൃദ്ധിയെപ്പറ്റി, എന്നാൽ മറ്റു ചിലർ അദ്ദേഹത്തിന്റെ അനപത്യതാ ദുഃഖത്തെപ്പറ്റി.

ഞാനാണ് മുനികുമാരനോട് സൂചിപ്പിച്ചത്.

ഗുരുദക്ഷിണാർഥം ആ രാജാവിനെ ഒന്നു സമീപിച്ചാലോ ? ജനങ്ങൾ വെള്ളക്കുതിരകളെപ്പറ്റി പറയുന്നുണ്ടല്ലോ.

ഞങ്ങൾ കൊട്ടാരത്തിലേക്കു പോയി. സല്ക്കാരം സ്വീകരിച്ചശേഷം മുനികുമാരൻ ചോദിച്ചു.

മഹാരാജൻ ! 'ഞാൻ ഗുരുദക്ഷിണക്കു വേണ്ടി എണ്ണൂറു വെള്ളക്കുതിരകളെ തേടിപ്പോകുന്നു. ഒരു ചെവി കറുത്തവ. അങ്ങേയ്ക്ക് സഹായിക്കാനാകുമോ.'

കൂടെയുള്ള എന്നെ നോക്കി ആശ്ചര്യത്തോടെ രാജാവ് പറഞ്ഞു.

'തേജസ്വനിയായ ഈ കന്യകയെ എനിക്കു തരൂ. കന്യാധനമായി ചക്രവർത്തീലക്ഷണം തികഞ്ഞ ഒരു കുമാരനെ കിട്ടിയാൽ ഞാൻ തിരിച്ചേൽപ്പിക്കാം.'

എന്തു പറയണമെന്നറിയാതെ ഞങ്ങൾ ഇരുവരും തെല്ലുനേരം നിശ്ശബ്ദരായി. ഗാലവമുനി ചിന്താഭാരം കൊണ്ട് മുഖം കുനിച്ചു.

എന്റെ അസാധാരണത്വം എനിക്ക് ധൈര്യം തന്നു. ഞാൻ മുനിയോട് പറഞ്ഞു.

അങ്ങയുടെ ജീവിതയാത്രയിൽ ഞാനൊരു പങ്കാളിയാണ്. അച്ഛൻ എന്നെ അങ്ങയ്ക്ക് ദാനം ചെയ്താണല്ലോ. ഞാൻ അങ്ങയെ സഹായിക്കാൻ തയ്യാറാണ്.

മുനിയുടെ മുഖം ഒന്നു തെളിഞ്ഞു. എന്നെ രാജാവിന് നല്കി. കന്യാധനമായി കിട്ടിയ കുതിരകളെ രാജാവിൽ തന്നെ നിക്ഷേപിച്ചു. എണ്ണം തികയുമ്പോൾ കൊണ്ടുപോകാം എന്നേറ്റു.

ഞാൻ ദേശാടനത്തിൽ നിന്ന് അന്തഃപുരത്തിലേക്ക് ഒതുങ്ങി. സ്വർഗ്ഗസമാനമായ ലോകം............. സ്വപ്നതുല്യമായ ജീവിതം............

ഞാനൊരമ്മയായി. ലക്ഷണമൊത്ത ഒരു രാജകുമാരൻ. കുമാരനെന്തു പേരിടണം. ഒരു പേരിൽ ഒതുങ്ങുന്നില്ലല്ലോ കുമാരന്റെ തേജസ്സ് അതുകൊണ്ട് രണ്ടു പേരാകട്ടെ. വസുപ്രദൻ എന്നും വസുമനസ്സ് എന്നും. ഉണ്ണിയെ കണ്ടാൽ ഒരായിരം പേരിട്ട് വിളിക്കാൻ തോന്നും. മഹാരാജാവിന്റെ ആഹ്ലാദം.

എന്റെ സന്തോഷത്തിനും അതിരുണ്ടായിരുന്നില്ല............. പക്ഷെ എന്റെ ദൗത്യം തീർന്നിട്ടില്ലല്ലോ. എന്റെ ആഹ്ലാദത്തിൽ ഒരു പോറലേറ്റു. ഒരു നീറ്റൽ അനുഭവപ്പെട്ടു.

ഒരു ദിവസം ഗാലവമുനി വീണ്ടും കൊട്ടാരത്തിലെത്തി. എന്റെ വേദന ഞാൻ ഒളിച്ചു വെച്ചു. എല്ലാം അദ്ദേഹത്തിനു വേണ്ടി. ഞാൻ സ്വയം സമാധാനിപ്പിച്ചു. ഇനിയും അറുനൂറു കുതിരകൾ വേണം. സത്യസന്ധനായ ഹര്യശ്വൻ എന്നെ മുനിക്ക് തിരിച്ചു നല്കി. വീണ്ടും ദേശാടനം. വഴിയിലുടനീളം ഒരു ചെവി കറുത്ത 'വെള്ളക്കുതിരകൾ – അറുനൂറെണ്ണം- ഗുരുദക്ഷിണ' എന്ന് വിലപിച്ചുകൊണ്ടേയിരുന്നു, ഗാലവമുനി.

ഇനിയെങ്ങോട്ടാണ് ? ഞാൻ ആരാഞ്ഞു.

'കാശിരാജാവായ ദിവോദാസന്റെ രാജധാനിയിലേക്ക്. അദ്ദേഹത്തിന് കുതിരകൾ ഉണ്ടത്രെ.' മുനി പതുക്കെ പറഞ്ഞു.

ദിവ്യസൗന്ദര്യവും നിത്യകന്യാകത്വവും എനിക്കൊരു ശാപമാണോ? എന്നാലും അത് മുനികുമാരന് ഒരനുഗ്രഹമായല്ലോ. എന്റെ ജീവിതം സഫലം.

ഞാൻ കാശിരാജാവിന്റെ അന്തഃപുരത്തിലെത്തി. ദേശാടനത്തിൽ നിന്ന് വീണ്ടുമൊരു മോചനം. മറ്റൊരു സ്വർഗ്ഗത്തിലേക്ക് ദിവോദാസരാജാവിനോട് മുനി തന്റെ വരവിന്റെ കാരണം പറഞ്ഞു. രാജാവ് എന്നെ നോക്കി. നിരസിക്കാനാവില്ലെന്ന് എനിക്കറിയാം. എന്നെ സ്വീകരിച്ചു കൊണ്ട് രാജാവ് തന്റെ വെള്ളക്കുതിരകളെ മുനിക്ക് നല്കി. വീണ്ടും സുഖജീവിതം. ദിവസങ്ങളും മാസങ്ങളും കടന്നു പോയി. ഞാൻ വീണ്ടും അമ്മയായി. ഒരോമനക്കുട്ടൻ. ആ ഉണ്ണിക്ക് പ്രതർദ്ദനൻ എന്ന് പേരിട്ടു......

വീണ്ടും എന്റെ മനസ്സ് ചിന്താകുലമായി. പ്രതീക്ഷിച്ചതുപോലെ ഗാലവമുനി കൊട്ടാരത്തിൽ വന്നു.

നാനൂറു വെള്ളക്കുതിരകൾ. മുനിയുടെ വിലാപം. മുനിയോട് സഹതാപം തോന്നി. അദ്ദേഹത്തിന്റെ ഗുരുഭക്തിയിൽ അത്ഭുതവും.

വിലപിക്കേണ്ട. ഞാൻ കൂടെയുണ്ട്. എന്ന് എന്റെ മനസ്സ് മന്ത്രിച്ചു. പകുതി ദൂരം പിന്നിട്ടു. ഇനി പകുതി മാത്രം. അതുകൂടി നിർവഹിക്കണം. വീണ്ടും യാത്ര. ഇത്തവണ ഭോജരാജാവായ ഉശീനരനാണ് ലക്ഷ്യം എന്ന് മുനി പറഞ്ഞു.

ഉശീന രാജാവിനും ഇരുനൂറ് വെള്ളക്കുതിരകൾ ഉണ്ട്. മുനി മുഖം താഴ്ത്തിക്കൊണ്ടു പറഞ്ഞു.

അങ്ങ് സംശയിക്കേണ്ട. ഈ ദൗത്യത്തിൽ ഞാൻ അങ്ങയുടെ കൂടെയുണ്ട്.

ഞാൻ ഉശീനരാജാവിന്റെ അന്ത:പുരത്തിൽ എത്തി. കാലം പോയതറിഞ്ഞില്ല. അവിടെ വച്ചാണ് ഞാൻ ശിബികുമാരനെ പ്രസവിച്ചത്.

എന്റെ മക്കൾ– വസുപ്രദൻ, പ്രതദ്ദനൻ, ശിബി ചക്രവർത്തി ലക്ഷണം തികഞ്ഞ ഉണ്ണികൾ. ഒരു നിമിഷം എന്റെ മനസ്സൊന്നുലഞ്ഞു.

ഇല്ല – ഞാൻ മുനിയെ ഉപേക്ഷിക്കില്ല. അദ്ദേഹത്തിന്റെ ദൃഢനിശ്ചയവും ഗുരുഭക്തിയും എന്നെ അത്രത്തോളം ആകർഷിച്ചിരുന്നു.

വീണ്ടും ഗാലവമുനി എത്തി. മുഖം മ്ലാനമായിരുന്നു.

ലക്ഷ്യം അടുത്തെത്തിയപ്പോൾ ആശ്വസിക്കുകയല്ലേ, വേണ്ടത്? ഞാൻ ചിന്തിച്ചു. ഞാൻ ചിന്തിച്ചു.

മഹർഷേ! അങ്ങയുടെ മുഖം വാടിയിരിക്കുന്നുവല്ലോ. എന്താണ് അങ്ങയെ ദു:ഖിപ്പിക്കുന്നത്? ഞാൻ ചോദിച്ചു.

കുമാരീ, എന്റെ അവിവേകത്തിന്റെ ഫലം. മുനി മെല്ലെ പറഞ്ഞു.

'അങ്ങയുടെ യാത്രയിൽ ഞാൻ കൂടെയുണ്ടല്ലോ. എന്നോടു പറയൂ.'

എനിക്കെന്തെന്നില്ലാത്ത ആത്മവിശ്വാസം തോന്നി.

ഭദ്രേ, മുനി നിരാശയോടെ പറഞ്ഞു. ഞാൻ ആകാംക്ഷയോടെ മുനിയെ നോക്കി. അദ്ദേഹം തുടർന്നു.

ഇത്തരത്തിൽ അറുനൂറു കുതിരകളേ ഇന്ന് ഭൂമിയിൽ ഉള്ളൂ. അത് നമ്മൾ നേടിക്കഴിഞ്ഞു. ഇനി ഇരുനൂറെണ്ണം കൂടി വേണം. അതിന് ഞാൻ എന്തു ചെയ്യും.

അങ്ങ് വിഷമിക്കരുത്. ഞാൻ ധൈര്യം കൊടുത്തു. 'എന്റെ ജീവിതം കൊണ്ട് അങ്ങ് ആ കടം വീട്ടണം. അപ്പോൾ മാത്രമേ എന്റെ ജന്മം സഫലമാകൂ.'

മുനി എന്നെ നോക്കി.

'അങ്ങ് സംശയിക്കണ്ട. നമ്മൾ നേടിയ അറുനൂറു കുതിരകളോടൊപ്പം എന്നേയും അങ്ങയുടെ ഗുരുവിനു സമർപ്പിക്കൂ.'

അത്ഭുതത്തോടെ മുനി എന്നെ നോക്കി. ഗുരുദക്ഷിണ വീട്ടിയതായി ആചാര്യൻ സമ്മതിച്ചു. വരൂ. കുതിരകളേയും എന്നെയും ഗുരുവിന് സമർപ്പിക്കൂ.

ഗാലവമുനി എന്നെ തൊഴുതു.

ദേവീ, ഗുരുവിന്റെ കടം വീട്ടാം. പക്ഷെ, ദേവിയുടെ കടം ഞാൻ എങ്ങനെ വീട്ടും.

അങ്ങനെ പറയരുതേ. ഞാൻ തൊഴുതുകൊണ്ടു പറഞ്ഞു. അങ്ങയുടെ ഋണം വീട്ടാനാണ് ഞാൻ ജനിച്ചത്. അതിനാണ് എന്റെ അച്ഛൻ എന്നെ അങ്ങേയ്ക്ക് ദാനം ചെയ്തതും. അങ്ങയെ നിഴലുപോലെ പിന്തുടരാൻ എന്നെ അനുവദിക്കൂ. ഋണമുക്തനാകൂ.

മഹർഷി അതു കേട്ടുവോ ? ഒന്നും മിണ്ടാതെ അദ്ദേഹം എന്നേയും ആ അറുനൂറു, ഒരു ചെവി കറുത്ത വെള്ളക്കുതിരകളേയും വിശ്വാമിത്ര മഹർഷിയുടെ മുമ്പിൽ സമർപ്പിച്ചു.

'ഗുരോ, അറുന്നൂറു വെള്ളക്കുതിരകളെ മാത്രമേ കിട്ടിയുള്ളു. പക്ഷെ വംശവർധിയായ ഈ രാജകുമാരിയേയും ഞാൻ അങ്ങയ്ക്ക് ഗുരുദക്ഷിണയായി സമർപ്പിക്കുന്നു.'

ഗാലവമുനി താണു തൊഴുതു. എനിക്കെന്തിനാണ് ഉണ്ണീ കുതിരകൾ ? അവയെ വിട്ടയയ്ക്കൂ. വിശ്വാമിത്രൻ സന്തോഷത്തോടെ പറഞ്ഞു. നീ നിർബന്ധിച്ചപ്പോൾ ഞാൻ പറഞ്ഞതാണ്. നിന്റെ കുടുംബസ്നേഹത്തിലും ഗുരുഭക്തിയിലും ഞാനെന്നേ സന്തുഷ്ടനാണ്. ഇപ്പോൾ നിന്റെ നിശ്ചയദാർഢ്യം എന്നെ കീഴ്പ്പെടുത്തിയിരിക്കുന്നു.

ശിഷ്യൻ ഗുരുവിനെ സാഷ്ടാംഗം നമസ്കരിച്ചു. വാത്സല്യപൂർവ്വം ഗുരു ശിഷ്യനെ ആലിംഗനം ചെയ്തു.

മകനേ, ഇവളെ ഞാൻ സന്തോഷപൂർവ്വം സ്വീകരിക്കുന്നു. ലക്ഷ്മീ സമാനമായ ഇവളെ ആദ്യമേ ത്തന്നെ എനിക്ക് സമർപ്പിക്കാമായിരുന്നില്ലേ. ഇനി ഇവളിൽ നാലിലൊന്ന് അവകാശമേ എനിക്കുള്ളൂ. ഒരു പുത്രനുണ്ടായ ശേഷം ഇവളെ ഞാൻ തിരിച്ചേൽപ്പിക്കാം.

മഹർഷി എന്നെ ഏറെ സന്തോഷത്തോടെ സ്വീകരിച്ചു. ഗാലവമുനി തിരിച്ചു പോയി. പുതിയൊരു ജീവിതം ആശ്രമത്തിൽ, മുനിപത്നിയുടെ രൂപത്തിൽ. മൃഗങ്ങളും വൃക്ഷങ്ങളുമൊക്കെ എന്റെ സാമീപ്യത്തിൽ സന്തോഷം പ്രകടിപ്പിക്കുന്നതായി തോന്നി. ഞാനും ആശ്രമ ജീവിതം ഇഷ്ടപ്പെട്ടു തുടങ്ങി.

ഞാൻ ഗർഭിണിയായി. മാസങ്ങൾക്കു ശേഷം ഒരു മുനികുമാരനെ പ്രസവിച്ചു. ഉണ്ണിക്ക് മഹർഷി അഷ്ഠകൻ എന്നു പേരിട്ടു.

ഗാലവമുനി വന്നപ്പോൾ എനിക്ക് ആശ്വാസമായി.





മുനി സ്വതന്ത്രനായല്ലോ. കൂടെ ഞാനും. ഒരു വലിയ യാത്രയിൽ കൂടെ നിന്ന എന്നെ മുനികുമാരന് മറക്കാനാവില്ലല്ലോ.

ഞാൻ എന്തെല്ലാം വേഷം കെട്ടി. ഇനി ഈ വേഷങ്ങളെല്ലാം അഴിച്ചു വെച്ച് എനിക്ക് ജീവിക്കണം. എന്റെ മനസ്സിൽ സ്വപ്നങ്ങൾ വിടർന്നു. കുട്ടിക്കാലത്ത് ആരോ പറഞ്ഞ വാക്കുകൾ എന്റെ ഓർമ്മയിൽ പാറിവന്നു. ഗാലവമുനിക്കു മാത്രമേ ഇവളുടെ നിത്യകന്യകാത്വം അവസാനിപ്പിക്കാൻ സാധിക്കുകയുള്ളൂ.

ഞാനും അതാണ് ആഗ്രഹിക്കുന്നത് മുനിയുടെ വംശവർധിനിയായി ജീവിക്കണം.  കാട്ടിൽ, പക്ഷിമൃഗാദികളോടൊപ്പം.

വിശ്വാമിത്രമുനി എന്നെ ഗാലവന് തിരിച്ചു നല്കി. എന്റെ ഉള്ളമൊന്നു കുളിർത്തു. വർണസ്വപ്നങ്ങളുമായി ഞാൻ അദ്ദേഹത്തെ അനുഗമിച്ചു.

ഇനി എങ്ങോട്ടാണ് അങ്ങ് എന്നെകൊണ്ടു പോകുന്നത്. ഞാൻ ആരാഞ്ഞു. ഇതൊക്കെ എനിക്ക് പരിചയമുള്ള സ്ഥലങ്ങളാണ്. ആശ്രമവാടം വിട്ട് ഗ്രാമങ്ങളിലേക്കും നഗരങ്ങളിലേക്കും നീങ്ങിയപ്പോൾ ഞാൻ സംശയിച്ചു.

ഭദ്രേ, എന്റെ ഗുരുദക്ഷിണ പ്രതത്തിൽ കൂടെ നിന്ന ഭവതിയോട് ഞാൻ എന്നും നന്ദിയുള്ളവനാണ്. നിത്യകന്യകയായ കുമാരി ഏതോ ഒരു കൊട്ടാരത്തിലെ പട്ടമഹിഷിയായി വാഴേണ്ടവളാണ്. മുനിയുടെ ആ വാക്കുകൾ എന്നിൽ ഭയം ജനിപ്പിച്ചു.

മഹർഷേ, ഞാൻ നിരാശയോടെ പറഞ്ഞു. ജീവിതത്തിൽ ഇത്രകാലം ഞാൻ അങ്ങയുടെ നിഴലായിരുന്നു. അങ്ങേക്കു വേണ്ടി ജീവിച്ചു. ഇനി മറ്റൊരു ജീവിതം എനിക്കു വേണ്ട.

കുമാരീ, മുനിയുടെ ശബ്ദം ദൃഢനിശ്ചയത്തിന്റേതായിരുന്നു. ഞാൻ വെറും ഒരു സന്യാസി. ബ്രഹ്മചര്യവും തപസ്സുമായി ശിഷ്ടജീവിതം നയിക്കാൻ തീരുമാനിച്ച ഒരു കാട്ടു സന്യാസി. എനിക്ക് കാടും നാടും ഒക്കെ സമമാണ്. എന്നാൽ ഭവതി ഏതോ രാജ്യത്തിന്റെ പട്ടമഹിഷിയാകേണ്ടവൾ. ചക്രവർത്തി കുമാരന്മാർക്ക് ജന്മം നൽകേണ്ടവൾ.

ഞാൻ ചെവി പൊത്തി. പക്ഷം അദ്ദേഹത്തിന്റെ വാക്കുകൾ എന്റെ ചെവിയിൽ വന്നലച്ചു.

എന്റെ പ്രതിജ്ഞ നിറവേറി. ഇനി ഭവതിയുടെ പിതാവിനോടു ചെയ്ത ഒരു സത്യമുണ്ട്. നിത്യകന്യകയായ കുമാരിയെ തിരിച്ചേൽപ്പിക്കാമെന്ന്. ആ വാക്കും എനിക്ക് നിറവേറ്റണം.

എന്റെ കണ്ണിൽ ഇരുട്ടു കയറി. ഭൂമി പിളർന്ന് പാതാളത്തിലേക്ക് ആണ്ടു പോയെങ്കിൽ.......... ഞാൻ വിലപിച്ചു. ഒന്നു മിണ്ടാനാവാതെ....... തലയിൽ ഒരഗ്നി പർവതത്തിന്റെ നീറ്റലും പുകച്ചിലുമായി..... ഉത്സാഹം കെട്ട്.......ഞാൻ നടന്നു. എന്റെ അച്ഛന്റെ കൊട്ടാരത്തിലേക്ക്.

(തുടരും)




## അഭിനന്ദനങ്ങൾ



പോണ്ടിച്ചേരി സെൻട്രൽ യുണിവേഴ്ണിറ്റിയിൽ 2019 ൽ നടത്തിയ എം. എ.അപ്ലൈഡ് ഇക്കണോമിക്സ് പരിക്ഷയിൽ ഒന്നാം റാങ്കും അരുണാലയ മുതലിയാർ ഗോൾഡ് മെഡലും കരസ്ഥമാക്കിയത് നമ്മുടെ കരയോഗാംഗമായ ശാലിനി.എസ്.മേനോനാണ്. തൃപ്പൂണിത്തുറ ചേന്നാട്ട് ശശിധരമേനോന്റെയും നമ്മുടെ കരയോഗാംഗമായ ശ്രിലത എസ് മേനോന്റെയും മകളാണ് ശാലിനി.അഭിമാനാർഹമായ  ഈ നേട്ടം കൈവരിച്ച ശാലിനിക്ക് എറണാകുളം കരയോഗത്തിന്റെ ആത്മാർത്ഥമായ അഭിനന്ദനങ്ങൾ

ജനറൽ സെക്രട്ടറി, എറണാകുളം കരയോഗം

# വരുന്ന വർഷങ്ങളിൽ

**യു.എസ്. രവീന്ദ്രൻ. ഫോൺ : 9496120978**

ഇരുപത്തി ഒന്നാം നൂറ്റാണ്ടിലെ പത്തൊൻപത് വർഷങ്ങൾ പിന്നിട്ട് ഇരുപതാമത്തെ വർഷത്തിൽ പ്രവേശിച്ചിരിക്കുകയാണല്ലോ. നാമെല്ലാവരും നമ്മുടെ രാജ്യം മുന്നോട്ടുള്ള ചലനതടസ്സങ്ങളെ മയപ്പെടുത്തി കൂടുതൽ കാര്യക്ഷമതയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. ശാസ്ത്രസാങ്കേതിക വിദ്യകൾ അതിവേഗം പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. അടുത്ത പത്തു വർഷങ്ങളിൽ ശാസ്ത്രം, സാങ്കേതികം, ആരോഗ്യം, സാമ്പത്തികം, വിദ്യാഭ്യാസം, മാദ്ധ്യമം, വിനോദം, സാമൂഹ്യം എന്നീ രംഗങ്ങളിൽ ഉണ്ടായേക്കാവുന്ന ചില സാധ്യതകളെപ്പറ്റിയും ഉണ്ടാകേണ്ട ചില ആവശ്യകതയെപ്പറ്റിയും ഒന്നു അവലോകനം ചെയ്തു നോക്കാം. ശാസ്ത്രസാങ്കേതിക മേഖലകളിൽ പുതിയ വലിയ മുന്നേറ്റങ്ങൾ നമുക്ക് പ്രതീക്ഷിക്കാം. നിർമ്മിതബുദ്ധികൾ യന്ത്രമനുഷ്യ സാങ്കേതികത്വം , ആരോഗ്യ മേഖലയിലെ സാങ്കേതിക വശം, ജൈവ സാങ്കേതികത്വം, ഉപകരണങ്ങളുടെ നിയന്ത്രണ ശ്യംഖല, രാശി സംഖ്യാതം എന്നീ മേഖലകളിൽ വലിയ വിപ്ലവം തന്നെ അടുത്ത പത്തുകൊല്ലം കൊണ്ട് പ്രതീക്ഷിക്കാം. മൊബൈൽ ആപ്ലിക്കേഷനുകൾ ദിനംപ്രതിയെന്നോണം കൂടിക്കൊണ്ടിരിക്കുന്നു.

സ്വന്തമായി ഒരു വാഹനം ഇല്ലാത്ത യൂബർ കമ്പനി ലോകം മുഴുവൻ ടാക്സി ഓടിക്കുന്നു. സ്വന്തമായി ഒരു ഹോട്ടൽ പോലും ഇല്ലാത്ത ഓയോ ലോകം മുഴുവൻ ഹോട്ടൽ നടത്തുന്നു. ഭക്ഷണം ഓർഡർ ചെയ്യൽ, കറന്റ് ബില്ലടക്കൽ, ബാങ്കിൽ പണമടയ്ക്കൽ, ബസ്, ട്രെയിൻ, പ്ലെയിൻ യാത്രകൾക്കുള്ള ടിക്കറ്റ് ബുക്ക് ചെയ്യൽ, അകലെ ഇരുന്നുകൊണ്ടു തന്നെ വീട്ടിലെ ഉപകരണങ്ങളുടെ പ്രവർത്തനം നിയന്ത്രിക്കൽ തുടങ്ങി. എല്ലാ മേഖലകളിലേക്കും ഇന്റർനെറ്റിന്റെ ഉപയോഗം വ്യാപിച്ചു കഴിഞ്ഞു. മൊബൈൽ സാങ്കേതിക വിദ്യ 1 ജി, 2 ജി, 3 ജി, 4 ജി എന്നിവ പിന്നിട്ട് 5 ജി – അഞ്ചാം തലമുറയിലെത്തി നിൽക്കുന്നു. ഇന്ധനം ഉപയോഗിച്ച് ഓടുന്ന വാഹനങ്ങൾ നിരത്തുകളിൽ നിന്നും കുറേശ്ശെയായി അപ്രത്യക്ഷമാകാൻ തുടങ്ങിയിരിക്കുന്നു. ഈ ദശകം എലക്ട്രിക് വാഹനങ്ങൾക്കുള്ളതാണ്. അവ പ്രവർത്തിപ്പിക്കാൻ വേണ്ട ശക്തിയുള്ള ബാറ്ററി സംവിധാനങ്ങളും ചാർജിങ്ങ് സംവിധാനങ്ങളും ഒരുങ്ങിക്കഴിഞ്ഞു. ഡ്രൈവർ ഇല്ലാതെ തന്നെ സ്വയം വഴി കണ്ടുപിടിച്ച് യാത്രക്കാരനെ ലക്ഷ്യസ്ഥാനത്തെത്തിക്കുന്ന വാഹനങ്ങൾ നമ്മുടെ നാട്ടിലും അടുത്ത കുറച്ചു വർഷങ്ങൾക്കുള്ളിൽ കാണാം. നാനോ ടെക്നോളജി പ്രായോഗികമാക്കുമ്പോൾ ഇപ്പോൾ വലിയ വില കൊടുക്കേണ്ട ഉപകരണങ്ങൾക്ക് വില കുറയും. അവയുടെ വലിപ്പവും കുറയും. ജീവിതം ഒരു കാല്പനിക യാഥാർത്ഥ്യം എന്ന പ്രതിഭാസത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്.

കാൻസർ എന്ന രോഗം വൈറസു മൂലമോ, പുകയിലയുടെ ഉപയോഗം, മദ്യപാനം എന്നീ സ്വഭാവ വിശേഷം കൊണ്ടോ, വികിരണ സാധ്യതയുള്ള പരിസ്ഥിതിയിൽ ജീവിക്കുന്നതു കൊണ്ടോ ഉണ്ടാകാമല്ലോ. ഏതു കാരണമാണെങ്കിലും സാധാരണ സെല്ലുകൾ കാൻസർ സെല്ലുകളായി തീരുന്ന പരിണാമപ്രക്രിയ ഒരു പോലെയാണ്. കാൻസർ പലപ്പോഴും തിരിച്ചറിയുന്നത് ചികിത്സിച്ചു ഭേദമാക്കാൻ പറ്റുന്ന അവസ്ഥ കഴിഞ്ഞ് വളരെ വൈകിയാണ്. കാൻസർ ബാധിച്ച സെല്ലുകൾക്ക് സാധാരണ സെല്ലുകളെക്കാൾ ചെറിയ തോതിൽ ഉയർന്ന താപനിലയാണുള്ളതെന്ന് തിരിച്ചറിഞ്ഞിട്ടുണ്ട്. എന്നാൽ നിലവിലുള്ള സാങ്കേതിക വിദ്യ ഉപയോഗിച്ച് ഈ സെല്ലുകളെ തിരിച്ചറിയുവാൻ സാധിക്കുകയില്ല. എന്നാൽ ആധുനിക എലക്ട്രോണിക് ചിപ്പുകൾ ഉപയോഗിച്ച് ചൂടു വ്യത്യാസമുള്ള ബാഹ്യമോ ആന്തരികമോ ആയ കാൻസർ സെല്ലുകളെ ആരംഭത്തിൽ തന്നെ തിരിച്ചറിയാനും ശരീരത്തിന്റെ മറ്റു ഭാഗങ്ങളിലേക്ക് വ്യാപിക്കുന്നത് ഇലക്ട്രോണിക് ചിപ്പുകൾ ഉപയോഗിച്ചു തന്നെ നശിപ്പിക്കാനും സാധിക്കും. ഇതിനുള്ള ഗവേഷണങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. സമീപ ഭാവിയിൽ കാൻസർ ചികിത്സാരംഗത്ത് വലിയ മാറ്റങ്ങൾ ഉണ്ടാകുന്നതാണ്.





എന്നാൽ രോഗം വരാതെ നോക്കേണ്ടത് അവരവരുടെ കടമയാണ്. സർക്കാർ തലത്തിൽ കൂടുതൽ മദ്യഷാപ്പുകൾ തുറക്കുകയും ബോധവല്ക്കരണം എന്ന മറ പിടിച്ച് മദ്യവ്യവസായം കൂട്ടുകയും ചെയ്യുന്നത് വിരോധാഭാസമാണ്. പുകയില ഉപയോഗം കുറയ്ക്കേണ്ടതുണ്ട്. മലിനീകരണ സാദ്ധ്യതയുള്ള അന്തരീക്ഷം കുടിവെള്ളം എന്നിവ ഒഴിവാക്കുക. റേഡിയേഷൻ സാദ്ധ്യതയുള്ള മൊബൈൽ ഫോൺ ഉപയോഗം കുറയ്ക്കുക എന്നീ മുൻകരുതൽകൊണ്ട് കാൻസറിനെ ഒരു പരിധി വരെ ഒഴിവാക്കാം. അസ്ഥി കാൻസർ, കരൾ കാൻസർ തുടങ്ങിയവയ്ക്കുള്ള വാക്സിനേഷൻ ഫലപ്രദമായി പരീക്ഷിച്ചു വിജയിച്ചിട്ടുണ്ട്. ഈ മേഖലയിലും അടുത്ത വർഷങ്ങളിൽ ആശാവഹമായ പുരോഗതി പ്രതീക്ഷിക്കുന്നു.

വിദ്യാഭ്യസ മേഖലയിൽ ചില മാറ്റങ്ങൾ അനിവാര്യമാണ്. അദ്ധ്യാപകർക്ക് ജോലിയിൽ പ്രവേശിക്കുന്നതിന് ചില നിശ്ചിത യോഗ്യതകൾ നിഷ്കർഷിക്കുന്നുണ്ട്. ഇതു കൂടാതെ സർവീസിലുള്ളപ്പോൾ തന്നെ ശാസ്ത്രസാങ്കേതിക, സാമൂഹിക രംഗങ്ങളിലുണ്ടായിരിക്കുന്ന വളർച്ചകളെപ്പറ്റി ബോധവാന്മാരാക്കാനും അതു ഫലപ്രദമായി കുട്ടികളിലേക്ക് പകർന്നു കൊടുക്കുവാനും ഉതകുന്ന റിഫ്രഷർ കോഴ്സുകൾ ആവശ്യമാണ്. പഴയ സിലബസുകൾ പുനക്രമീകരിച്ച് തൊഴിലധിഷ്ഠിത വിദ്യാഭ്യാസ രീതിയിലേക്ക് ഊന്നൽ കൊടുത്തുകൊണ്ടുള്ള സിലബസാണ് വേണ്ടത്. തൊഴിലില്ലായ്മക്ക് ഒരു പരിധി വരെ പരിഹാരം കാണാൻ ഇങ്ങനെയുള്ള വിദ്യാഭ്യാസം കൊണ്ട് സാധിക്കും. നിലവിലുള്ള എൻട്രൻസ് ടെസ്റ്റുകൾ ഒഴിവാക്കി, എട്ടാം ക്ലാസ്സുമുതൽ കുട്ടികളുടെ നിലവാരം ഉയർത്താനും ക്ഷമത വർദ്ധിപ്പിച്ച് അവർക്ക് താല്പര്യമുള്ള മേഖലയിൽ മാത്രം ഉന്നത വിദ്യാഭ്യാസം നേടുന്നതിനുമുള്ള ഒരു സംവിധാനമാണ് വേണ്ടത്. ഇന്നത്തെ സ്ഥിതിയിൽ എഞ്ചിനിയിറിങ്ങ്, മെഡിസിൻ എന്നീ മേഖലകളിൽ പാസായി വരുന്നവർ 70 ശതമാനം പേരും അതാതു മേഖലകളിൽ ജോലി ചെയ്യാൻ വേണ്ട പ്രാപ്തി നേടിയിട്ടില്ല എന്നാണ് വിദഗ്ദ്ധാഭിപ്രായം. ഗവൺമെന്റിന്റെ ചില നയങ്ങൾ ആദ്യഘട്ടങ്ങളിൽ സാമ്പത്തിക പുരോഗതിയേ ബാധിച്ചിട്ടുണ്ടെങ്കിലും ഇനിയുള്ള വർഷങ്ങളിൽ അതിന്റെ ദൂരവ്യാപകമായ ഗുണങ്ങൾ വരാൻ പോകുന്നതേയുള്ളൂ. ഒരു സമാന്തര സാമ്പത്തികസ്ഥിതി ഉണ്ടായാൽ ഗവൺമെന്റിന്റെ പദ്ധതികൾ ഫലപ്രദമായി നടപ്പാക്കാൻ സാധിക്കുകയില്ല. നോട്ട് നിരോധനംകൊണ്ട് ഒരു പരിധി വരെ സമാന്തര സാമ്പത്തിക വ്യവസ്ഥിതിക്ക് നിയന്ത്രണം കൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്. അനധികൃതമായ വിദേശഫണ്ടുകളുടെ ഒഴുക്കും നിയന്ത്രിക്കുവാൻ സാധിച്ചിട്ടുണ്ട്, ഏകീകരിച്ച നികുതി സമ്പ്രദായവും (GST) ഒട്ടേറെ ഗുണം ചെയ്തിട്ടുണ്ട്. വഴിവിട്ട് കാര്യങ്ങൾ ചെയ്ത് ശീലിച്ചവർ ഇത് ജനാധിപത്യ വിരുദ്ധമാണെന്നും സാമ്പത്തികം താറുമാറായെന്നും മുറവിളി കുട്ടൂന്നുന്നുണ്ടെങ്കിലും ഒന്നും കാര്യമാക്കേണ്ടതില്ല. നമ്മൾ പുരോഗതിയുടെ ദിശയിൽ തന്നെയാണുള്ളത്. മറ്റു രാജ്യങ്ങളോട് കിടപിടിക്കത്തക്ക ഒരു സാമ്പത്തിക ശക്തിയാകണമെങ്കിൽ രാജ്യം സാമൂഹികമായും രാഷ്ട്രീയപരമായും ശക്തിപ്രാപിക്കേണ്ടതുണ്ട്. ഊർജ്ജസ്വലരായ യുവശക്തി രാജ്യത്തുണ്ടെങ്കിലും അവരുടെ ഊർജ്ജം രാഷ്ട്രീയ പാർട്ടികൾ സ്വാർത്ഥതാല്പര്യങ്ങൾക്കു വേണ്ടി വഴി തിരിച്ചു വിടുന്നു. സ്വാതന്ത്ര്യലബ്ധിക്കു ശേഷമുള്ള 65 കൊല്ലത്തെ ഭരണം കൊണ്ട് നേടാൻ കഴിഞ്ഞത് രാജ്യത്തെ 130 കോടിയോളം വരുന്ന പൗരന്മാരുടെ ആളോഹരി വരുമാനം കേവലം രണ്ടായിരം ഡോളറാക്കാനാണ്. വികസിത രാജ്യങ്ങളുടെതിന്റെ അഞ്ചു ശതമാനം മാത്രം. തൊഴിൽ സമരം മൂലം വിദേശ കമ്പനികൾ ഇവിടെ മുതൽ മുടക്കാൻ മടിക്കുന്നു. അതുകൊണ്ട് തൊഴിൽ സാധ്യതകളും കുറയുന്നു. വ്യവസായ മേഖലകളിൽ മനുഷ്യന്റെ ജോലി യന്ത്രങ്ങൾ ഏറ്റെടുക്കാൻ തുടങ്ങിയിരിക്കുന്നു. അടുത്ത പത്ത് വർഷത്തിനുള്ളിൽ സ്ഥിരസ്വഭാവമുള്ള ജോലികളുടെ അമ്പതു ശതമാനമെങ്കിലും യന്ത്രങ്ങൾ ഏറ്റെടുക്കും. മനുഷ്യന്റെ വിശേഷബുദ്ധി ഉപയോഗിച്ചു ചെയ്യേണ്ട ജോലികൾക്ക് മാത്രം മനുഷ്യസാന്നിദ്ധ്യം മതിയാകും. യന്ത്രങ്ങൾക്ക് വികാരവും വിശേഷബുദ്ധിയും ഉണ്ടാകുകയില്ലല്ലോ.

അദ്ധ്യാപകർ, ഉപദേശകർ, ഡോക്ടർമാർ, നഴ്സുകൾ തുടങ്ങിയ വികാരവിചാര മേഖലയിലുള്ള ജോലി ചെയ്യുന്നവർക്കും മറ്റുള്ളവർക്ക് പ്രചോദനം നൽകാൻ കഴിയും. അതുപോലെ സർഗ്ഗാത്മക പ്രവർത്തിയിൽ ഉള്ളവർക്കും ശോഭിക്കാൻ സാധിക്കും. വ്യത്യസ്ത- ശാസ്ത്ര, സാങ്കേതിക, സാമൂഹിക, കലാമേഖലകൾ തമ്മിൽ ഒരു സംയോജിത പ്രവർത്തനം ആവശ്യമാണ്.

ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യമായ ഇന്ത്യയിൽ രാജ്യദ്രോഹത്തിനെതിരെ

നിയമമുണ്ട്. ഇൻഡ്യൻ ശിക്ഷാനിയമ (125 എ ) പ്രകാരം രാജ്യതാല്പര്യങ്ങൾക്കെതിരായി പ്രവർത്തിക്കുകയോ പ്രചരിപ്പിക്കുകയോ ചെയ്താൽ ജീവപര്യന്തം തടവു ശിക്ഷ വരെ ലഭിക്കാവുന്നതാണ്. എന്നാൽ ഗവൺമെന്റിന്റെ നയങ്ങളെ ചോദ്യം ചെയ്യാനുള്ള പൗരന്റെ അവകാശത്തെ ഒരു കോടതികളും എതിർക്കുന്നില്ല. ഒരാൾ കുറ്റവാളിയാണെന്ന് തെളിയിക്കുന്നതുവരെയുള്ള ജയിൽ ജീവിതം കഴിയുമ്പോഴേക്കും ജീവിതത്തിലെ നല്ലൊരു സമയം തീർന്നിരിക്കും. ഈ സ്ഥിതി വിശേഷം മാറേണ്ടതുണ്ട്. എന്നാൽ അതിരു കടന്ന സ്വാതന്ത്ര്യദുരുപയോഗത്തിന് കടിഞ്ഞാൺ ഇടേണ്ടതു തന്നെയാണ്. ഇൻഡ്യൻ ഭരണഘടനഎല്ലാ പൗരന്മാർക്കും സമത്വവും സാഹോദര്യവും വാഗ്ദാനം ചെയ്തിട്ടുണ്ട്. അധികാരം നിലനിർത്താൻ വേണ്ടി ഭരിച്ചുകൊണ്ടിരിക്കുന്ന പാർട്ടികൾ പല തലങ്ങളിലുള്ള പ്രീണനങ്ങൾ നടത്തുകയും അതിന്റെ ആനുകൂല്യങ്ങൾ അനുഭവിക്കുന്നവർ ആ സൗകര്യങ്ങൾ ദുർവിനിയോഗം ചെയ്യുകയും ചെയ്യുന്നു. തന്മൂലം ഭൂരിപക്ഷം അസ്വസ്ഥരാകുന്നു. ഇത് ന്യൂനപക്ഷധ്രുവീകരണങ്ങൾക്ക്  കാരണമാകുകയും ചെയ്യുന്നുണ്ട്. ഇവിടെ സമ്പന്നർ ദരിദ്രർ എന്ന രണ്ടു വിഭാഗം മാത്രമേയുള്ളൂ. സാമ്പത്തിക സംവരണത്തിന്റെ ആവശ്യകത ആസന്നമായിരിക്കുന്ന ഒരു കാലഘട്ടമാണിത്. അതുപോലെ ലിംഗസമത്വത്തിന്റെ ആവശ്യകതയെ പറ്റിയും ഏറെ ചർച്ച ചെയ്യപ്പെടുന്നുണ്ട്. ഭിന്നലിംഗക്കാരുടെ അവകാശവും ഏതു ജോലിയും ഏതു ലിംഗക്കാർക്കും ചെയ്യാമെന്ന ഒരു സ്ഥിതിവിശേഷം ഉണ്ടാകേണ്ടതുണ്ട്.  ഭിന്നലിംഗക്കാരുടെ വ്യക്തിത്വം സമൂഹം അംഗീകരിക്കേണ്ടതുണ്ട്. കഴിഞ്ഞ വർഷങ്ങളിൽ കാലാവസ്ഥ വ്യതിയാനം മൂലം പ്രളയവും കൊടുങ്കാറ്റും മറ്റും അനുഭവപ്പെട്ടതാണല്ലോ. അന്തരീക്ഷ മലിനീകരണവും ജലമലിനീകരണവും ഏറി വരികയാണ്. കുടിവെള്ള ക്ഷാമം ഇന്ന് ലോകപ്രശ്നമാണ്. അന്തരീക്ഷ താപം ഏറി വരികയാണ്. നാം ഉപയോഗിക്കുന്ന പെട്രോളും ഡീസലും ഗ്യാസും മറ്റും കാർബൺഡയോക്സൈഡ് ആയി അന്തരീക്ഷത്തിലേക്ക് തള്ളപ്പെടുന്നു. കൂടാതെ പല ഫാക്ടറികളിൽ നിന്നും പുറം തള്ളുന്ന സൾഫർ ഡയോക്സൈഡ്, കാർബൺ മോണോക്സൈഡ് തുടങ്ങിയ വാതകങ്ങളും, ഈ ഹരിത വാതകങ്ങൾ ഭൂമിക്ക് ചുറ്റും ഒരു വലയം സൃഷ്ടിച്ച് താപം വർദ്ധിപ്പിക്കുന്നു. ഇതുമൂലം ധ്രുവപ്രദേശങ്ങളിലെ മഞ്ഞുപാളികൾ ഉരുകി സമുദ്രജല വിതാനം വർദ്ധിക്കുന്നു. മനുഷ്യവാസമുള്ള പല പല ദ്വീപുകളും, രാജ്യങ്ങളുടെ പല ഭാഗവും വെള്ളത്തിൽ മുങ്ങി പോകുന്നു. ഇന്നത്തെ നില തുടരുകയാണെങ്കിൽ കൊച്ചി നഗരം വെള്ളത്തിൽ മുങ്ങാൻ അടുത്ത അമ്പത് വർഷം മതി. എല്ലാ രാജ്യങ്ങളും ഒന്നിച്ചിരുന്നു ചർച്ച ചെയ്ത് ഹരിതവാതകപ്രശ്നങ്ങൾക്ക് ഒരു പ്രതിവിധി കണ്ടേ തീരൂ. ഓരോ വ്യക്തിയെന്ന നിലയിലും അവനവന്റേതായ പങ്കു വഹിക്കാൻ സാധിക്കും. കുറഞ്ഞപക്ഷം ഒഴിച്ചു കൂടാൻ പറ്റാത്ത അവസരങ്ങളിൽ മാത്രം സ്വകാര്യ വാഹനം ഉപയോഗിക്കുക. സാധാരണ ആവശ്യങ്ങൾക്ക് പൊതുവാഹനങ്ങൾ ഉപയോഗിക്കുക. പ്ലാസ്റ്റിക് ഉപയോഗം പരമാവധി കുറയ്ക്കുക. മഴവെള്ളം സംഭരിക്കാൻ സ്വന്തം വീടുകളോട് ചേർന്നു സംവിധാനങ്ങൾ ഉണ്ടാക്കുക.

അടുത്ത  പത്തു വർഷത്തിനുള്ളിൽ ഇന്ത്യൻ സാമ്പത്തിക സ്ഥിതി അമേരിക്കയുടെയും ചൈനയുടെയും ഒപ്പമെത്തുമെന്ന് സാമ്പത്തിക വിദഗ്ദ്ധർ കണക്കു കൂട്ടുന്നു. ഉപഭോക്താക്കളുടെ ആവശ്യങ്ങൾ കൂടുമ്പോൾ അതിനാവശ്യമായ ഉല്പന്നങ്ങൾ കൂടിയേ തീരൂ. ഉല്പന്നങ്ങൾ ഉണ്ടാക്കുവാൻ പുതിയ പുതിയ വ്യവസായ സംരംഭങ്ങൾ കൂടിയേ തീരൂ. വലിയ വലിയ സംരംഭകർ ഇന്ത്യയിൽ മുതൽ മുടക്കാൻ സന്നദ്ധത പ്രകടിപ്പിച്ച് മുന്നോട്ടു വന്നിട്ടുണ്ട്. കയറ്റുമതി വിഭവങ്ങൾക്ക് നമ്മൾ കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതുണ്ട്.

സാമൂഹ്യബന്ധങ്ങൾ ഒരു പ്രത്യേക ദിശയിൽ നീങ്ങികൊണ്ടിരിക്കുകയാണ്. ഇന്നു നിലനിന്നു വരുന്ന ഭാര്യാഭർതൃബന്ധത്തേക്കാൾ വിവാഹം കഴിക്കാതെ ഒരുമിച്ചു താമസിക്കുന്ന സംസ്കാരത്തിലേക്കുള്ള പ്രവണത കൂടി വരികയാണ്. സൗഹൃദം കൂടി വന്ന് ഒരുമിച്ചു താമസിക്കുക, വിവാഹം വേണ്ടെന്ന് വച്ച് ഒറ്റയ്ക്ക് താമസിക്കുക, വിവാഹേതരബന്ധങ്ങളിൽ ഏർപ്പെടുക, ആൺ- ആൺ , പെൺ - പെൺ വിവാഹങ്ങൾ എന്നീ പ്രവണതകൾ കഴിഞ്ഞ കാലങ്ങളെ അപേക്ഷിച്ച് കൂടുതലാണ്. വിവാഹവും കുടുംബവും ഒരു ബന്ധനം എന്ന് കരുതുന്നവർ മേല്പറഞ്ഞ ഏതെങ്കിലും സാമൂഹ്യ ജീവിതം ഇഷ്ടപ്പെടുന്നവരാണ്. വിവാഹമോചനങ്ങൾ കൂടി വരുന്ന ഇക്കാലത്ത് മേൽ പറഞ്ഞ ഏതെങ്കിലും സഹജീവിതവും ചിലർക്ക് ആശ്വാസകരമാണ്.

ഇന്ത്യയിലെ വിനോദ - വാർത്താ മാദ്ധ്യമ



കരയോഗ സൗഹൃദം
1195 കുംഭം

ങ്ങൾ അടുത്ത പത്തു വർഷങ്ങളിൽ 150 ബില്യൻ ഡോളർ ബിസിനസ്സിലേക്ക് - അതായത് ഇപ്പോഴത്തെ ബിസിനസ്സിന്റെ നാലിരട്ടി എത്തിച്ചേരുമെന്നാണ് ആ മേഖലയിലെ വിദഗ്ദ്ധരുടെ അഭിപ്രായം. എന്നാൽ പത്ര- മാസിക രംഗത്തിന്റെ ഗതി പിന്നോട്ടായിരിക്കും. ഇന്റർനെറ്റ് ഉപയോഗം കൂടി വരികയാണല്ലോ. സിനിമാവ്യവസായം പിടിച്ചു നിൽക്കാനാണ് സാധ്യത. വിസ്തൃതമായ ഇരുണ്ട ഓഡിറ്റോറിയത്തിൽ മറ്റുള്ളവരുടെ കൂടെ ഇരുന്ന് സിനിമ കാണുന്ന സുഖം വേറെ തന്നെയാണ്. ടി.വി ബ്രോഡ്കാസ്റ്റിങ് അടുത്ത പത്തു കൊല്ലം നിലനിൽക്കുമെങ്കിലും ശോഭനമായ ഭാവി പ്രതീക്ഷിക്കേണ്ടതില്ല. ഇന്റർനെറ്റ് സൗകര്യം ഉപയോഗിച്ച് സിനിമ കാണുക, ടെലിവിഷൻ കാണുക, പ്രിന്റ് ചെയ്യുക എന്ന സൗകര്യം കൂടി വരുന്നതുകൊണ്ട് വ്യക്തിയുടെ സമയ സൗകര്യമനുസരിച്ച്  എവിടെ വച്ചു എപ്പോൾ വേണമെങ്കിലും മേൽ പറഞ്ഞ സേവനങ്ങൾ ഉപയോഗിക്കാൻ സാധിക്കും.

ഇപ്പോഴത്തെ സാമൂഹ്യ മാദ്ധ്യമങ്ങൾ അറുപതു ശതമാനവും വിദേശ നിക്ഷേപമുള്ളതാണ്. അവർക്കിഷ്ടമുള്ള വാർത്തകൾ (തല്പര കക്ഷികളിൽ നിന്നും പ്രതിഫലം പറ്റി) പടച്ചു വിടുന്നു. ഒരു ഉത്തരവാദിത്വവും ഏറ്റെടുക്കുന്നില്ല. പൗരവകാശത്തെ വക വയ്ക്കുന്നില്ല. ചില വാർത്തകൾ രാജ്യദ്രോഹപരം കൂടി ആകാറുണ്ട്. അടുത്ത വർഷങ്ങളിൽ ഇ- മെയിൽ പേലുള്ള കുറേക്കൂടി ഉത്തരവാദിത്വമുള്ള വികേന്ദ്രീകരിച്ച സാമൂഹ്യ മാദ്ധ്യമങ്ങൾ വളർന്നുവരാനാണ് സാധ്യത.

വരും വർഷങ്ങളിൽ സസ്യേതര ഭക്ഷണങ്ങൾക്ക് പ്രിയം കുറയും. സസ്യാടിസ്ഥാനമായ ഭക്ഷണ വിഭവങ്ങൾക്ക് ലോകമെമ്പാടും പ്രിയം കൂടി വരുന്ന കാലമാണിത്. അതുകൊണ്ട് അത്തരത്തിലുള്ള റെസ്റ്റോറന്റുകളുടെ എണ്ണം കൂടി വരും. നമ്മുടെ ഗ്രഹത്തിലെ വൈവിധ്യമാർന്ന ജീവികളുടെ പരമ്പര നിലനിർത്തേണ്ടത് നമ്മുടെ കൂടി ആവശ്യമല്ലേ ? ശരീര മലിനീകരണത്തിലെ ഏറ്റവും വലിയ ഘടകമാണ് മാം,സാഹാരം. അത് വിവിധ തരം രോഗങ്ങളെ ക്ഷണിച്ചു വരുത്തുന്നു. തദ്ദേശീയമായ സസ്യഭക്ഷണങ്ങൾ വൃത്തിയായി പാരമ്പര്യശൈലിയിൽ വിളമ്പുന്ന റസ്റ്റോറന്റുകൾ അടുത്ത വർഷങ്ങളിൽ കൂടുതലാണ്ടാകും.

കലാസാംസ്കാരിക രംഗങ്ങളിൽ വലിയ കുതിച്ചു ചാട്ടമാണ് വരാൻ പോകുന്ന വർഷങ്ങളിൽ പ്രതീക്ഷിക്കുന്നത്. കലാരംഗത്തെ വൈവിധ്യങ്ങൾ സ്ഥലകാല സാമൂഹ്യ നവീകരണപ്രക്രിയയ്ക്ക് ആക്കം കൂട്ടുന്നു. ഇന്നത്തെ യുവജനങ്ങൾ വൈവിധ്യങ്ങൾ ഇഷ്ടപ്പെടുന്നു. വരുന്ന വർഷങ്ങളിൽ ജാതി, ലിംഗ, വിശ്വാസ പ്രമാണ, പ്രാദേശിക അതിർത്തികൾക്കതീതമായ ഒരു കലാസാംസ്കാരിക രംഗം വളർന്നു വരാൻ സാധ്യതയുണ്ട്.

വായനയുടെയും പുസ്തക പ്രസിദ്ധീകരണങ്ങളുടെയും രംഗങ്ങളിൽ ഒരു സമ്മിശ്ര പ്രതികരണമാണ് പ്രതീക്ഷിക്കുന്നത്. ബെസ്റ്റ് സെല്ലർ പുസ്തകൾക്ക് ആവശ്യക്കാർ ഉണ്ട്. എന്നാൽ സാധാരണ സമയം കൊല്ലികളായ പുസ്തകങ്ങൾക്ക് വായനക്കാർ കുറവാണ്. വിവിധ ഭാഷകളിൽ നിന്നും തദ്ദേശീയ ഭാഷകളിലേക്ക് വിവർത്തനം ചെയ്തു വരുന്ന പുസ്തകങ്ങൾക്ക് ആവശ്യക്കാർ ഉണ്ടായേക്കും. എന്നാൽ ഒരു വിപ്ലവകരമായ മാറ്റം വായനാരംഗത്ത് പ്രതീക്ഷിക്കേണ്ടതില്ല.

വിനോദ മേഖലയിൽ പുതിയ പരീക്ഷണങ്ങൽ വരേണ്ടതുണ്ട്. കണ്ടു മടുത്ത നടീനടന്മാരെ കൊണ്ട് പല പല കോപ്രായങ്ങൾ കാണിച്ച വലിയ പരസ്യങ്ങൾ നൽകി ചിത്രങ്ങൾ വിജയിപ്പിക്കുന്ന സ്ഥിതി വിശേഷങ്ങൽ മാറണം. കലാവാസനയുള്ള പുതിയ കലാകാരന്മാർ കടന്നു വരണം. നല്ല സിനിമയുണ്ടായില്ലെങ്കിൽ ഒരു തരത്തിലുള്ള പരസ്യവും സിനിമയെ വിജയിപ്പിക്കാൻ പോകുന്നില്ല. Netflix പോലുള്ള ടി.വി സിനിമകളും സാധാരണ ബിഗ്സ്ക്രീൻ ചിത്രങ്ങളും നിലനിൽക്കണം. നല്ല കഥകളും കലാകാരന്മാരും ഇനിയും ഉണ്ടാകേണ്ടതുണ്ട്.

കായിക രംഗത്ത് അർഹതപ്പെട്ടവർക്ക് അവസരം കൊടുക്കണം. കഴിവുകൾ ഉണ്ടായിട്ടും ശുപാർശ ചെയ്യാൻ ആരും ഇല്ലാത്തതുകൊണ്ട് കായികരംഗത്തേക്ക് വരാൻ സാധിക്കാത്ത അനവധി പേരുണ്ട്. ഈ സ്ഥിതിവിശേഷം ഇൻഡ്യൻ സ്പോർട്സ് രംഗത്ത് ഉണ്ടാകാൻ പാടില്ല.

അടുത്ത പത്തു വർഷങ്ങൾ ഇന്ത്യയുടെ ഭാവി നിശ്ചയിക്കുന്നതിലെ നിർണ്ണായകമായ വർഷങ്ങളാണ്. അണ്ണാറക്കണ്ണനും തന്നാലായത് എന്ന ആശയം മനസ്സിൽ കരുതിക്കൊണ്ട് ഓരോ വ്യക്തിക്കും രാഷ്ട്ര നിർമ്മിതിക്ക് ചെയ്യാൻ കഴിയുന്ന സേവനങ്ങൾ ചെയ്യാവുന്നതാണ്.

# അയലത്തെ ഒളിപ്പോരുകാരി

**അനുരാധ (ഫോൺ :9447035067)**

സൂര്യരശ്മികൾ പിച്ച വയ്ക്കാൻ തുടങ്ങിയതേയുള്ളൂ. അപ്പോഴേക്കും സുമംഗല മുറ്റമടിച്ചു കഴിഞ്ഞിരുന്നു. അടിച്ചുകൂട്ടിയ ചവറുകൾ കുട്ടയിൽ നിറച്ച് തെങ്ങിൻ തടത്തിലേയ്ക്ക് ചൊരിഞ്ഞിട്ടു. കുട്ടയും കുറ്റിചൂലും വീടിന്റെ പിൻവശത്തുള്ള ചാർത്തിന്റെ ഒരു മൂലയിൽ ഒതുക്കി വെച്ച് വിസ്തരിച്ചൊന്ന് നടു നിവർത്തി. ഇനിയും ഒരുപാട് ജോലികൾ ബാക്കിയാണ്.

ചോറിപ്പോൾ വെന്തുകാണും. എളുപ്പത്തിൽ ഒരു കറി തയാറാക്കണം. എന്നിട്ട് വേണം കുളിക്കാനും കോളേജിലേയ്ക്ക് പോകാനൊരുങ്ങാനും.

സ്റ്റോപ്പിലെത്താൻ വൈകിയാൽ പതിവായി കോളേജിലേക്ക് പോകുന്ന ബസ്സ് മിസ്സാവും.

എങ്കിൽ പിന്നെ സമയത്തിന് കോളേജിൽ എത്തുന്നകാര്യം ആലോചിക്കുകയേ വേണ്ട.

ബി എസ്സ് സി ഫൈനൽ ഇയറിലാണ് സുമംഗല. ഫൈനൽ പരീക്ഷക്ക് ഇനി രണ്ടു മാസം

മാത്രം. വാവ് അടുത്തതുകൊണ്ട് അമ്മ കൗസല്യക്ക് തലേന്ന് മുതൽ വലിവിന്റെ അസുഖം കൂടുതലാണ് അതുകൊണ്ട് എല്ലാ ജോലിയും സുമംഗല തന്നെ ചെയ്യണം. കറിക്കുള്ള പച്ചക്കറി അരിഞ്ഞ് അല്പം വെള്ളവും ഉപ്പും മറ്റും ചേർത്ത് അത് താഴ്ന്ന ചൂടിൽ ഗ്യാസടുപ്പിൽ വെച്ചശേഷം അവൾ അകത്തെ മുറികൾ തൂക്കാൻ തുടങ്ങി.

അപ്പോൾ മുറ്റത്ത് നിന്നും അനുജത്തി നിമ്മിമോളുടെ രോക്ഷംകൊണ്ട് ഇടറുന്ന സ്വരം.

‘അമ്മേ, ഒന്നിങ്ങോട്ട് വന്നേ....... ഇതൊന്ന് വന്ന് കാണമ്മേ’

ആദ്യം മുറ്റത്തേക്ക് ഓടിയെത്തിയത് സുമംഗലയാണ്.

വേലിക്കിപ്പുറം മുതൽ ആ കൊച്ചുമുറ്റത്തിന്റെ പകുതിയോളം ചിതറിക്കിടക്കുന്ന കുപ്പ !

സുമംഗലയുടെ കണ്ണ് മിഴിഞ്ഞ് പോയി.

നിമ്മിമോളപ്പോൾ മനപൂർവ്വം അല്പം ഉറക്കെ പ്രതികരിച്ചു

‘ദേ, നമ്മുടെ അയലത്തെ രാക്ഷസീടെ പണിയാ ചേച്ചി. അവരിതെല്ലാം ഇങ്ങോട്ട് വീശിയെറിയുന്നതു ഞാനെന്റെ കണ്ണോണ്ട് കണ്ടതാ’.

കിണറിനരികെ നിന്നുകൊണ്ട് നിമ്മിമോൾ പല്ലുതേക്കുന്നതിനിടയിലായിരുന്നു സംഭവം അതിനാൽ കുപ്പയുടെ പ്രഭവകേന്ദ്രത്തിന്റെ ദൃക്ക്സാക്ഷിയാണവൾ.

രണ്ടുവീടുകൾക്കും മദ്ധ്യേ, മരക്കമ്പുകളും ഇളം നീല പ്ലാസ്റ്റിക്ക് ഷീറ്റും കൊണ്ട് കെട്ടിയ വേലിയിൽ പലയിടത്തും ഷീറ്റ് പഴകിക്കീറിയിരുന്നതുകൊണ്ട് ആർക്ക് വേണമെങ്കിലും അതിർത്തി ലംഘനം നടത്താമെന്ന അവസ്ഥയാണ്.

നിമിഷങ്ങൾക്കുള്ളിൽ അയൽവീട്ടിലെ സരസ്സമ്മ അട്ടഹസിച്ചുകൊണ്ട് വേലിക്കരികിലേക്ക് പാഞ്ഞെത്തി. അതവർ പ്രതീക്ഷിച്ചതുമായിരുന്നു. ഓരോ ഒളിപ്പോരിനു ശേഷവും തുറന്നപോരിനുള്ള ആഹ്വാനവുമായി രംഗപ്രവേശം ചെയ്യുന്നത് അവരുടെ സ്ഥിരം ശൈലിയാണ്.

‘ആരെയാടീ നീ രാക്ഷസീന്ന് വിളിച്ചത് ? നിങ്ങക്കടെ അമ്മയാന്നും പറഞ്ഞ് ഒരുത്തിയില്ലേ? ആ വലിവുകാരി കൗസല്യ...........മ്മ അവളാ രാക്ഷസി’.

കൗസല്യയുടെ ശ്വസനക്രിയയെ സരസമ്മ പരിഹാസത്തോടെ അനുകരിക്കുകയുംകൂടി ചെയ്തപ്പോൾ നിമ്മിമോളുടെ ക്ഷോഭം ഇരട്ടിച്ചു

‘എന്റെ അമ്മ പാവമാ നിങ്ങളാ ദുഷ്ടത്തി’.

അപ്പോഴേക്കും കൗസല്യയും അങ്ങോട്ടെത്തി.

കൗസല്യ ശ്വാസം കഴിക്കാൻ ആയാസപ്പെട്ടുകൊണ്ട് പറഞ്ഞൊപ്പിച്ചു. ‘എന്തോന്നിനാ സരസമ്മേ ദൈവസോമിങ്ങനെ ഞങ്ങളെ ശല്യം ചെയ്യുന്നേ’

‘നിങ്ങക്കടെ ഇച്ചിരിക്കുംപോന്ന നെഷേധിപ്പെണ്ണ് എന്നെ രാക്ഷസീന്നും ദുഷ്ടത്തീന്നും വിളിച്ച് പോരിന് വന്നിട്ടിപ്പോ ഞാനാ നിങ്ങളെ ശല്യം ചെയ്യുന്നേന്ന്. അമ്മേടേം മക്കടേം കയ്യിലിരിപ്പ് കൊള്ളാവല്ലോ’

‘വെറുതെയല്ലല്ലൊ നിമ്മിമോളങ്ങനെ പറഞ്ഞത്. അമ്മാതിരി കണ്ണിച്ചോരേല്ലാത്ത പണിയല്ലേ നിങ്ങള്





ചെയ്തേക്കുന്നെ’. കൗസല്യ വിമ്മിട്ടത്തോടെയാണെങ്കിലും ന്യായം പറഞ്ഞു

‘ഞാനെന്തോചെയ്തെന്നാ?’

‘നിങ്ങക്കടെ വീട്ടിലെ ചപ്പും ചവറുമൊക്കെ ഇങ്ങോട്ടിടുന്നെതെന്തിനാ? ഇതിപ്പോ ആദ്യമായിട്ടൊന്നുമല്ലല്ലോ’.

‘ഇത് നല്ല പുകില് നിങ്ങള് കണ്ടോ ഞാനതൊക്കെ ഇങ്ങോട്ടിടുന്നത്’

‘ഞാൻ കണ്ടില്ല പക്ഷെ നിമ്മിമോള് കണ്ടല്ലോ’

‘നിങ്ങടെ പുന്നാരനിമ്മിമോള് പറേന്നതേ പച്ച നുണയാ ഞാൻ മനസ്സേപോലും വിചാരിക്കാത്ത കാര്യമാ എവള് പറയുന്നേ’

നിമ്മിമോളപ്പോൾ പല്ലിറുമ്മികൊണ്ട് പിറുപിറുത്തു

‘നിങ്ങൾക്ക് മനസ്സെന്ന ഒരു സാധനം തന്നെയില്ലല്ലോ. പിന്നെങ്ങനാ നിങ്ങള് മനസ്സിൽ വിചാരിക്കുന്നേ’

‘എന്താടീകരിനുണച്ചീ പിറുപിറുക്കുന്നേ, വല്ലതും പറയാനുണ്ടെങ്കിലേ തെളിച്ചുപറ’

സുമംഗല കണ്ണുകൊണ്ട് ഒരു ചുവന്ന കൊടിവീശി അനുജത്തിയെ പിന്തിരിപ്പിക്കാൻ ശ്രമിച്ചെങ്കിലും നിമ്മിമോൾ ഉശിരോടെതന്നെ ഉറക്കെ ആവർത്തിച്ചു.

‘എടി, എടീ വായാടിച്ചീ നിന്നെ.........’

‘നിങ്ങളാ വായാടിച്ചി അത് ഈ ചുറ്റവട്ടത്തുള്ളവർക്കെല്ലാം അറിയും ചെയ്യാം.’

സുമംഗലയുടെ അച്ഛൻ വേലായുധനും സരസമ്മയുടെ ഭർത്താവ് അയ്യപ്പനും അവരവരുടെ ഉമ്മറക്കോലായിൽ നിന്നുകൊണ്ട് ഒരു സാധാരണ സംഭവം കാണുന്നതുപോലെ നിസ്സംഗതയോടെ രംഗവീക്ഷണം നടത്തുന്നുണ്ടായിരുന്നു.

ഒരു ഇടത്തരം കോൺട്രാക്ടരുടെ സ്ഥിരം കല്പണിക്കാരനാണ് വേലായുധൻ.

അയ്യപ്പന് പന്തൽ പണിയാണ്. ഇടക്കൊക്കെ വേലികെട്ടിനും പോകും. സരസമ്മ കുടുംബശ്രീയിൽ അംഗമാണ് രണ്ട് മക്കളാണ് അവർക്ക്. മകൾ വാസന്തി വിവാഹം കഴിഞ്ഞ് ഭർത്താവിന്റെ വീട്ടിലാണ് മകൻ നന്ദകുമാർ റയിൽവേയിൽ ഉദ്യോഗസ്ഥനാണ്.. കേരളത്തിന് പുറത്ത് എവിടോ ആണയാൾ.

അയൽക്കാരോടുള്ള വഴക്ക് മൂക്കുമ്പോൾ സരസമ്മ വീമ്പിളക്കും. ഇത്തവണ ഞങ്ങടെ നന്ദൻ ലീവിലൊന്ന് വന്നോട്ടെ എന്നിട്ടു വേണം പോലീസ് സ്റ്റേഷനിൽ ഒരു പരാധി കൊടുപ്പിക്കുവാൻ ആ ഭീഷണി അയൽക്കാരാരും ഗൗരവത്തിൽ എടുക്കാറില്ല എന്നതാണ് സത്യം.

അയൽക്കാരെ മാത്രമല്ലാ തന്നെക്കാൾ കുറെ പ്രായക്കൂടുതലുള്ള അയ്യപ്പനേയും അവർ വെറുതെ വിടാറില്ല. അവർ തമ്മിലുള്ള തർക്കങ്ങൾ ഉച്ചസ്ഥായിയിലെത്തുമ്പോൾ അതിന്റെ ശബ്ദഘോഷങ്ങൾ അയൽവീടുകളിലെല്ലാം എത്താറുണ്ട്.

സരസമ്മയുടെ നാവുകൊണ്ടുള്ള പ്രഹരം അനുഭവിക്കാത്തവർ ആ പരിസരത്തെങ്ങും ഇല്ലായിരുന്നു.

നിമ്മിമോളും സരസമ്മയും തമ്മിലുള്ള വഴക്കും വക്കാണവും അടിക്കടി മൂത്തുവരുമ്പോഴാണ് എന്തോ കരിഞ്ഞ മണം കാറ്റത്തു അങ്ങോട്ടെത്തുന്നത്.

സുമംഗലയുടെ മൂക്കൊന്ന് വിടർന്നു അടുത്ത നിമിഷം നെഞ്ചത്ത് കൈവെച്ചുകൊണ്ട് അവൾ അടുക്കളയിലേക്കോടി.

അടുപ്പത്ത് വെച്ചിരുന്ന കറിപ്പാത്രത്തിൽനിന്നും പുക, അടുക്കളയിലാകെ കറി കരിഞ്ഞ മണം

കറിപ്പാത്രം കറുത്ത് കരിക്കട്ടപോലായിരിക്കുന്നു.

സുമംഗല പെട്ടെന്ന് തീ അണച്ചു. പിന്നെ എളിക്കു കൈവെച്ച് ഒരു നിമിഷം വിഷണ്ണയായി നിന്നു.

ഇനിയോ? വീണ്ടും ഒരു കറി പാകംചെയ്യാനോക്കെ പുറപ്പെട്ടാൽ കോളേജിലേക്കുള്ള ബസ്സ് അതിന്റെ പാട്ടിനുപോകും.

ധൃതിയിലവൾ സവാളയും മുളകും എണ്ണയിൽ വാട്ടിയെടുത്ത് ഉപ്പും അല്പം പുളിയും വെളിച്ചെണ്ണയും ചേർത്തരച്ച് ഒരു ചമ്മന്തി ഉണ്ടാക്കി. നിമ്മിമോൾക്കും തനിക്കുമുള്ള ഉച്ചഭക്ഷണം ടിഫിൻ ബോക്സുകളിൽ എടുത്തുവെച്ചു മിച്ചമുള്ളത് കൗസല്യക്കും. വേലായുധന് പണിസ്ഥലത്തിന് അടുത്തുള്ള ഹോട്ടലിൽ നിന്നാണ് ഉച്ചയൂണ്.

നിമ്മിമോൾ പത്താംതരത്തിൽ പഠിക്കുന്നു. സ്കൂളിലേക്ക് അധികം ദൂരമില്ലാത്തതുകൊണ്ട് അവൾക്ക് അല്പം വൈകി പുറപ്പെട്ടാൽമതി.

സുമംഗല കുളികഴിഞ്ഞിറങ്ങുമ്പോൾ അന്തരീക്ഷം ശാന്തം. മഴ തോർന്നതുപോലുള്ള നിശ്ശബ്ദത വേലിക്കരികിലെ നേരമ്പോക്ക് അവസാനിപ്പിച്ച് സരസമ്മ കുടുംബശ്രീയിലേക്ക് വിട്ടുകാണും. അത്രേം ആശ്വാസം.

മുടിയിഴകളിൽ നിന്ന് വെള്ളം ഇറ്റു വീണിരുന്നെങ്കിലും അവളതു തിവർത്തി കളയാനൊന്നും നേരം കളഞ്ഞില്ല. ഡ്രസ്സ് മാറി മുടിയൊന്ന് ചീകിയെന്നുവരുത്തി ഒരു ക്ലിപ്പും കുത്തി നെറ്റിയിൽ ഒരു ശിങ്കാർപൊട്ടും തൊട്ട് കോളേജിലേക്ക് കൊണ്ടുപോകാറുള്ള തോൾസഞ്ചിയുമായി പെട്ടെന്നിറങ്ങി.

മുറ്റത്ത് നിന്നുകൊണ്ട് അമ്മേ, ഞാനിറങ്ങുവാ എന്ന് വിളിച്ചുപറഞ്ഞു.

അതിനിടക്ക് സമയം നോക്കാൻ കൈതണ്ടയിലേക്ക് നോക്കിയപ്പോഴാണ് വാച്ചെടുക്കാൻ മറന്നെന്ന് മനസ്സിലാക്കുന്നത്. തിരികെ അകത്തുപോയി എടുക്കേണമോ എന്ന് ഒരു നിമിഷം ആലോചിച്ചെങ്കിലും അടുത്ത നിമിഷം വേണ്ടെന്ന് വെച്ചു.

എത്രയും വേഗം ബസ്സ് സ്റ്റോപ്പിൽ എത്തണം. ബസ്സ് കിട്ടിയാൽ ഭാഗ്യം.

പാദങ്ങൾ കഴിയുന്നത്ര നീട്ടിവെച്ച് അവൾ കൂടുതൽ വേഗത്തിൽ നടന്നു അപ്പോഴെല്ലാം അവൾ ആലോചിച്ചിരുന്നത് സരസമ്മയെക്കുറിച്ചാണ്. നാക്കിനെല്ലില്ലാത്തതു പോലെയാണ് അവരുടെ സംസാരം നിസ്സാരകാര്യത്തിനുപോലും അയൽക്കാരോട് വഴക്കിനുപോകും. പക്ഷെ ഒരു കാര്യവുമില്ലെങ്കിലും എന്തെങ്കിലും കാരണമുണ്ടാക്കി വഴക്കിനുവരുന്നത് തങ്ങളോട് മാത്രം. അവർക്കിത്രമാത്രം കലിപ്പുതോന്നാനുള്ള കാരണമെന്താണെന്നുമാത്രം ഇതുവരെ പിടികിട്ടിയില്ല.

സുമംഗല സ്റ്റോപ്പിന് ഏതാനും അടിയകലെ എത്തിയപ്പോൾ തന്നെ ബസ്സ് പാഞ്ഞുവന്ന് ബ്രേക്കിട്ടു നിന്നു അതോടെ അവളുടെ ഓർമ്മയിൽ നിന്ന് സരസമ്മയുടെ ചിത്രം മാഞ്ഞില്ലാതായി. പകരം കാലിന്റെ വേഗത ഇരട്ടിച്ചു.

കൗസല്യയുടെ ചേട്ടൻ ഗോപാലൻ സുമംഗലക്കായി കൊണ്ടുവന്ന വിവാഹകാര്യം വേലായുധനും ഇഷ്ടമായി. ഗോപാലന്റെ ഭാര്യവീട്ടിലെ ഒരകന്ന ബന്ധുവിന്റെ മകനുവേണ്ടിയാണ് വിവാഹാലോചന പയ്യൻ ഐ ടി ഐ പാസായിട്ടുണ്ട്. ഗൾഫിൽ ഇലക്ട്രീഷ്യനായി ജോലിചെയ്യുന്നു. പേര് ശിവപ്രസാദ് ഫോട്ടോയിൽ കാണാനും തരക്കേടില്ല. രണ്ടുപേരുടേയും ജാതകങ്ങൾ തമ്മൽ ആറു പൊരുത്തങ്ങൾ തികച്ചുമുണ്ട്.

ഇത്ര നല്ല ആലോചന തള്ളിക്കളയുന്നത് ബുദ്ധിശൂന്യതയാണെന്ന അഭിപ്രായമായിരുന്നു ബന്ധുക്കൾക്കെല്ലാം.

ഡിഗ്രികഴിഞ്ഞ് ബിഎഡ്ഡിനോ മറ്റോ ചേരണമെന്നായിരുന്നു സുമംഗലക്ക്. എങ്കിലും കൗസല്യയുടെയും വേലായുധന്റെയും നിർബന്ധത്തിനവൾക്ക് വഴങ്ങേണ്ടി വന്നു.

ചെറുക്കന്റെ ലീവ് തീരാറായതുകൊണ്ട് പെണ്ണുകാണൽ ചടങ്ങ് കഴിയുന്നതും വേഗം നടത്തണമെന്നായിരുന്നു അയാളുടെ വീട്ടുകാരുടെ ആവശ്യം. ചെറുക്കന് വേറെയും ആലോചനകൾ നടക്കുന്നുണ്ടത്രേ അത്രയും കൂടികേട്ടപ്പോൾ കൗസല്യയും വേലായുധനും പിന്നൊന്നും ആലോചിച്ചില്ല. കണ്ണുമടച്ച് ഒരു തീരുമാനമങ്ങോട്ടെടുത്തു. ആ ഞായറാഴ്ച ഉച്ചകഴിഞ്ഞ് അടുത്ത ബന്ധുക്കളെ മാത്രം ക്ഷണിച്ചുകൊണ്ട് ഒരു പെണ്ണുകാണൽ ചടങ്ങ്. വിരുന്നിന് ചായയും മൂന്നോ നാലോ പലഹാരങ്ങളും. ഗോപാലനും ഭാര്യയും രാവിലെതന്നെ കൗസല്യയെ സഹായിക്കാനെത്തി.

ഏതാണ്ട് നാലുമണിയോടെ ശിവപ്രസാദും അയാളുടെ അച്ഛനും അമ്മയും ഒരമ്മാവനും പെണ്ണുകാണാനെത്തി. സുമംഗലയെ അവർക്ക് വളരെ ഇഷ്ടപ്പെട്ടു. അതവർ അപ്പോൾതന്നെ അറിയിക്കുകയും ചെയ്തു. തുടർന്ന് പഠിക്കണമെന്ന തീരുമാനം മാറ്റിവെച്ച് സുമംഗല സമ്മതം മൂളുകയും കൂടി ചെയ്തപ്പോൾ കാര്യങ്ങൾ മുക്കാൽ പങ്കും തീരുമാനമായി. വേലായുധന്റെ സാമ്പത്തികസ്ഥിതിയെക്കുറിച്ച് ഗോപാലൻ പറഞ്ഞിരുന്നതുകൊണ്ട് ചെറുക്കൻ വീട്ടുകാരുടെ ഭാഗത്തു നിന്നും യാതൊരു കടുംപിടുത്തവും ഉണ്ടായതുമില്ല. അതോടെ കൗസല്യക്കും വേലായുധനും അവരെ ക്കുറിച്ചുള്ള മതിപ്പ് ഇരട്ടിച്ചു.

പിന്നെ രണ്ട് കുടുംബക്കാരുടെയും സംഭാഷണം കല്യാണച്ചടങ്ങിനെക്കുറിച്ചായി. സുമംഗലയുടെ പരീക്ഷ കഴിഞ്ഞ് അനുയോജ്യമായൊരു മുഹൂർത്തത്തിൽ കല്യാണം നടത്താം. വിവാഹത്തിന്റെ ദിവസം നിശ്ചയിച്ചശേഷം അറിയിച്ചാൽ രണ്ടാഴ്ചത്തെ ലീവെടുത്ത് നാട്ടിലെത്തിക്കോളാം ശിവപ്രസാദ് വാക്കുപറഞ്ഞു. സർട്ടിഫിക്കറ്റിന്റെ കോപ്പികളും മറ്റും തന്നാൽ സുമംഗലക്കും അവിടെ ഒരു ജോലിക്കുള്ള ശ്രമങ്ങൾ തുടങ്ങിവെക്കാമെന്നും അയാൾ അറിയിച്ചു.

വിസക്കും പാസ്പോർട്ടിനും അപേക്ഷ നൽകുവാൻ വിവാഹ നിശ്ചയ ചടങ്ങും മോതിരം മാറലും മറ്റും കഴിയുന്നതും വേഗം നടത്തിയാൽ നന്നായിരിക്കുമെന്നായിരുന്നു ചെറുക്കൻ വീട്ടുകാരുടെ നിർദ്ദേശം. അതനുസരിച്ച് അടുത്ത ഞായറാഴ്ച തന്നെ ആ ചടങ്ങ് നടത്താമെന്ന് വേലായുധൻ ഏറ്റു. ബന്ധുക്കളെ എല്ലാവരെയും കാണിക്കാൻവേണ്ടി സുമംഗലയുടെ ഒരു ഫോട്ടോയും വാങ്ങി വളരെ സംതൃപ്തരായാണ് ചെക്കൻ വീട്ടുകാർ മടങ്ങിയത്.

വ്യാഴാഴ്ച രാവിലെ വേലായുധൻ അയാളുടെ മേസ്ത്രിയിൽനിന്നും കുറച്ച് രൂപ കടം വാങ്ങാനായി ഇറങ്ങാൻ തുടങ്ങുമ്പോഴാണ് അപ്രതീക്ഷിതമായി ഗോപാലൻ എത്തിയത്. വന്നകാലിൽതന്നെ നിന്നു കൊണ്ട് പാരവശ്യത്തോടെ അയാൾ പുലമ്പി





'വേലായുധൻ ചേട്ടാ, ഈ കല്യാണകാര്യത്തീന്ന് ചെക്കന്റെ വീട്ടുകാര് പിൻമാറി'

വേലായുധൻ ഒരു നിമിഷം മരവിച്ചു നിന്നുപോയി.

നീ എന്താ ഗോപാലാ ഈ പറയുന്നേ. ഇതെന്താ പിള്ളേര് കളിയാണോ ഈ ഞായറാഴ്ച മോതിരം മാറ്റല് ചെയ്തേക്കാമെന്ന് പറഞ്ഞേച്ചല്ലേ അവര് പോയത്. ഞങ്ങള് ഒരുക്കങ്ങള് മുക്കാലും ചെയ്തും കഴിഞ്ഞു.

കൗസല്യ നെഞ്ചിൽ കൈവെച്ചുകൊണ്ട് സങ്കടപ്പെട്ടു ഇത് വല്യ ചതിയായിപ്പോയി കേട്ടോ എന്താ അവരിക്കാര്യം വേണ്ടെന്ന് വെച്ചത്

ഒന്നും പറയേണ്ടെന്റെ പെങ്ങളേ എല്ലാത്തിനും കാരണം നിങ്ങടെ അയൽക്കാരിയാ. ആ വായാടി സരസമ്മ. ശിവപ്രസാദിന്റെ ഒരെളേമ്മക്കും സരസമ്മക്കും കുടുംബശ്രീയിൽ ഒരേ സ്ഥലത്താ ജോലി ആ പെണ്ണുമ്പിള്ള പറഞ്ഞ് സരസമ്മ വിവരമറിഞ്ഞു കാണും. സുമമോൾക്ക് സ്വഭാവദൂഷ്യമൊണ്ടെന്നോ കോളേജിലേക്കാന്നും പറഞ്ഞെറങ്ങുന്നത് കണ്ടവന്റെ കൂടെ നാടുചുറ്റാനാണന്നോ ഒക്കെ ആ നെറികെട്ടോള് ഏഷണി പറഞ്ഞുകൊടുത്തിരിക്ക്യാ

കൗസല്യ തലയിൽ കൈവെച്ചുകൊണ്ട് പ്രാകി 'എന്റെ മോളെക്കുറിച്ച് ഇങ്ങനെ ഒരു ബൌശന്യം പറേന്നതിന് അവക്കടെ തലേല് ഇടിത്തീ വീഴും'.

ഗോപാലന്റെ കുറ്റപ്പെടുത്തൽ അംഗീകരിക്കാനും അതെ സമയം അത് തുറന്നുപറയാനും കഴിയാതെ വേലായുധൻ ദുർബല സ്വരത്തിൽ ചോദിച്ചു. സരസുവാണ് പ്രശ്നമുണ്ടാക്കീതെ

ന്ന് എന്താഉറപ്പ്.

നിങ്ങക്കടെ ഒരു പുന്നാര സരസു. കുട്ടിക്കാലത്ത് ഒന്നിച്ചുകളിച്ചുവളർന്നതാണെന്നും പറഞ്ഞോണ്ടാ ഈ എളക്കം. ദേ, എനിക്ക് എരിഞ്ഞുകേറി വരണ്ണ്ട് കേട്ടോ കൗസല്യ കലി തുള്ളി. അവളെയിങ്ങനെ കയറൂരിവിട്ടാൽ പറ്റൂല്ല ഗോപാലേട്ടാ. നമ്മുക്ക് പോലീസ് സ്റ്റേഷനില് ഒരു പരാതി കൊടുക്കണം.

വേലായുധന്റെ ചുണ്ടുകളപ്പോൾ പരിഹാസം കൊണ്ട് വക്രിച്ചു. എന്തും പറഞ്ഞാ നീ പരാതി കൊടുക്കാൻപോണത് നിന്റെ കയ്യേലെന്തെങ്കിലും തെളിവുണ്ടോ

കൗസല്യ ഒരിഞ്ച് പുറകോട്ടില്ലെന്നമട്ടിൽ ഉറച്ചുനിന്നു. തെളിവൊക്കെ ഗോപാലേട്ടൻ ഉണ്ടാക്കിക്കോളും....... ഇല്ലേ ഗോപാലേട്ടാ

തെളിവെന്ന് പറേമ്പോ......ഞാനിപ്പോ എവടന്നാ തെളിവുണ്ടാക്കുന്നേ ഗോപാലനൊന്ന് പതറി 'എങ്കിശരി രണ്ടുങ്കൂടി അവക്കടെ മുന്നിപ്പോയി വാക്കയും പൊത്തി മുട്ടേനിന്നോ. പരാതി കൊടുക്കാനേ ഞാനും എന്റെ മക്കളും വിചാരിച്ചാലും നടക്കും. തെളിവൊക്കെ ഞങ്ങളുണ്ടാക്കിക്കൊള്ളാം'. കൗസല്യ കണ്ണ്തുടച്ചു കൊണ്ട് തിരിഞ്ഞ് നടക്കാൻ തുടങ്ങുമ്പോൾ ഗോപാലന്റെ സാന്ത്വനസ്വരം നീയൊന്നടങ്ങെന്റെ പെങ്ങളേ. നിന്റെ മോൾക്ക് ഇതിലും നല്ല ആലോചനക്കാര്യം ഈ ഗോപാലേട്ടൻ കൊണ്ടുവരും നമ്മളത് നടത്തുകേം ചെയ്യും ഒറപ്പ്.

പതിവുപോലെ അതിരാവിലെ എഴുന്നേറ്റ് വീട്ടുജോലികളെല്ലാം ചെയ്തുതീർത്ത് കോളേജിലേയ്ക്ക് ഇറങ്ങുകയായിരുന്നു സുമംഗല. അല്പം നേരത്തെ ഒരുങ്ങിയിറങ്ങാൻ കഴിഞ്ഞതുകൊണ്ട് ബസ്റ്റോപ്പിലെത്താനിന്ന് വായുപിടിക്കേണ്ടിവരില്ല. സ്പോർട്ട്സ്ഡേ ആയതുകൊണ്ട് നിമ്മിമോൾക്ക് ഉച്ചയ്ക്ക സ്ക്കൂളിലേക്ക് പോയാൽ മതി. ചേച്ചിയെ യാത്രയാക്കാൻ അവളും പിറകെയുണ്ട്.

മുറ്റത്ത് അസഹ്യമായ ദുർഗന്ധം മാൻതലകളും ചെതുമ്പലും കോഴിപ്പൂടയും തലേന്നത്തെ ഭക്ഷണത്തിന്റെ അവശിഷ്ടങ്ങളും അടങ്ങുന്ന കുപ്പ ചിതറിക്കിടക്കുന്നു. ചുറ്റിനും ഈച്ചകൾ പ്രസരിപ്പോടം മൂളി പറക്കുന്നു.

ഇതാ ദുഷ്ടത്തി ചെയ്ത പണിയാ ചേച്ചി നിമ്മിമോൾ മുറുമുറുത്തു.

നീ വഴക്കിനൊന്നും പോവണ്ട. നേരം പോലെ അതൊക്കെ വൃത്തിയാക്കിയേക്ക്

എന്തിനാ തെളിവ് നശിപ്പിക്കുന്നെ. ഇന്ന് ഞാനും അമ്മേം പോലീസ് സ്റ്റേഷനിൽ പരതി കൊടുക്കാൻ പോവ്വാ. പോലീസെത്തുമ്പോൾ ഇതവരെ കാണിച്ചുകൊടുക്കാല്ലോ

നിമ്മിമോൾ വേലിക്കരികിലേയ്ക്ക് ചെന്ന് തൊണ്ടകീറികൊണ്ട് വിളിച്ചുകൂവി വായാടി സരസമ്മ തമ്പ്രാട്ടിയേ. വഴക്കാളി തമ്പ്രാട്ടിയേ

സരസമ്മ എപ്പോഴത്തെയും പോലെ ഉടനെ പാഞ്ഞെത്തി നീ എന്നെ എന്താടീ വിളിച്ചത്

വായാടീന്നും വഴക്കാളീന്നും. എന്താ അത് ശരിയല്ലേ. പിന്നെ കൊറച്ച് ബഹുമാനോള്ളതുകൊണ്ട് തമ്പ്രാട്ടീന്നും.

മേമ്പൊടിയായി നിമ്മിമോളുടെ പരിഹാസചിരി കൂടി ആയപ്പോൾ സരസമ്മയുടെ നാവിനു തരിപ്പ് കൂടി

ഞാനിന്ന് നിന്നെ പോലീസ് സ്റ്റേഷനിൽ കേറ്റുമെടീ കുരുപ്പേ.

ഇന്ന് സ്റ്റേഷനിൽ കേറണതാരാണെന്നുകണ്ടോ

നിങ്ങളെറിഞ്ഞ കുപ്പയെല്ലാം ഇവിടെ തന്നെ കിടക്കും പോലീസിനെ കാണിക്കാൻ

അപ്പോഴേക്കും ഒരു ചെറുപ്പക്കാരൻ സരസമ്മയുടെ അടുത്തേക്ക് വന്നു. അതവരുടെ മകൻ നന്ദകുമാറാണെന്ന് സുമംഗല ഊഹിച്ചു..

ഇതു കണ്ടോ മക്കളേ, ദൈവസോം രാവിലെ ഓരോന്നും പറഞ്ഞോണ്ട് പോരിന് വരണത് ഈ നെഷേധിപ്പെണ്ണും ഇവക്കടെ വീട്ടുകാരും ഒരു പതിവാക്കിയിരിക്യാ സരസമ്മ നല്ലപിള്ള ചമഞ്ഞു. എതിരാളിയുടെ ഭാഗത്ത് ആൾബലം കൂടിയപ്പോൾ സുമംഗലയുടെ അവശേഷിച്ചിരുന്ന ധൈര്യംകൂടി ചോർന്നുപോയി. അനുജത്തിയുടെ കൈപിടിച്ച് പിറകോട്ട് വലിച്ചുകൊണ്ട് സുമംഗലയവളെ പിന്തിരിപ്പിക്കാൻ ശ്രമിച്ചു. നീയൊന്നിങ്ങോട്ട് വന്നേ.

എന്താ നിങ്ങടെ പ്രശ്നം ? ചെറുപ്പക്കാരൻ ഗൗരവത്തോടെ ചോദിച്ചു.

ഇതുകണ്ടോ നിമ്മിമോൾ തന്റേടം വിടാതെ നിന്നു രാവിലെ ചേച്ചി അടിച്ച് വൃത്തിയാക്കിയ മുറ്റമാ. നിങ്ങടെ അമ്മയാണ് ഈ കുപ്പയെല്ലാം ഇങ്ങോട്ടിട്ടത്.

സരസമ്മയപ്പോൾ മകന്റെ മുന്നിൽ നേരസ്ഥയായി. അയ്യോ, ഞാനിട്ടതൊന്നുമല്ലെന്റെ മക്കളേ, കാക്കകൊത്തികൊണ്ടുവന്നിട്ടതാ

'ഇത്രേം കുപ്പയോ ഗാർബേജിന്റെ പണി കുടുംബശ്രീക്കാർ കാക്കകളെ ഏല്പിച്ച വാർത്ത പത്രത്തിലൊന്നും കണ്ടില്ലല്ലോ' നിമ്മിമോൾ പരിഹസിച്ചു.

ചെറുപ്പക്കാരന്റെ മുഖം കൂടുതൽ കനത്തുവോ?

സുമംഗലയുടെ ഹൃദയമിടിപ്പപ്പോൾ ഇരട്ടിച്ചു.

അവൾ വീണ്ടും നിമ്മിമോളുടെ കയ്യിൽ പിടികൂടി. 'നീയൊന്ന് മതിയാക്കെന്റെ കൊച്ചേ.'

'ചേച്ചി കോളേജിപൊക്കോ. എനിക്കിയാളോട് ഒരു കാര്യം കൂടി പറയാനുണ്ട്. അമ്മേടെ കള്ളക്കളികള് പൊന്നുമോന്നും കൂടി അറിയണോല്ലോ

ചെറുപ്പക്കാരന്റെ പുരികക്കൊടികൾ വക്രിച്ചു. 'കള്ളക്കളികളോ എന്റമ്മ എന്തുചെയ്തെന്നാ'.

നിങ്ങടെ അമ്മയാ എന്റെ ചേച്ചിക്ക് വന്ന നല്ലൊരു കല്ല്യാണലോചന മുടക്കിയത്.

ചേച്ചിക്ക് സ്വഭാവദൂഷ്യമുണ്ടെന്ന് ചെക്കന്റെ വീട്ടുകാരോട് ഏഷണി പറഞ്ഞുകൊടുത്തു ഇവർ ഞങ്ങളെ ഒരുവിധത്തിലും ജീവിക്കാൻ സമ്മതിക്കില്ലെന്ന് വ്രതമെടുത്തിരിക്കയാ നിങ്ങടെ അമ്മ, നിമ്മിമോളുടെ സ്വരമിടറി.

ചെറുപ്പക്കാരന്റെ മുഖത്തപ്പോൾ രക്തചരവി പരന്നു. അയാളുടെ കണ്ണുകൾ സുമംഗലയുടെ മുഖത്തേക്ക് പാറിവീണു. അടുത്ത നിമിഷം ഒന്നും മിണ്ടാതെ അയാൾ പെട്ടെന്ന് പുറം തിരിഞ്ഞു വീടിനകത്തേക്ക് കയറിപ്പോയി.

സരസമ്മയുടെ ദേഷ്യമപ്പോൾ ഇരട്ടിച്ചു. 'എടീ കാന്താരീ, നീ എന്റെ വീട്ടീ വഴക്കുണ്ടാക്കാനുള്ള പൊറപ്പാടാണല്ലേ. ഞാനാ നിന്റെ ചേച്ചീടെ കല്യാണം മൊടക്കീതെന്ന് ആരാടീ പറഞ്ഞെ? കല്യാണം മൊടങ്ങീങ്കീലേ അതവക്കടെ കയ്യിലിരിപ്പുകൊണ്ടാടീ'.

'നിങ്ങക്ക് നാണമില്ലേ തള്ളേ ഇങ്ങനെ ഇല്ലാവചനോം പറഞ്ഞു നടക്കാൻ നിങ്ങളും ഒരുത്തിയെ പെറ്റുവളർത്തീതല്ലേ നിമ്മിമോൾ അവരെ നിർത്തി പൊരിക്കാനുള്ള പുറപ്പാടാണ്.

വഴക്ക് അത്രവേഗമൊന്നും തീരാനുള്ള സാധ്യതയില്ല. സുമംഗല അക്ഷമയോടെ വാച്ചിൽ നോക്കി. ബസ് സ്റ്റോപ്പിലേക്ക് ഇറങ്ങാനുള്ള സമയ പരിധി അവസാനിച്ചിട്ട് അഞ്ചുമിനിട്ടാകാൻ പോകുന്നു. അവൾ ശരവേഗത്തിൽ സ്റ്റോപ്പിലേക്ക് നടന്നു.

അന്നത്തെ ദിവസം സുമംഗലക്ക് ക്ലാസ്സിൽ പതിവു പോലെ ശ്രദ്ധിക്കാനായില്ല. സരസമ്മയോ തന്റെ അമ്മ കൗസല്യയോ രണ്ടുപേരിൽ ആരാണ് പോലീസ് സ്റ്റേഷനിൽ പോയിരിക്കുക? അവളുടെ ചിന്ത അതുമാത്രമായിരുന്നു. ആരായാലും ഇരുഭാഗക്കാരും തമ്മിലുള്ള വഴക്കിന് മൂർച്ചകൂടാനാണ് സാധ്യത.

തുടരും.

എറണാകുളം
കരയോഗത്തിലേക്ക്
ജീവനക്കാരെ
ആവശ്യമുണ്ട്

മാനേജർ
അക്കൗണ്ടന്റ്
മലയാളം DTP
ഇലക്ട്രീഷ്യൻ
ഡ്രൈവർ

Ernakulam Karayogam,
TDM Hall Complex,
D.H. Road Kochi - 682016,
Ph. 0484 2361160,
Extn. 35.38 Email.ekmkgm@gmail.com





# ഇറിറ്റബിൾ ബവൽ സിൻഡ്രോം - ഗ്രഹണി

ഡോ. ദേവീദാസ് വെള്ളോടി . ഫോൺ : 9747480903



ചിലപ്പോൾ എവിടേക്കെങ്കിലും ധൃതിയിൽ പുറപ്പെടുമ്പോഴായിരിക്കും ടോയ്‌ലറ്റിൽ പോകണമെന്ന് തോന്നുക.....ചെറിയ ടെൻഷൻ വരുന്ന സമയത്തും ടോയ്‌ലറ്റിൽ പോയേ പറ്റൂ. വല്ലാത്തൊരു പ്രശ്നമാണ്... ഇതെന്താ ഇങ്ങനെ? ഇതാണ് ഇറിറ്റബിൾ ബവൽ സിൻഡ്രോം. ചിലപ്പോൾ വയറുവീർത്ത വരിക, ചിലപ്പോൾ മലബന്ധം, ചിലപ്പോൾ ഭക്ഷണം കഴിച്ചാലുടനെ ടോയ്‌ലറ്റിൽ പോകണ മെന്ന ആശങ്ക... ടെൻഷനാണോ വില്ലൻ നമുക്ക് പരിശോധിക്കാം.

ഒരു രോഗിയുടെ കഥയിൽ നിന്ന് തുടങ്ങാം. വയസ്സ് 40 കണ്ടാൽ സാധാരണ ആരോഗ്യമുള്ളയാൾ........ക്ഷീണിതനാണ് തന്റെ രോഗം ആർക്കും മനസ്സിലായിട്ടില്ല. ഇനി വേണമെങ്കിൽ ഈ ഡോക്ടർ കൂടി നോക്കട്ടെ എന്ന ഭാവത്തിൽ ഭാര്യാസമേതനായി വന്നു. വയറു വീർപ്പ്, ഭക്ഷണം കഴിച്ചാലുടനെ ടോയിലറ്റിൽ പോകണം. ഹോട്ടലിൽ നിന്ന് ഭക്ഷണം കഴിച്ചാൽ നാണക്കേടാണ്......കാരണം കൈകഴുകാൻ പോകുമ്പോൾ തന്നെ ടോയ്‌ലറ്റിൽ പോയി കാര്യം സാധിക്കണം. ഡോക്ടറൊന്നു പരിശോധിച്ച് വേണ്ട മരുന്നുകൾ തരണം....എന്തെങ്കിലും ടെസ്റ്റ് എടുക്കണോ? കൊളനോസ്കോപ്പി റിപ്പോർട്ട്, എക്സ്റേ, അൾട്രാസൗണ്ട്, ബ്ലഡ് റിപ്പോർട്ട് എല്ലാം കൊണ്ടുവന്നിട്ടുണ്ട്. നഗരത്തിലെ പ്രഗത്ഭരായ രണ്ട് മൂന്ന് ഡോക്ടർമാരെ കണ്ടിട്ടുണ്ട് എന്ന് മനസ്സിലായി. എന്തായാലും അവർ രോഗം മനസ്സിലാക്കാത്തത് അല്ല ഇവിടെ പ്രശ്നമെന്ന് തോന്നി. ഞാൻ ആലോചിച്ചു ഇറിറ്റബിൾ ബവൽ സിൻഡ്രോം അഥവാ ഗ്രഹണി തന്നെ പരിശോധന റിപ്പോർട്ടുകൾ എല്ലാം നോർമൽ.

പുതിയ അടവ് എടുക്കേണ്ടിയിരിക്കുന്നു. പ്രശ്നം മാനസികം കൂടി ആകാനേ തരമുള്ളു..... വൈകാരീക സമീപനം അത്യാവശ്യം അതിഭാഷിയായ ഭാര്യയോട് പുറത്തിറങ്ങുവാൻ പറഞ്ഞു. രോഗിയോട് 10 തവണ ദീർഘ ശ്വാസം വിടുവാൻ പറഞ്ഞു....ഒന്ന് റിലാക്സ് ആയി എന്ന് തോന്നി... വീട്ടിലെ കാര്യങ്ങൾ ചോദിച്ചറിഞ്ഞു. പ്രശ്നം കുറച്ചു സങ്കീർണമാണ്...ലേറ്റ് മാരേജ് ആണ്. മകൻ പ്ലസ് ടൂവിന് പഠിക്കുന്നു. അത്ര പഠിത്തക്കാരനൊന്നുമല്ല. എല്ലാവരും ചെയ്യുന്നതു പോലെ ബയോമാത്സ് എടുത്തു. ട്യൂഷനൊന്നും മര്യാദക്ക് പോകുന്നില്ല. എപ്പോഴും ക്ഷീണമാണ് കിടക്കണം എന്ന് പറയും. സുഹൃത്തുക്കളും ബന്ധുക്കളും പല അഭിപ്രായങ്ങൾ പറയുന്നുണ്ട്. മൂന്ന് മാസം കഴിഞ്ഞാൽ എൻട്രൻസ് ആണ്. ഇതു പറഞ്ഞു വീട്ടിൽ ഭാര്യയെന്നും വഴക്കാണ്.ഒരു സമാധാനവുമില്ല. ഇതാലോചിച്ച് രാത്രീ ഉറക്കം വരുന്നില്ല. മകന്റെ ഭാവി എന്താവും, ഇത് തന്നെ ചിന്ത, വിശപ്പില്ല. എന്തെങ്കിലും കഴിച്ചാൽ അപ്പോൾ തന്ന ടോയിലറ്റിൽ പോകണം.ഒരു ഉത്സാഹവുമില്ല. ശരീരം ഒട്ടാകെ വേദനയുണ്ട്. ഇയാളുടെ മാനസികസംഘർഷം ആദ്യംതന്നെ കണക്കിലെടുക്കാൻ തീരുമാനിച്ചു. കുറെ പൊടിപ്പും തൊങ്ങലും വെച്ച് ഞാൻ എൻട്രൻസ് പരീക്ഷയിലൊന്നും വലിയ കാര്യമില്ലെന്ന് സമർത്ഥിച്ചു, സമാധാനിപ്പിച്ചു. എങ്ങിനെ മനസ്സിനെ റിലാക്സ് ചെയ്യണമെന്ന് ഉപദേശിച്ചു. കുറച്ചു പ്രാണായാമം തുടങ്ങിയവ ചെയ്യാൻ പറഞ്ഞു കൊടുത്തു. ദഹനത്തിനും ഉറക്ക കുറവിനും വായിലെ മറ്റ് പ്രശ്നങ്ങൾക്കുമായി മരുന്നുകൾ നിർദ്ദേശിച്ചു. മൂന്ന് ആഴ്ച കഴിഞ്ഞു വന്നു കാണാൻ പറഞ്ഞു. അയാളുടെ ഭാര്യയോട് ഒറ്റയ്ക്ക് കുറച്ചു

നിർദ്ദേശങ്ങൾ കൊടുത്തു. അവർക്കും മരുന്ന് കൊടുത്തു. കാരണം അവരുടെ ടെൻഷൻ ആണല്ലോ ഭർത്താവിൽ പ്രകടിപ്പിക്കുന്നത് മകനെ അവരുടെ മുൻപിൽ വെച്ച് വിളിച്ചു സംസാരിച്ചു. കണക്കിൽ മാത്രം ശ്രദ്ധിക്കുവാൻ നിർദ്ദേശിച്ചു.

അയാൾക്കും ചില മരുന്നുകൾ കൊടുത്തു. ഏതായാലും സംഗതി ഫലിച്ചു മൂന്നാഴ്ച കഴിഞ്ഞു മൂന്നുപേരും കൂടി വന്നു. ആകെയൊരു സമാധാനം വന്നപോലെ തോന്നി. മരുന്നുകളും യോഗയും മറ്റു വ്യായാമങ്ങളും തുടരുവാൻ നിർദ്ദേശിച്ചു. നിങ്ങളുദ്ദേശിച്ച പോലെ തന്നെ കഥ ശുഭപര്യവസായി ആണ്. നമ്മുടെ കഥാപുരുഷൻ ഇടക്കിടെ എന്നെ വന്നു കണ്ട് മരുന്നുകൾ കഴിക്കുന്നുണ്ട്. പയ്യന് എൻജിനീയറിങ്ങിനു അഡ്മിഷൻ കിട്ടി. അമ്മയും അധികം പ്രശ്നങ്ങൾ ഉണ്ടാക്കുന്നില്ല. ഇത്രയും പറഞ്ഞത്, ഇവിടെ പ്രശ്നക്കാരൻ മനസ്സാണ് എന്ന് ഊന്നി പറയുവാനാണ്.

### ഇറിറ്റബിൾ ബവൽ (ക്ഷോഭിക്കുന്ന കുടലുകൾ):

ദഹന വ്യവസ്ഥയിലെ ചെറുകുടലും വൻ കുടലും അടങ്ങിയ ഭാഗമാണ് ബവൽ എന്ന പ്രയോഗം കൊണ്ട് ഉദ്ദേശിക്കുന്നത്. irritability എന്നത് വൈകാരിക സ്വഭാവത്തെ ഉദ്ദേശിക്കുന്നു. വൈകാരിക സ്വഭാവത്താൽ ദഹനവ്യവസ്ഥക്ക് ഉണ്ടാക്കുന്ന പ്രശ്നങ്ങളായി ചുരുക്കത്തിൽ പറയാം. കുടൽ ക്ഷോഭം തന്നെ.

### ഗട്ട് - ബ്രെയിൻ ആക്സിസ്

മസ്തിഷ്കവും ദഹന വ്യവസ്ഥയും തമ്മിൽ നിരന്തരം ആശയവിനിമയം നടത്തിക്കൊണ്ടിരിക്കുന്നു. ഈ ആശയ വിനിമയത്തിന് മൊത്തത്തിൽ വിളിക്കുന്ന പേരാണ് ഗട്ട് - ബ്രെയിൻ ആക്സിസ്, ഭക്ഷണവും വിസർജ്യവും വയറിലൂടെ കടന്നു പോകുന്ന പ്രക്രിയയിൽ സംഭവിക്കുന്ന പ്രശ്നങ്ങൾ (Motility Disturbances), അധികമായ വേദന സംവേദനം (Visceral Hypersensitivity) എന്നിവ തന്നെയാണ് ഈ അസന്തുലിതാവസ്ഥക്കു കാരണം. ബാല്യകാലത്തുണ്ടാകുന്ന ചില ആരോഗ്യപ്രശ്നങ്ങൾ മൂലം മസ്തിഷ്ക വികാസത്തിലുണ്ടാകുന്ന ചില പ്രശ്നങ്ങൾ ഇറിറ്റബിൾ സിൻഡ്രോമിന് കാരണമാകുന്നു എന്ന് പഠനങ്ങളിൽ തെളിഞ്ഞിട്ടുണ്ട്. ഈ രോഗമുള്ള വ്യക്തിക്ക് വയറിനകത്തെ ആന്തരീകാവയവങ്ങളോട് ബന്ധപ്പെട്ട സംവേദനക്ഷമത (Visceral Hypersensitivity) കൂടുന്നതാണ് പ്രശ്നങ്ങൾ ഉണ്ടാക്കുന്നത്. ഇത് അമിതമായ ഉൽകണ്ഠ വരുത്തുകയും കുടലിൽ ഇറിറ്റേഷൻ ഉണ്ടാക്കുകയും ചെയ്യുന്നു. മറ്റൊരു പ്രധാന ഘടകം സൂക്ഷ്മ ജീവികളാണ്. ഗട്ട്മൈക്രോബയോട്ട (Gut Micro Biotta) എന്ന പേരിൽ അറിയുന്ന ഈ സൂക്ഷ്മ ജീവികളിൽ വരുന്ന സ്വഭാവ വ്യത്യാസം I-B-S നു കാരണമാകുന്നു എന്ന് തെളിഞ്ഞിട്ടുണ്ട്.

### പ്രധാന കാരണങ്ങൾ

കുടലിനുള്ളിലെ ചലനങ്ങൾ വേഗത്തിലാകുമ്പോൾ ഭക്ഷണത്തിലെ പോഷകങ്ങളോ ജലാംശമോ വലിച്ചെടുക്കാൻ കുടലിന് കഴിയാതെ പോകുന്നു. അപ്പോൾ മലത്തിൽ വളരെ ജലാംശം കൂടി വയറിളകി പോകുന്നു. മറിച്ചു കുടലിന്റെ ചലനങ്ങൾ സാവകാശത്തിലാകുമ്പോൾ അതിലൂടെ കടന്നുപോകുന്ന ഭക്ഷണത്തിലെ ജലാംശം കൂടുതൽ ആഗീരണം ചെയ്യുകയും മലബന്ധം ഉണ്ടാകുകയും ചെയ്യുന്നു.

### മറ്റു ലക്ഷണങ്ങൾ

വയറു വേദന, ഇടക്കിടെ വയറ്റിൽ ഉരുണ്ടുകയറ്റവും ശബ്ദവും, വായറിളക്കം, ചിലപ്പോൾ മലത്തോടൊപ്പം കഫവും കാണുന്നു. ദഹിക്കാതെ മലം പോകുന്നു.

### രോഗനിർണ്ണയം (Diagnosis)


പരിചയ സമ്പന്നനായ ഡോക്ടർമാർക്ക് രോഗനിർണയത്തിന് പ്രയാസമില്ല. പക്ഷെ ഡോക്ടറേ കാണാതെ സ്വയം ചികിൽസിക്കരുത്. ചിലപ്പോൾ വർഷങ്ങളോളം ചികിത്സ വേണ്ടി വന്നേക്കാം.

### ചികിൽസ

കൃത്യമായ മരുന്നിനോടൊപ്പം ശരിയായ ജീവിത ശൈലിയും വ്യായാമവും ഭക്ഷണരീതിയും അത്യാവശ്യമാണ്. മിക്കവാറും ഉത്കണ്ഠ, ആകാംക്ഷ എന്നിവക്കുള്ള മരുന്നുകളും കുറേ കാലം കഴിക്കേണ്ടി വരും. കൂവളം മാതളം കറിവേപ്പില, പുലിയാരലില, ചേന എന്നിവ കഴിക്കുന്നത് ഗുണം ചെയ്യുന്നു. വയറിളക്കം കൂടുതലുള്ളവർ നാര് വർഗ്ഗങ്ങൾ കുറച്ചുപയോഗിക്കണം എന്നാൽ മലബന്ധം ഉള്ളവർ നാര് വർഗ്ഗങ്ങൾ കൂടുതൽ ഉപയോഗിക്കണം. ദിവസവും 8 - 10 ഗ്ലാസ് വെള്ളം കുടിക്കുകയും വേണം. മദ്യപാനം, പുകവലി, മറ്റു ലഹരികളുടെ ഉപയോഗം തീരെ പാടില്ല. എന്തായാലും സ്ഥിരമായി യോഗ, പ്രാണായാമം എന്നിവ ശീലിക്കുന്നത് നല്ലതാണ്. മനസമാധാനം സർവ്വധനാൽ പ്രധാനം.







## 01-ാം ചരമവാർഷികം

**23.03.2020**

**കെ. കുമാരൻ നായർ**
മനോമഞ്ജുഷ
55/3176
ചെറുപറമ്പത്ത് റോഡ്
കടവന്ത്ര
കൊച്ചി - 682020

സന്തപ്ത കുടുംബാംഗങ്ങൾ

## 07-ാം ചരമവാർഷികം


**21.03.2020**



**സി. ശശികുമാർ**
കോക്കാപ്പിള്ളിൽ
ശങ്കർനഗർ
മരട്, കൊച്ചി - 682304

## 01-ാം ചരമവാർഷികം

**03.03.2020**



**എൻ. ശാന്തകുമാർ**
പ്രശാന്തി, നവഗ്രഹ ലെയ്ൻ
എ.സി.എസ്. സ്കൂൾ റോഡ്
കലൂർ, കൊച്ചി - 682017



# രവിപുരം ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിലെ 1195-(2020) മാണ്ടത്തെ ഉത്സവപരിപാടികൾ

**28.04.2020 മുതൽ 02.04.2020 വരെ**
**(15.8.1195 മുതൽ 20.8.1195 വരെ)**

**ഒന്നാം ദിവസം (28.3.2020) ശനി**

വൈകുന്നേരം 7.45 ന് : കൊടികയറ്റം
രാത്രി 8.00 ന് : സർഗം (സോപാന സംഗീതം, മോഹിനിയാട്ടം, കഥകളി എന്നിവ ചേർന്ന കലാരൂപം), ഏലൂർ ബിജു, ആതിരാ ശങ്കർ, ശശികല നെടുങ്ങാടി എന്നിവർ അവതരിപ്പിക്കുന്നു.
രാത്രി 10.00 ന് : വിളക്ക്

**രണ്ടാം ദിവസം (29.3.2020) ഞായർ**

രാവിലെ 4.30 മുതൽ : നവകം, പഞ്ചഗവ്യം
വൈകുന്നേരം 7.00 മുതൽ : കൂത്ത്, അവതരണം : മാർഗ്ഗി മധു
രാത്രി 8.15 ന് : നൃത്തനൃത്യങ്ങൾ : ഐശ്വര്യ ബാലചന്ദ്രൻ & പാർട്ടി
തുടർന്ന് : വിളക്ക്

**മൂന്നാം ദിവസം (30.3.2020) തിങ്കൾ**

രാവിലെ 4.30 ന് : നവകം, പഞ്ചഗവ്യം
ഉച്ചയ്ക്ക് 12 മുതൽ : ഓട്ടൻതുള്ളൽ
വൈകുന്നേരം 6.30 മുതൽ : ശ്രീകൃഷ്ണഗാനാമൃതം
കൊച്ചിൻ അമൃത വർഷിനി, ചിത്രാഞ്ജലി വിദ്യാനഗർ
9.00 മുതൽ : സംഘക്കളി
രാത്രി 10.30 ന് : വിളക്ക്

**നാലാം ദിവസം (31.3.2020) ചൊവ്വ**

ഉച്ചയ്ക്ക് 11.00 ന് : ഉത്സവബലിദർശനം
12.30 ന് : ഓട്ടൻ തുള്ളൽ
വൈകുന്നേരം 6.00 മുതൽ 7.00 വരെ : വീണക്കച്ചേരി : ഭാമയാമി ഇടപ്പള്ളി
7.30 മുതൽ : ഭക്തിഗാനതരംഗിണി
ത്യാഗബ്രഹ്മം ടി. എസ്. രാധാകൃഷ്ണജി
9.00 മുതൽ : തിരുവാതിരക്കളി, തിരുവാതിര സമാജം, രവിപുരം
തുടർന്ന് : വിളക്ക്

**അഞ്ചാം ദിവസം : (1.4.2020)ബുധൻ**

രാവിലെ 7.00 മുതൽ : നവകം, പഞ്ചഗവ്യം
8.00 മുതൽ 11.00 വരെ : ശീവേലി, പഞ്ചാരിമേളം
വൈകുന്നേരം 7.30 മുതൽ : തായമ്പക
രാത്രി 10.00 ന് : വലിയ വിളക്ക്

**ആറാം ദിവസം (02.04.2020)വ്യാഴം : ആറാട്ട്**

വൈകുന്നേരം 4.00 ന് : പകൽപ്പൂരം, മേജർസെറ്റ് പഞ്ചവാദ്യം
അവതരണം : ചോറ്റാനിക്കര നന്ദപ്പൻ മാരാർ& പാർട്ടി
വൈകുന്നേരം 6.30 മുതൽ 8.00 വരെ : പാണ്ടിമേളം, തിരുവല്ല രാധാകൃഷ്ണൻ, ചൊവ്വല്ലൂർ മോഹനൻ
തുടർന്ന് : കൊടിയിറക്കം, കൊടിക്കൽ പറ





മീനം

ഓം


ഹരി ശ്രീ ഗണപതയെ നമഃ അവിഘ്നമസ്തു

Tel : TDM -2361160,
Mob : 96456 83491

# മാസഫലം

**2020 മാർച്ച്15 മുതൽ ഏപ്രിൽ 15 വരെ**

**ജ്യോതിഷാചാര്യൻ: ജി.കെ. മേനോൻ**



**മേടക്കൂറ് (അശ്വതി, ഭരണി, കാർത്തിക 1/4)ഃ** ധനപരമായും കുടുംബപരമായും മാസം അനുകൂലമായിരിക്കും. സഹായികൾ സഹപ്രവർത്തകർ സഹോദരസ്ഥാനീയർ അയൽപക്കത്തുള്ളവർ എന്നിവരിൽ നിന്നും ചില പ്രതിസന്ധികൾക്ക് ഇടവരും. ഇവരുമായി അഭിപ്രായ വ്യത്യാസത്തിന് സാധ്യതയുള്ളതിനാൽ തർക്കങ്ങളിൽ നിന്നും മധ്യസ്ഥ ശ്രമങ്ങളിൽ നിന്നും വിട്ടു നിൽക്കണം. വിവാഹത്തിന് ശ്രമിക്കുന്നവർക്ക് കാലം അനുകൂലമാണ്. ശിവന് ധാര പിൻവിളക്ക്, നവഗ്രഹക്ഷേത്രത്തിൽ ശനിഗ്രഹ പൂജ എന്നിവ നടത്തുന്നത് ദോഷങ്ങൾക്ക് പരിഹാരമാവും.



**ഇടവക്കൂറ് (കാർത്തിക 3/4 രോഹിണി, മകയിരം 1/2)ഃ** സൗഖ്യവും മൃഷ്ടാനഭോജനവും ധനലാഭവും ഉണ്ടാകും. പരൻമാരിൽ കനിവു തോന്നും. അവർക്ക് വേണ്ട സഹായം നൽകും. നല്ല കർമ്മങ്ങൾ ചെയ്ത് സൽകീർത്തി നേടും. മധുര പലഹാരങ്ങളോട് പതിവില്ലാത്ത വിധം താൽപര്യം വർദ്ധിക്കും. സന്താനങ്ങൾക്ക് കർമ്മ പുഷ്ടിയുണ്ടാകും. സർക്കാർ സഹായം ലഭ്യമാകും. വ്യാഴം പ്രതികൂലമായതിനാൽ വിഷ്ണുസഹസ്രനാമജപവും ക്ഷേത്ര ദർശ്ശനവും നടത്തുക.



**മിഥുനക്കൂറ് (മകയിരം 1/2, തിരുവാതിര, പുണർതം 3/4 )ഃ** കർമ്മനിഷ്ട ശൗര്യം ഭൃത്യ പുഷ്ടി അർത്ഥലാഭം വിദ്യാഗുണം ഭാഗ്യം കളത്ര സുഖം. സന്താന സുഖം സന്താനങ്ങൾക്ക് അഭിവൃദ്ധി അവരുടെ വിവാഹ വിഷയങ്ങളിൽ അനുകൂല സാഹചര്യങ്ങൾ ഉണ്ടാവുക തുടങ്ങിയ ഗുണങ്ങൾക്കൊപ്പം മുഖം, ഉദരം, നേത്രം എന്നീ അവയവങ്ങൾക്ക് രോഗത്തിന് സാധ്യതയും കൂടി ഉണ്ടാകാം. ആയതിനാൽ ശിവപ്രീതിയും സർപ്പപ്രീതിയും വരുത്തുന്നത് നല്ലതാണ്.



**കർക്കിടകക്കൂറ് (പുണർതം 1/4, പൂയം, ആയില്യം)ഃ** ധനലാഭവും, ബന്ധുപുഷ്ടിയും പ്രതാപം, കർമ്മ വൈഭവം, ശത്രുജയം എന്നീ ഗുണഫലങ്ങൾ ഉണ്ടാകുമെങ്കിലും ചിലവ് വർദ്ധിക്കുക ഗുരുക്കന്മാരുടെയും പിതൃതുല്യരുടേയും ദേഷ്യത്തിന് ഇട വരുക സർക്കാരിൽ നിന്നും മേലാധികാരികളിൽ നിന്നും ഗുണകരമല്ലാത്ത അനുഭവങ്ങൾ ഉണ്ടാകുക, നടുവേദന നേത്രരോഗം എന്നിവക്ക് സാധ്യത ആയതിനാൽ ദോഷപരിഹാരത്തിനായി ഗണപതി ക്ഷേത്ര ദർശ്ശനം സർപ്പപ്രീതി വരുത്തുക എന്നീ കാര്യങ്ങൾ ചെയ്യുക.



**ചിങ്ങക്കൂറ് (മകം, പൂരം, ഉത്രം 1/4 )ഃ** സജ്ജന സമ്പർക്കം ദേഹ സുഖം ധനലാഭം ബുദ്ധിക്ക് മികവ് വിദ്യാർത്ഥികൾക്ക് പഠനത്തിൽ മികവ് പുലർത്താൻ സാധിക്കുക, വിവാഹിതർക്ക് ദാമ്പത്യ സുഖവും വിവാഹത്തിന് ശ്രമിക്കുന്നവർക്ക് അനുകൂല സാഹചര്യം ഉണ്ടാകുക, സന്താനങ്ങളെകുറിച്ച് മനസംഘർഷങ്ങൾ ഉണ്ടാക്കുക നേത്ര രോഗത്തിന് സാധ്യത മുട്ടിന് വേദന ത്വക്ക് രോഗസംബന്ധമായ പ്രശ്നങ്ങൾ എന്നീ ദോഷഫലങ്ങളും ഈ മാസം അനുഭവത്തിൽ വരും. ശിവക്ഷേത്ര ദർശ്ശനം നടത്തുകയും പഞ്ചാക്ഷരി ജപം നടത്തുകയും ചെയ്യുക.




**കന്നിക്കൂറ് (ഉത്രം 3/4, അത്തം, ചിത്തിര 1/2)ഃ** ധനലാഭം, വസ്തുലാഭം, വാഹനസുഖം എന്നീ ഗുണങ്ങൾ പ്രതീക്ഷിക്കാം. സ്ത്രീ മൂലം കലഹവും മാനഹാനിക്ക് സാധ്യതയും ഉള്ളതിനാൽ സ്ത്രീകളുമായുള്ള ഇടപെടൽ കരുതലോടെ വേണം. മനസംഘർഷം കൂടും. സന്താനങ്ങൾ അലസത കാട്ടും. ആരോഗ്യപരമായി ചില പ്രശ്നങ്ങൾ ഉണ്ടാകും. ശ്വാസം മുട്ടൽ നെഞ്ച് സംബന്ധമായ അസ്വസ്ഥതകൾ എന്നിവ അനുഭവപ്പെടാം. ബന്ധു ഗുണം കുറയും. സുഹൃത്തുക്കളുമായി കലഹിക്കും. ദോഷപരിഹാരമായി 108 വീതം പഞ്ചാക്ഷാരീ ജപം നടത്തുക.



**തുലാക്കൂറ് (ചിത്തിര 1/2 ചോതി, വിശാഖം 3/4)ഃ** ദേഹബലം ഉന്മേഷം സ്ഥാനലാഭം അർത്ഥലാഭം കാര്യവിജയം സർക്കാരിൽ നിന്നും വീട് നിർമ്മാണത്തിന് സഹായം പ്രതീക്ഷിക്കുന്നവർക്ക് തീരുമാനം ഉണ്ടാകും. സഹോദര ഗുണം ലഭിക്കും. സ്ത്രീ സുഖം സ്ത്രീകൾ നിമിത്തം ധനലാഭം എന്നീ ഗുണങ്ങളും സ്ത്രീകൾ നിമിത്തം കലഹം വിട്ട് കാര്യങ്ങലിൽ അലസത എന്നീ ദോഷങ്ങളും അനുഭവപ്പെടും. വൈഷ്ണവ ക്ഷേത്ര ദർശ്ശനം നടത്തുകയും മന്ത്രജപം നടത്തുകയും ചെയ്യുക.



**വൃശ്ചികക്കൂറ് (വിശാഖം 1/4 അനിഴം, തൃക്കേട്ട)ഃ** ധനം വിദ്യ വാക്ക് ഇവ മൂലം സമ്മിശ്ര ഫലമായിരിക്കും അനുഭവപ്പെടുക. വാക്ക് കൊണ്ട് ഗുണവും ദോഷവും ഉണ്ടാകും. ധനനേട്ടങ്ങൾ ഉണ്ടാകുന്നതോടൊപ്പം ധന സംബന്ധമായ കലഹങ്ങൾക്കും സാധ്യതയുണ്ട്. പല പ്രവത്തികളും തുടർന്ന് കൊണ്ടുപോകാനും നിർത്താനും പറ്റാത്ത മാനസികാവസ്ഥ സമ്മർദ്ദത്തിന് കാരണമാകും. വേണ്ട സമയത്ത് ബുദ്ധിക്ക് കൂർമ്മത നഷ്ടമാകും. ശിവക്ഷേത്ര ദർശ്ശനവും പഞ്ചാക്ഷരി ജപവും നടത്തുക.



**ധനുക്കൂറ് (മൂലം, പൂരാടം, ഉത്രാടം1/4)ഃ** യാത്രകൾ ചെയ്യേണ്ടി വരും ശിരോ രോഗം അനുഭവപ്പെടും. സാമ്പത്തികമായി പ്രയാസങ്ങൾ നേരിടും. കിട്ടാനുള്ളത് കിട്ടാൻ വൈകുകയും കൊടുക്കുവാനുള്ളത് കൃത്യമായി കൊടുക്കുവാൻ ബുദ്ധിമുട്ട് അനുഭവപ്പെടുകയും ചെയ്യും. വിദ്യാർത്ഥികൾക്ക് പഠിത്തത്തിൽ മന്ദത ഉണ്ടാകും. നിയമ പരമായ പ്രശ്നങ്ങൾ നേരിടുന്നവർക്ക് തൻ നിമിത്തം കുടുംബത്തിൽ കലഹത്തിന് ഇടവരും. സർപ്പപ്രീതി വരുത്തുകയും സർപ്പക്ഷേത്ര ദർശ്ശനം നടത്തുകയും പഞ്ചാക്ഷരി ജപിക്കുകയും ചെയ്യുക.



**മകരക്കൂറ് (ഉത്രാടം 3/4, തിരുവോണം, അവിട്ടം 1/2)ഃ** വിദ്യാർത്ഥികൾക്ക് അലസത തോന്നുമെങ്കിലും പരിശ്രമിച്ചാൽ നല്ല ഫലം കിട്ടാൻ അനുകൂലമായ കാലമാണ്. വീട് നിർമ്മിക്കാനോ പുതുക്കി പണിയാനോ, വാഹനം വാങ്ങിക്കുവാനോ ഉദ്ദേശിക്കുന്നവർക്ക് അനുകൂല സാഹചര്യങ്ങൾ ഉണ്ടാകും. പല കാര്യങ്ങൾക്കും തീരുമാനമെടുക്കുവാൻ പ്രയാസപ്പെടും. സഹായികൾ സഹോദരസ്ഥാനിയർ എന്നിവർ മൂലം പ്രതിസന്ധികൾ നേരിടും. ശിവക്ഷേത്ര ദർശ്ശനവും പഞ്ചാക്ഷരി ജപവും ചെയ്യുന്നത് നല്ലതാണ്.



**കുംഭക്കൂറ് (അവിട്ടം 1/2, ചതയം, പൂരൂരുട്ടാതി 3/4)ഃ** സർക്കാരിൽ നിന്നും സഹായികളിൽ നിന്നും സഹോദരസ്ഥാനീയരിൽ നിന്നും ധനം കിട്ടാൻ സാധ്യത ഉണ്ട്. വിദ്യാഗുണം അർത്ഥലാഭം സുഖം കീർത്തി എന്നിവ ഉണ്ടാകും. കടുത്ത വാക്ക് പറയുക മൂലം സ്ത്രീ ജനങ്ങളുമായി കലഹത്തിന് സാധ്യത ഉണ്ട്. സന്താനങ്ങളുമായി അഭിപ്രായ വ്യത്യാസത്തിന് സാധ്യതയുള്ളതിനാൽ കുട്ടികളോട് തന്ത്രപൂർവ്വം ഇടപെടുക. ശിവനേയും വിഷ്ണുവിനേയും ഭജിക്കുകയും ക്ഷേത്ര ദർശനം നടത്തുകയും വേണം.



**മീനക്കൂറ്(പൂരുരുട്ടാതി 1/4, ഉത്രട്ടാതി, രേവതി)ഃ** ശിരോരോഗം നേത്രരോഗം എന്നിവ അലട്ടും. പലരോടും നിർദയത്വം തോന്നും. സംഘർഷഭരിതമായ മാനസികാവസ്ഥ, കളത്രത്തിന് ശ്വാസസംബന്ധമായോ നെഞ്ച് സംബന്ധമായോ അസ്വസ്ഥത എന്നീ വിഷയങ്ങൾ അനുഭവപ്പെടും. ധനലാഭം വസ്ത്രാദി അലങ്കാര വസ്തുക്കളുടെ ലഭ്യത, കർമ്മ കുശലത എന്നീ ഗുണഫലങ്ങളും അനുഭവത്തിൽ വരും. ശിവപ്രീതി വരുത്തുകയും ശിവക്ഷേത്ര ദർശനം നടത്തുകയും വേണം.

*ശുഭമസ്തു*
*ശംഭോമഹാദേവ! എറണാകുളത്തപ്പൻ തുണ!*

**തിങ്കൾ, വ്യാഴം, ശനി ദിവസങ്ങളിൽ 9.30 am to 1.30 pm വരെ ജ്യോതിഷാചര്യന്റെ സേവനം ലഭ്യമാണ്**


# MANGALYAM MATRIMONIAL

## വരനെ ആവശ്യമുണ്ട്



Nair Girl,24/5'4", Rohini,Fair, B.Tech (Civil),Doing M.Tech Structural (Last Sem), Pref: B.Tech and above IT, Govt Services, Bank Employees etc Prefered Ernakulam/Thrissur/Kottayam Districts, Mob: 9447379431, Reg.No. 22431

Email:skyarchbuilders@gmail.com
Date of Birth:15-06-1996(1.59pm)
Sishta Dasa:Chandra : 0-5-16





Contact Address:
MR.PRADEEP KUMAR
PRADEEP BHAVAN
PANANGAD P. O
COCHI - 682506

---

Nair, Girl,39/5'4" Uthradam,Fair, Plus Two Teacher (M.Phil Computer Science) Divorcee,Pref:Professionaly Qualified or PostGraduate employed in public/Govt/Private Sector,Divorcee without issues or unmarried up to 45 years ,Ph : 0469-2783433, Mob : 9847556767, Reg No: 22432 :

Email:maya.nmkumar@gmail.com
Date of Birth:07-1-1981 (3.05pm)
Sishta Dasa:





Contact Address:
MR.MONEYKUMAR
MAMATHA HOUSE
MALLAPPALLY WEST POST
PATHANAMTHITTA-689585

---

Nair Girl,28/165cm, Pooruruttathi, Wheatish,MBBS, Doing MS (ENT) AIIMS, Raipur,Pref: MBBS/MD/B.Tech /M.Tech,CA/ Post Graduation, Ph: 0484-2800411, Mob: 9495714826, Reg.No. 22435

Email:gupthan.thacheth@gmail.com
Date of Birth:21-10-1991(1.11am)
Sishta Dasa:Guru : 3-7-5





Contact Address:
MR.T. K. CHANDRA GUPTHAN
THACHETH POURNAMI
PONEVAZHI
PONEKKARA, AIIMS P. O
KOCHI - 682041

---

Nair Girl, 23/158cm, Makam, Fair, Studying M.Tech, Pref: Graduation, Engineers/Doctors/Govt employees, Mob:9447379477,Ph: 04829-214103, Reg.No.22437

Email:gopiskumar@gmail.com
Date of Birth:19-07-1996(2.10pm)
Sishta Dasa:Ketu : 0-0-1





Contact Address:
MR.SREEKUMAR G
SIVASREE
ANARI ROAD
THEKKENADA
VAIKOM ,KOTTAYAM - 686141

---

Nair Girl. 23/155cm,Visakham/Fair, B.Tech, Thoroghly Pursuing , Pref: Well settled, Mob:9744854900/ 9497789463, Reg.No.22442

Email:gpkgvnd@gmail.com
Date of Birth:28-06-1996(11.02am)
Sishta Dasa:Guru :1-1-28





Contact Address:
MR.JAYADEVAN
KCRA75, PANAMPILLY
EAST KADUNGALLOOR
CHATTUKULAM TEMPLE ROAD
ALUVA
ERNAKULAM - 683102

---

Nair Girl,25/165cm,Bharani, Fair, MBBS,Doctor,Pref: Post Graduate Doctors / Well placed Professionals, Mob:9745327443/ +971508095760, Reg.No.22382

Email:vinodnam@hotmail.com
Date of Birth:17-11-1994(5.15pm)
Sishta Dasa:




Contact Address:
MR.P.V.VINOD KUMAR NAMBIAR
T2, SAI, GREENS
KALYAN NAGAR P. O
OPP CHALLEKERE LAKE
BANGALORE - 560043






# MANGALYAM MATRIMONIAL

## വരനെ ആവശ്യമുണ്ട്



Nair Girl,28/ 5'7",Fair, Uthram (Sudha Jathakam),B.Tech,MBA,Consultant - Bangalore,Pref: B.Tech/M.Tech/CA/ CS, Doctors/ Bank Officers etc, Ph: 0487-2363500, Mob: 9446489446/ 9447442474, Reg.No. 22446

Email:uknair1965@gmail.com
Date of Birth:03-11-1991(2.24am)
Sishta Dasa:Ravi: 3-6-22





Contact Address:
PROF: P. G. SIVADAS
KARTHIKA
KARTHIKA NAGAR
AYYANTHOLE,
THRISSUR - 680003

---

Nair Girl, 24/5'2",Anizham, Fair, B.Tech, Software Professional, Infopark, Kochi, Pref: Software Professional, Banking Professional, Govt Employee, Company Employee, Mob: 9847747080/ 9400876687, Reg.No.22447

Email:anjaligmenon1994@gmail.com
Date of Birth:12-02-1996(9.33pm)
Sishta Dasa:Sani :18-11-15





Contact Address:
MR.GOPAKUMAR P N
PULLELIL HOUSE
PUTHUVASSERY
NEDUMBASSERY - 683585

---

Nair Girl, 25/5'3", Aswathy, Medium, Master of Human Resources Management (MHRM), HR Executive in Muthoot Xandari Group, Pref: B.Tech or Post Graduate/Any Professional Qualification, Mob: 9446055477,Reg.No.22451

Email:anithacoirboard@gmail.com
Date of Birth:30-07-1994(5.02am)
Sishta Dasa:Kethu :3-5-1





Contact Address:
MR.PRADEEP KUMAR K
SREEDARSHAN
PATHIRAKKATTU KAVU ROAD
NORTH KALAMASSERY
ERNAKULAM - 683104

---

Nair Girl,25/160cm,Pooram, White, MBBS,Doctor,Pref: Doctor/Business, Mob:6282266396,Reg.No.22453

Email:pvsrmnd@gmail.com
Date of Birth:06-09-1994(12.25pm)
Sishta Dasa:





Contact Address:
MR. RAMACHANDRAN P V
A3, WEST ROCK APARTMENTS
P.J.ANTONY GROUND ROAD
PACHALAM POST
ERNAKULAM - 682012

---

Nair Girl,26/5'1",Punartham, Fair, MBBS,Awaiting MD admission Pref: Professionally qualified Mob: 8848976939, Reg.No.22454

Email:ravindransunitha@yahoo.co.in
Date of Birth:21-06-1993(2.57pm)
Sishta Dasa:Guru : 12-5-23





Contact Address:
MR.C.N.R.PILLAI
52/88A, SATVIKAM
TOC - H ROAD
LANE - 12,VYTTILA
ERNAKULAM - 682019

---

Nair Girl,22yr & 9months,/5ft,Atham, Fair, BE, ECE, Software Engineer, Pref: Professional qualification, PSU/Private/ Banking, Matching prefered from Abroad/ Bangalore/ Chennai/ Mumbai/Hyderabad / Pune, Mob : 8447699430, 7338932610, Reg.No.22455

Email:vimalanugraha01@gmail.com
Date of Birth:21-04-1997(6.40pm)
Sishta Dasa:




Contact Address:
MR.R. VIMAL KUMAR
FLAT.NO.83
WEST END APARTMENT
SECTOR - 4, ROHINI
NEW DELHI - 110085


## MANGALYAM MATRIMONIAL

# വരനെ ആവശ്യമുണ്ട്



Nair Girl, 25/5'1:,Atham, Fair, M.Com, Asst Manager in Bank, Pref: Post Graduate/Graduate, Bank/State - Central Govt etc,, Ernakulam/Trissur,Palakkad, Mob:9447218740, Reg.No. 22457

Email:unnykrishnan807@gmail.com
Date of Birth:15-07-1994(2.58am)
Sishta Dasa:Chandran : 7-6-6




Contact Address:
MR.UNNIKRISHNAN K. K
KANNOTH HOUSE
NEAR RPMHS
KUMBALAM P. O
ERNAKULAM - 682506

---

Nair Girl, 25/ 167cm,Revathi, Fair, M.Tech- Computer Science, Specialist Officer (IT), Federal Bank Aluva, Pref:Same as candidate education, preferable Ernakulam Dist, Mob: 9387287654, 9388039450 Reg.No. 22458

Email:reshmarajcs044.@gmail.com
Date of Birth:05-02-1995(11.48am)
Sishta Dasa:Budha:3-7-28




Contact Address:
MR.DEVARAJAN PILLAI
SREERAGAM
AISWARYA NAGAR
NOORANI P. O
PALAKKAD - 678 004

---

Nair Girl,24/171cm,Aswathy,Fair,PG in Data Analytics,Data Analyst, Bangalore, Pref: PG/Engineer, preference to boys settled in Bangalore, Pune, Hyderabad ,Mob: 9995439533, 9495778418, Reg.No.22459

Email:krishnanayar@gmail.com
Date of Birth:18-4-1996(10.18am)
Sishta Dasa:




Contact Address:
HARIKUMAR
2H, MANTRA HOMES
OFF TOWER LINE ROAD
KADAVANTRA
ERNAKULAM 682020

---

Nair Girl, 25/5'5",Ayilyam, Fair, MBBS, ,Wishes to go for Post Graduation, Not employed at present expecting employment soon, Pef: Post Graduation, should co-operate for further studies & employment, Ph:0484-2362838, Mob: 8943072667, Reg.No .22461

Email:aputhiyedath@gmail.com
Date of Birth:29-10-1994(5.58am)
Sishta Dasa:Budha :3-4-9




Contact Address:
MR.ASOK KUMAR K
4C, SANTHI SAVERA
WARRIAM ROAD
ERNAKULAM 682016

---

Nair Girl,29/162cm, Chathayam,Fair, MBBS, DGO, Resident at Govt Medical College, Kalamassery, Pref: Doctors/ Engineers/Government Officials, Preferably working inside Kerala, Mob: 9400888624, Reg.No.22463

Email:psreekumariamma@gmail.com
Date of Birth:15-06-1990(11.30sm)
Sishta Dasa:Rahu :2-3-15



Contact Address:
SMT. SREEKUMARI AMMA P
II/B. I M G QUARTERS
KAKKANAD
KOCHI - 682030

---


**THOTTEKKATT DIWAN'S MEMMORIAL HALL**

**ERNAKULAM KARAYOGAM**

1. TDM HALL GANGA a/c
2. TDM HALL PERIYAR a/c (GROUND FLOOR)
3. TDM HALL KAVERY a/c
4. TDM HALL SOORYA a/c (DINING HALL)
5. TDM HALL YAMUNA a/c
6. TDM HALL NILA a/c (DINING HALL)
7. TDM HALL PAMBA (ROOF HALL)
8. TDM HALL NARMADA a/c (SEMINAR HALL)
9. TDM HALL GODAVARY a/c (CONFERENCE HALL)
10. TDM HALL SARASWATHY (FIRST FLOOR)
11. TDM HALL KRISHNA a/c (EXHIBITION HALL)

For Details Contact: 0484 2361160
Email: ekmkgm@gmail.com,
Web: www.ernakulamkarayogam.com







## MANGALYAM MATRIMONIAL

# വധുവിനെ ആവശ്യമുണ്ട്



Nair Boy, 30/5'11" ,Chithira, Fair, PlusTwo, Diploma in Automobile Engineering, Business (Dental Equipments Distribution,Ph:0484-2642797, Mob:9947755110, 8606332220, Reg.No.22416

Email:akhilajay551@gmail.com
Date of Birth:17-05-1989(11.55am)
Sishta Dasa:Kuja:6-9-23




Contact Address:
MR.AJAYAKUMAR P. K
SOUPARNIKA HOUSE
ELAMBAKAPPILLY P. O
KOOVAPPADY
PERUMBAVOOR
ERNAKULAM - 683544

---

Nair Boy, 28/5'10", Uthradam(7th position Chowa), B.Tech, Currently pursuing Post Graduation in Oil & Gas Management from UPES ,Kuwait,Pref: B.Tech, Mob: 9946449174, Reg.No. 22424

Email:sheelaaravind80@gmail.com
Date of Birth:07-09-1992(1.5T-2.0pm)
Sishta Dasa:Ravi : 4-6-5.24




Contact Address:
MR.R. DIVAKARAN NAIR
MAYAVILLA
KIZHAKKEPURAM
SWASHAKTI LANE
N.PARUR
ERNAKULAM - 683513

---

Nair Boy, 32/178cm, Atham, Fair, B.Tech in Electronics & Communication, Consultant Oil & Gas Srevices, Pref: Working Girls at Mumbai Prefered, Ph : 9446504742, Reg No: 22427

Email:sudhakar.p1960@gmail.com
Date of Birth:11.01.1988 (9.15 AM)
Sishta Dasa:Chandra : 7.3.22.30




Contact Address:
MR. SUDHAKARAN
PONISSERY
PARIYARAM
MEEMPARA. P.O
ERNAKULAM- 682308

---

Nair Boy, 30/181cm, Aayilliam, Wheatish, B.Tech( Electrical), Electrical Engineer Private Sector, Pref : B.Tech or MSc IT, Physics, Chemistry, Private Sector, Ph : 9400629783, Reg No: 22428

Email:rahulg262@gmail.com
Date of Birth:19.11.1989 (11.40 pm)
Sishta Dasa:Budha : 1-9-29




Contact Address:
MR. K.E. GOPINATH
AMEYAA, 16/677 A
KARUMALOOR.P.O
KARUMALOOR - 683511

---

Nair Boy, 29/180cm, Karthika, Wheatish, M.S(Electrical), Working as Electrical Engineer in Australia, Citizen of Australia Pref : Professionally Qualified girl, from Educated Family, Ph : 9447380728, Reg No: 22430

Email:gayatri251@yahoo.co.in
Date of Birth:26/04/1990 (9.58 PM)
Sishta Dasa:




Contact Address:
SMT. R. GAYATRI NAIR
# 22 KRISTAL GARNET
KOLLAMKUDIMUGAL
THRIKKAKKARA. P.O
KOCHI - 682021

---

Nair boy, 26/167cm, Uthradam, Fair, MBA in Logistics Management, GEOCEM Middle East - Dubai, Pref: UAE based prefered, Mob: 00971-506367557, 9847955777/ 9447223183, Reg.No.22434

Email:rknair.sht@gmail.com
Date of Birth:16-12-1993(1.07am Dubai)
Sishta Dasa:



Contact Address:
MR. R. K. NAIR
ASHTAPADI
MONASTRY ROAD
KARAKKAMURI
COCHIN - 682011

# MANGALYAM MATRIMONIAL

## വധുവിനെ ആവശ്യമുണ്ട്



Nair Boy, 28/177cm,Uthradam, Medium, M.Com,Financial Analyst at DUPONT - Hyderabad, Pref: Graduate, Mob: 8281801712/ 8921302204, Reg.No. 22452

Email:gopicmohan@yahoo.co.in
Date of Birth:22-08-1991(1.10pm)
Sishta Dasa:

| | | | |
|---|---|---|---|
| | | | ശി |
| | ഗ്രഹനില & | | |
| ച മ | അംശകം | | കു ര ഗു ബു ശു |
| സ | ല | മാ | |

Contact Address:
MR.K. CHANDRAMOHAN
KUZHIMALA HOUSE
KRRA - 111
KUZHIMALA ROAD
EDAPPALLY
ERNAKULAM - 682024

Nair Boy,31/165cm, Chithira,Very fair, Doing MA(Finance) in Germany, Pref: Graduate,IT/Employed/Settled in Germany, Mob:9560022697, Reg.No. 22456

Email:rajkumargnair55@gmail.com
Date of Birth:29-01-1989(00.06am)
Sishta Dasa:Kuja:3-1-14

ബു ര

| | | | |
|---|---|---|---|
| | കു | ഗു | |
| സ | ഗ്രഹനില & | | |
| ര ബു | അംശകം | | ശി |
| ശു മ | | ച ല മാ | |

സ ഗു മാ
ശു ല
കു ശി
മ
ച

Contact Address:
MR. G. RAJKUMAR
GAYATHRI
KADUNGALLOOR ROAD
THOTTAKKATTUKARA
ALUVA
ERNAKULAM - 683108

Nair Boy, 33/5'7",Pooyam, Fair, B.Tech (EEE),Service Engineer, MNC, Kinfra park, Kakkanad, Ernakulam, Vegetarian, Teetoteller Family, Pref: Employed girls, PostGraduate Teachers, Ph: 0484-2536195, Mob: 9446019167, Reg.No.22460

Email:kgvijayakumar2006@yahoo.com
Date of Birth:29-09-1986(7.55am)
Sishta Dasa:Sani :2-5-18

സ ഗു ര ശു മാ

| | | | |
|---|---|---|---|
| സ | | | |
| ഗു | ഗ്രഹനില & | | ച |
| കു മാ | അംശകം | | |
| | മ | ല ശു | ര ബു ശി |

കു
ച ല മ ബു ശി

Contact Address:
MR. K. G. VIJAYAKUMAR
KRISHNA 48/1972 A
PERUMBOTTA ROAD
ELAMAKKARA P. O
KOCHI 682026

Nair Boy, 31/5'11", Thiruvathira, Wheatish, M.Tech (Mechanical), Consultant Pvt, Co.Bengaluru, Pref: Employed & Qualified girl preferably from Bengluru Mob:9447521084, Reg.no. 22462

Email:gknpti@gmail.com
Date of Birth:30-10-1988(9.22am)
Sishta Dasa:Rahu :1-8-17

ശു ഗു മ

| | | | |
|---|---|---|---|
| കു മാ | | ഗു | ച |
| സ | ഗ്രഹനില & | | |
| | അംശകം | | ശി |
| മ | ല | ര | ബു ശു |

ച സ
ര
ല
ബു കു ശി
മാ

Contact Address:
MR.GOPALAKRISHNAN NAIR G
SRIVIHAR
PUTHANANGADI
KURISSUPALLI ROAD
KOTTAYAM - 686001

# ഭാഷാനാരായണീയം

ആർക്കാഭോദ്യൽ കിരീടം തൊടുകുറി വിലസും
നെറ്റി കാരുണ്യമോലും
തൃക്കണ്ണം പുഞ്ചിരിക്കെഞ്ചലുമഴകൊഴുകും
നാമ്പയും ഗണ്യഭാഗേ
തിക്കീടും ദീപ്തിയോടെ മകരരുചിയെഴും
കുണ്ഡലം കൗസ്തുഭംതേ
മുഖ്യശ്രീവത്സഹാരങ്ങളുമഥ വനമാ
ല്യാദിയും കൈ തൊഴുന്നേൻ

*കെ.സി. കേശവപിള്ള*







എറണാകുളം കരയോഗം കഥകളി ക്ലബ്ബിന്റെ 62-ാമത് വാർഷികവും 25-ാമത് കഥകളി പുരസ്കാരവും 25.02.2020 ന് ടി. ഡി. എം. ഹാളിൽ എറണാകുളം കരയോഗം ജനറൽ സെക്രട്ടറി പി. രാമചന്ദ്രൻ (വേണു) ഭദ്രദീപം കൊളുത്തി ഉദ്ഘാടനം ചെയ്തു. അവാർഡ് ജേതാക്കൾ ഓയൂർ രാമചന്ദ്രൻ കള ഹംസം (വേഷം), കലാ. ഹരീഷ് കുമാർ (കഥകളി സംഗീതം), ഗോപീകൃഷ്ണൻ തമ്പുരാൻ (ചെണ്ട), കലാ. ഹരിനാരായണൻ (മദ്ദളം), കലാ. ശിവരാമൻ (ചുട്ടി), ഏരൂർ സുരേന്ദ്രൻ (അണിയറ), ശ്രീമതി കുമാരി വർമ്മ (കഥകളിപ്പദം) എന്നിവർക്കാണ് പുരസ്ക്കാരം വിതരണം ചെയ്തത്









എറണാകുളം കരയോഗത്തിന്റെ 33-ാമത് ശ്രീമദ് ഭാഗവത സപ്താഹജ്ഞാനയജ്ഞം ഭാഗവതസൂരി. ശ്രീ. അശോക് ബി. കടവൂർ ആചാര്യനായി ഫെബ്രുവരി 16 മുതൽ 23 വരെ ടി. ഡി. എം. ഹാളിൽ നടന്നു.

DATE OF PUBLICATION: 10-03-2020

RNI NO. KERMAL/2008/23515

REGISTERED NEWSPAPER

M6-57945/2007

REGISTERED KL/EKM/514/2018-20
LICENSE NO. KL/CR/EKM/WPP-15/2018-20
LICENSED TO POST WITHOUT PREPAYMENT

Volume No. 13 | March 2020 | Issue No. 3

# എറണാകുളം കരയോഗം കഥകളി ക്ലബ്ബ് മാർച്ച് മാസ കഥകളി



പ്രവേശനം സൗജന്യം

**2020 മാർച്ച് 24 ചൊവ്വാഴ്ച**
**ടി.ഡി.എം.ഹാൾ ഗംഗ, 6.30 p.m.**

കഥ : **സന്താനഗോപാലം**
**ഇട്ടിരാരിശ്ശമേനോൻ**

മഹാഭാരത യുദ്ധത്തിനു ശേഷം അനേക കാലം കഴിഞ്ഞ് അർജ്ജുനൻ കൃഷ്ണനെ കാണുവാനായി ദ്വാരകയിലെത്തുന്നു. അവിടെ വസിക്കുന്ന സമയം, ഒരു ബ്രാഹ്മണൻ തന്റെ മരിച്ചുപോയ ഒൻപതാമത്തെ ശിശുവിന്റെ ശവശരീരവുമായി യാദവ സഭയിലെത്തി നിലവിളിക്കുന്നു.

അർജ്ജുനനെ അത്ഭുതപ്പെടുത്തിക്കൊണ്ട് ആരും തന്നെ ബ്രാഹ്മണ ദു:ഖത്തിന് പരിഹാരം കാണാൻ മുതിരുന്നില്ല. ക്ഷുഭിതനാകുന്ന ബ്രാഹ്മണൻ കൃഷ്ണനെ അധിക്ഷേപിക്കുന്നു. ഇതു കണ്ടിരിക്കാനാകാതെ അർജ്ജുനൻ ബ്രാഹ്മണനെ സമാധാനിപ്പിച്ച് ഇനി ജനിക്കുന്ന കുട്ടിയെ രക്ഷിച്ചു തരാമെന്നും സാധിക്കാതെ വന്നാൽ ഗാണ്ഡീവത്തോടുകൂടി അഗ്നിയാൽ ചാടി മരിക്കാമെന്നും സത്യം ചെയ്തു നല്കുന്നു.

അതിൽ വിശ്വാസമുറപ്പിച്ച് ബ്രാഹ്മണൻ തന്റെ ഭാര്യയെ സമാധാനിപ്പിക്കുന്നു. വീണ്ടും ഗർഭം ധരിക്കുന്ന ബ്രാഹ്മണപത്നി തന്റെ പ്രസവം അധികം താമസമില്ലെന്ന് ബ്രാഹ്മണനെ അറിയിക്കുന്നു. അതനുസരിച്ച് അർജ്ജുന സമക്ഷമെത്തി കാര്യം അവതരിപ്പിക്കുന്ന ബ്രാഹ്മണനോടൊപ്പം ഗൃഹത്തിലെത്തുന്ന അർജ്ജുനൻ തന്റെ അസ്ത്രങ്ങൾകൊണ്ടൊരീറ്റില്ലം നിർമ്മിക്കുന്നു. അതിൽ പ്രസവിക്കുന്ന ബ്രാഹ്മണപത്നിയുടെ സന്താനത്തിന്റെ ശവശരീരം പോലും കാണാതെയാകുന്നു. അതീവ ക്ഷുഭിതനാകുന്ന ബ്രാഹ്മണൻ അർജ്ജുനനെ അധിക്ഷേപിക്കുകയും, ആട്ടിയിറക്കുകയും ചെയ്യുന്നു.

അർജ്ജുനൻ കുട്ടികളെ അന്വേഷിച്ച് എല്ലാ ലോകങ്ങളിലും എത്തുന്നുവെങ്കിലും എവിടേയും കുട്ടികളെക്കാണാതെ നിരാശനായി തന്റെ സത്യം പാലിക്കാനായി അഗ്നി ജ്വലിപ്പിച്ചു ചാടാൻ ഒരുങ്ങുന്നു. ഭഗവാൻ കൃഷ്ണൻ അവിടെയെത്തി അർജ്ജുനനെ തടുത്ത്, നരനാരായണന്മാരെ ഒരുമിച്ചു കാണുന്നതിനായി മഹാവിഷ്ണു കുട്ടികളെക്കൊണ്ടുപോയതാണെന്നും അവിടെച്ചെന്ന് അവരെത്തിരികെ കൊണ്ടു വരാമെന്നും പറയുന്നു. അപ്രകാരം വൈകുണ്ഠത്തിലെത്തി കുട്ടികളുമായി വന്ന് അവരെ ബ്രാഹ്മണനു നല്കുന്നു.

## എറണാകുളം കരയോഗം സാംസ്ക്കാരിക വേദി




### ‘അകായിലെ സംഗീതം’

**2020 മാർച്ച് 15 ഞായറാഴ്ച വൈകിട്ട് 4.30 ന്**
**ടി. ഡി. എം. ഹാളിൽ**

**സംഗീത സംവിധായകൻ**
**ജോൺസന്റെ മെലഡീസ്**




## എറണാകുളം കരയോഗം ഫിലിം ക്ലബ്ബ്



**2020 മാർച്ച് 29 ഞായറാഴ്ച വൈകിട്ട് 5.00 ന് ടി.ഡി. എം. ഹാളിൽ**
**അറിയാത്ത മഹാസമുദ്രങ്ങളെക്കാൾ എനിക്കിഷ്ടം ഞാനറിയുന്ന നിളാനദിയാണെന്ന് പറയുന്ന മഹാനായ നമ്മുടെ എഴുത്തുകാരൻ എം. ടി വാസുദേവൻ നായർ എഴുതിയ ആത്മകഥാഭാഗം ഡോക്യുഫിക്ഷൻ ആക്കിയത്-**

### എം ടി യുടെ
# കുമരനെല്ലൂരിലെ കുളങ്ങൾ

പ്രവേശനം സൗജന്യം



**നിളാനദിക്കരയിലെയും പട്ടാമ്പി- കൂടല്ലൂർ പ്രദേശത്തെ ജനങ്ങളും അഭിനേതാക്കൾ, സംവിധാനം : എം. എ. റഹ്മാൻ**

*If undeliverd please return to:*
Karayoga Souhridam
T.D.M Hall Complex, D.H. Road,
Kochi 682016, Kerala

The Views expressed in this journal are those of the authors and need not necessarily reflect the policies and views of Ernakulam Karayogam

Printed by M. Sreevallabhan nair Published by M. Sreevallabhan Nair on behalf of Ernakulam Karayogam, TDM Hall complex, Durbar Hall Road, Kochi-682016, Ph : 0484 -2361160, E mail : ekmkgm@gmail.com, Website : www.ernakulamkarayogam.com and Printed at Sterling Print House (P) Ltd., Door.No.49/1849, AIMS Ponekkara P.O, Kochi-682041, Ph: 0484-2802522, 2800406 for Murali Industries, Babu Cottage, Alappat extn.Road, Behind Ravipuram Temple, Kochi-682016 and Published at Ernakulam Karayogam, TDM Hall Complex, Durbar Hall Road, Kochi-682016. Editor: M. Sreevallabhan Nair- Mob: 9947736071.